മല്‍കര നാദം

2017 ഒക്ടോബർ – നവംബർ വാല്യം 2 ലക്കം 4

RHYTHM OF FAITH

പുനരൈക്യ - മെത്രാഭിഷേക സ്പെഷ്യൽ

ബത്തേരി രൂപതയുടെ പ്രാർത്ഥനാശംസകൾ

പാറശ്ശാല രൂപതയുടെ പ്രഥമ മെത്രാൻ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ്

യു.എസ്.എ. – കാനഡ രൂപതയുടെ
ദ്വിതീയ മെത്രാൻ അഭിവന്ദ്യ ഫിലിപ്പോസ്
മാർ സ്തേഫാനോസ്

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ്
പുത്തൂർ രൂപത മെത്രാപ്പോലീത്ത

അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ്
കൂരിയ മെത്രാൻ, അപ്പോസ്തോലിക് വിസിറ്റേറ്റർ -
യൂറോപ്പ്, ഓഷ്യാനിയ

മലങ്കരനാദം

ഒക്ടോബർ-നവംബർ 2017
വാല്യം 2 ലക്കം 4

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

സഹരക്ഷാധികാരികൾ
വന്ദ്യ മോൺ. മാത്യു അറമ്പൻകുടി
വന്ദ്യ മോൺ. ഡോ. തോമസ് കാഞ്ഞിരമുകളിൽ

ചീഫ് എഡിറ്റർ
റവ. ഫാ. ഫിലിപ്പ് വെട്ടിക്കാട്ട്
+91 9446293293
frphilipbty@gmail.com

പത്രാധിപർ
റവ. ഫാ. ജോൺ ചരുവിള
റവ. ഫാ. പോൾ ആറ്റുപുറം
റവ. ഫാ. ജോർജ് കാലായിൽ

സർക്കുലേഷൻ മാനേജർ
റവ. ഫാ. ജെയിംസ് മലേപ്പറമ്പിൽ
+91 9446492543

ഉപദേശകസമിതി
ഡോ. ജോർജി കെ.ഇ.
ശ്രീ. സി.പി. തോമസ്
സി. ശുദ്ധാ തെരേസ് ഡി.എം.
സി. പരിമള എസ്.ഐ.സി.
പ്രൊഫ. താരാ ജോൺസ്
ശ്രീ. ജോൺ മത്തായി കോലമല
ശ്രീ. ജോർജ് മാത്യു

ഫോട്ടോസ്
തോമസ് മാത്യു നെല്ലുവേലിൽ
തിരുവനന്തപുരം

ഡിസൈനിംഗ് & പ്രിന്റിംഗ്
സെന്റ് ജോസഫ്സ് പ്രസ്സ്
തിരുവനന്തപുരം 14

വിലാസം
മലങ്കര നാദം, ധർമ്മപീഠം
മലങ്കര കാത്തലിക്ക് ബിഷപ്സ് ഹൗസ്
സുൽത്താൻ ബത്തേരി പി.ഒ., വയനാട്, കേരള - 673 592
ഫോൺ - 9446293293

ഇതളുകൾ വിടരുമ്പോൾ...

എഡിറ്റോറിയൽ
പിതൃവചസ്സ്

സഭൈക്യദർശനം 5
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവ

അദ്ധിമുഖം

കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി 8

അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത 12

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്ത 60

അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്ത 68

കവർസ്റ്റോറി

സഭൈക്യത്തിന്റെ കത്തോലിക്ക ദർശനം 16
എം. സുസപാക്യം മെത്രാപ്പോലീത്ത

സഭൈക്യത്തിന്റെ ആവശ്യകത 18
മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ

കവിത

'പുണരുന്ന കൈവഴികൾ' 21
ജോയ് തമലം

കവർസ്റ്റോറി

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഐക്യ ശുശ്രൂഷകളിലൂടെ 22
അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.

മലങ്കര സുറിയാനി കത്തോലിക്ക സഭ എക്യുമിനിസത്തിന്റെഫലവും മുഖവും 31
മോൺ. ചെറിയാൻ താഴമൺ

സഭൈക്യ ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദൗത്യവും വെല്ലുവിളിയും 35
ഡോ. വർഗ്ഗീസ് താന്നിക്കാക്കുഴി

സഭൈക്യ ശുശ്രൂഷയിൽ യുവജനങ്ങളുടെ പങ്ക് 37
പ്രദീപ് മാത്യു നല്ലില

അതിവേഗം ഉയരങ്ങളിലേക്ക് വളരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ 39
ഡോ. ജോസഫ് മാർ തോമസ്

മലങ്കരയുടെ തണൽ വൃക്ഷങ്ങൾ 43
ഡോ. കുര്യാക്കോസ് തടത്തിൽ

മാർ ഈവാനിയോസ് ക്വിസ് 59
ഫാ. ഷീൻ തങ്കാലയം

പാഠശാല രൂപത: മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മിഷൻചൈതന്യത്തിന്റെ മകുടോദാഹരണം 75
ഫാ. ജോഷ്വാ കൊച്ചുവിളയിൽ



വായിക്കുക വരിക്കാരാവുക

മലങ്കരനാദം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ
പ്രധാന പ്രസിദ്ധീകരണം

ജീവിതത്തിലെ സുഖദുഃഖങ്ങളിൽ നിങ്ങളോടൊപ്പം പങ്കുചേരുവാൻ
മലങ്കരനാദം ഏറെ ആഗ്രഹിക്കുന്നു.

മാമ്മോദീസാ, ആദ്യകുർബാന സ്വീകരണം, വിവാഹം,
വിവാഹ വാർഷികം, മരണം, ഓർമ്മദിവസങ്ങൾ
എന്നിവയുടെ അറിയിപ്പുകൾ മിതമായ നിരക്കിൽ
മലങ്കരനാദം പ്രസിദ്ധീകരിക്കുന്നു.

അന്വേഷണങ്ങൾക്ക്

ചീഫ് എഡിറ്റർ, മലങ്കര നാദം, മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ
മാർ ഈവാനിയോസ് വിദ്യാനഗർ, നാലാഞ്ചിറ, തിരുവനന്തപുരം
Mob.: 9446293293
Email: frphilipbty@gmail.com

ഒരുമയുടെ സുവിശേഷം

ഐകൃത്തിന്റേയും, സ്നേഹത്തിന്റേയും, കരുതലിന്റേയും, വലിയ ആഹ്വാനം നൽകി സഭാസംഗമവും, 87-ാം പുനരൈക്യവാർഷീകവും അടൂരിൽ സമാപിച്ചപ്പോൾ, സമാപനവേദി ഒരു വലിയ സാക്ഷ്യത്തിന്റെ വേദിയായി മാറി എന്നതിൽ നമുക്കഭിമാനിക്കാം. തന്റെ സഭയെ കുറിച്ചുള്ള കർത്താവിന്റെ സ്വപ്നം ഫലപ്രാപ്തിയിലെത്തിക്കാൻ, ദൈവാത്മപ്രചോദിതനായി നമ്മുടെ സഭയ്ക്ക് ധീരമായ നേതൃത്വം നൽകുന്ന കർദ്ദിനാൾ ക്ലീമിസ് കതോലിക്കാബാവാ തിരുമേനിയാണ് ആ സാക്ഷ്യത്തിലേക്ക് നമ്മെ നയിച്ചത്. സിറിയയിൽ പീഢനമനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കണമെന്ന അദ്ദേഹത്തിന്റെ വലിയ ആഹ്വാനത്തിന് പിന്നിൽ സഭയൊട്ടാകെ അണിനിരന്നപ്പോൾ, ആഗോള സഭയ്ക്ക് വലിയ മാതൃകയായി അത് ഭവിച്ചു. വ്യക്തിപരമായ സ്വാർത്ഥതാത്പര്യങ്ങൾക്കതീതമായി ദൈവേഷ്ടത്തിനിടം കൊടുത്ത മാർ ഈവാനിയോസ് തിരുമേനി, ഒന്നാകലിന്റെ ഓർമ്മപ്പെടുത്തലുമായി നമ്മുടെ ഇടയിൽ വസിക്കുന്നു എന്നതിന്റെ വലിയ അടയാളമായി ഈ പരിശ്രമത്തെ നമുക്ക് കാണാം. വിശുദ്ധനായ പൗലോസിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്, "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകുവാൻ ജ്ഞാനസ്നാനമേറ്റു. യഹൂദരെന്നോ, ഗ്രീക്കുകാരെന്നോ, അടിമകളെന്നോ, സ്വതന്ത്രരെന്നോ ഭേദം കൂടാതെ ഒരേ ആത്മാവിൽ പാനം ചെയ്യുവാൻ എല്ലാവർക്കും സാധിച്ചു" (1 കൊറി 12:13). ഈ ആഹ്വാനമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭ മുന്നോട്ട് വയ്ക്കുന്നത്. തിരുസഭ കർത്താവിന്റെ ശരീരമാണ്. വചനം പറയുന്നു, "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കൊറി 12: 27) ഈ ശരീരത്തിൽ ഏതെങ്കിലും ഒരു അവയവത്തിന് മറ്റൊരു അവയവത്തെ മാറ്റിനിർത്താനാവില്ല. കാരണം അവയവങ്ങളുടെ കൂട്ടായ്മയിലാണല്ലോ ശരീരം അതിന്റെ പൂർണ്ണത പ്രാപിക്കുന്നത്. അതുകൊണ്ട് സഭകളുടെ ഐക്യം പ്രധാനമാണ്. ഭിന്നത കർത്താവിന്റെ മൗതീകശരീരമായ തിരുസ്സഭയെ അപൂർണ്ണമാക്കുന്നു. ഭിന്നിപ്പ് കർത്താവിന്റെ ശരീരത്തിലെ മുറിവാണ്. ആത്മാവിന്റെ വലിയ അനുഗ്രഹവും സാന്നിദ്ധ്യവും ഭിന്നിപ്പ് നികത്തുവാൻ നമുക്കാവശ്യമാണ്. അതുവഴി മാത്രമേ ഈ മുറിവ് സുഖപ്പെടുത്തുവാൻ കഴിയുകയുള്ളൂ. മുറിവോടുകൂടി മുന്നേറുന്ന സഭ നാശത്തിന്റെ മാർഗ്ഗത്തിലാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഭിന്നതയാകുന്ന മുറിവ് സുഖമാക്കുന്നതിനുവേണ്ടി നമുക്ക് പരിശ്രമിക്കാം. ഈശോ പറയുന്നു "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്" (യോഹ 15:5). അതാണ് തിരുസഭയെക്കുറിച്ചുള്ള കർത്താവിന്റെ സ്വപ്നം. ഭിന്നിപ്പോട് കൂടി ആർക്കും കർത്താവിൽ വസിക്കുവാൻ കഴിയില്ല. എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും, ഉണങ്ങിപ്പോവുകയും ചെയ്യും എന്ന കർത്താവിന്റെ തിരുവചനം ഒരു മുന്നറിയിപ്പായി കണ്ട് ഒന്നിച്ച് വസിച്ച് ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുവാൻ നമുക്ക് പ്രയത്നിക്കാം, അതിനായി പ്രാർത്ഥിക്കാം.

പിതൃവചസ്സ്

ഹൃദയനാദമായി ഒരു പുനരൈക്യസംഗമം.

മലങ്കര മക്കൾ ആവേശത്തോടെയും, അഭിമാനത്തോടെയും ജനസമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്ന നമ്മുടെ സിംബൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഐക്യത്തിനും, കെട്ടുറപ്പിനും, അതിവേഗത്തിലുള്ള വളർച്ചക്കും കാരണം ദൈവാനുഗ്രഹം കഴിഞ്ഞാൽ ദൈവദാസൻ മൗർ ഈവാനിയോസാണ്. ഈവാനിയൻ ആത്മീയതയാണ് നമ്മുടെ ചൈതന്യം, ശക്തി, ദാർശനീകത. നമ്മുടെ സഭയുടെ ആഗോളവളർച്ചയുടെ മുഖ്യ കാരണം ദൈവദാസൻ മാർ ഈവാനിയോസിന്റെ പുണ്യജീവിതമാണ്.

നാം മലങ്കരക്കാർ ദൈവദാസനെ എപ്രകാരമാണ് അവതരിപ്പിക്കുന്നത് എന്ന് പരിശോധിക്കാം. അദ്ദേഹത്തിന്റെ നാമത്തിനും, ചിത്രത്തിനും ചിന്തയ്ക്കുമെല്ലാം നാം വലിയ ബഹുമാനം കല്പിക്കുന്നു. അത് അത്യാവശ്യമാണ്. ആദ്ദേഹത്തിന്റെ സ്മൃതിയിൽ അഭിമാനം കൊളളുന്നു. അദ്ദേഹത്തിന്റെ പ്രസക്തി ഏറ്റവും അധികം ആവശ്യമുളളത് ഇന്നാണെന്ന് പ്രസംഗിക്കുന്നു. അദ്ദേഹത്തോട് അടുപ്പമുണ്ടെന്ന് കാട്ടിയാൽ അതിന്റെ ഗുഡ്വിൽ നമുക്ക് കിട്ടുന്നു. ആകർഷണീയമായ പ്രഭാഷണങ്ങളിലും, ഭംഗിയുളള goodwill സ്മാരകങ്ങളിലും നിറഞ്ഞുനിലക്കുന്ന സ്നേഹത്തിന്റെയും നന്മയുടേയും അഗാധ സ്ത്രോതസ്സായി നാം ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയെ ശാശ്വതീകരിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ ചിത്രം നമ്മുടെ ദേവാലയങ്ങളിലും ആശ്രമങ്ങളിലും, സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും പ്രമുഖസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന പുണ്യവസ്തുവാണ്. ഇത് ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയോടും പുനരൈക്യപ്രേഷിതത്വത്തോടുമുള്ള ഉളള ഒരു പൊതുസമീപനത്തിന്റെ സാക്ഷ്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ നമുക്കുവേണം. അദ്ദേഹത്തെ നാം സ്നേഹിക്കുന്നു. ആദരിക്കുന്നു. എല്ലായിടത്തും നാം അത് സ്മരിക്കുന്നു. എന്നാൽ അദ്ദേഹത്തെ ഉൾക്കൊളളാൻ നാം ഭയപ്പെടുന്നുവോ എന്നുള്ള സംശയം നിലനില്ക്കുന്നു. മുണ്ടൻ മലയുടെ സംസ്ക്കാരവും, ചൈതന്യവും ദൗത്യവും ലാളിത്യവും എളിമയും കാരുണ്യവും പിൻതുടർന്നുവെന്ന് അവകാശപ്പെടാൻ നാം ആവേശം കാട്ടുന്നു. എന്നാൽ ആ ചൈതന്യവും ശൈലിയും നമ്മെ ശാക്തീകരിക്കുന്നുണ്ടോ?

മലങ്കരസഭാസംഗമവും 87-ാം പുനരൈക്യ വാർഷികവും വ്യത്യസ്തമായി ചിന്തിക്കുവാൻ നമുക്ക് പ്രേരണ നൽകുന്നു. ഈ ചിന്തയുടെ കാതൽ ദൈവദാസന്റെ ജീവിതത്തെ അടുത്തനുകരിക്കാനുളള തീരുമാനമാകണം. സഭയ്ക്കും സമൂഹത്തിനും ഒരു ആന്തരിക നവീകരണം ആവശ്യമാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ സഹായിക്കുന്ന ആത്മീയ നവീകരണം. ആത്മവിമർശനമാണ് നവീകരണത്തിന്റേയും പരിവർത്തനത്തിന്റെയും സാരാംശം. നവീകരണംകൊണ്ട് ലക്ഷ്യമിടുന്നത് പൗരണികത്വത്തിലേക്കുളള തിരിച്ചു പോക്കല്ല. കാർഡിനൽ ന്യൂമാൻ പറയുന്നതുപോലെ പുനഃപ്രതിഷ്ഠിക്കപ്പെടേണ്ട ഒരു സുവർണ്ണകാലവും സഭാചരിത്രത്തിലില്ല. നവീകരണം നേടാൻ സഭ അവളുടെ ദൈവവിളിയിൽ ഉറച്ചുനില്ക്കണം. സഭയുടെ ദൈവവിളി സുവിശേഷീകരണത്തിനാണ്, കുദാശകളുടെ പരികർമ്മത്തിനാണ്, സ്നേഹവും കരുണയും പങ്കുവയ്ക്കാനാണ്.

തെക്കൻ കേരളത്തിലും തമിഴ്നാട്ടിലും പുനരൈക്യപ്രേഷിത സംസ്ക്കാരത്തിന്റെ പുതിയ ചരിത്രം കുറിച്ച മേജർ അതിരൂപതയാണ് തിരുവനന്തപുരം. അത് വളർന്ന് വികസിച്ച് മറ്റു മൂന്ന് രൂപതകൾക്ക് ജന്മം നല്കി. ഇപ്പോൾ പുതിയ ഒരു രൂപതയ്ക്കും ജന്മം അരുളുന്നു. തിരുവനന്തപുരം മേജർ അതിരൂപതയുടെ വികാസത്തിന്റെ പ്രഖ്യാപനമാണ് പാറശ്ശാല രൂപത. ഈ രൂപത സെപ്റ്റംബർ 23-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ നമ്മൾ കൂടുതൽ വിനീതരാവുകയാണ്. ദൈവകൃപയ്ക്ക് നന്ദി പറയുകയാണ്. മലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ ആസ്ഥാനകേന്ദ്രമായ തിരുവനന്തപുരം കേന്ദ്രീകരിച്ചുളള പ്രേഷിതപ്രവർത്തനവും പുനരൈക്യശുശ്രൂഷയും അസൂയാവഹമായ രീതിയിൽ വളരുകയാണ്. പതിനൊന്ന് രൂപതകളും ഒരു എക്സാർക്കേറ്റും വഴിയായി നാം നടത്തിക്കൊണ്ടിരിക്കുന്ന പ്രേഷിത പുനരൈക്യ പ്രവർത്തനങ്ങൾ ആഗോളതലത്തിൽ ലോകത്തെ മുഴുവൻ പുളിപ്പിക്കുന്ന ഉപ്പായിമാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആധുനിക ലോകത്തിന് അനുകരിക്കാവുന്ന, സ്വീകാര്യമായ ഒരു ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രകാശ ഗോപുരമായി മലങ്കരസുറിയാനി കത്തോലിക്കസഭ പ്രശോഭിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. സഭയുടെ തലവനും, പിതാവുമായ അത്യുന്നത കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമിസ് ബാവയുടെ അതുല്യമായ നേതൃത്വത്തിൽ ലോകം മുഴുവൻ ഒരു പുതിയ പെന്തകുസ്തായുടെ അനുഭവം പങ്കുവയ്ക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുവിശേഷീകരണവും, പുനരൈക്യവും ആഗോളതലത്തിൽ വിപുലീകരിക്കാനും ബലപ്പെടുത്താനും 87-ാം പ്രേഷിത സംഗമത്തിന് ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

+ Mar Thomas

ഡോ. ജോസഫ് മാർ തോമസ്
(രൂപതാദ്ധ്യക്ഷൻ)

87-ാമത് പുനരൈക്യ വാർഷികത്തോടനുബന്ധിച്ച് നടന്ന മെത്രാഭിഷേക ശുശ്രൂഷയിൽ നിന്ന്...

അടൂർ, 21 സെപ്റ്റംബർ 2017

87 –ാം പുനരൈക്യ വാർഷികത്തിന്റെ ഭാഗമായി നടന്ന വിവിധ സംഗമങ്ങൾ

അടൂർ, 20 സെപ്റ്റംബർ 2017

സഭൈക്യദർശനം

ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ് & പ്രസിഡന്റ്, ഭാരത കത്തോലിക്കാ മെത്രാൻ സമിതി

മലങ്കര സുറിയാനി കത്തോലിക്കാസഭ കേരള സുറിയാനി ക്രൈസ്തവ സമൂഹത്തിലും, കേരള ക്രൈസ്തവ സഭാ മേഖലയിലും, ആഗോളസഭയുടെ കൂട്ടായ്മയിലും, നിർണായകവും ശ്രദ്ധേയവുമായ സാന്നിധ്യവും സാക്ഷ്യവുമായി മുന്നേറിയ ഒരു കാലഘട്ടം. കത്തോലിക്കാതിരുസഭയുടെ കൂട്ടായ്മയിൽ 87 വർഷം പിന്നിടുന്ന ഈ അപ്പോസ്തോലിക സഭ, അതിന്റെ 87 വർഷത്തെ സജീവമായ അനുഭവങ്ങൾ, ദീപ്തമായ ഓർമ്മകൾ, ദൈവദാസനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 135-ാം ജന്മവാർഷികം എന്നിവ ദൈവതിരുമുൻപാകെ നന്ദിയോടെ സ്മരിക്കുന്നു. സഭ ഏതെല്ലാം മേഖലകളിൽ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്, ഇനി ഏതെല്ലാം മേഖലകളിൽ ശ്രദ്ധ ആവശ്യമാണ് എന്ന് ചിന്തിക്കുവാൻ 'മലങ്കരനാദ'ത്തിന്റെ ഈ താളുകൾ നമ്മെ നിർബന്ധിക്കുന്നു.

ഐക്യത്തിനുവേണ്ടിയുള്ള ദാഹം സഭയിൽ എന്നും നിലനിന്നിരുന്നു. കൂനൻകുരിശ് സത്യത്തിലൂടെ തണുത്തുറഞ്ഞ സഭൈക്യ ബോദ്ധ്യങ്ങൾ പ്രവർത്തനോന്മുഖമാകാൻ നീണ്ടകാലയളവുതന്നെ വേണ്ടിവന്നെങ്കിലും എതിർപ്പുകളിലൂടെ നേടിയ വിജയം പത്തരമാറ്റിന്റേതെന്ന് ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. പ്രേരിപ്പിച്ചവരൊക്കെ പിന്തിരിഞ്ഞപ്പോഴും, എതിർപ്പുകൾ മലവെള്ളപ്പാച്ചിലുകളായി കുത്തിഒഴുകിയപ്പോഴും തങ്ങൾ, സത്യം എന്ന് തിരിച്ചറിഞ്ഞ സഭയെ, മാറ്റിനിർത്തുവാൻ നമ്മുടെ വന്ദ്യ പിതാക്കന്മാർക്ക് സാധിച്ചില്ല. അവരുടെ വെല്ലുവിളികൾ ഏറ്റെടുക്കാൻ അനേകം വിശ്വാസികൾ ഉണ്ടായി എന്നത് തങ്ങളുടെ സത്യാവബോധത്തിന് തെളിവായി അവർ കണ്ടു. അങ്ങനെ വചനത്തിനും സാക്ഷ്യത്തിനുംവേണ്ടി വിയർപ്പൊഴുക്കി വിജയം വരിച്ച മണ്ണിലാണ് നമ്മുടെ

സഭ ഇന്ന് വിജയപാതകളൊരുക്കി മുന്നേറുന്നത്. സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിലനിന്നതിന്റെ അനുഗ്രഹമാണ് ഈ വളർച്ചയെന്ന് അടിവരയിട്ട് പറയുവാൻ സാധിക്കും.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ അരുമ ശിഷ്യനായ തോമാശ്ലീഹാ ഭാരതത്തിൽ വന്ന്, നമ്മുടെ പൂർവ്വപിതാക്കന്മാരോട് സുവിശേഷം പ്രസംഗിച്ച് കർത്താവിന്റെ സഭയെ ഇവിടെ സന്നിഹിതമാക്കിയെന്നുള്ള വലിയ അനുഗ്രഹം ഒരു അപ്പോസ്തോലിക സഭയുടെ ഭാഗ്യമുദ്രയായി കണ്ട്. ഈ അപ്പോസ്തോലിക സഭയുടെ വലിയ ദൈവനടത്തിപ്പായി 1930 ലെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിലേക്കുള്ള പ്രവേശനത്തെ കാണുന്നു. പരിശുദ്ധ കത്തോലിക്കസഭയുടെ പ്രാർത്ഥനാകൂട്ടായ്മയിലേക്കുള്ള പങ്കുചേരൽ, പരി. കുർബാനയിലുള്ള പൂർണ്ണമായ ഉൾച്ചേരൽ, വിശുദ്ധ കുർബ്ബാന സംസർഗത്തിന്റെ ഫലത്തിൽ നിന്നുണ്ടായ കൂട്ടായ്മ ഇവയൊക്കെ സഭയ്ക്കു നല്കിയിട്ടുള്ള നന്മ, പ്രചോദനം, അതിജീവിക്കാനുള്ള ആത്മധൈര്യം, മിഷനറി ആകുവാനുള്ള ഉൾക്കരുത്ത്, പ്രാദേശികതയിൽ നിന്ന് വിശാലതയിലേക്ക് കടക്കുന്നതിനുള്ള ദർശന വ്യാപ്തി ഇവയെല്ലാം സഭയുടെ വളർച്ചയുടെ കരുത്തുറ്റ ഭാവങ്ങളാണ്.

ഒരു പൗരസ്ത്യ കത്തോലിക്കാ സഭ എന്ന നിലയിൽ ഈ സഭയുടെ ദൈവശാസ്ത്രം, സഭാശാസ്ത്രം ഏതു ദിശയിലേക്കാണ് വിശ്വാസികളെ ക്ഷണിക്കുന്നത്. ഈ സഭയ്ക്ക് മറ്റ് സഭകളോടുള്ള എക്യുമെനിക്കൽ ബന്ധങ്ങൾ, എക്യുമെനിക്കൽ പ്രതിബദ്ധതയുടെ കാര്യത്തിൽ നമ്മുടെ സഭ നല്കിയിട്ടുള്ള സമർപ്പണം എന്നിവ നാം മനസ്സിലാക്കണം. നമ്മുടെ എക്യുമെനിക്കൽ സമീപനങ്ങൾ ആർക്കെങ്കിലും കൂട്ടായ്മയിൽ പ്രത്യാശ പകരുന്നുവോ, സഭാജീവിതത്തിൽ കരുത്ത് പകരുന്നുവോ എന്നുള്ളതാണ് ആദ്യം വിലയിരുത്തേണ്ടത്. അനേകായിരങ്ങൾ ഈ ദർശനത്തിൽ ശക്തിപ്പെട്ട് പ്രചോദിതരായി പരി. കത്തോലിക്കാസഭയുടെ പൂർണ്ണ കൂട്ടായ്മയിൽ എത്തിച്ചേർന്നത്, സജീവമായ സഭാജീവിതം നയിച്ചത്, ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നത് അപ്രധാനം എന്നു നാം കരുതാതിരിക്കുക.

വിശ്വാസപരിശീലന മേഖലയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ വളരെ വ്യക്തമായ ഒരു പ്രബോധന പാഠ്യപദ്ധതി ആവിഷ്കരിച്ചു എന്നുള്ളത് ആത്മാഭിമാനത്തിന്റെ അനുഭവമാണ്. പുനരൈക്യപ്പെട്ട സഭയുടെ ഭാഗമെന്ന നിലയിൽ പൗരസ്ത്യ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അടിസ്ഥാന രൂപഭാവങ്ങൾ നിരന്തരം നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം ഈ സഭയ്ക്കുണ്ട്.

നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ ശുശ്രൂഷകൾ ആതുര ശുശ്രൂഷ മേഖലയിലെ പ്രവർത്തനങ്ങൾ പതിതരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പ്രകടമാണ്. സമൂഹത്തിലെ ഏറ്റവും അർഹിക്കുന്നവരുടെ ഇടയിലേക്ക് കടന്നുചെല്ലുവാൻ നാം കാണിക്കുന്ന ഔത്സുക്യം, അയൽക്കൂട്ട സംവിധാനങ്ങളിലൂടെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ലക്ഷ്യബോധവും സമൂഹബോധവും നല്കുന്ന നമ്മുടെ സേവനങ്ങൾ, പരിശീലനത്തിലൂടെ ജീവിതവിജയം നല്കുന്ന ബോധവൽക്കരണ പ്രക്രിയകൾ, അങ്ങനെ അനേകം വേദികളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇന്നും നേതൃത്വം നല്കുന്നു.

പരിശുദ്ധ കത്തോലിക്കാസഭയുടെ സാർവ്വത്രിക കൂട്ടായ്മയിൽ വി. കുർബാനയുടെ പൂർണ്ണ ഐക്യത്തിൽ എത്തിച്ചേർന്ന പുനരൈക്യ സഭയെന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്വഭാവദൗത്യങ്ങൾക്ക് ഏറെ പ്രത്യേകതയാണ്. അടിസ്ഥാനപരമായി ഈ സഭ ഒരു പൗരസ്ത്യസഭയാകുന്നു. അപ്പോസ്തോലിക സഭയാകുന്നു. വി. പത്രോസിന്റെ പിൻഗാമിയായ റോമിലെ മഹാപ്രധാനാചാര്യന്റെ ശ്ലൈഹിക ശുശ്രൂഷയിൽ ഉൾച്ചേർന്ന് കഴിയുന്ന വിശ്വസഭാസമൂഹത്തിന്റെ കൂട്ടായ്മയിൽ ആയിരിക്കുവാൻ സാധിക്കുക എന്നത് ഒരു ഭാഗ്യമായി കരുതുന്ന സമൂഹമാണിത്. ഈ അടിസ്ഥാനപരമായ സഭാസംസർഗ്ഗം മലങ്കര സഭകളുടെ സജീവമായ പരിപോഷണത്തിന് ഏറെ സഹായകരമായി എന്ന് വിശ്വസിക്കുന്ന ഒരു സഭാകൂട്ടായ്മയാണിത്. സ്വാതന്ത്ര്യവും, ആത്മാവിഷ്കാരവും ഇനിയും ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണ്. സ്വാതന്ത്ര്യബോധത്തോടുകൂടി പരി. കത്തോലിക്കാസഭയെക്കുറിച്ച് പഠിച്ച്, പ്രാർത്ഥിച്ച്, മലങ്കരസഭയുടെ ജീവിതശൈലിയിലൂടെ കത്തോലിക്കാസഭ പ്രാപ്യമാണെന്ന്വിശ്വസിച്ച്വരുന്നു.വിശ്വാസികൾക്ക്കൂട്ടായ്മ നിഷേധിക്കുവാൻ സാധ്യമല്ലല്ലോ. തികച്ചും സ്വാതന്ത്ര്യത്തിന്റെയും സഭാകൂട്ടായ്മയുടേതുമായ ഈ സമീപനം മലങ്കര കത്തോലിക്കാസഭയ്ക്കുണ്ട്. ഇന്ന് സഭകളെല്ലാം ഐക്യത്തിന്റെ പാതയിലാണ്. സഭാശുശ്രൂഷകളെല്ലാം ആ ദിശയിലേക്ക് തിരിഞ്ഞിരിക്കുന്നു. അതുകൊണ്ട് വ്യക്തിത്വ പുനരൈക്യങ്ങൾ ഈ വിശാല സഭാ ഐക്യത്തിന് തടസ്സമാണെന്ന് കരുതുന്നതിനോട് വ്യത്യസ്ഥമായ നിലപാടാണ് മലങ്കര കത്തോലിക്കാസഭയ്ക്കുള്ളത്. സഭകളുടെയെല്ലാം പൊതുവായ ഐക്യശ്രമങ്ങളിൽ, ഈ ദിശയിലേക്കുള്ള കൂടിവരവിൽ അതിൽ തന്നെ നില്ക്കുമ്പോഴും, വ്യക്തികൾക്കുള്ള സ്വാതന്ത്ര്യം, വ്യക്തികൾക്കുള്ള സഭാകൂട്ടായ്മ, പ്രബോധനത്തിനുള്ള സ്വാതന്ത്ര്യം അതൊരിക്കലും നിഷേധിക്കാനാവില്ല എന്ന നിലയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭ ഉറച്ചു നില്ക്കുന്നു. ഇത് എക്യുമിനിസത്തിനു വിഘാതമാണെന്നും ആരോപിക്കുന്നവരുണ്ട് എന്ന് വിസ്മരിക്കുന്നില്ല.

ഇന്ന് പുനരൈക്യ ശുശ്രൂഷ ഏറെ വെല്ലുവിളി നിറഞ്ഞ ശുശ്രൂഷയാണ്. മലങ്കര സുറിയാനി കത്തോലിക്ക സഭയെ സംബന്ധിച്ച് ഇത് അതിന്റെ സവിശേഷമായ ഒരു ദൗത്യമാകുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവം ലോകത്തെ രക്ഷിച്ചു, വീണ്ടെടുത്തു എന്ന് നിരന്തരമായി ജനങ്ങളെ അറിയിക്കുന്നതിനുള്ള ഒരു വലിയ ദൗത്യം. സുവിശേഷ പ്രഘോഷണദൗത്യം ഈ സഭയുടെ അടിസ്ഥാനദൗത്യമാകുന്നു. പൗരസ്ത്യ സഭകളെ സംബന്ധിച്ച് പലവിധമായ കാരണങ്ങളാൽ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കാതെ പോയ ഈ സുവിശേഷദൗത്യം മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്ക് നിർവഹിക്കാൻ കഴിഞ്ഞു എന്നുള്ളതിൽ അഭിമാനം കൊള്ളുന്നു. പൗരസ്ത്യ സഭകളിൽ ഒരു അപ്പോസ്തോലിക സഭയായ സീറോ മലബാർ സഭ ഈ മിഷണറി ചൈതന്യത്തോടുകൂടി ശക്തമായി പ്രവർത്തിച്ചു വരുന്നു എന്നുള്ളത് നാം എല്ലാവരും ഏറെ സന്തോഷത്തോടുകൂടി അംഗീകരിക്കുന്ന ഒരു വസ്തുതയാണല്ലോ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷണറിമാരെ അയച്ച് നമ്മുടെ കർത്താവിന്റെ സുവിശേഷം പരി. സഭയിലൂടെ അറിയിക്കുന്നതിന് ഈ പുരാതന സഭയ്ക്ക് കഴിയുന്നു എന്നത് നമുക്ക് വലിയ പ്രചോദനമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ച് അതിന്റെ മലങ്കര പശ്ചാത്തലത്തിൽ നിന്നു ചിന്തിക്കുമ്പോൾ ഒരു പുതിയ വിപ്ലവം തന്നെ സൃഷ്ടിക്കുവാൻ കഴിഞ്ഞു. പ്രത്യേകിച്ച് തിരുവനന്തപുരത്തിന് തെക്ക് പ്രദേശത്തേക്ക് ഇപ്പോഴത്തെ മാർത്താണ്ഡം നിലകൊള്ളുന്ന മേഖലകളിലും പാറശ്ശാല രൂപതയിലും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മേഖലകളിലും മറ്റ് ഭദ്രാസനങ്ങളുടെ കേന്ദ്രങ്ങളിലേയ്ക്കും സുവിശേഷം പ്രസംഗിച്ച് സത്യവിശ്വാസത്തിലേക്ക് അനേകരെ ആകർഷിക്കുവാൻ കഴിഞ്ഞു എന്നുള്ളത് ഇവിടെ പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

87-ാം പുനരൈക്യ വാർഷികം കൊണ്ടാടുന്ന ഈ അവസരത്തിൽ പുതിയൊരു രൂപത കൂടെ സാധ്യമാകുന്നു എന്നത് സഭയുടെ സുവിശേഷ ദൗത്യത്തിന്റെ പുത്തൻ ആഹ്വാനമാണ്. അതിനായി നമുക്കൊന്നിച്ച് വിശ്വാസത്തിൽ അണിചേരാം.

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പും, കർദ്ദിനാളുമായ മാർ ജോർജ് ആലഞ്ചേരി പിതാവുമായുള്ള അഭിമുഖം

തയ്യാറാക്കിയത്
ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്

തന്റെ സഭ എപ്രകാരമായിരിക്കണമെന്നാണ് ഈശോ ആഗ്രഹിച്ചത്?

തന്നിൽ വിശ്വസിക്കുന്നവരുടെ ഒരു സ്നേഹ കൂട്ടായ്മ ആയിരിക്കണമെന്നാണ് ഈശോ ആഗ്രഹിച്ചത്. ലോകമെങ്ങും അപ്പോസ്തോലന്മാരെ അയച്ചുകൊണ്ട് കർത്താവ് പറഞ്ഞത്, ലോകമെങ്ങും പോയി സകല ജനങ്ങളേയും പിതാവിന്റേയും പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തി ഞാൻ നിങ്ങളെ പഠിപ്പിച്ചവയെല്ലാം അവരെയും പഠിപ്പിക്കുവിൻ എന്നാണ്. ഇത് വാസ്തവത്തിൽ കർത്താവിന്റെ ദൈവരാജ്യ സ്ഥാപനത്തിന്റെ ഒരു തുടർച്ചയാണ്. അപ്പോൾ ദൈവരാജ്യത്തിന്റെ പ്രതീകംപോലെ കർത്താവിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയാണ് അവിടുന്ന് ആഗ്രഹിക്കുന്ന സഭ. സഭയുടെ ഘടനകളും ഇന്നത്തെ രൂപഭാവങ്ങളുമെല്ലാം ചരിത്രത്തിൽ പിന്നീട് വന്നതാണ്. ഘടനയും രൂപഭാവവുമൊന്നുമില്ലാതെ സഭയ്ക്ക് സഭയായി നിൽക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഈശോ, മുന്തിരിച്ചെടിയോടും അതിന്റെ ശാഖകളോടും തിരുസഭയെ ഉപമിക്കുന്നത്. എല്ലാവർക്കും സ്വീകാര്യമായ, എല്ലാവരേയും ഉൾക്കൊള്ളുന്ന എല്ലാവർക്കും തണലേകുന്ന ഒരു സ്നേഹ സമൂഹം.

ആദിമസഭയുടെ സവിശേഷതകൾ

ആദിമസഭ കർത്താവ് ആഗ്രഹിച്ചതുപോലുള്ള ഒരു സ്നേഹ സമൂഹം തന്നെയായിരുന്നു. പരസ്പരം പങ്കുവയ്ക്കുന്ന ഒരു സമൂഹം. അപ്പോസ്തോലന്മാരുടെ പ്രബോധനം, പ്രാർത്ഥന, അപ്പം മുറിക്കൽ, കൂട്ടായ്മ ഈ നാല് ഘടകങ്ങളിലും കാണുന്നത് സ്നേഹകൂട്ടായ്മയുടെ ലക്ഷണങ്ങളാണ്. അതൊക്കെ ഈശോയിലാണ് അവർ കേന്ദ്രീകരിച്ചിരുന്നത്. അപ്പോസ്തോലൻമാരുടെ പ്രബോധനം വാസ്തവ

ത്തിൽ ദൈവവചനം തന്നെയാണ്. പഴയ നിയമത്തിന്റേയും, ഈശോയുടെ സുവിശേഷത്തിന്റേയും അടിസ്ഥാനത്തിൽ അപ്പോസ്തോലന്മാർ കൊടുത്ത പ്രബോധനമാണ് അവരെ ഒന്നിച്ചുകൂട്ടിയത്. ആ പ്രബോധനം അപ്പംമുറിക്കൽ ശുശ്രൂഷയിലേക്ക് അവരെ നയിച്ചു. പിന്നീട് അവരും ഈശോയെപ്പോലെ പ്രാർത്ഥിച്ചിരുന്നു. ആ പ്രാർത്ഥനയുടെ ഫലമാണ് കൂട്ടായ്മ. പൗലോസ് ശ്ലീഹായുടെ പ്രേക്ഷിത പ്രവർത്തനമൊക്കെ ആദിമസഭയുടെ വളർച്ചയ്ക്ക് ഒരുപാട് സഹായിച്ചു. അപ്പോൾ ആദിമസഭയ്ക്ക് സുവിശേഷ ചൈതന്യവും ഈശോ ആഗ്രഹിച്ച രൂപഭാവങ്ങളുമൊക്കെയുണ്ടായിരുന്നു എന്ന് നിസ്സംശയം നമുക്ക് പറയുവാൻ കഴിയും.

ഭിന്നിക്കാൻ നമുക്ക് അവകാശമില്ല. ഭിന്നിപ്പ് പാപമാണ്. സ്നേഹത്തിന്റെ നിരസനം പാപമല്ലേ? It is a ecclesial sin. ഏത് ഭിന്നിപ്പിലും ഉൾപ്പെട്ടിരിക്കുന്ന രണ്ട് വിഭാഗക്കാരും കുറ്റക്കാരാണ്.

ഭിന്നിച്ച് നിൽക്കുന്നവൻ ക്രിസ്ത്യാനിയല്ല

ആദിമസഭയുടെ സവിശേഷതകൾ ആധുനിക സഭയ്ക്ക് കൈമോശം വന്നിട്ടുണ്ടോ?

പരിപൂർണ്ണമായിട്ട് നഷ്ടപ്പെടുത്തിയിട്ടില്ല. പക്ഷേ അന്നത്തെ ആർജ്ജവവും, കൃത്യതയും ഇന്ന് അധികം കാണുന്നില്ല. അതിലേക്കുള്ള ഒരു തിരിച്ചുവരവ് ഇന്ന് എല്ലാ സഭകളിലും ഉണ്ട്. ആ തിരിച്ചുവരവിലാണ് നമ്മുടെ വിജയം. ദൈവവചനത്തോടും, വി. കുർബാനയോടുമുള്ള ഒരു ആവേശം നാം വർദ്ധിപ്പിച്ചെടുക്കണം. നന്നായി പ്രാർത്ഥിക്കുന്നവരായിരിക്കണം. ലോകത്തിൽ വിജയം നേടുക എന്ന ചിന്ത ഇന്ന് എല്ലാ തലങ്ങളിലും ഏറിക്കൊണ്ടിരിക്കുന്നു. സാധാരണ ഗതിയിൽ ഈ പ്രലോഭനം കൂടുതൽ കടന്നുവരുന്നത് അല്മായരുടെ ജീവിതത്തിലാണ്. പക്ഷേ അല്മായരുടെ പരിധിവിട്ട് വൈദികരിലേയ്ക്കും, സമർപ്പിതരിലേക്കും, ഒരുപക്ഷേ മേലധ്യക്ഷരിലേക്കും ഈ പ്രലോഭനം കടന്നുകൂടിയിട്ടുണ്ട്. ഈ ലോകത്തിന്റെ മാനദണ്ഡമനുസരിച്ച് വിജയിക്കാനുള്ള ഒരു പ്രവണതയല്ല നമുക്കുവേണ്ടത്, മറിച്ച് സുവിശേഷത്തിന്റെ മൂല്യങ്ങൾക്ക് അനുസരിച്ചുള്ള വിജയമാണ് നാം ലക്ഷ്യമിടേണ്ടത്. സത്യം, നീതി, സ്നേഹം, കാരുണ്യം, ക്ഷമ, ദയ, ഇവയെല്ലാം ആത്മാവിന്റെ പ്രവർത്തനങ്ങളാണ്. അപ്പോൾ ഇവയ്ക്കൊക്കെ നാം കൂടുതൽ പ്രാധാന്യം കൊടുക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ സഭയെ രൂപപ്പെടുത്തുവാൻ നമുക്ക് കഴിയണം. ഒരു പുനഃസൃഷ്ടിയാണ് ഇവിടെയാവശ്യം. സഭയെപ്പോഴും, പുനരാവിഷ്കരിക്കപ്പെട്ട് കൊണ്ടിരിക്കണം. വീണ്ടും പണിതുയർത്തപ്പെട്ട് കൊണ്ടിരിക്കണം.

ആധുനിക സഭയുടെ ഒരു ന്യൂനത സഭയിലുള്ള ഭിന്നതയാണ്. അങ്ങയുടെ അഭിപ്രായം?

അത് ശരിയാണ്, ഭിന്നിപ്പ് സഭയുടെ സ്വഭാവത്തിന് നിരക്കാത്തതാണ്. എല്ലാവരേയും യോജിപ്പിക്കുവാൻ വന്നവനാണ് ഈശോ. ഭിന്നിപ്പ് കൂട്ടായ്മയ്ക്ക് എതിരാണ്. സ്നേഹത്തിന് വിരുദ്ധമാണ്. സ്നേഹമാണ് സുവിശേഷത്തിന്റെ ഏറ്റവും കാതലായിട്ടുള്ള സ്വഭാവം. അത് സഭയ്ക്കും വേണം. ഏതെല്ലാം കാരണങ്ങൾ പറഞ്ഞാലും ഭിന്നിക്കാൻ നമുക്ക് അവകാശമില്ല. ഭിന്നിപ്പ് പാപമാണ്. സ്നേഹത്തിന്റെ നിരസനം പാപമല്ലേ? അതുകൊണ്ട് സഭകളെല്ലാം അങ്ങനെയൊരു പാപത്തിലാണ് ആയിരിക്കുന്നത്. It is a ecclesial sin. ഏത് ഭിന്നിപ്പിലും ഉൾപ്പെട്ടിരിക്കുന്ന രണ്ട് വിഭാഗക്കാരും കുറ്റക്കാരാണ്. അല്ലാതെ ഒരു വിഭാഗം തെറ്റു ചെയ്തു. മറ്റവർ ശരിയായി നിൽക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമില്ല. ഒരു കുടുംബ വഴക്കിലായാലും രണ്ടുകൂട്ടർക്കും ആ ഭിന്നതയിൽ ഭാഗഭാഗിത്വം ഉണ്ട്. ആ പങ്കാളിത്തം പാപത്തിന്റെ പങ്കാളിത്തം ആണ്. ഇവിടെ ഭാരതത്തിലെ സഭയിൽ മാർത്തോമ്മാ ക്രിസ്ത്യാനികളും പോർട്ടുഗീസുകാരും തമ്മിലുള്ള സംഘർഷത്തിൽ നിന്നുണ്ടായ ഭിന്നിപ്പുണ്ട്. ആ ഭിന്നിപ്പിൽ നാം മാർത്തോമാക്രിസ്ത്യാനികൾ രണ്ട് വലിയ വിഭാഗങ്ങളായി. അതിൽ ഒരു വിഭാഗം വീണ്ടും ഒരു ഭിന്നിപ്പിലേക്ക് പോയി. അതിൽ ഒരു വിഭാഗത്തിൽ നിന്ന് ഭിന്നിപ്പ് തെറ്റാണ് എന്നും, ഐക്യമാണ് സഭയുടെ സ്വഭാവമെന്നും മനസ്സിലാക്കിക്കൊണ്ട് കടന്നുവന്ന ധീര പ്രേഷിതനാണ് നമ്മുടെ മാർ ഈവാനിയോസ് തിരുമേനി. ദൈവദാസനായ തിരുമേനി അന്ന് ആഗ്രഹിച്ചത് ഒരു പുനരൈക്യമായിരുന്നില്ല മറിച്ച് സഐക്യമായിരുന്നു. അദ്ദേഹം ആഗ്രഹിച്ചത് കത്തോലിക്കാസഭ ഓർത്തഡോക്സ് പാരമ്പര്യത്തിലേക്ക് പോയ സഭയും തമ്മിൽ ഒന്നിച്ചാവുക എന്നതായിരുന്നു. എന്നാൽ സഐക്യ പരിശ്രമത്തിന് എല്ലാവരെയും ഒന്നിച്ച് കിട്ടിയില്ല. അതുകൊണ്ട് അദ്ദേഹം തന്നോടുകൂടെ നിന്നവരോടൊപ്പം മുന്നോട്ടുവച്ച കാല് പിന്നോട്ട് വയ്ക്കാതെ കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടു.

പുനരൈക്യവും സഭൈക്യവും തമ്മിലുള്ള വ്യത്യാസം

രണ്ട് വാക്കുകളും തമ്മിൽ വ്യത്യാസമുണ്ട്. മാർ ഈവാനിയോസ് തിരുമേനി ആഗ്രഹിച്ചത് സഭയുടെ ഐക്യമാണ്. അതൊരു പുനരൈക്യമായിട്ട് പരിമിതപ്പെട്ടു പോയി. ഈവാനിയോസ് തിരുമേനി സ്വപ്നം കണ്ടത് അന്ന് കേരളത്തിലുണ്ടായ ഭിന്നിപ്പിക്കപ്പെട്ട സഭകളുടെ പൂർണ്ണമായ ഐക്യമാണ്. അത്തരത്തിലുള്ള കാലാവസ്ഥ അന്ന് സഭയിലുണ്ടായിരുന്നു. അതിനെ നയിക്കാനാണ് അദ്ദേഹം മുന്നോട്ട് വന്നത്. മാർ ഈവാനിയോസ് തിരുമേനി വാസ്തവത്തിൽ സഭൈക്യത്തിന്റെ ഒരു പ്രവാചകനാണ്. He is a prophet of the perfect ecumenical movement പുനരൈക്യം അതിനാൽ തന്നെ ഭാഗികമായി സഭൈക്യമാണ്. ആ ഭാഗികമായ സഭൈക്യത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ സഭൈക്യത്തിലേക്ക് പോകുവാൻ നാം പരിശ്രമിച്ചു കൊണ്ടിരിക്കണം.

സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. സഭയെ കൂട്ടിനിർത്തുന്നതും പരിപാലിക്കുന്നതും പരിശുദ്ധാത്മാവാണ്. സഭയിലുള്ള ഭിന്നതയ്ക്ക് കാരണം പരിശുദ്ധാത്മാവിന്റെ അഭാവമാണോ?

ദൈവാത്മാവ് സഭയിൽ പ്രവർത്തിക്കുന്നത്. മിശിഹായുടെ ശരീരത്തിലെ പ്രവർത്തനം പോലെതന്നെയാണ്. മിശിഹായുടെ ജനനം മുതൽ ഉത്ഥാനം വരെ അവിടുന്ന് ആത്മാവിലാണ് വളർന്നത്.

It is fathers' will, realised in himself by the power of The Holy Spirit. അത് തന്നെയാണ് സഭയിലും തുടരേണ്ടത്. അങ്ങനെ തുടരുമ്പോൾ ഉണ്ടാകുന്ന മുറിവുകളെല്ലാം പരിഹരിക്കപ്പെട്ടുവേണം മുന്നോട്ടുപോകുവാൻ, ഇപ്പോൾ വാസ്തവത്തിൽ മുറിവുകളോടുകൂടെ ജീവിക്കുന്ന സഭയാണ്. മുറിവുകളെ സുഖപ്പെടുത്തുന്ന ശുശ്രൂഷയായിട്ടുള്ള ecumenism അതിന്റെ പൂർണ്ണതയിലെത്തിക്കുക എന്നത് എല്ലാ സഭയുടെയും ദൗത്യമാണ്. സഭ എന്ന് പറയുന്നത് Communion of Churches ആണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ആണ് കത്തോലിക്കാ സഭയ്ക്ക് ഇങ്ങനെ ഒരു ദർശനം തന്നത്. അതിനു മുൻപ് കത്തോലിക്ക സഭ ചിന്തിച്ചിരുന്നത് Catholic Church is the Church and others are seperated churches എന്നാണ്. പക്ഷേ ആ ചിന്തയിൽ നിന്ന് സുവിശേഷാധിഷ്ഠിതമായ ചിന്തയിലേക്ക് സഭ വന്നിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തിക്കതീതമായി നമ്മുടെ വ്യക്തി സഭകളുടെ താത്പര്യങ്ങൾക്ക് കൂടുതൽ ഇടം നാം കൊടുക്കുമ്പോൾ നമ്മുടെ ഇടയിൽ ഐക്യം വരാതെവരും. അത് നമ്മെ ഭിന്നതയിലേക്ക് നയിക്കുന്നു. ആരാണ് വലിയവൻ എന്ന ചിന്ത ശിഷ്യന്മാരുടെ ഇടയിൽ കടന്നുകൂടിയില്ലേ? അത്തരത്തിലുള്ള ഒരു ചിന്ത സഭകളുടെ ഇടയിൽ വരുമ്പോൾ Ecumenism പുരോഗമിക്കുകയില്ല. ഒരു വിനയഭാവം നമ്മുടെയെല്ലാവരുടേയും ഇടയിൽ ഉണ്ടാകണം. ഇപ്പോൾ ഐക്യപരിശ്രമങ്ങളുണ്ട് എങ്കിലും ആത്മാവിന്റെ പ്രലോഭനങ്ങൾക്ക് നാം നമ്മെ തന്നെ പൂർണ്ണമായും വിട്ടുകൊടുക്കുന്നില്ല.

സഭ വഴിതെറ്റിയാണോ സഞ്ചരിക്കുന്നത്?

വഴിതെറ്റിയിട്ടില്ല. വിശ്വാസത്തിൽ നാം ശരിയായ പാതയിലാണ്. പക്ഷേ പ്രവർത്തിപഥത്തിൽ വരുമ്പോൾ വഴിതെറ്റലുകൾ കടന്നുവരുന്നു. We are not really steady in our following of Jesus Christ.

ക്രിസ്ത്യാനിയുടെ വഴി ക്രിസ്തുവാണ്. ആധുനിക ലോകത്തിന്റെ താത്പര്യങ്ങൾ പ്രവൃത്തിപഥങ്ങളിലെ വഴിതെറ്റലുകൾക്ക് കാരണമായി ഭവിക്കുന്നുണ്ടോ?

വ്യക്തി സഭകൾ അവരവരുടേതായ താത്പര്യങ്ങൾക്ക് വേണ്ടി മാത്രം നിലകൊണ്ടാൽ സഭൈക്യം വിജയിക്കുകയില്ല. അത് തളർന്നുപോകും. ഒരു പൊതുദർശനത്തെ മുൻപിൽവച്ച് മുന്നോട്ടുപോകുവാൻ നമുക്ക് കഴിയണം. We are just one Church in Christ എന്ന ബോധ്യത്തോട് കൂടി വേണം നാം മുന്നോട്ടുപോകുവാൻ. ഒരിക്കലും ഞാൻ എന്റെ സഭയുടെ താത്പര്യങ്ങൾക്ക് വേണ്ടി മറ്റൊരു സഭയിൽ നിന്ന് അകലുവാൻ പാടില്ല. ഭിന്നിച്ച് നിൽക്കുന്ന സഭകൾ തമ്മിൽ വീണ്ടും ഭിന്നിക്കാനുള്ള അവസരം ഉണ്ടാകതെ നാം ശ്രദ്ധിക്കണം അങ്ങനെയുള്ള അവസരത്തിൽ Ecumenism തളർന്നുപോകുന്നു.

സീറോ മലബാൻ സഭയുടെ തലവനും പിതാവുമെന്ന നിലയിൽ അങ്ങ് സഭൈക്യശുശ്രൂഷയിൽ ശ്രദ്ധിക്കുന്ന കാര്യങ്ങൾ

Inter Church Council എന്ന സഭാതലവൻമാരുടെ കൂട്ടായ്മയുടെ ലക്ഷ്യം അതാണ്. എന്നാൽ സഭൈക്യത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ആവേശം എല്ലാവർക്കും വേണ്ടത്ര ഉണ്ടാകുന്നില്ല. അതുണ്ടാകാത്തതിന്റെ കാരണം ഒരു പക്ഷേ അവരവരുടേതായ ശുശ്രൂഷകൾ, ജോലികൾ എന്നൊക്കെ പറയാം. ഇന്നിപ്പോൾ സഭയിലെ മെത്രാൻമാരായാലും, വൈദികരായാലും, അല്ലെങ്കിൽ അത്മായനേതാക്കന്മാരായാലും ചെയ്യുന്ന ശുശ്രൂഷകളിൽ പലതും അത്യാവശ്യമുള്ളവയല്ല. അവയിൽ പലതും ഈലോകത്തിന്റെ താത്പര്യങ്ങൾവച്ച് നാം നടത്തുന്നതാണ്. അതിൽ നിന്നൊക്കെ നാം മാറി

നടക്കണം. സഭാശുശ്രൂഷകൾക്ക്, സഭയുടെ ഐക്യത്തിന് വേണ്ടിയൊക്കെ എല്ലാവരും തങ്ങളുടെ സമയം മാറ്റിവയ്ക്കണം. അങ്ങനെ വരുമ്പോഴാണ് Ecumenism വിജയിക്കുന്നത്. നമ്മുടെ ശുശ്രൂഷകളിൽ കർത്താവുണ്ടെന്ന് നാം ഉറപ്പ് വരുത്തണം. അതുകൊണ്ട് എല്ലാവരും ഭിന്നിപ്പുകൾ മറന്ന് സഭയുടെ കാതലായ ഒരു സ്നേഹ സ്വഭാവത്തിലേക്ക് വരണം. ജറുസലേം ദേവാലയം ശുദ്ധീകരിച്ച കർത്താവ് കണ്ണേണ്ടതു പോലെ ഇന്നും സഭയിൽ ഒരുപാട് കച്ചവടം നടക്കുന്നുണ്ട്. അന്നത്തെ രീതിയിലുള്ള ക്രയവിക്രയമായിരിക്കുകയില്ല. പക്ഷേ ഇന്നത്തെ രീതിയിലുള്ള Business, അതൊക്കെ തിരുത്തുവാനുള്ള ഒരു വിനയം നമുക്ക് ഉണ്ടായിരിക്കണം. ഒരു ഹൃദയശാന്തത നാം സ്വന്തമാക്കണം. മറ്റൊരു സഭ വേദനിക്കുമ്പോൾ ആ വേദനയിൽ നാം പങ്കാളിയാകണം. മറ്റുള്ളവരുടെ ഭിന്നതയിൽ സന്തോഷിക്കുകയല്ല മറിച്ച് പ്രാർത്ഥിക്കണം. നമ്മുടെ മാനുഷികമായ വീക്ഷണങ്ങൾക്ക് മാറ്റങ്ങൾവരണം. അങ്ങനെയെങ്കിൽ മാത്രമേ നമുക്ക് എല്ലാ സഭകളേയും ഉൾക്കൊളളാൻ സാധിക്കുകയുളളൂ.

സഭൈക്യത്തെകുറിച്ച് ചിന്തിക്കുമ്പോൾ സാധ്യമാകണം എന്ന് പിതാവ് ആഗ്രഹിക്കുന്ന സ്വപ്നം

സഭൈക്യത്തെകുറിച്ച് ചിന്തിക്കുമ്പോൾ സാധ്യമാവേണ്ടതായി ഞാൻ ആഗ്രഹിക്കുന്നത് സമഭാവനയാണ്. വിശ്വാസികൾക്കിടയിലും, അധികാരികൾക്കിടയിലും സമഭാവനവേണം. ഈ സമഭാവന ഉണ്ടെങ്കിൽ നാം പരസ്പരം ബഹുമാനിക്കും, സ്നേഹിക്കും. നമുക്ക് ഒന്നിച്ച് പ്രാർത്ഥിക്കാനും, പ്രവർത്തിക്കാനും കഴിയും. അപ്പോൾ നമ്മുടെ ഇടയിൽ ആത്മാവ് പ്രവർത്തിക്കും. പലപ്പോഴും നമ്മുടെ സ്വാർത്ഥതാല്പര്യങ്ങൾ ആത്മാവിന്റെ പ്രവർത്തനങ്ങളെ കെടുത്തിക്കളയുന്നു. അതുകൊണ്ടാണ് Ecumenism വിജയിക്കാത്തത്. അത്മാവിന് പ്രവർത്തിക്കാൻ അവസരം കൊടുക്കുമ്പോൾ Ecumenism വിജയിക്കും.

സഭൈക്യത്തിനുളള വഴികൾ

സഭൈക്യത്തിന് ശരിയായ വഴികൾ മാത്രമേ ഉളളൂ. മനുഷ്യൻ ഒരു വഴി കണ്ടെത്തി അതിലൂടെ പോയി സാധിക്കേണ്ട കാര്യമല്ലല്ലോ സഭൈക്യം, അതിന്റെ ശരിയായ വഴി ദൈവാത്മാവിൽ വ്യാപരിക്കുക എന്നതാണ്. ഐക്യത്തിനുവേണ്ടി ഞാൻ നിലനിന്ന് പ്രാർത്ഥിക്കുന്നുയെന്നുവരികിൽ എന്നിലുളള അനൈക്യത്തിന്റെ ശക്തികളെ എല്ലാം ഞാൻ മാറ്റും ഇപ്പോൾ ചില സഭകൾ തമ്മിൽ കാണാൻപോലും ഇഷ്ടപ്പെടുന്നില്ല. അത് ആത്മാവിന്റെ പ്രവർത്തനത്തിന്റെ അഭാവമാണ്. അത് അവർക്കുതന്നെ ആദ്യം ബോദ്ധ്യപ്പെടണം. സഭൈക്യത്തിനു അത്മാവിന്റെ മാർഗ്ഗമേയുളളൂ. കർത്താവ് കാട്ടിത്തന്ന സ്നേഹത്തിന്റെ മാർഗ്ഗമേയുളളൂ.

സഭകൾ ഒരുമിച്ച് നിൽക്കുന്നതിന്റെ മാഹാത്മ്യം.

നാം നാമായിത്തിരാൻവേണ്ടി ഐക്യപ്പെടണം. ഭിന്നിച്ച് നിൽക്കുന്ന സഭയിലെ വിശ്വാസിയായ ഞാൻ എന്റെ കർത്താവിന്റെ വീക്ഷണത്തിലുളള ഒരു സഭാവിശ്വാസിയല്ല. കാരണം കർത്താവ് ആഗ്രഹിക്കുന്നതു പോലുളള ഒരു സ്നേഹം എന്നിലില്ല. ഞാൻ ആരൊടെങ്കിലും ഏതെങ്കിലും രീതിയിൽ അകന്ന് നിൽക്കുന്നുവെങ്കിൽ I am not a Christian. ഭിന്നിച്ചുളള സഭകൾ Christian Churches അല്ലാതായിമാറുന്നു. പിന്നെ Individual christians എന്ന രീതിയിൽ നമുക്ക് ചെയ്യാവുന്ന പരിമിതികളുടെ അടിസ്ഥാനത്തിൽ കർത്താവ് നമുക്ക് നീതികരണം തരും. അങ്ങനെ നാം സ്വർഗ്ഗത്തിൽ കയറിപറ്റും. പക്ഷേ We may not be able to enjoy the Heaven in its fullness. സഭയിൽ ഒരുമിച്ച് ജീവിക്കാത്തവനു പൂർണ്ണമായ സ്വർഗ്ഗാനുഭവം അനുഭവിക്കാൻ കഴിയില്ല. ഭിന്നിച്ച് നിൽക്കുന്ന ശിഷ്യന്മാർ ഭിന്നിച്ച് തന്നെ നിൽക്കുകയാണ് എങ്കിൽ അവർ എങ്ങനെയാണ് കർത്താവിന്റെ ശിഷ്യത്വത്തിന്റെ പൂർണ്ണാനുഭവത്തിൽ ചെല്ലുന്നത്. ശിഷ്യത്വത്തിന്റെ പൂർണ്ണാനുഭവമാണല്ലോ സ്വർഗ്ഗം. കർത്താവ് നമ്മെ ശിക്ഷിച്ച് പുറംതളളുമെന്നൊന്നും ഞാൻ വിശ്വസിക്കുന്നില്ല. നമ്മെ സ്വീകരിക്കും. പക്ഷേ We may not be able to enjoy the fullness of Heaven. ഭിന്നത എന്ന് പറയുന്നത് ഒരു mutual defeat ആണ്. അവർ പരസ്പരം തോൽപ്പിക്കുകയാണ്. അതുകൊണ്ട് ഇനിയെങ്കിലും കുടുതൽ ഭിന്നിപ്പുകൾ ഉണ്ടാകാതെ സൂക്ഷിച്ചു കൊളളുക.

87-ാം പുനരൈക്യ വാർഷികം ആഘോഷിക്കുന്ന വേളയിൽ മലങ്കരമക്കളോട് പറയുവാനുളളത്.

പരസ്പരം സാഹോദര്യത്തിന്റെ മനോഭാവം നാം കുടുതൽ വളർത്തിയെടുക്കണം. എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ്. എന്ന ബോദ്ധ്യത്തോടുകൂടി ഹൃദയത്തെ വിശാലമാക്കി, മറ്റുളളവരെ ഉൾക്കൊളളുവാൻ നമുക്ക് കഴിയണം. ഇതാണ് സഭൈക്യത്തിന്റെ ഏറ്റവും വലിയ കാതൽ.

മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുമായുള്ള അഭിമുഖം

തയ്യാറാക്കിയത്
ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്

തിരുസഭയെ കറിച്ചുള്ള അങ്ങയുടെ വീക്ഷണം

തിരുസഭ ഒരുത്തരുടേയും വകയല്ല, ദൈവത്തിന്റെ വക യാണ്. സഭ എന്തായിരിക്കണമെന്നും, എങ്ങനെയായിരി ക്കണം എന്നും ദൈവമാണ് നിശ്ചയിക്കുന്നത്. രണ്ടാം വത്തി ക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയപ്പോൾ പാപ്പാ തിരുമേനി, കത്തോലിക്ക സഭയിൽ അംഗങ്ങളല്ലാത്തവരെയും നോക്കി ക്കൊണ്ട് പറഞ്ഞു, ഈ കൗൺസിൽ **Ecumenical** ആകു ന്നത് നിങ്ങളുടെ സാന്നിദ്ധ്യംകൊണ്ടാണ് എന്ന്. അദ്ദേഹം പറഞ്ഞത് ദൈവം സൃഷ്ടിച്ച സകല മനുഷ്യരേയും ദൈവം രക്ഷിക്കും എന്നാണ്. പലരുടേയും വിചാരം അവർ ഉൾപ്പെ ടുന്ന സഭയിൽ മാത്രമേ രക്ഷയുള്ളൂ എന്നാണ് ദൈവത്തെ ക്രൂശിച്ചവനേയും ദൈവം രക്ഷിക്കും. ലോകം എന്ന് പറയു ന്നത് ദൈവം മനുഷ്യന് നൽകിയ വിലപ്പെട്ട ദാനമാണ്.

അതുകൊണ്ട് ലോകത്തിന്റെ രക്ഷ, മനുഷ്യന്റെ മനുഷ്യത്വ ത്തിന് അടിസ്ഥാനമായിരിക്കുന്നു. ലോകത്തിന്റെ നില നിൽപ്പി നുള്ള ക്രമീകരണങ്ങൾ എല്ലാംതന്നെ ദൈവത്തിന്റെ രക്ഷയുടെ ഭാഗമാണ്. അതിനാൽ അടിസ്ഥാന ആവശ്യങ്ങൾ മനുഷ്യന് ലഭ്യമാക്കുവാൻ എല്ലാ സഭകളും ഒരുമിച്ച് നിൽക്കണം. ലോകം ദൈവത്തിന്റെ ദാനമാണ് ഒരു പാർട്ടിയുടേതോ, ഒരു സഭയു ടേതോ അല്ല. മനുഷ്യൻ ദൈവത്തിന്റേതാണ് അല്ലാതെ ഒരു സഭയുടേതും അല്ല.

സഭകൾ ഒരുമിച്ച് വരുന്നതിനെകുറിച്ച് അങ്ങയുടെ അഭിപ്രായം

സഭയെല്ലാം ഒന്നായിത്തീരുന്നതിന് ഞാൻ അനുകൂലിക്കു ന്നില്ല. സഭ ഏകമായിരുന്നു പക്ഷേ ഒന്നായിരുന്നില്ല. കത്തോ ലിക്കാസഭയിലെ ഒരംഗമാണല്ലോ അച്ചൻ. എന്റെ അറിവനു സരിച്ച് ഇരുപതിലധികം റീത്തുകൾ കത്തോലിക്കാസഭയിൽ ഉണ്ട്. എല്ലാ റീത്തും കത്തോലിക്കയാണ് എന്നാൽ ഈ ഓരോ റീത്തിനും ഓരോ rite ഉം, ഓരോ ഭരണഘടനയും, ഓരോ നിയമങ്ങളും, ഓരോ ആരാധനരീതികളും ഉണ്ട്. അത് അതിന്റെ വ്യത്യസ്ഥതയാണ്.

സഹോദര സഭകൾ ഒരുമിച്ച് ചേരുന്നതിനെ കുറിച്ച്

തെറ്റ് ചെയ്തവൻ തിരിച്ച് വരണമെന്ന് ആഗ്രഹിക്കാത്തവരായി ആരുണ്ട്? യേശുക്രിസ്തു സ്വർഗ്ഗം വിട്ട് ഭൂമിയിൽ വന്ന് നമ്മുടെ മദ്ധ്യത്തിൽ നിന്നു നമ്മെ പഠിപ്പിക്കുകയും ഉപദേശിയ്ക്കുകയും ചെയ്തു. എന്നാൽ യേശുക്രിസ്തു ജീവിച്ചപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ കുടുതൽ കളളൻമാരും, പാപികളും ഇപ്പോഴുണ്ട്. അതുകൊണ്ട് ഭക്തൻമാർ എന്ന് പറയുന്നവർ രക്ഷിക്കപെട്ടില്ലെങ്കിൽ പാപികൾ എങ്ങനെ രക്ഷിക്കപ്പെടാനാണ്?

ഇന്നത്തെ സാമൂഹിക സാമുദായിക പശ്ചാത്തലാത്തിൽ സഭകൾ ഒരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകത എന്താണ്?

ഇപ്പോൾ നമ്മൾ ഒരുമിച്ച് നിൽക്കുന്നത് മറ്റവനെ ഇല്ലാതാക്കാനാണ്. സത്യം നാം കണ്ടെത്തിയാൽ ആ സത്യത്തിൽ നാം ഒന്നിയ്ക്കും. നാം സത്യം മനസ്സിലാക്കാത്തത് കൊണ്ടാണ് നമ്മുടെ ഇടയിൽ ഭിന്നിപ്പുണ്ടാകുന്നത്.

അപരനെ സ്വികരിയ്ക്കുക. ഞാൻ പറയും, ദൈവം സ്വീകരിക്കുന്നവനെ നാമും സ്വീകരിയ്ക്കുക. ദൈവം എല്ലാവരേയും സ്വീകരിക്കുന്നു. അതായത് നീതിമാൻ ദൈവത്തിലാണ്. മറ്റവനെ ദൈവം സ്വീകരിച്ചുരിക്കുകയാണ്. അതുകൊണ്ട് ദൈവം സൃഷ്ടിച്ച മനുഷ്യൻ ഒരിക്കലും ഭിന്നിച്ച് നിൽക്കുവാൻ പാടില്ല.

സഭൈക്യത്തിന്റെ സാധ്യതകൾ

സാധ്യമാണ് എന്നാണ് എന്റെ അഭിപ്രായം രണ്ട് കാരണങ്ങൾ കൊണ്ട്. യേശുക്രിസ്തുവിനെ നമ്മൾ പഠിപ്പിക്കുന്നതല്ലാതെ പഠിയ്ക്കുന്നില്ല. യേശുക്രിസ്തു പഠിപ്പിച്ചത് എന്താണ് എന്ന് ഒരുമിച്ചിരുന്ന് മനസ്സിലാക്കാൻ നമുക്ക് സാധിക്കണം. ഇപ്പോൾ കത്തോലിക്കാസഭ പറയുന്നത് എന്താണ് എന്ന് കത്തോലിക്കാസഭയിൽ നിന്ന് ഞാൻ മനസ്സിലാക്കണം. എന്റെ സ്നേഹിതൻ നല്ല കമ്മ്യൂണിസ്റ്റാണ്. അവനോടൊരു വക്കീൽ ചോദിച്ചു. 'നീ ദൈവത്തിൽ വിശ്വസിയ്ക്കുന്നുണ്ടോ?' അവൻ പറഞ്ഞു 'ഇല്ല' അപ്പോൾ അവന്റെ അമ്മാച്ചൻ പറഞ്ഞു ''നീ എന്താടാ വഷളത്തരം പറയുന്നത്.'' അവൻ അമ്മാച്ചനോട് തിരിച്ച് ചോദിച്ചു, അമ്മാച്ചാ ഞാൻ ദൈവം ഇല്ലായെന്ന് പറഞ്ഞാൽ ദൈവം ഇല്ലാതാകുമോ? ആരാ ശരിക്കും ഇവിടെ ദൈവവിശ്വാസി. അതുകൊണ്ട് ഞാൻ പറയുന്നത്, നമ്മുടെ ജീവിതം ഉന്നതമാകുന്നത് നാം ജീവന്റെ ഉടയവനായ ദൈവത്തെ മനസ്സിലാക്കുകയും, അനുസരിക്കുകയും ചെയ്യുമ്പോഴാണ്. ദൈവഹിതപ്രകാരം സഭ മുഴുവൻ ഐക്യത്തോട് കൂടി മുന്നോട്ട് പോകണം.

സഭൈക്യം കുടുതൽ മികവുറ്റതാക്കുവാൻ ചെയ്യേണ്ട കാര്യങ്ങൾ

ഒന്നാമതായി നാം അഗ്രഹിയ്ക്കണം, ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് പോലെ നാം ആയിത്തിരണം എന്ന്.

രണ്ടാമതായി വ്യത്യസ്ഥതകൾ ഉൾക്കൊളളണം. എന്റെ ജ്യേഷ്ഠന് അപ്പനേപ്പറ്റിയുളള അഭിപ്രായവും, എനിയ്ക്കുളള അഭിപ്രായവും, എന്റെ അനിയനുളള അഭിപ്രായവും തമ്മിൽ വ്യത്യസമുണ്ട്. എങ്കിലും എനിക്ക് ഒരു അപ്പനേയുള്ളൂ.

മുന്നാമനായി മനുഷ്യൻ മനുഷ്യനാകണം. നമ്മളിൽ പലരും സ്വർഗ്ഗം oriented ആണ്. സ്വർഗ്ഗത്തിൽ നമുക്ക് ഒരുമിച്ച് കാണണം, ഒരുമിച്ച് ജീവിക്കണം, ഭൂമിയിൽ ഉളള ജീവിതത്തിന് പ്രാധാന്യം കൊടുക്കാതെ മുൻപോട്ട് പോയാൽ സ്വർഗ്ഗം നമുക്ക് അന്യമാകും. സ്വർഗ്ഗത്തിലേയ്ക്കുളള entry Pass ആണ് ഭൂമിയിലെ ജീവിതം. ഇവിടെ ഒരുമിച്ച് കഴിഞ്ഞാലും, ഒരുമിച്ച് ജിവിച്ചാലും, മാത്രമേ സ്വർഗ്ഗത്തിലും അത് സാധ്യമാകുകയുളളൂ.

സഭൈക്യത്തിന്റെ തടസ്സങ്ങൾ

ഇന്ന് മാർത്തോമ്മ സഭയിലാണെങ്കിൽ എനിക്കൊരു സ്ഥാനമുണ്ട്. ഐക്യത്തിലാകുമ്പോൾ അവിടെ ഒരു അംഗത്വമേയുളളൂ. സ്ഥനമാനങ്ങളോടുളള നമ്മുടെ സമീപനത്തിൽ മാറ്റം വരുത്തണം. എന്നേക്കാൾ വലിയവൻ എന്നും എന്നേക്കാൾ വലിയവനാണ് എന്ന് സമ്മതിക്കാൻ ഞാൻ തയ്യാറാവണം. നമ്മുടെ സഭയിൽ കുപ്പായമിടാതെ നടക്കുന്ന അച്ചൻമാരുണ്ട്. കുപ്പായം കുളിക്കാൻനേരം മാത്രം ഊരിവയ്ക്കുന്ന അച്ചൻമാരുമുണ്ട്. എന്നാൽ കുപ്പായമല്ല അച്ചൻ, എന്നാൽ ചിലരുടെ ധാരണ കുപ്പായമുണ്ടോ അച്ചനാണ്, കുപ്പായമില്ലേ അച്ചനല്ല എന്നാണ്.

കുപ്പായത്തിനുളളിലെ മനുഷ്യനാണ് അച്ചൻ. അതുകൊണ്ട് സ്ഥാനമാനങ്ങളൊന്നുമല്ല നമ്മെ നാമാക്കുന്നത് അതിനുളളിലെ മനുഷ്യനാണ് നമ്മെ നാമാക്കുന്നത്. മനുഷ്യനാകുക എന്നത് അച്ചനാകുന്നതുപോലെയും, ബിഷപ്പാകുന്നതുപോലെയും അത്ര എളുപ്പമല്ല. അത് വളരെ പ്രയാസമുളള കാര്യമാണ്. യേശുക്രിസ്തുവുമായി ആഴമായ ഒരു ബന്ധം നമുക്കുണ്ടാകണം. അപരനെ ഉപയോഗിക്കുകയല്ല മറിച്ച് അപരന് വേണ്ടി ജീവിക്കാൻ നമുക്ക് കഴിയണം. നാം ദൈവത്തിനാണോ ദൈവവിശ്വാസത്തിനാണോ കുടുതൽ പ്രാധാന്യം കൊടുക്കുന്നത്. ഒരു

ദിവസം ജയിലിൽ നിന്ന് എനിക്ക് ഒരു എഴുത്ത് കിട്ടി; 'തിരുമേനി ഞാൻ ഒരു കൊലപാതകിയാണ്. ഇപ്പോൾ ഈ ജയിലിൽ വന്ന് ഞാൻ മനസ്സിലാക്കുന്നു ചെയ്തത് തെറ്റായിപ്പോയി എന്ന്. ദൈവത്തിൽ പാപമോചനം പ്രാപിക്കണമെന്ന് ഞാൻ ആഗ്രഹിയ്ക്കുന്നു. രണ്ട് ദിവസം കഴിഞ്ഞ് മറ്റൊരു എഴുത്ത് കൂടി എനിക്ക് അവിടെ നിന്ന് ലഭിച്ചു ഈ എഴുത്ത് തിരുമേനി വായിക്കുമ്പോൾ ഞാൻ ഭൂലോകത്ത് ഉണ്ടാവുകയില്ല. നാളെ രാവിലെ എന്നെ തൂക്കികൊല്ലും, ഞാൻ ഈ ലോകത്തിൽ നിന്ന് യാത്രയാവുകയാണ് മറ്റുള്ളവരെ യാത്രപറയിയിക്കാതിരിക്കാനാണ് ഞാൻ യാത്ര പറയുന്നത്. ദൈവം ലോകത്തെ എനിക്ക് തന്നതിന് ഞാൻ നന്ദി പറയുന്നു. കുടുംബമെന്നെ ഉപേക്ഷിച്ചു, എന്റെ സഭ എന്നെ ഉപേക്ഷിച്ചു, എന്റെ ദേശവും എന്നെ ഉപേക്ഷിച്ചു; എന്റെ രാജ്യവും എന്നെ ഉപേക്ഷിച്ചു. ഞാൻ പോവുകയാണ്. ഞാൻ പോകുന്നത് പാപികളുടെ സ്നേഹിതനായ യേശുക്രിസ്തുവിന്റെ അരികിലേയ്ക്കാണ്. തിരുമേനി മരിച്ച് വരുമ്പോൾ ഞാൻ ആ ഭാഗത്ത് തിരുമേനിയെ സ്വീകരിക്കുനുണ്ടാകും. അതായത് പാപത്തെ വെറുക്കാം എന്നാൽ പാപിയെ വെറുക്കരുത്. മനുഷ്യനിലെ ദൈവികഭാവമാണ് അവനിലെ മനുഷ്യത്വം. അതുകൊണ്ട് നമുക്ക് നല്ല മനുഷ്യരാകാം. മോഹൻലാൽ എന്ന നടൻ എന്നോട് ഒരിക്കൽ ചോദിച്ചു, 'ഒരു ദോഷവും ഇല്ലാത്ത ഏതെങ്കിലും മനുഷ്യനെ കണ്ടിട്ടുണ്ടോ?' ഞാൻ പറഞ്ഞു; 'ഞാൻ കണ്ടിട്ടില്ല.' ഞാനറിയുന്നതിലേക്കും എനിക്ക് ഇപ്പോൾ വലിയ ബഹുമാനം ഉള്ള ആള് ഫ്രാൻസിസ് മാർപാപ്പാ തിരുമേനിയാണ്. അദ്ദേഹമൊരിക്കൽ രാവിലെ പരിശുദ്ധ കുർബാനശേഷം പറഞ്ഞു; 'ഞാൻ മഹാപാപിയാണ്.' അദ്ദേഹത്തെപ്പോലൊരു മനുഷ്യൻ മഹാപാപിയാണ് എങ്കിൽ എന്നെപ്പോലെ ഒരുത്തൻ എന്താണ് പറയുക. ഉടനെ മോഹൻലാൽ ചോദിച്ചു; 'ഒരു നന്മയുമില്ലത്ത ആരെയെങ്കിലും തിരുമേനി കണ്ടിട്ടുണ്ടോ? ഇല്ലാ'യെന്ന് ഞാൻ മറുപടി പറഞ്ഞു. എന്നാൽ ഇന്ന് ജീവിച്ചിരിക്കുന്ന ആർക്കെങ്കിലും നന്മയുടെ മൂർത്തിഭാവമാകാൻ സാദ്ധിക്കുമോ എന്ന് അദ്ദേഹം വീണ്ടും ചോദിച്ചു. ഞാൻ പറഞ്ഞു സാധിക്കും. ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാവർക്കും ഇന്ന് വൈകുന്നേരത്തിന് മുൻപ് സ്വർഗ്ഗത്തിന്റെ ഭാഗമാകാൻ കഴിയും. ഞാൻ പറയുന്നത്, 'ഒരുവനും നശിക്കുവാൻ ദൈവം സമ്മതിക്കുകയില്ല.' രകത്തിലായിരിക്കുന്നവനും, സ്വർഗ്ഗത്തിലാകുവാൻ സാധ്യതയുണ്ട്. ഒരു പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുണ്ട്; 'നിത്യനരകമില്ല' അതുകൊണ്ട് ഏവരും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ജീവിക്കണം.

കുടുംബങ്ങളിലുള്ള ഐക്യത്തെകുറിച്ച്

കുടുംബത്തെകുറിച്ചുള്ള നമ്മുടെ ദർശനം സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയിട്ടുള്ളതാണ്. നാം സ്വർഗ്ഗത്തെ ലക്ഷ്യമാക്കി വേണം കുടുംബത്തിൽ ജീവിക്കുവാൻ അതായത് പള്ളിക്കൂടത്തിൽ പഠിയ്ക്കുമ്പോൾ 80 മാർക്ക് കിട്ടി. 80 മാർക്ക് കിട്ടണമെന്നല്ലാതെ നിന്റെ അയൽവാസിയുടെ പേരെന്താ എന്ന് ചോദിച്ചാൽ ഒരുവന് അത് അറിയണമെന്നില്ല. അവനെ സ്വർഗ്ഗത്തിലെടുത്താൽ സ്വർഗ്ഗത്തിന്റെ അവസ്ഥയെന്താകും? ഒരുമിച്ച് ജീവിക്കാൻ എല്ലാവർക്കും കഴിയണം. ഓരോ കുടുംബത്തിനും സ്വന്തമായി വേണ്ട കുടുംബസ്വഭാവം സഭയിൽ നിന്നും വേണം സ്വന്തമാക്കുവാൻ. എന്റെ അഭിപ്രായത്തിൽ ഒരുവൻ കുടുംബത്തിൽ ജീവിക്കാതെ സ്വർഗ്ഗത്തിൽ ജീവിക്കുവാൻ സാധിക്കുകയില്ല.

ഇന്നത്തെ സഭയെകുറിച്ച്

അടിസ്ഥാന ആവശ്യങ്ങൾ അയൽവാസിക്ക് സാധിച്ച് കൊടുക്കുക. വിദേശത്ത് സമ്പത്തിന്റെ ധൂർത്തിനെ പ്രതി മാർപാപ്പാ തിരുമേനി ഒരു ബിഷപ്പിനെ suspend ചെയ്തു. മറ്റൊരുവന് വീടില്ലാതിരിക്കുമ്പോൾ ഞാൻ

മൂന്ന് നിലയുള്ള വീട്ടിൽ താമസിക്കുന്നത് ശരിയാണോ?

മറ്റ് മേലദ്ധ്യഷൻമാരെ കുണ്ടുമുട്ടുമ്പോൾ ഒരുമിക്കേണ്ടതിന്റെ ആവശ്യകത സംസാരവിഷയമായിട്ടുണ്ടോ?

ഉണ്ട്, കണ്ടുമുട്ടുക എന്നത് തന്നെ ഒരുമിക്കാനുള്ളതു ആഗ്രഹത്തിന്റെ അടയാളമാണല്ലോ? ഇപ്പോഴത്തെ കാതോലിക്കബാവ ക്ലീമീസ് തിരുമേനിയും ഞാനും നല്ല സുഹൃത്തുക്കളാണ്. അദ്ദേഹം എനിക്ക് തരുന്ന സ്നേഹവും ബഹുമാനവും ഞങ്ങളുടെ സഭയിലെ ഒരു ബിഷപ്പും നൽകുന്നില്ലെന്നാണ് എന്റെ വിചാരം. അതു കൊണ്ട് അദ്ദേഹവും ഞാനും ചേർന്ന് ഒരു സഭയുണ്ടാക്കണമെന്ന് എനിക്ക് ആലോചനയില്ല, കാരണം ഞാൻ കത്തോലിക്കാസഭയിൽ ചേർന്നാൽ ഇപ്പോൾ അദ്ദേഹമെന്നെ സ്നേഹിക്കുന്നതിനേക്കൾ കുടുതൽ സ്നേഹിക്കാനൊക്കുമെന്ന് ഞാൻ കരുതുന്നില്ല. ഞങ്ങൾക്ക് ഒരുമിച്ച് ഒരു കുർബാന ചൊല്ലാം. പക്ഷേ സ്നേഹം കൂടുകയില്ല ഞാൻ വ്യത്യാസപ്പെടുമ്പോൾ ഈ ലോകം വ്യത്യാസപ്പെടും അതുകൊണ്ട് എല്ലാവരും വ്യത്യാസപ്പെടുവിൻ.

സഭൈക്യത്തേകുറിച്ച് ദൈവമക്കളോട്

എല്ലാ മനുഷ്യരും മനുഷ്യരായി ജീവിക്കണം. അപരനെ എന്റെ ആവശ്യമായി കാണരുത്. ദൈവമഹത്വത്തിനുവേണ്ടി പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. സ്നേഹത്തിന്റെ ലോകം ദൈവത്തിനായി പണികഴിക്കുക.

അങ്ങയുടെ സൗഹൃദ സമ്പത്തിന്റെ രഹസ്യം

ഞാനാരേയും ഉപേക്ഷിക്കാത്തതുകൊണ്ട് ആരും എന്നെയും ഉപേക്ഷിക്കുന്നില്ല. നമ്മൾ ആരേയും ഉപേക്ഷിക്കാതെ, ലോകം നമ്മെ ഉപേക്ഷിക്കില്ല. ഇപ്പോൾ എന്നെ ഒരുത്തൻ ഒരു കുത്തു കുത്തിയാൽ പിന്നെ ഞാനവനെ സ്നേഹിക്കുമോ? പക്ഷേ യഥാർത്ഥത്തിൽ സ്നേഹിക്കണം. ഇതുപോലൊരു സ്നേഹം നാം സ്വന്തമാക്കുന്നുവെങ്കിൽ ലോകം സ്വർഗ്ഗമാകും.

നമ്മുടെ തിരുമേനിമാരോട് പറയുവാനുള്ളത്

നിങ്ങൾ ഒരു സഭയുടെ ബിഷപ്പ് ആകാൻ ദൈവം വേണ്ട ക്രമീകരണങ്ങൾ ചെയ്തതിൽ ദൈവത്തിന് ദുഃഖിക്കാനും നിരാശപ്പെടാനും ഇടവരുത്തരുത്.



സഭൈക്യത്തിന്റെ കത്തോലിക്ക ദർശനം

†സൂസപാക്യം എം.
ആർച്ച് ബിഷപ്പ്–തിരുവനന്തപുരം അതിരൂപത
പ്രസിഡന്റ്, കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ

(യേശു പറഞ്ഞു "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്ന് ഇരുന്ന് പ്രാർത്ഥിപ്പിൻ, ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ" (മത്തായി 26:41)

സഭൈക്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്ന വചനഭാഗമിതാണ്: ''ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും'' (യോഹ 10:16). ഇത് യേശുവിന്റെ ഹൃദയാഭിലാഷവും, ആത്മാവിന്റെ പ്രാർത്ഥനയുമാണ്. യേശുക്രിസ്തുവിന്റെ ഈ തീവ്ര ആഗ്രഹത്തിലേക്കുള്ള പ്രയാണമാണ് സഭാപുനരൈക്യം. കത്തോലിക്കാസഭ അതിന്റെ ഉത്ഭവം മുതൽ സഭാമക്കളുടെ പുനരൈക്യത്തിനായി യത്നിച്ചിട്ടുണ്ട്. ക്രിസ്തുശിഷ്യരുടെ പ്രവർത്തനങ്ങളിലും പൗലോസപ്പോസ്തോലന്റെ പ്രബോധനങ്ങളിലും പുനരൈക്യം പ്രധാനവിഷയമായിരുന്നു. പത്രോസിന്റെ നേതൃത്വത്തിൽ പൗലോസും ഇതര ശിഷ്യന്മാരും സഭാശ്രേഷ്ഠന്മാരും ജറുസലെമിൽ ഒരുമിച്ച് കൂടിയത് (അപ്പ 15) ആദിമസഭയിൽ ഐക്യം കൊണ്ടുവരാൻവേണ്ടിയായിരുന്നു. അതിന് പ്രഥമ സുനഹദോസിന്റെ രൂപമുണ്ടായിരുന്നു. നാലും അഞ്ചും നൂറ്റാണ്ടുകളിൽ സഭയുടെ വിശ്വാസവും ഐക്യവും തത്വസംഹിതകളിലൂടെ പ്രഖ്യാപിച്ചുകൊണ്ടും പാഷണ്ഡതകളെ നേരിട്ടുകൊണ്ടും സഭൈക്യം നിലനിർത്തിയതായി സഭാചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. മധ്യയുഗത്തിലെ ഏതാനും സാർവ്വത്രിക സുനഹദോസുകൾ, വിഭജിക്കപ്പെട്ട സഭകളുടെ പുനരൈക്യത്തിനായി പരിശ്രമം നടത്തി. 1431–1437 ൽ ബാസൽ, ഫെറാര, ഫ്ളോറൻസ് എന്നീ സ്ഥലങ്ങളിൽ നടന്ന കൗൺസിലുകൾ ഉത്തമ ഉദാഹരണങ്ങളാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ കത്തോലിക്കാസഭയുടെ പൈതൃകവും അടിവേരും തിരിച്ചറിയുന്നതിന്റെ ഫലമായി സഭാപുനരൈക്യ അജണ്ട അവതരിപ്പിക്കുകയുണ്ടായി. ആധുനിക സഭയുടെ പ്രവർത്തനശൈലി ഒന്നായി മാറ്റിയ കൗൺസിലായിരുന്നു അത്.

്റ്റംബർ 20 ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട് ഇന്നത്തെ സീറോ മലങ്കര സഭാസമൂഹത്തിന് അടിത്തറയേകി.

പുനരൈക്യം സഭാ കൂട്ടായ്മ എന്ന കത്തോലിക്കാ ദർശനമാണ് നമുക്ക് നല്കുന്നത്. സനാതനസത്യമായ ക്രിസ്തുവിലേക്ക് യാത്രചെയ്യുന്ന വിശ്വാസികളുടെ സമൂഹമാണല്ലോ തിരുസഭ. ഈ തിരുസഭ വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. പൗരസ്ത്യപാശ്ചാത്യസഭകളുടെ വിശ്വാസത്തിലുള്ള ഐക്യവും സ്നേഹത്തിലുള്ള ഒരുമയുമാണ് തിരുസഭ. അതിനാൽ കൂട്ടായ്മ തിരുസഭയുടെ ആന്തരിക യാഥാർത്ഥ്യത്തെയും സത്യത്തെയും വെളിപ്പെടുത്തുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹത്തിലും കർത്താവായ യേശുക്രിസ്തുവിന്റെ കൃപയിലും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗത്തിലുമാണ് രക്ഷ എന്ന വലിയ സമ്മാനം നിലകൊള്ളുന്നത്. തിരുസഭയാകട്ടെ ഈ വലിയ സമ്മാനത്തിൽ നിന്നും ഉത്ഭവിച്ച കൂദാശയാണ്. അങ്ങനെ വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ തിരുസഭക്ക് രൂപം നല്കിയത് പരിശുദ്ധത്രിത്വം ആണെന്ന് നാം വിശ്വസിക്കുന്നു. തിരുസഭ നിലനില്ക്കുന്നത് ക്രിസ്തുവിന് സാക്ഷ്യം നല്കുവാനും പരമ്പരാഗതസഭയിൽ നിലകൊള്ളുന്ന ആത്മീയഐക്യം നിലനിർത്തുവാനുമാണ്. ''സഭയിലെ വൈവിധ്യം ഐക്യം ഹനിക്കുന്നില്ല; പ്രത്യുത, അതിനെ കൂടുതൽ സ്പഷ്ടമാക്കുകയാണ്. ഓരോ വ്യക്തിസഭയുടെയും അഥവാ റീത്തിന്റെയും പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനില്ക്കണമെന്നതാണ് കത്തോലിക്കാസഭയുടെ ലക്ഷ്യം'' സഭയിലെ വൈവിധ്യങ്ങൾക്ക് നടുവിലും കൂട്ടായി ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് മുന്നേറുവാൻ നമുക്കേവർക്കും കഴിയട്ടെ !

> ''കണ്ണിന് കൈയോട് എനിക്ക് നിന്നെക്കൊണ്ട് ആവശ്യമില്ലായെന്നോ, തലയ്ക്ക് കാലിനോട് എനിക്ക് നിന്നെ നിന്നെക്കൊണ്ട് ഉപയോഗമില്ലാ എന്നോ പറയുക സാധ്യമല്ല''
>
> (1 കോറി 12:12)

കേരളത്തിലും കത്തോലിക്കാസഭാ നേതൃത്വം പുനരൈക്യശ്രമങ്ങൾക്ക് പിൻതുണ നല്കാൻ ആദ്യം മുതൽക്കേ ശ്രദ്ധിച്ചിട്ടുണ്ട്. മാർതോമാ മാർതോമാ IV, മാർതോമാ V, മാർതോമാ VI മാർ ഡയനീഷ്യസ് എന്നിവരെല്ലാം സഭാ പുനരൈക്യത്തിന് ഏറെ താത്പര്യം കാണിക്കുകയും അതിനായി കത്തോലിക്കാസഭാ നേതൃത്വത്തെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും 1925-ൽ അഭിഷിക്തനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയിലൂടെയാണ് പുനരൈക്യശ്രമങ്ങൾക്കു ഫലം കണ്ടുതുടങ്ങിയത്. അങ്ങനെ അന്തോക്യൻ ആരാധനക്രമം അംഗീകരിച്ചുകൊണ്ട് 1930 സെപ

മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ
സി.എസ്.ഐ. മോഡറേറ്റർ &
ബിഷപ്പ് മധ്യകേരള മഹായിടവക

സഭൈക്യത്തിന്റെ ആവശ്യകത

ആമുഖം

സ്വതന്ത്ര ഭാരതത്തിന്റെ സപ്തതി ആഘോഷവേളയിൽ ഭാരതത്തിന്റെ ഭരണഘടന പ്രഘോഷിക്കുന്ന 'സ്വതന്ത്ര മതേതര രാഷ്ട്രം' (Independent Secular Republic) എന്ന ദർശനത്തിനു ഭരണവർഗ്ഗത്തിൽ നിന്നുതന്നെ വെല്ലുവിളി നേരിടുന്ന സവിശേഷ സാഹചര്യത്തിലാണ് വിശ്വാസത്തിന്റെ സംരക്ഷണത്തിനും ശക്തീകരണത്തിനുംവേണ്ടി സഭകളുടെ ഐക്യത്തിന്റെ ആവശ്യകത എന്ന വിഷയം സംഗതമാകുന്നത്. മനുഷ്യന്റെ വ്യക്തി സ്വാതന്ത്ര്യത്തിനുമേൽ കടന്നുകയറി വേഷം, വിശ്വാസം, ഭരണം, ഭക്ഷണം തുടങ്ങിയവ സംഘടിത ഭൂരിപക്ഷ സമൂഹം നിശ്ചയിക്കുന്ന സ്ഥിതിവിശേഷം ഭാരതത്തിന്റെ സെക്യുലർ സ്വഭാവത്തേയും, മതന്യൂനപക്ഷങ്ങളുടെ സമാധാനപൂർണ്ണമായ നിലനിൽപ്പിനേയും, വിശ്വാസ സംരക്ഷണത്തേയും ചോദ്യംചെയ്യുകയാണ്. ചരിത്രത്തിൽ സംഘടിത അധിനിവേശത്തിനും സംസ്കാര-വിശ്വാസ നശീകരണത്തിനും എതിരെ ചെറുത്തു നിൽപ്പുകൾ എന്നും ഉണ്ടായിട്ടുണ്ട്. ഇത്തരം സമരമുഖങ്ങൾ എന്നും വിഘടിച്ചു നിൽക്കുന്ന ചെറുകൂട്ടങ്ങളുടെ ഐക്യത്തിനും കാരണമായിട്ടുണ്ട്. കൊളോണിയൽ അധിനിവേശ ശക്തികളെ എതിരിടുവാൻ സ്വതന്ത്ര പൂർവ്വ ഭാരതത്തിലെ ചെറു രാജ്യങ്ങൾ ഒന്നിച്ചത് ഒരു ഐക്യരാഷ്ട്രത്തിന്റെ പിറവിക്ക് കാരണമായതുപോലെ വർത്തമാനകാല വെല്ലുവിളികൾ സഭകളുടെ ഐക്യത്തിനു കാരണമായിത്തീരണം.

സഭൈക്യ പരിശ്രമങ്ങൾ – ഒരു ചരിത്രം

18-ാം നൂറ്റാണ്ടുവരെ സഭകളുടെ വിഭജനങ്ങൾക്ക് സാക്ഷിയായെങ്കിൽ 19-ാം നൂറ്റാണ്ട് മുതൽ സഭകളുടെ ഐക്യ ശ്രമങ്ങൾക്കു കൂടുതൽ ശ്രദ്ധ കൈവന്നു. ലോക സുവിശേഷീകരണം വർത്തമാന തലമുറയിൽ (The Evangelization of the World in this generation) എന്ന ദർശനത്തിലൂന്നി ലോകമെമ്പാടും സുവിശേഷദൗത്യവുമായി സഭകൾ മിഷനറി സമൂഹങ്ങളെ അയച്ചത് സഭൈക്യ ദർശനങ്ങൾക്ക് ബീജാവാപമായി. സഭകളുടെ മിഷനറി താൽപര്യം വർദ്ധിക്കുന്നതിനും പ്രേക്ഷിത മേഖലകളിൽ മിഷനുകളുടെ ഉദ്ധാരണത്തിനുമായി വിളിച്ചു ചേർക്കപ്പെട്ട സഭകളുടെ അന്താരാഷ്ട്ര സമ്മേളനങ്ങൾ സഭൈക്യ പരിശ്രമങ്ങൾക്ക് ആക്കംകൂട്ടി. 1910-ൽ എഡിൻബറോയിൽ ചേർന്ന അന്താരാഷ്ട്ര മിഷനറി സമ്മേളനം എക്യൂമെനിക്കൽ മുന്നേറ്റങ്ങളുടെ ഉഭയകേന്ദ്രമായി. ആധുനിക എക്യുമെനിക്കൽ സംരംഭങ്ങളുടെ ആരംഭയിടമായി എഡിൻബറോ കോൺഫറൻസ് വിശേഷിക്കപ്പെടുന്നത് അതിനാലാണ്. എഡിൻബറോ കോൺഫറൻസിൽ

നിന്നും ഊർജ്ജം ഉൾക്കൊണ്ട് 1919-ൽ കോൺഫറൻസ് ഇന്ത്യയിൽ ചേർന്ന തരംഗംപാടി സമ്മേളനം ഇന്ത്യയിലെ സഭൈക്യ പരിശ്രമങ്ങൾക്കു ആക്കംകൂട്ടി. ഞാൻ പ്രതിനിധാനം ചെയ്യുന്ന സി. എസ്. ഐ സഭ തന്നെ 4 പതിറ്റാണ്ടുകൾ നീണ്ടുനിന്ന നിരന്തരമായ സഭൈക്യ ചർച്ചകളുടെ പരിണിത ഫലമാണ്. എന്നാൽ ഇന്ന് ദക്ഷിണേന്ത്യാ സഭ രൂപീകരിച്ചതിൽ നിന്നും വ്യത്യസ്തമായ സാമൂഹിക-രാഷ്ട്രീയ-മത സാഹചര്യമാണ് നിലവിലുള്ളത്. സഭകൾ ഒന്നുചേർന്ന് പുതിയ ഒരു ഐക്യ സഭയുണ്ടാകുക എന്നതിൽ നിന്നും വ്യതിരിക്തമായി സഭകൾ ഒരുമിച്ചുവരുന്ന ഇടങ്ങൾ ഉണ്ടാകുക എന്ന ആശയം എക്യുമെനിക്കൽ മേഖല യിലേക്ക് കടന്നുവന്നു കഴിഞ്ഞു. പൊതുവായ ലക്ഷ്യ ത്തിലേക്ക് ചരിക്കുന്ന ഐക്യ ശ്രമങ്ങൾ (Unity for a common goal) ഇന്ന് ക്രൈസ്തവ സഭകളുടെ ഇടയിൽ വ്യാപകമാണ്. കത്തോലിക്കാ-ഓർത്തഡോക്സ് സഭ ചർച്ചകൾ, സി. എസ്. ഐ.-സി. എൻ. ഐ-മാർത്തോമാ- മെത്തഡിസ്റ്റ് സഭകളുടെ പൊതുവേദിയായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (Communion of Churches in India) ഇവയൊക്കെ ഇത്തരം ചില മുന്നേറ്റങ്ങളാണ്. സഭൈക്യ പരിശ്രമങ്ങൾ ഉണ്ടായിട്ടുള്ളത് സുവിശേഷീകരണത്തിനും അതുവഴി ദൈവരാജ്യത്തിന്റെ വ്യാപനത്തിനുമായിരുന്നു. ഇന്ന് 21-ാം നൂറ്റാണ്ടിലും എക്യുമെനിക്കൽ ദർശനങ്ങൾക്ക് കൂടുതൽ പ്രസക്തിയുണ്ടാകുന്നത്, സഭയുടെ വിശ്വാസവും നിലനിൽപ്പും ചോദ്യം ചെയ്യപ്പെടുമ്പോളാണ്.

സഭകളുടെ ഐക്യം ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ നേട്ടത്തിനോ സമ്മർദ്ദതന്ത്രങ്ങൾക്കോ ബദൽ സമാന്തര മതമൗലീകവാദത്തിനോ വേണ്ടിയല്ല മറിച്ച് ഭാരതത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയതയുടെ പ്രേതബാധയെ തുടച്ച് നീക്കുന്നതിനും എല്ലാ വിശ്വാസ ധാരകൾക്കും പരസ്പര വിദ്വേഷംകൂടാതെ സഹവർത്തിത്തതോടെ പുലരുവാനുള്ള അന്തരീക്ഷം ഒരുക്കുന്നതിനും വേണ്ടിയത്രെ

വർത്തമാന സാമൂഹിക - സാമുദായിക പരിസരം

1933-ൽ നാസികൾ ജർമ്മനിയിൽ മൃഗങ്ങളെ ബോധരഹിതമാക്കിയെ കൊല്ലാവു എന്നു ഉത്തരവിട്ടു. അതിനുകാരണം ജൂതർ ബോധത്തോടെയുള്ളതും ജീവനുള്ളതുമായ മൃഗങ്ങളെ അറുത്തു മാത്രമെ കഴിക്കാവു എന്ന വിശ്വാസം പുലർത്തുന്നവരായിരുന്നതിനാലാണ്. ഭക്ഷണം വിശ്വാസത്തേയും അതുവഴി സമൂഹത്തേയും ഛിദ്രിച്ചതിനുള്ള ഒരു ഉദാഹരണമാണിത്. ഭാരതം ഇന്ന് ഭരണപിന്തുണയോടുള്ള സംഘടിത മതമൗലികവാദത്തിന്റെ പിടിയിലമരുന്ന കാഴ്ച മത ന്യൂനപക്ഷങ്ങൾക്ക് ആശങ്കയുളവാക്കുന്നതാണ്. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ നിന്നും മുസ്ലീങ്ങളെ അകറ്റുവാൻ മുംബൈ കേന്ദ്രമാക്കിയ സവർണ്ണ ചിത്പാവൻ ബ്രാഹ്മണനേതൃ സമൂഹം ഉയർത്തിക്കൊണ്ടുവന്ന ചിഹ്നമാണ് പശു. ലാലാ ലാൽചന്ദ് എന്ന ചരിത്രകാരൻ ഗോമാതാ എന്ന ചിന്ത അവതരിപ്പിച്ചതിന്റെ ഗൂഡലക്ഷ്യം ഇന്നു വെളിപ്പെട്ടു വന്നിരിക്കുകയാണ്. ഭൂരിപക്ഷ സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിന്റെ വ്യവസ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരുവന്റെ വ്യക്തി സ്വാതന്ത്ര്യങ്ങളായ ഭക്ഷണശീലത്തിലും വിശ്വാസാചരണങ്ങളിലും കടന്നു കയറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ചെറുത്തു തോൽപ്പിക്കേണ്ടതു തന്നെയാണ്. ഇവിടെയാണ് സഭൈക്യത്തിന്റെ പ്രസക്തി. ചരിത്രതാളുകളിലും സഭൈക്യദർശനം രൂപപ്പെട്ടത് വിശ്വാസത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും തന്നെയായിരുന്നു. ഇന്ന് പശ്ചാത്തലം വ്യത്യസ്തമാണെങ്കിലും ലക്ഷ്യം സമാനമാണ്.

സഭകളുടെ ഐക്യം ഇന്നത്തെ രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിൽ

ഇന്നത്തെ രാഷ്ട്രീയ സന്ദർഭം ആവശ്യപ്പെടുന്നത് സഭകളിലെ വിശാലമായ ഐക്യമാണ്. തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വഭാവികമാണ്. അതുകൊണ്ടാണല്ലോ ഇത്രയേറെ സഭകളായി പിരിഞ്ഞു നിൽക്കുന്നതും. എന്നാൽ ഓരോ സഭകളുടെയും തനിമയും വ്യക്തിത്വവും നഷ്ടപ്പെടാതെ പൊതുലക്ഷ്യങ്ങൾക്കും വിശ്വാസ സംരക്ഷണത്തിനുമായി സഭകൾ ഐക്യപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. സഭൈക്യം എന്നത് എല്ലാ സഭകളും ഏകമായിത്തീരുക എന്നതല്ല, മറിച്ച് സഭകളുടെ ദൈവശാസ്ത്രപരവും ചരിത്രപരവും ആയ എല്ലാ വ്യത്യസ്തതകളെയും പരസ്പരം അംഗീകരിച്ച് സഹകരണത്തിന്റെ പുതിയ സരണികൾ കണ്ടെത്തുക എന്നതാണ്. കാന്റർബറി ആർച്ച് ബിഷപ്പായിരുന്ന റോബർട്ട് എ. കെ. റൂയിൻസ് സഭൈക്യത്തെപ്പറ്റി പറഞ്ഞത് ഇവിടെ പ്രസക്തമാണ് 'Unity must not be a dull uniformity'. സഭകളുടെ തനിമയും പാരമ്പര്യവും, കൗദാശീക-ആരാധനാ രീതികളും നഷ്ടപ്പെടാതെ തന്നെ ചില പൊതു പ്രവർത്തന മേഖലകൾ വിശിഷ്യാ ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ഇവിടുത്തെ സാധാരണക്കാരന്റെ ജീവിതത്തെ സ്പർശിക്കുന്ന ചില മേഖലകൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ശരിയായ ആത്മീയ കാഴ്ചപ്പാടുകൾ, ആൾദൈവ-അന്ധവിശ്വാസ ഹസ്തങ്ങളിൽ നിന്നുള്ള വിടുതൽ, പാരിസ്ഥിതിക പ്രശ്നങ്ങൾ, മദ്യത്തിനും, മയക്കുമരുന്നിനുമെതിരെയുള്ള സന്ധിയില്ലാത്ത പോരാട്ടങ്ങൾ, സാമൂഹിക മാധ്യമങ്ങൾ അടക്കമുള്ള യുവതലമുറയെ ബാധിക്കുന്ന ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങളുടെ വിരുദ്ധതലങ്ങൾ,

കുടുംബബന്ധങ്ങളിൽ വരുന്ന പുത്തൻ പ്രവണതകൾ ഇവയൊക്കെ സഭ പഠിക്കേണ്ട, പരാമർശിക്കേണ്ട വിഷയങ്ങളാണ്. ഇത്തരം വിഷയങ്ങൾ എല്ലാ മനുഷ്യരുടെയും പൊതു പ്രശ്നം എന്ന നിലയിൽ സഭ നിർവ്വഹിക്കേണ്ട ദൗത്യമേഖലകളാണ്. ബലഹീനപക്ഷം ചേരുന്ന ഒരു സഭയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇന്ന് അന്യമായിരിക്കുന്നു എന്ന് പറയാതെവയ്യ. സഭ അതിന്റെ ദൗത്യദർശനത്തിൽ നിന്നും, ക്രിസ്തുദർശനത്തിൽ നിന്നും പിന്നോക്കം പോയിക്കൂടാ. ഇന്ന് ക്രൈസ്തവ സഭകൾ പ്രതിക്കൂട്ടിൽ നിർത്തപ്പെടുന്നതിനുള്ള ഏക കാരണം അതിന്റെ ഐക്യമില്ലായ്മയും, സാക്ഷ്യ വൈകല്യവുമാണ് എന്ന് സ്വയവിമർശനപരമായിക്കൂടി വിലയിരുത്തുവാൻ നാം ബാധ്യസ്ഥരാണ്.

സഭകളുടെ ഐക്യം ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ നേട്ടത്തിനോ സമ്മർദ്ദതന്ത്രങ്ങൾക്കോ ബദൽ സമാന്തര മതമൗലീകവാദത്തിനോ വേണ്ടിയല്ല മറിച്ച് ഭാരതത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയതയുടെ പ്രേതബാധയെ തുടച്ച് നീക്കുന്നതിനും എല്ലാ വിശ്വാസ ധാരകൾക്കും പരസ്പര വിദ്വേഷംകൂടാതെ സഹവർത്തിത്തതോടെ പുലരുവാനുള്ള അന്തരീക്ഷം ഒരുക്കുന്നതിനും വേണ്ടിയത്രെ. ന്യൂനപക്ഷങ്ങൾക്കും, ദളിതർക്കും ഭാരതത്തിന്റെ സ്വതന്ത്ര സാംസ്കാരിക സമൂഹത്തിനുമാകെ കേന്ദ്ര ഭരണം ഹിന്ദു ഭൂരിപക്ഷത്തെ മാത്രം പ്രതിനിധാനം ചെയ്യുന്നു എന്ന തോന്നലാണ് കേന്ദ്രഭരണത്തിലിരിക്കുന്ന സർക്കാർ ഉളവാക്കുന്നത്. അറുപത്തിയേഴ് വർഷം മുൻപ് ഭരണഘടന നമുക്ക് നൽകിയ സ്വയം നിർവ്വഹണത്തിന്റെ എല്ലാ സ്വഭാവ വിശേഷങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു കാലത്തിലൂടെയാണ് നാം ഇന്നു കടന്നുപോകുന്നത്. ഒരു പരമാധികാര മതേതര, ജനാധിപത്യ സമത്വോൻമുഖ റിപ്പബ്ലിക്ക് എന്ന നമ്മുടെ ഭരണഘടനാ ലക്ഷ്യത്തിൽ നിന്നും തീർത്തും അകന്ന് ഒരു പരാശ്രിത, മതാധിഷ്ടിത, ഫാസിസ്റ്റ്, കോർപ്പറേറ്റ് അനുകൂല രാഷ്ട്രമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഭാരതത്തിലെ ക്രൈസ്തവ സഭകൾക്ക് മറ്റ് മതന്യൂനപക്ഷങ്ങളുമായി ചേർന്ന് ക്രിയാത്മകമായി എന്താണ് ചെയ്യാൻ കഴിയുക എന്നത് സജീവായി ചർച്ചചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പ്രധാനമായും ചെയ്യേണ്ടത് ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കുവാൻ സഭകൾ അണിചേരുക എന്നതാണ്. ജനാധിപത്യം എന്നാൽ ഒരു വർഗ്ഗത്തിന്റെയോ മതത്തിന്റെയോ ആധിപത്യമല്ല, ന്യൂന പക്ഷത്തിന്മേൽ ഭൂരിപക്ഷം നേടുന്ന ആധിപത്യവും അല്ല. ജനങ്ങൾ തീരുമാനം എടുക്കുന്നതാണ്. തെരഞ്ഞെടുപ്പുകളിൽ വർഗ്ഗീയ ശക്തികൾ അധികാരത്തിൽ എത്താതെ ശ്രദ്ധിക്കുവാനും ജനാധിപത്യത്തെ ശാക്തീകരിക്കുവാനും സഭകളുടെ ഐക്യം സഹായിക്കും എന്നതിൽ തർക്കമില്ല. ക്രിസ്തീയ വിശ്വാസ സംരക്ഷണത്തിന് തികഞ്ഞ വെല്ലുവിളികൾ നേരിടുന്ന ഒരു കാലത്ത് സഭകളുടെ ഐക്യം സാക്ഷ്യ നിർവ്വഹണത്തിലും, ബലഹീനരോട് പക്ഷം ചേരുന്നതിലും ഒരു പുതിയ കുതിപ്പ് നൽകുന്ന ചലനാത്മക സഭയുടെ സൂചകമായി പരിണമിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു. ഐക്യം സംഘടിത ശക്തിയാകുവാനല്ല പ്രത്യുത നന്മയുടെയും, മാനുഷിക മുഖത്തിന്റെയും സംഘടിത രൂപമാകുവാൻ സഭകളെ സഹായിക്കട്ടെ.

'പുണ്ണെരുന്ന കൈവഴികൾ'

വഴികൾ
പലതായിപ്പിരിയുന്ന കാലമാണെങ്കിലും
കരളിൽ തെളിയുന്ന
ലക്ഷ്യമൊന്നാകണം

നമ്മൾ ഒരേ നടപ്പാത പൂകിയോരെങ്കിലും
തീവണ്ടിപ്പാത, പോലകലേക്ക്
അടുക്കാതെയകലുന്ന
സമാന്തരങ്ങൾ
ഇടനെഞ്ചിലാഴത്തിൽ
ഇടയൻ തെളിച്ചൊരാ
വഴിയേതെന്നറിയാതെ
ഉഴറുന്നവർ.

സഹനസീമയിൽ
പ്രേമപ്പൊലിമയിൽ
മരണക്കയങ്ങളിൽ
മലരിൻ ദലങ്ങളിൽ
സ്നേഹ, സുസ്മേരത്തൂ, നിലാ ബിംബങ്ങളിൽ
കൊടിയ പീഡകൾതൻ നടുവിൽ
ഇന്ദ്രിയങ്ങളിൽ ഈയംതുളച്ച
ഇരുളിൻ മുറികളിൽ,
നമുക്ക് വഴിയൊന്നാണെന്നറിയാത്തവർ.

ഹൃദയമാഴത്തിലറിയുമ്പോഴും
കനവുകണ്ട കണ്ണിനൊപ്പം
പടിയിറങ്ങിപ്പലതായിച്ചിതറിയകന്നവർ,
ദീപം തെളിച്ചിടാം,
പ്രഭാതങ്ങൾ നമുക്കായ്
കാത്തിടുന്നിതാ
നമ്മുടെ വഴിയൊന്നാണെന്നറിയുക
സത്യവും ജീവനും ഒന്നാണെന്നറിയുക.
വഴികൾപലതായിപ്പിരിയുന്ന
കാലമാണെങ്കിലും
ലക്ഷ്യമൊന്നാണെന്നുറയ്ക്കുക.

ജോയ് തമലം

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഐക്യ ശുശ്രൂഷകളിലൂടെ

അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്.

പതിനാലാം നൂറ്റാണ്ടുവരെ കേരളത്തിലെ അല്ലെങ്കിൽ ഭാരതത്തിലെ സഭ ഒന്നായിരുന്നു എന്നാണ് നമുക്കു ചരിത്രത്തിൽ നിന്നു മനസ്സിലാക്കാൻ പറ്റുക. അസേറിയൻ, പേർഷ്യൻ Source-ലൂടെയുള്ള യഹൂദന്മാർ വന്നശേഷം അവരുടെ ജ്ഞാനസ്നാനത്തിലൂടെ കേരളത്തിലെ ക്രൈസ്തവ സഭയ്ക്ക് ഒരു Source ഉണ്ടായിരുന്നു. ഇതു കൂടാതെ വൻതോതിലുള്ള ബുദ്ധമതത്തിൽ നിന്നുള്ള ഒരു Conversion ഉം കേരള സഭയിലേക്കുണ്ടായിരുന്നു. ഈ നാലു Sourcesഉം നാലായി പ്രവർത്തിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ക്നാനായക്കാരുടെ വരവ്. ക്നാനായക്കാർ നാലാം നൂറ്റാണ്ടിലാണ് എന്ന് അവർ വിശ്വസിക്കുന്നുവെങ്കിലും ചരിത്രകാരന്മാർ AD 964-ന് അടുത്താണ് എന്നാണ്, ഹിജറാ 345-ന് അടുത്താണ് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ ക്നാനായക്കാരുടെ Source യെമനിൽ നിന്നുള്ള ഒരു Source ആണ്. ഏഡന് അടുത്തുള്ള ക്നാനായ പട്ടണത്തിൽ നിന്നുള്ള ഒരുവരവാണ്. അവരുടെ ആ Source വളരെ പ്രത്യേകമായ ഒരു ശാഖയായി അവർ നിലകൊണ്ടിരുന്നു. ഇനി സിറിയയിൽ നിന്നു വന്ന ഒരു കുടിയേറ്റം, കൊല്ലം കേന്ദ്രമാക്കി വന്ന ഒരു കുടിയേറ്റം അത് അവരുടേതായ മറ്റൊരു ശ്രേണി കേരള സഭയിലേക്ക് കൊണ്ടുവന്നിരുന്നു. ഈ പലവിധമായ ശ്രേണികൾ ഒത്തുചേർന്നിട്ട് function ചെയ്യുമ്പോഴും സഭയ്ക്കകത്ത് കാതലായ വ്യത്യാസമില്ലാതെ സഭ നിലനിന്നിരുന്നു. AD 1321-ൽ ആണ് മാലിക്കാഫറുടെ ആക്രമണം. അദ്ദേഹത്തിന്റെ സേനാനായകനായ ഫക്രുദ്ദീൻ പോളിഗാർ കൂടെവന്ന പറയ പറ്റവും കൂടെ ആക്രമിച്ച് നിലയ്ക്കൽ നിന്ന് മദ്ധ്യതിരുവിതാംകൂറിലേക്കുള്ള ക്രിസ്ത്യാനികളുടെ ഒരു ഒഴുക്ക് ഉണ്ടായി. അങ്ങനെ വരുന്ന ഒഴുക്കിലാണ് കായംകുളവും, കടമ്പനാടും, തുമ്പമണ്ണും, വെൺമണിയും കാഞ്ഞിരപ്പള്ളിയും പാലായും ഉൾപ്പെട്ട ഭൂപ്രദേശങ്ങളിലേക്കുള്ള ക്രിസ്ത്യാനികളുടെ വൻതോതിലുള്ള ഒരു വരവ് ഉണ്ടാകുന്നത്. എഡി 1150-നോട് അടുത്താണ് തൃശ്ശൂരിൽ നിന്നുള്ള ക്രിസ്ത്യാനികൾ കുറവിലങ്ങാട്ടേക്ക് migrate ചെയ്യുന്നത്. AD 1150 ന് അടുത്താണ്. പള്ളിക്കാരൊക്കെ എഡി 345 ആണ് എന്നൊക്കെ പറയുമെങ്കിലും അത് കൊല്ലവർഷം 345-ന് അടുത്താണ് ആ migration എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. ഈ വലിയ സോർസുകളൊക്കെ പലതായി merge ചെയ്തിട്ടാണ് മലങ്കരസഭ എന്നൊരു സഭ 14-ാം നൂറ്റാണ്ടുവരെ ഏതാണ്ട് യോജിച്ചു നിന്നിരുന്നത്. ആ സമയത്ത് അന്ത്യോക്യയിൽ നിന്നുള്ള വിശ്വാസ സംഹിതയുമായി merge ചെയ്യുന്ന വലിയ സംഭവങ്ങൾ ഉണ്ടായി. അതുകഴിഞ്ഞ് പോർച്ചുഗീസുകാരുടെ വരവോടുകൂടി കേരള സഭയിൽ പലവിധമായ പ്രശ്നങ്ങൾ ഉണ്ടായി. ഉദയംപെരൂർ സുനഹ

ദോസും, കൂനൻകുരിശുമൊക്കെ അതിന്റെ ഭാഗമാണ്. 1653-ലെ കൂനൻ കുരിശു സത്യത്തിനുശേഷം 300 വർഷം കഴിയുമ്പോഴാണ് 1953ൽ മാർ ഈവാനിയോസ് തിരുമേനി മരിക്കുന്നത്. ഈ 300 വർഷംകൊണ്ട് ഭാരതസഭയിൽ ഉണ്ടായ വിഭജനങ്ങളും ഏകീകരണങ്ങളുമൊക്കെ വളരെ വിശദമായി സഭാ ചരിത്രങ്ങൾക്ക് വിധേയമാണ്. ഈ വലിയ ചരിത്ര സ്രോതസ്സിൽ ഐക്യത്തിന്റേതായ വലിയ ഒരു സ്രോതസ്സായി മാറിയതാണ് മലങ്കര കാത്തോലിക്കാസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിജയം എന്നു പറയുന്നത്. മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിലേക്ക് പുനരൈക്യപെടുന്നതിനു മുമ്പുതന്നെ ഓർത്തഡോക്സ് സഭയിൽ നിന്നും പാത്രിയാർക്കീസ് ഭാഗത്തു നിന്നും കുറേയേറെ ആളുകൾ കത്തോലിക്കാ സഭയുമായിട്ട് പുനരൈക്യപ്പെട്ടിരുന്നു. അഞ്ചലച്ചൻ ഉൾപ്പെടെ കുറേയാളുകൾ 1930 ന് മുമ്പുതന്നെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നു. എന്റെ ഗ്രാന്റ് ഫാദറിന്റെ സിസ്റ്ററും ഹസ്ബന്റും മുളപ്പൻ പള്ളി അച്ചൻ 1928-ൽ പുനരൈക്യപ്പെട്ട് എത്തിയിരുന്നു. എന്റെ ബന്ധുക്കളായി ഇങ്ങനെ ഒരു 60 പേരെങ്കിലും 1930 ന് മുമ്പ് ഓർത്തഡോക്സ് സഭയിൽ നിന്ന് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടവരാണ്. എറണാകുളം റീജിയണിൽ ഇതുപോലെ പുനരൈക്യപ്പെട്ട പത്തു മുപ്പത് മൂവ്മെന്റ് ഉണ്ടായിരുന്നു. പക്ഷേ മാർ ഈവാനിയോസ് തിരുമേനി 1930-ൽ പുനരൈക്യപ്പെട്ടതോടുകൂടി അതിനുമുമ്പ് ഓർത്തഡോക്സ് സഭയിൽ നിന്നും പാത്രിയാർക്കീസ് സഭയിൽ നിന്നും വന്ന പുനരൈക്യപ്പെട്ടിരുന്ന വിഭാഗങ്ങളെയൊക്കെ അതിന്റെകൂടെ ചേർക്കുകയും അങ്ങനെ അതൊരു വലിയ സ്രോതസ്സായി രൂപാന്തരപ്പെടുകയും ചെയ്തിരുന്നു. അങ്ങനെയുള്ള പുരൈക്യ ശ്രമങ്ങൾ ഇന്ത്യയിൽ കേരളത്തിൽ ഒരു സഭൈക്യ പ്രസ്ഥാനമായി രൂപാന്തരപ്പെടാൻ വളരെ സഹായകരമായ ഒന്നാണ്. അതിന് രണ്ടുമൂന്നു വശങ്ങളിൽ അത് എടുത്തു ചിന്തിക്കുമ്പോൾ മാത്രമാണ് അത് മനസ്സിലാക്കുവാനായിട്ട് പറ്റുക. അതിൽ ഒന്ന് ഓർത്തഡോക്സ് സഭയിൽ നിന്നും പാത്രിയാർക്കീസ് സഭയിൽ നിന്നും ഉള്ള വിശ്വാസികൾ കത്തോലിക്കാ വിശ്വാസത്തിലേക്ക് വന്ന സ്രോതസ്സാണ് രണ്ടാമത്തേത് ഭാരതപ്പുഴയുടെ തെക്കും കിളിമാനൂർ പുഴയുടെ വടക്കും ആണ്, ക്രിസ്ത്യാനികൾ ഉണ്ടായിരുന്നത്. അതിനപ്പുറത്തും ഇപ്പുറത്തും ഉള്ള മേഘലകളിലേക്ക് ക്രിസ്ത്യാനികൾ കാര്യമായി കുടിയേറ്റം ചെയ്തിരുന്നില്ല. 1930 കൾ വരെ. 1930 ന് കഴിഞ്ഞുടൻ തന്നെയാണ് മലബാർ കുടിയേറ്റം എന്നു പറയുന്ന വലിയ കുടിയേറ്റം തുടങ്ങുന്നത്. ആ കുടിയേറ്റം പാലക്കാടിന്റെയും മലപ്പുറത്തിന്റെയും വയനാടിന്റെയും കണ്ണൂർ, കാസർകോഡിന്റെയും അങ്ങ് കർണ്ണാടകത്തിൽ ഷിമോഗാ വരെയും കിഴക്കോട്ട് കോയമ്പത്തൂർ വരെയുമുള്ള വലിയ ഒരു മേഖലയിലോട്ട് കടന്നുചെന്നു. ആ കടന്നുചെന്ന മേഖലകളിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാനുള്ള വലിയ ശ്രമങ്ങളുണ്ടായി. ഇതിലൂടെ ഏതാണ്ട് ഒരു ലക്ഷത്തോളം ജനങ്ങൾ കത്തോലിക്കാ സഭയിലേക്ക് വരുന്ന ഒരു സാഹചര്യം ഉണ്ടായി. കിളിമാനൂർ പുഴയുടെ തെക്കോട്ട് ക്രിസ്ത്യാനികൾ പോയിരുന്നില്ല.

കേന്ദ്ര ആസ്ഥാനം

മാർ ഈവാനിയോസ് തിരുമേനി ചെയ്ത ഏറ്റവും വലിയ ദീർഘവീക്ഷണത്തോടും കൂടിയ ഒരു സംഭവമാണ് തിരുവനന്തപുരത്ത് ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കുക എന്നു പറയുന്നത്. തിരുവനന്തപുരത്ത് നസ്രാണി ആരാണെന്നുപോലും വിശദമായ വിവരം ഉണ്ടായിരുന്നില്ല. തിരുവനന്തപുരത്ത് ക്രിസ്ത്യാനികൾക്ക് ആരും വസ്തു തന്നെ നൽകിയിരുന്നില്ല. എന്നാൽ 1830 നോടടുത്ത് തേവരക്കര വൈദ്യന്മാർക്ക് തിരുവിതാംകൂർ രാജാവ് വസ്തുക്കൾ കൊടുത്തപ്പോഴാണ് ക്രിസ്ത്യാനികൾക്ക് ആദ്യമായി തിരുവനന്തപുരത്ത് വസ്തു വാങ്ങാൻ തന്നെ കഴിഞ്ഞത്. അങ്ങനെയൊരു സാഹചര്യത്തിൽ ആ ഒരു 120 വർഷങ്ങൾക്ക് ശേഷമാണ് മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരത്തെത്തി ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നത്. പുറകാലെ ആ അദ്ദേഹത്തിന്റെ ടൈറ്റിൽ തന്നെ ആർച്ച് ബിഷപ്പ് ഓഫ് ട്രിവാൻഡ്രം എന്നു മാറി എന്നുള്ളതാണ്. ഇന്ന് നാലോ അഞ്ചോ ബിഷപ്പുമാർക്ക് ഹെഡ് ക്വാർട്ടേഴ്സ് ആയി തിരുവനന്തപുരം പട്ടണം പരിലസിക്കുന്നു. മാർത്തോമാക്കാരുടെയും സിഎസ്ഐക്കാരുടെയും ഒക്കെ ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരത്ത് ഉണ്ട്. ആദ്യമായി ഒരു ബിഷപ്പിന് തിരുവനന്തപുരത്ത് ഹെഡ് ക്വാർട്ടേഴ്സ് ഉണ്ടാകുന്നത് മാർ ഈവാനിയോസ് തിരുമേനി ഹെഡ് ക്വാർട്ടേഴ്സ് അവിടെ സ്ഥാപിക്കുമ്പോഴാണ്. ആ ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിച്ചു കഴിഞ്ഞശേഷം പുനരൈക്യ പ്രസ്ഥാനം അവിടെ ഉണ്ടായിരുന്ന ജനവിഭാഗങ്ങളിലേക്ക് പതുക്കെ Penetrate ചെയ്യുകയും അവരെ കത്തോലിക്കാ വിശ്വാസത്തിലേക്ക് കൊണ്ടു വരുന്ന വലിയ ഒരു ശ്രമം ഉണ്ടാവുകയും ചെയ്തു. അതേറ്റവും കൂടുതൽ effect ൽ വന്നത് നാടാർ സമുദായത്തിന്റെ ഇടയിലാണ്. നാടാർ സമുദായത്തിനിടയിൽ തിരുവനന്തപുരത്തിന്റെ കരമനയാറിന്റെ തെക്കുള്ള പ്രദേശങ്ങൾ തുടങ്ങിധ കന്യാകുമാരി ജില്ലയും, അതിന്റെ അടുത്തുള്ള ജില്ലകളിലുമായി നാടാർ സമുദായത്തിൽ

നിന്ന് വലിയ ഒരളവിൽ പുനരൈക്യ പ്രസ്ഥാനത്തിലേക്ക് ആളുകൾ വരുവാൻ തുടങ്ങി. അതിന് സഭാ മക്കളെ തയ്യാറാക്കാൻവേണ്ടി "Daughters of Mary" എന്നസന്യാസിനി പ്രസ്ഥാനത്തെയും അതുപോലെ തന്നെ ചങ്ങനാശ്ശേരി രൂപതയിൽ നിന്നുള്ള സീറോ മലബാർ പുരോഹിതന്മാരുടെയും വലിയ ഒരു സഹായമുണ്ടായിരുന്നു എന്നുള്ളത് ചരിത്രത്തിൽ നമ്മൾ മനസ്സിലാക്കുന്ന ഒരു വസ്തുത ആണ്. ആ പ്രോസസ്സിലൂടെ ഏതാണ്ട് ഒരു ലക്ഷത്തോളം വരുന്ന ജനവിഭാഗങ്ങളെ പുനരൈക്യ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരാൻ പറ്റി. അതിന്റെ ചെറിയൊരു ഇഫക്ടിൽ ഈഴവരുടെ ഇടയിലേക്ക് spread ചെയ്ത് തുടങ്ങുന്ന ഒരു കാലഘട്ടത്തിലാണ് ശ്രീനാരായണ ഗുരുദേവൻ 1888 ൽ തന്റെ ധർമ്മ പ്രസ്ഥാനവുമായിട്ട് വരികയും ആ conversion അവിടെ നിൽക്കുകയും ചെയ്യുന്നത്. എന്നാൽ പുലയന്മാരുടെ ഇടയിലും മറ്റും സമുദായങ്ങളുടെ ഇടയിലും ഈ പ്രക്രിയ വളരെ ഭംഗിയായി നടന്നു. കിളിമാനൂരിനടുത്ത് മലവേടന്മാരുടെ ഇടയിലും ആ വിശ്വാസം പകരുകയും അവർക്ക് 14 ഓളം ഇടവകകൾ ഉണ്ടാകുന്ന ഒരു സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇത് വളരെ വിശാലമായ ഒരു സംഭവമാണ്. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടിട്ടില്ലായിരുന്നവെങ്കിൽ തിരുവനന്തപുരം കേന്ദ്രമാക്കി ഒരു Diocese ഉണ്ടായില്ലായിരുന്നുവെങ്കിൽ ഈ വലിയ രീതിയിലുള്ള ഒരു സഭൈക്യ പ്രസ്ഥാനം അവിടെ വളരുമോ എന്ന് ചോദിച്ചാൽ ഇല്ല എന്നാണ് അതിന്റെ ഉത്തരം. ഇന്ന് കന്യാകുമാരി ജില്ല തെക്കേ ഇന്ത്യയിലെ ഏക ക്രിസ്ത്യൻ ഭൂരിപക്ഷ ജില്ലയാണ്. 54% ജനങ്ങൾ ക്രിസ്തുമതത്തിൽ വിശ്വസിക്കുന്നവരായി ഇപ്പോൾ ഉണ്ട്. കന്യാകുമാരി ജില്ലയിൽ ദൈവസഹായം പിള്ളയെപ്പോലുള്ള ഒരു അല്മായ വിശുദ്ധനും അവിടെനിന്ന് വന്നിരിക്കുകയാണ്.

പ്രേഷിത ദൗത്യത്തിന്റെ ആരംഭം

മലബാർ കുടിയേറ്റത്തിന്റെ ഭാഗമായി സംഭവിച്ച വലിയ ഒരു കാര്യം, മലബാറിലോട്ട് കുടിയേറിയതിനകത്ത്, ഓർത്തഡോക്സ്, പാത്രിയാർക്കീസ് വിഭാഗത്തിലുള്ള പല സമൂഹങ്ങളും പള്ളിയില്ലാത്ത സ്ഥലങ്ങളിൽ adopt ചെയ്ത ഒരു മാർഗ്ഗം അവർ പുനരൈക്യ പ്രസ്ഥാനത്തിന്റെ പള്ളികളിലേക്ക് വരാൻ തുടങ്ങി എന്നതാണ്. കാരണം കുർബാനക്രമം ഒന്നു തന്നെയായതിനാൽ അവർക്ക് സഭയുടെ തലവൻ മാത്രമേ മാറുന്നുള്ളൂ. കുർബാനക്രമവും പ്രാർത്ഥനാക്രമവും മാറാതിരിക്കുന്നതുകൊണ്ട് അവർക്ക് വളരെ തനതായ വിശ്വാസ പ്രാർത്ഥനക്രമത്തിൽ തുടരാൻ കഴിയുന്നുവെന്നുള്ളതാണ് അതിന്റെ advantage. 1930-ൽ പുനരൈക്യ പ്രസ്ഥാനം വരുമ്പോൾ 1932-ൽ വത്തിക്കാനിൽ നിന്നു കിട്ടിയ ഒരു ഉത്തരവ് എന്നു പറയുന്നത് ഞാൻ വായിച്ചിട്ടുള്ള ഒന്നാണ്. തിരുവനന്തപുരത്ത് അരമനയിൽ അത് സൂക്ഷിച്ചിട്ടുണ്ട്. ആ documentil പറയുന്നത് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുന്ന മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികൾ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ളവർക്കായി ഒരു റീത്ത് അനുവദിക്കുന്നു എന്നാണ്. അതായത് കേരളത്തിലല്ല, ഇന്ത്യയിലല്ല ലോകത്തിന്റെ ഏതു ഭൂഖണ്ഡത്തിൽ മലങ്കര കത്തോലിക്കർ ഉണ്ടെങ്കിലും അവർക്ക്, ഇടവകയായി അത് പുലർത്താൻ കഴിയുന്നു എന്നുള്ളതാണ്. അപ്പോൾ ലോകത്തിന്റെ ഏതു ഭാഗത്തും ആ പുനരൈക്യ പ്രസ്ഥാനത്തിന്റെ ഭാഗമായിവരുന്ന വിശ്വാസികളെ കത്തോലിക്കാ സഭയുമായി ചേർത്തുനിർത്തുവാൻ സഭയുടെ ദേവാലയങ്ങളും പ്രാർത്ഥനാലയങ്ങളും ഒരു വലിയ കേന്ദ്രങ്ങളായി എന്നത് ശ്രദ്ധേയമായ കാര്യമാണ്

വിദ്യാഭ്യാസം എന്ന ദൗത്യം

രണ്ടാമതായി മലങ്കര കത്തോലിക്കാസഭ ചെയ്തത് വിദ്യാഭ്യാസപരമായ വലിയ ഒരു കർത്തവ്യമാണ്. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെടുന്ന സമയത്ത് കേരളത്തിന്റെ സാക്ഷരത അന്ന് 50% കടന്നിട്ടേയുള്ളൂ. ഇന്ത്യയുടെ സാക്ഷരത 20% ൽ താഴെയായിരുന്നു. സ്വാതന്ത്ര്യം കിട്ടുമ്പോൾപോലും ഇന്ത്യയുടെ സാക്ഷരത 40% ആയിരുന്നു. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ പ്രക്രിയയിലോട്ട് മലങ്കര കാത്തോലിക്കാ സഭ ശ്രദ്ധിക്കുവാനും ആ രീതിയിലുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കാനും തുടങ്ങി. പട്ടണ പ്രവേശത്ത്, 90% കിട്ടുന്ന ഭൂഉടമകളുടെയും പണക്കാരുടെയും മക്കൾക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പകരം, വളരെ വിദൂര പ്രദേശങ്ങളിലുള്ള ആളുകൾക്ക് വിദ്യാഭ്യാസം കൊടുക്കാനുള്ള സ്ഥാപനങ്ങൾ പണിതുയർത്താനായി പുനരൈക്യ പ്രസ്ഥാനം ശ്രദ്ധിച്ചു. മലയടിവാരങ്ങളിലും മലവേടന്മാർക്കും പിന്നോക്ക ജാതിയിൽ നിന്നും വന്ന ആളുകൾക്കുമൊക്കെ അവരുടേതായ സ്ഥലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് കൊടുത്തു. നാലാഞ്ചിറയെപോലെ ഒരു സ്ഥലം, വളരെ കുറച്ച് ആളുകൾ മാത്രം തമസിച്ചിരുന്ന ഒരു സ്ഥലമായിരുന്നു. ആ സ്ഥലത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കാനായി മാർ ഈവാനിയോസ് തിരുമേനി ശ്രമിക്കുകയും 225 ഓളം ഏക്കറുകൾ വാങ്ങിച്ച് ഇന്ന് 23 ലേറെ വിദ്യാഭ്യാ സ്ഥാപനങ്ങളുള്ള വലിയ ഒരു വിദ്യാനഗറായി അത് രൂപാന്തരപ്പെട്ടിരിക്കുകയാണ്. എല്ലാ രൂപതകളിലും ഇതുപോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി ശ്രമ

മുണ്ടായി. വയനാട്ടിൽ കോളേജുകളുണ്ടായി. കർണാടകത്തിൽ സ്കൂളുകളുണ്ടായി, തമിഴ്നാട്ടിൽ സ്കൂളുകളുണ്ടായി പാടിയിലെ എഞ്ചിനീയറിംഗ് കോളേജുണ്ടായി ഇങ്ങനെ വളരെ വിശാലമായ ഒരു പ്രസ്ഥാനം ഉണ്ടായി. ഇന്ന് ഏതാണ്ട് 14 കോളേജുകളുൾപ്പെടെ 300 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ഒരു പ്രസ്ഥാനമാണ് പുനരൈക്യ പ്രസ്ഥാനം എന്നു പറയുന്നത്. ആ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി, ലക്ഷക്കണക്കിന് ആളുകളെ നല്ല മനുഷ്യരാക്കി മാറ്റാൻ, നല്ല വിദ്യാഭ്യാസമുള്ളവരാക്കി മാറ്റാൻ പുനരൈക്യ പ്രസ്ഥാനത്തിന് കഴിഞ്ഞു എന്നുള്ളതാണ്. മാർ ഈവാനിയോസ് കോളേജിന്റെ ഒരു പ്രിൻസിപ്പൽ, അമേരിക്കയിൽ ചെന്ന് ചിക്കാഗോ പട്ടണത്തിൽ മാർ ഈവാനിയോസിൽ പഠിച്ചവരെ കാണാനാഗ്രഹിക്കുന്നുവെന്ന് advertisement കൊടുത്തപ്പോൾ 1800 ഓളം പേർ ആ ഹാളിൽ തടിച്ചു കൂടി എന്ന് പ്രിൻസിപ്പൽ എന്നോടു പറഞ്ഞപ്പോഴാണ് മാർ ഈവാനിയോസ് കോളേജിന്റെ products എവിടെവരെ എത്തി എന്ന് മനസ്സിലാവുന്നത്. മാർ ഈവാനിയോസ് കോളേജിൽ മാത്രം പഠിച്ചിട്ടു പോയ പൂർവ്വ വിദ്യാർത്ഥികൾ 65000 പേരോളം ഉണ്ട് എന്ന് മനസ്സിലാക്കുമ്പോഴാണ് ലോകത്തിൽ മാർ ഈവാനിയോസ് കോളേജിൽ പഠിച്ച ഒരാളെങ്കിലും ഇല്ലാത്ത രാജ്യങ്ങൾ വളരെ അപൂർവ്വമാണ് എന്ന് ലോകത്തിൽ ഇന്നുള്ള വലിയ ചിത്രം നമുക്കു മനസ്സിലാവുന്നത്. അതുപോലെ തന്നെ, മെഡിക്കൽ ഫീൽഡ് ആയാലും, എഞ്ചിനീയറിംഗ് ഫീൽഡ് ആയാലും, Teachers Training ന്റെ ഫീൽഡ് ആയാലും, nursing കോളേജുകൾ ആയാലും വളരെ വിശാലമായ തലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തപ്പെടും. ഈ വിദ്യാഭ്യാസ പ്രക്രിയയിലൂടെ വളരെ remote ആയ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് വിദ്യാഭ്യാസം ലഭിക്കുകയും അവിടെ നിന്ന് വിദ്യാഭ്യാസത്തിൽ ഉയർന്ന നിലവാരമുള്ള ആളുകളെ, ഫീസ് മേടിക്കാതെ അങ്ങോട്ട് പൈസ കൊടുത്തു പഠിപ്പിച്ച് അവർ വലിയ ഉയർന്ന നിലകളിൽ എത്തുന്നവരായി മാറി. ഒരു ഫീസും മേടിക്കാതെ സൗജന്യമായി ഒരു സഭ പഠിപ്പിച്ചതു കൊണ്ടാണ് ഞങ്ങൾ ഈ നിലകളിലേക്ക് എത്തിയത് എന്ന് അനേകം കുട്ടികൾ ഇന്നും സാക്ഷിക്കുന്നു. ഇങ്ങനെ നിരവധി ആളുകളുടെ ജീവിതത്തെ കരുപിടിപ്പിക്കാൻ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. ഈ 300 ലേറെ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ ഒരു ഐക്യ പ്രസ്ഥാനത്തിന്റെ വലിയ ഒരു കാഹളം നടക്കുകയാണ്. എന്താണ് കത്തോലിക്കാസഭ അതിന്റെ ആദർശങ്ങളെന്താണ് എന്ന് നാനാജാതിമതസ്ഥരായ ആളുകൾക്ക് അവിടെ വന്ന് മനസ്സിലാക്കാൻ പറ്റി എന്നുള്ളതാണ്. പാളയത്തെ ഇമാം അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു പ്രസംഗത്തിൽ പറഞ്ഞു ഓരോ വർഷവും അഞ്ചുപേരുടെ പേര് എഴുതി തരണം. അവർക്ക് admission ഞാൻ തരാം എന്ന് Benedict Mar Gregorios തിരുമേനി അവരോട് പറയുകയും ഓരോ വർഷവും, നിർദ്ധനരായ അഞ്ചു പേരുടെ പേര് അവർ കൊടുക്കുകയും അവർക്ക് എല്ലാ വർഷവും മാർ ഈവാനിയോസ് കോളേജിൽ admission കിട്ടുകയും ചെയ്യുമായിരുന്നു. മുസ്ലീങ്ങളുടെ ഒരു ഇമാം വളരെ സന്തോഷത്തോടെ അത് വിവരിക്കുന്നതു കേട്ടപ്പോൾ, സഭയുടെ ആ വലിയ സംഭാവന എത്ര വലുതാണ് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു എന്നുള്ളതാണ്.

ഐക്യദൗത്യം

മൂന്നാമത് ഒരു മേഖല മറ്റു ക്രൈസ്തവസഭകളെ യോജിപ്പിച്ചും കൊണ്ടുപോകാനുള്ള വലിയ ഒരു ശ്രമമായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അംഗ സംഖ്യ വച്ച് തിരുവനന്തപുരം പട്ടണത്തിൽ സഭ വലിയ ഒന്നും അല്ല. പക്ഷേ തിരുവനന്തപുരത്ത് ഏത് പ്രസ്ഥാനം വരുമ്പോഴും അതിന്റെ നടുനായകത്വം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ആർച്ച് ബിഷപ്പിനായിരുന്നു. പൂവാറും വിഴിഞ്ഞത്തും ഒക്കെ കലാപമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി കരണാകരൻ സാറ് അവിടെ മദ്ധ്യസ്ഥം പറയാൻ ഏൽപ്പിച്ചത് Benedict Mar Gregorios തിരുമേനിയെ ആയിരുന്നു. അദ്ദേഹം പേയി ഹിന്ദുക്കളുടെയും മസ്ലീങ്ങളുടെയും ഇടയിൽ നിന്ന് ആ പ്രശ്നം പരിഹരിച്ച് അവിടെ സമാധാനം പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. അന്ന് തിരുവനന്തപുരം റൂറൽ എസ്. പി. ലീവ് ആയിരുന്നതിനാൽ പോലീസ് ട്രയിനിംഗ് കോളേജ് പ്രിൻസിപൽ ആയിരുന്ന എനിക്കായിരുന്ന വിഴിഞ്ഞത്തിന്റെയും പൂവാറിന്റെയും temporary ചാർജ്. തിരുമേനി ചെയ്ത ആ വലിയ സേവനം നേർക്ക് കണ്ണിൽ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായി. അപ്പോൾ ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരുപോലെ കേൾക്കാനും രണ്ടുപേരും ഒരു പോലെ മദ്ധ്യസ്ഥത അനുസരിക്കാനും കഴിയത്തക ഒരു വ്യക്തിപ്രഭാവം മലങ്കര കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പ് Mar Gregorios തിരുമേനിക്കു ഉണ്ടായിരുന്നു. മുഖ്യമന്ത്രിമാരിൽ പലരും അങ്ങോട്ടു ചെന്നായിരുന്നു Benedict Mar Gregorios തിരുമേനിയെ കണ്ടിരുന്നത്. അല്ലാതെ തിരുമേനി മുഖ്യമന്ത്രിയുടെ ഓഫീസിൽ ചെല്ലാൻ മുഖ്യമന്ത്രിമാർ അനുവദി

ച്ചിരുന്നില്ല. അങ്ങനെ സമുദായങ്ങൾ തമ്മിലുള്ള മദ്ധ്യസ്ഥതയ്ക്ക് മലങ്കര കത്തോലിക്കാ സഭയുടെ ബിഷപ്പ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്നുള്ളത് പ്രത്യേകം മനസ്സിലാക്കേണ്ട ഒരു സംഭവം ആണ്. തിരുവനന്തപുരം പട്ടണത്തിൽ സെമിത്തേരികൾക്ക് സ്ഥലം കിട്ടുകയില്ല കാരണം 400 മീറ്റർ വീടില്ലാത്ത ഒരു സ്ഥലത്തു മാത്രമേ ഒരു സെമിത്തേരി ഉണ്ടാക്കാൻ പറ്റുകയുള്ളു. അങ്ങനെ പല പള്ളികൾക്കും വിശ്വാസികളെ അടക്കാൻ സ്ഥലം ഇല്ല. 50 ഉം 60 ഉം കിലോമീറ്ററൊക്കെ പോയിട്ടാണ് അടക്കിയിരുന്നത്. Benedict Mar Gregorios തിരുമേനി മറ്റു സഭാംഗങ്ങളോടു പറഞ്ഞു. ഞാൻ മാർ ഈവാനിയോസ് കോളേജിന്റെ മുകളിൽ നിങ്ങൾക്ക് അയ്യഞ്ച് സെന്റ് സ്ഥലം തരാം. അവിടെ നിങ്ങൾ സെമിത്തേരി പണിയൂ. മാർ ഈവാനിയോസ് കോളേജ് 225 ഏക്കർ ഏരിയ ഉള്ള സ്ഥലമായതിനാലും അതിന്റെ മുകളിൽ 400 m നടത്ത് വീടുകളില്ലാത്തതിനാലും അവിടെ സെമിത്തേരി പണിയാൻ അനുവാദം ലഭിയ്ക്കുമായിരുന്നു. ഓർത്ത ഡോക്സ് സഭയ്ക്കും, പാത്രിയാർക്കീസ് സഭയ്ക്കും മാർത്തോമക്കാർക്കും സിഎസ്ഐ ക്കാർക്കും ഒക്കെ അദ്ദേഹം അവിടെ സ്ഥലം അനുവദിച്ചു. ഇന്ന് തിരുനന്തപുരത്തുള്ള പത്തോളം പള്ളികളിൽ നിന്ന് ശവസംസ്കാരത്തിനായി മാർ ഈവാനിയോസ് കോളേജിന്റെ കുന്നിന്റെ മുകളിൽ ആണ് എത്തുന്നത്. മറ്റു സഭകൾക്ക് ഗത്യന്തരമില്ലാതിരുന്ന ഒരവസരത്തിൽ, സെമിത്തേരിയിൽ ശവസംസ്കാരത്തിനു വരുന്ന വിശ്വാസികളെ പള്ളിക്കകത്തു നിന്നു ആളുകൾ കല്ലെറിയുകയും പോലീസ് രണ്ടു വിഭാഗങ്ങൾക്കും ഒരു പോലെ ലാത്തിച്ചാർജ്ജ് കൊടുത്ത്, അച്ചന്മാർ അടിയും കൊണ്ട് ഓടുന്ന സീനുകൾ ടെലിവിഷനിൽ വന്നോണ്ടിരിക്കുന്ന ഒരു സമയത്താണ് ശവസംസ്കാരം ചെയ്യാനായി മറ്റു സഭകൾക്ക് സ്വന്തം സ്ഥലം ഒരു പൈസയും വാങ്ങാതെ ഫ്രീ ആയിട്ടാണ് സെമിത്തേരി ഉണ്ടാക്കാൻ കൊടുത്തത്. സഭകളെ ഒന്നിച്ചു നിർത്താനുള്ള വലിയ ഒരു ശ്രമത്തിൽ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആ ചെയ്ത സേവനം വളരെ പ്രത്യേകം മനസ്സിലാക്കേണ്ട ഒന്നാണ്.

സഭകൾ തമ്മിലുള്ള സഭൈക്യ പ്രസ്ഥാനത്തിന്റെ വലിയ കാഹളം മുഴങ്ങിയത് 1953 ൽ മാർ ഈവാനിയോസ് തിരുമേനി മരിക്കുന്ന വർഷം സഭകളുടെ ലോക കൗൺസിൽ ജനീവായിൽ കൂടിയപ്പോഴാണ്. അതു കഴിഞ്ഞ് 7 വർഷം കഴിഞ്ഞപ്പോൾ 1960 ൽ വത്തിക്കാൻ സുനഹദോസ് രണ്ടാമതായി കൂടിയപ്പോൾ ജോൺ 23-ാമൻ മാർപ്പാപ്പയുടെ നേതൃത്വത്തിൽ കൂടുമ്പോൾ അതിലെ എല്ലാ സെക്ഷനിലും പങ്കെടുത്ത രണ്ടു ബിഷപ്പുമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിലൊന്ന് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആയിരുന്നു. കേരളത്തിലെ വലിയ ecumenical പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വലിയ ഒരു നേട്ടമാണ്. എല്ലാ സ്ഥലത്തും ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ സംയുക്ത ക്രിസ്തുമസ് എന്നൊരു സങ്കൽപ്പം, മലങ്കര കത്തോലിക്കാ സഭ കൊണ്ടുവരികയും ആ സ്ഥലത്തുള്ള ഓർത്തോക്സുകാരും മാർത്തോമാക്കാരും മലങ്കരകത്തോലിക്കരും പാത്രിയാർക്കീസ് വിഭാഗവുമെല്ലാം ഉൾപ്പെട്ട സംയുക്ത ക്രിസ്തുമസ് ആഘോഷങ്ങൾ ഉണ്ടായി. പെന്തക്കോസ്ത് വിഭാഗവും അതുപോലെ സിഎസ്ഐ വിഭാങ്ങളുമൊക്കെ അതിൽ പങ്കെടുത്തിരുന്നു. ക്രിസ്തുമസ് എല്ലാവർക്കും ഒരുപൊലെയായതിനാൽ, ആ ഒരു വലിയ സന്ദേശം കൊടുക്കാനുള്ള ഒരു വേദിയായി സംയുക്ത ക്രിസ്തമസ് ആഘോഷങ്ങൾ രൂപാന്തരപ്പെട്ടു. കേരളത്തിൽ വലിയ പ്രശ്നം ഉണ്ടായ ഒന്നാണ് നിലയ്ക്കൽ പ്രശ്നം എന്നു പറയുന്നത്. പഴകിയ കുരിശു കൊണ്ടുവന്ന് ചാണകത്തിനകത്തിട്ടിട്ട് അതെടുത്ത് തോമാശ്ലീഹാ നാട്ടിയ കുരിശാണെന്ന് പറഞ്ഞിട്ട് ശബരിമലയുടെ നേരെ അത് സ്ഥാപിക്കാനുള്ള വലിയ ഒരു നീക്കമുണ്ടായി. കേരളത്തിൽ വർഗീയ കലാപത്തിന്റെ വക്കിൽ വരെ എത്തുന്ന ഒരു സാഹചര്യം ഉണ്ടായി. ആ സയത്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി മറ്റു ബിഷപ്പുമാരെ വിളിച്ചു കൂട്ടുകയും വർഗീയ കലാപവും രക്തമൊഴുക്കിയും കൊണ്ടുള്ള ഒരു ദേവാലയം നമുക്കു വേണ്ട എന്ന് സംയുക്തമായി തീരുമാനമെടുക്കുകയും ചെയ്തു. ഹിന്ദുകൾക്ക് പ്രതിഷേധം തോന്നാത്ത, ഒരു സ്ഥലം, ഹിന്ദുക്കൾ കാണിച്ചു തരുന്ന ഒരു സ്ഥലത്ത് ഞങ്ങൾ പള്ളി പണിഞ്ഞുകൊള്ളാം എന്ന വലിയ ഓഫർ ആണ് നൽകിയത്. പരിണിതഫലമോ ശബരിമലയുടെ നേരെ വിഷൻ ഇല്ലാത്ത നിലയ്ക്കലിന്റെ മലയുടെ എതിർവശത്തായി ഹിന്ദുക്കൾ സ്ഥലം കാണിച്ചുതരികയും അവിടെ Ecumenical Centre പണിയുകയും ചെയ്തു. പലപ്പോഴും ആന ഇറങ്ങുന്ന സ്ഥലമായിരുന്നു എങ്കിലും അവിടെ ദേവാലയം ഉണ്ടായി, അവിടെ എല്ലാ മതവിഭാഗങ്ങളും ക്രൈസ്തവ വിഭാഗങ്ങളും ഒരുമിച്ച് വന്ന് പ്രാർത്ഥിക്കുന്ന പ്രാർത്ഥനാലയം ഉണ്ടായി. അന്ന് ക്രൈസ്തവ സഭ വർഗീയ കലാപത്തിന് തടസ്സമിട്ടില്ലായിരുന്നുവെങ്കിൽ കേരളത്തിൽ എന്തൊക്കെ സംഭവിക്കുമായിരുന്നു എന്ന് പ്രവചിക്കാൻ പോലും കഴിയുകയില്ല. മലങ്കര സുറിയാനി കത്തോലിക്കാ സഭ ആ പ്രശ്നത്തിൽ വഹിച്ച നടുനായകത്വം എന്നു പറയുന്നത് കത്തോലിക്കാ സഭകൾക്കെല്ലാം ഒരു

അനുകരണീയമായ വലിയ ഒരു മാതൃകയായിരുന്നു. പിന്നീടൊരിക്കലും കേരളത്തിൽ ക്രിസ്ത്യാനികൾ ഉൾപ്പെട്ട ഒരു വർഗീയ പ്രശ്നം ഉണ്ടാകാതെ രക്ഷിക്കാനും നമുക്ക് കഴിഞ്ഞു എന്നുള്ളത് വളരെ ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ട ഒരു സംഭവം ആണ്.

സാമൂഹിക പ്രതിബദ്ധത

നാലാമതായി ക്രൈസ്തവസഭകളുടെ വലിയ ഒരു ദിശാമാറ്റം വരുത്താൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കഴിഞ്ഞു എന്നുള്ളതാണ്. വേദപുസ്തകവും സുവിശേഷവും മാത്രം പ്രസംഗിച്ച് അവിടെ വിശ്വാസികളെ പിടിച്ചു നിർത്തുന്ന ഒരു system ആയിരുന്നു, നൂറ്റാണ്ടുകളോളം ഉണ്ടായിരുന്നത്. മഹാത്മാഗാന്ധി ജി പറഞ്ഞ ഒരു വാചകമുണ്ടായിരുന്നു. "വിശക്കുന്നവന്റെ മുൻപിൽ ദൈവം പ്രത്യക്ഷപ്പെടുന്നത് അപ്പത്തിന്റെ രൂപത്തിലാണ്" എന്ന ഗാന്ധിജിയുടെ പ്രസിദ്ധമായ വാക്യം, മാർ ഈവാനിയോസ് തിരുമേനി ലോകത്തിന്റെ പല ഭാഗത്തുനിന്നായി പാവപ്പെട്ട ജനങ്ങൾക്ക് അവർക്കാവശ്യമുള്ള പോഷകാഹാരവും, അവർക്കാവശ്യമുള്ള ഭക്ഷണവും എത്തിക്കാൻ വേണ്ടി വലിയ ശ്രമങ്ങളുണ്ടായി. അതിന്റെ ഫലമായി അമേരിക്കയിൽ നിന്ന് ഗോതമ്പു കൊണ്ടുവന്നു, പാൽപ്പൊടി കൊണ്ടുവന്നു, അങ്ങനെ നിരവധി ആഹാരസാധനങ്ങൾ, അത് പാവപ്പെട്ട ജനങ്ങൾക്ക് അവരുടെ വിശപ്പ് മാറ്റുന്നതിനുള്ള, വലിയ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചു. അത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസികൾക്ക് മാത്രമല്ല സഭ പ്രവർത്തിക്കുന്ന മേഖലകളിൽ മറ്റുള്ളവർക്കും അതിന്റെ പ്രയോജനം എത്തിക്കാൻ തുടങ്ങി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്കൂളുകളിൽ ഉച്ചഭക്ഷണം സൗജന്യമായി കൊടുക്കാൻ തുടങ്ങി. എം.ജി. രാമചന്ദ്രൻ തമിഴ്നാട്ടിൽ അത് നടപ്പാക്കി, അതിനുശേഷം ഇന്ത്യാ ഗവൺമെന്റ് പലയിടത്തും നടപ്പാക്കുന്നതിനു പിന്നെയും പതിറ്റാണ്ടുകൾ എടുത്തു. പക്ഷെ അതിനു മുൻപ് തന്നെ മാർ ഈവാനിയോസ് തിരുമേനിയും അതിനുശേഷം ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയും റിമോട്ട് ആയ സ്കൂളുകളിൽ സൗജന്യ ഉച്ചഭക്ഷണം കൊടുക്കുകയും, ആ ഉച്ചഭക്ഷണത്തിന്റെ ഭാഗമായി കുട്ടികൾക്ക് വിശപ്പില്ലാതിരുന്ന് പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. ഇത് വളരെ ദീർഘവീക്ഷണത്തോടു കൂടിയ ഒരു പദ്ധതിയായിരുന്നു. അവരുടെ പോഷകാഹാരകുറവ് പരിഹരിക്കാനും അവർക്ക് പഠനത്തിൽ ശ്രദ്ധിക്കാനുള്ള ഒരു സാഹചര്യം അവിടെ ഒരുങ്ങി എന്നുള്ളതാണ്. മലങ്കര കത്തോലിക്കാ സഭ ആരംഭിച്ച വലിയ മുക്കുവൻ എന്നു പറയുന്ന പദ്ധതി ഇതുപോലെ വലിയൊരു ഐക്യത്തിനു കാഹളം മുഴക്കിയ ഒരു സംഭവം ആയിരുന്നു. കടൽതീരത്തെ ജനങ്ങൾക്ക് മത്സ്യം ആവശ്യത്തിനു കിട്ടും, പ്രോട്ടീൻ ആവശ്യത്തിനു കിട്ടും. പക്ഷെ അവർക്ക് സ്റ്റാർച്ച് ആവശ്യത്തിന് കിട്ടുകയില്ല. എന്നാൽ മലപ്രദേശത്തുള്ള മലവേടന്മാരും മറ്റവരുമൊക്കെ താമസിക്കുന്ന മേഖലകളിൽ അവർക്ക് കിഴങ്ങു വർഗങ്ങളും ഒക്കെ കിട്ടും. അവർക്ക് കാർബോഹൈഡ്രേറ്റ് ഉണ്ട് അതു പോലെ തന്നെ അവർക്ക് ഫ്രൂട്ട്സിൽ നിന്ന് വൈറ്റമിൻ സി ഉൾപ്പെടെയുള്ള സംഗതികളെ കിട്ടും. പക്ഷെ അവർക്ക് പ്രോട്ടീന്റെ അളവ് വളരെ കുറവാണ്. ഇതു പരിഹരിക്കുന്നതിന് വേണ്ടിയാണ് മലങ്കര കത്തോലിക്കാ സഭ വലിയ മുക്കുവൻ എന്ന വലിയൊരു പദ്ധതിക്ക് തുടക്കമിട്ടത്. കടൽതീരത്തെ മുക്കുവരിൽ നിന്ന് മീൻ ശേഖരിച്ച ശേഷം അത് ലോറിയിൽ മലപ്രദേശത്ത് കൊണ്ടുപോയി അവിടുത്തെ ജനങ്ങൾക്ക് കൊടുക്കുക. അവിടെ ജനങ്ങൾ പ്രൊഡ്യൂസ് ചെയ്യുന്ന മരിച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങു വർഗങ്ങൾ ആ ലോറി മടങ്ങുമ്പോൾ കൊണ്ടുവന്ന് കടപ്പുറത്ത് മുക്കുവർക്ക് കൊടുക്കുക. അപ്പോൾ മുക്കുവരുടെ സ്റ്റാർച്ച് Shortageഉം തീരും, വളരെ ദീർഘവീക്ഷണമുള്ള ഒരു പദ്ധതി. കുറച്ചുകാലം കഴിഞ്ഞ് അത് നടക്കാതെ പോയി എന്നുള്ളത് വളരെ ദുഃഖകരമായ ഒരു സംഭവമാണ്. ദീർഘ വീക്ഷണത്തോടെ സഭ നടപ്പാക്കിയ മറ്റൊരു പദ്ധതി ആണ്സിറിൽ മാർ ബസോലിയോസ് തിരുമേനി വയനാട്ടിൽ ആരംഭിച്ച വളരെ പ്രസിദ്ധമായ ഈ Social Service Society എന്ന പ്രസ്ഥാനം. ആ Social Service Societyയുടെ പദ്ധതി കേരള ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുകയും അവരത് കേരളം മുഴുവൻ നടപ്പാക്കുവാൻ ശ്രമിക്കുകയും ചെയ്തു. Self help group എന്ന പേരിൽ അത് അറിയപ്പെട്ടിരുന്നു. പിന്നീട് ആ പദ്ധതി കേരളത്തിന്റെ എല്ലാ ഭാഗത്തും നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് People's Planning ഭാഗമായി 1997 ൽ ശ്രമിക്കുകയും പിന്നീടത് ഇന്ത്യാ ഗവണമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും അങ്ങനെ ഇന്ത്യാ ഗവൺമെന്റിന്റെ, പ്ലാനിംഗ് പ്രോസസ്സ് ഭാഗമായി സെൽഫ് ഹെൽപ് ഗ്രൂപ്പ് എന്നു പറയുന്ന ഒരു ഗ്രൂപ്പ് നാനാജാതി മതസ്ഥരായ ആളുകൾ ഒത്തുചേർന്നിട്ട് അത് നടത്തുന്ന ഒരു പദ്ധതിയായി മാറി. അതായത് ദാരിദ്ര്യത്തിൽ കഴിയുന്നതിനു പകരം അവരുടെ ചെറിയ ചെറിയ സേവിംഗ്സ് കൊണ്ടുവരികയും അതുപയോഗിച്ച് ചെറിയ ചെറിയ എന്റർപ്രൈസ് നടത്തുകയും അതിന്റെ മിച്ചമുപയോഗിച്ച് അവരെ വളർത്തിക്കൊണ്ടുവരികയും ചെയ്യുന്ന ഒരു വലിയ ഒരു പദ്ധതിയാണ്. ഇന്ന് 10,000 ഓളം സെൽഫ് ഹെൽപ് ഗ്രൂപ്പ്സ് ഇന്ന് കേരളത്തിൽ

രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുകയാണ്. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇന്ന് ഇന്ത്യയ്ക്കല്ല, ലോകത്തിനു മുഴുവൻ മാതൃകയായ വളരെ വലിയ പദ്ധതി ആണ്. അതുപോലെ തന്നെ വീടില്ലാത്ത ആരും ഉണ്ടാതിരിക്കത്തക്കവണ്ണം ഉള്ള ഒരു പദ്ധതി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പള്ളികൾ ഉള്ള സ്ഥലങ്ങളിൽ, അവിടെ വീടില്ലാത്തവർക്കായി സംഭാവന പിരിച്ച് അവർക്ക് വീടു വച്ചു കൊടുക്കുന്ന വലിയ പദ്ധതി. ആ പദ്ധതിയിൽ ആയിരക്കണക്കിനാളുകൾക്ക് വീടു വച്ചു കൊടുക്കാൻ പറ്റി. ആ പദ്ധതി പിന്നീട് നിരവധി പേർ നടപ്പാക്കി മാതാ അമൃതാനന്ദമയി ഉൾപ്പെടെയുള്ളവർ ആ പദ്ധതി എക്സ്റ്റന്റ് ചെയ്തുകൊണ്ടു പോവുകയും അവസാനം ഗവൺമെന്റിന്റെ ശ്രദ്ധയിലും ആ പദ്ധതി വരികയും ചെയ്തു. സാമൂഹ്യപരിഷ്കരണത്തിലും സാമൂഹ്യപരമായി ആളുകളെ ഉയർത്തി കൊണ്ടുവരുന്നതിനും മലങ്കര സുറിയാനി കത്തോലിക്കാ സഭ ചെയ്ത ആ വലിയ ശ്രമങ്ങൾ ഇന്ന് വളരെ വലിയൊരു മാതൃകയായി പരിലസിക്കുകയാണ്.

അച്ചടി ദൗത്യം

വളരെ പ്രത്യേകമായ മറ്റൊരു മേഖല എന്നു പറയുന്നത് പ്രസിദ്ധീകരണ വിഭാഗം ആണ്. ബേസിൽ മെഷീൻ കേരളത്തിലേക്ക് പ്രന്റിംഗ് പ്രസ്സ് കൊണ്ടുവന്നു. എന്നാൽ ആ പ്രിന്റിംഗ് പ്രസ്സ് എന്നു പറയുന്നത് സഭയുടെ ലിറ്ററേചർ ഉം വേദപുസ്തകവും പ്രിന്റ് ചെയ്യുന്നതിനുവേണ്ടി ഒരു കോൺസൻട്രേറ്റ് ചെയ്തിരിക്കുന്ന ഒരു സമയത്താണ് മലങ്കര കത്തോലിക്കാ സഭ വരുന്നത്. മലങ്കര കത്തോലിക്കാ സഭ, തിരുവനന്തപുരത്ത് സെന്റ് മേരീസ് പ്രസ്സ് തുടങ്ങി, ആ പ്രസ്സിലൂടെ ടെക്സ്റ്റ് ബുക്കുകളും മറ്റുള്ള ആളുകൾക്ക് ആവശ്യമായ പുസ്തകങ്ങളും അച്ചടിച്ച് അവർക്ക് വിതരണം നൽകുന്ന സിസ്റ്റം കൊണ്ടുവന്നു. അതുപോലെ തന്നെ സുറിയാനിയിൽ ഉണ്ടായിരുന്ന പ്രാർത്ഥനാക്രമം മലയാളത്തിലേക്ക് തർജ്ജിമ ചെയ്യുകയും ആ പ്രാർത്ഥനാക്രമവും കുർബാനക്രമവും മലയാളത്തിൽ പ്രിന്റ് ചെയ്ത് പബ്ലിഷ് ചെയ്ത് ജനങ്ങളിൽ എത്തിക്കുകയും ചെയ്തു. അവിടെ വളരെ ശ്രദ്ധേയമായി നമ്മുടെ ഐക്യശ്രമങ്ങൾ മനസ്സിലാക്കാൻ കഴിയുന്നതാണ്.

ആശ്രമങ്ങളും മഠങ്ങളും ഭാരതീകരണ ദൗത്യവും

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുരോഹിതന്മാരുടേതായ ഒ.ഐ.സി എന്ന ബഥനി പ്രസ്ഥാനം തുടങ്ങി. ആ ബഥനിയുടെ പുരോഹിതന്മാർ ഭാരതത്തിലെ ഋഷിവര്യന്മാരുടെ കാവി വസ്ത്രം അവരുടെ വസത്രത്തിന്റെ നിറമായി സ്വീകരിച്ചു. കത്തോലിക്കാ സഭ ലോകത്തിലൊരിടത്തും സ്വീകരിക്കാത്ത നിറമാണ് ഈ കാവി എന്നു പറയുന്ന വസ്ത്രം. പക്ഷേ ഇന്ത്യയുടെ ഋഷിസങ്കൽപ്പങ്ങളിൽ പുരോഹിതന്മാരുടെ വേഷം കാവി വസ്ത്രം ആണ് എന്ന് മനസ്സിലാക്കി ആ കാവി ഒ.ഐ.സി അച്ചന്മാരുടെ വേഷമായി സ്വീകരിച്ചു. അതു പോലെ തന്നെ അവരുടെ താമസിക്കുന്ന സ്ഥലങ്ങൾക്ക് പേരിട്ടപ്പോഴും മലങ്കര സുറിയാനി കത്തോലിക്ക സഭ പ്രത്യേകം ശ്രദ്ധിച്ച പുരോഹിതന്മാർ താമസിക്കുന്ന സ്ഥലങ്ങൾക്ക് ആശ്രമം എന്നു പേരിട്ടു. ഈ ആശ്രമം പുരാതനമായ ഹിന്ദുസങ്കൽപ്പത്തിൽപ്പെട്ടതാണ്. ഋഷീശ്വരന്മാർ താമസിക്കുന്ന സ്ഥലങ്ങളാണ് കന്യാസ്ത്രീകൾ താമസിക്കുന്ന സ്ഥലങ്ങൾക്ക് മഠം എന്നു പേരിട്ടു. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അച്ചന്മാരുടെയും കന്യാസ്ത്രീകളുടേയും വാസസ്ഥാനങ്ങൾ ഭാരതീയമായ ഒരു സങ്കൽപ്പത്തിൽ വരുവാനിടയായി. ഇനി സഭയുടെ വിശ്വാസസംഹിതകളിലും ഭാരതവൽക്കരണം എന്നു പറയുന്ന വലിയൊരു സങ്കൽപ്പം മലങ്കര സുറിയാനി കത്തോലിക്കാ സഭയാണ് നേതൃത്വം കൊടുത്തത്. നമ്മുടെ പ്രാർത്ഥനാ ക്രമങ്ങളിലുമൊക്കെ, നമ്മുടെ ആചാരാനുഷ്ഠാനങ്ങളിലൊക്കെ. ഒരു ഭാരതീയമായ വിശകലനം കൊണ്ടുവരികയും അതുവഴിയായി ഭാരതവുമായി ഐക്യപ്പെടുന്ന ഒരു വലിയ സമ്പ്രദായം വരികയും ചെയ്തു.

ഐക്യത്തിന്റെ കാഹളവാഹകർ

1993ൽ വിവേകാനന്ദ സ്വാമികൾ കന്യാകുമാരിയിലെ പാറമേൽ ഇരുന്ന് പ്രാർത്ഥിച്ച സംഭവത്തിന്റെ നൂറാം വാർഷികം വന്നപ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രി നരസിംഹറാവുവും മറ്റു പ്രധാന നേതാക്കന്മാരും വന്ന് സംസാരിക്കവെയാണ് അവിടെ ഹൈന്ദ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരുണ്ടായിരുന്നു. പക്ഷേ minorities നെ represent ചെയ്ത ഒരു ആൾ വേണം എന്ന് പ്രധാനമന്ത്രി പറഞ്ഞു. ക്രിസ്ത്യാനികളേയും മുസ്ലീങ്ങളേയും ബുദ്ധമതക്കാരേയും ജൈനമതക്കാരേയും represent ചെയ്തുകൊണ്ട് മൈനോറിറ്റി റെപ്രസെന്റേറ്റീവ് വേണം എന്ന് വന്നപ്പോൾ പി.വി നരസിംഹറാവു സെലക്ട് ചെയ്തത് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ ആയിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയേക്കാളും എത്രയോ അംഗസംഖ്യ വർദ്ധിച്ച സമൂഹങ്ങളാണ് ഇസ്ലാമതവും സിക്കുമതവും സീറോ മലബാർ സഭയുമൊക്കെ. പക്ഷേ മൈനോറിറ്റീസിനെ റപ്രസന്റ് ചെയ്യാൻ ഒരു മലങ്കര കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പിനെ ഇന്ത്യൻ പ്രധാനമന്ത്രി സെലക്ട് ചെയ്തു എന്നുള്ളത്വളരെ അത്ഭുതപരമായ ഒന്നാണ്. 1993 ൽ കന്യാകുമാരിയിലെ ആ വലിയ സ്മാരകം ഉദ്ഘാടനം ചെയ്യുമ്പോൾ മൈനോറിറ്റീസ്

ശബ്ദമായി മുഴങ്ങിയത് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശബ്ദമായിരുന്നു. അങ്ങനെ മറ്റു സഭാവിഭാഗങ്ങൾ തമ്മിലും മറ്റു മതങ്ങൾ തമ്മിലുമുള്ള വലിയ ഐക്യത്തിന്റെ കാഹളമായി എപ്പോഴും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പരിശോഭിയ്ക്കാനായിട്ട് കഴിഞ്ഞു. ആർ.എസ്.എസ്. നേതാക്കന്മാരുമായി സൗഹൃദ സമ്മേളനത്തിന് എപ്പോഴും പട്ടം അരമന തയ്യാറായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പും ഇന്ത്യയുടെ ആർ എസ് എസ് നേതാക്കന്മാരും ഇരുന്ന് ചർച്ച ചെയ്യുകയും പലപ്പോഴും സംഘർഷ പൂരിതമായ മേഖലകൾ സമാധാനം കൊണ്ടുവരുവാൻ ശ്രമിക്കുകയും ചെയ്തു എന്നത് വളരെ അത്ഭുതകരമായി നമ്മൾ ഓർക്കുന്ന ഒന്നാണ്. ഓർത്തഡോക്സ് സഭയുടെ ഔദ്യോഗികമായ function ൽ ഒക്കെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പ് ക്ഷണിക്കപ്പെട്ടിരുന്നു. പാത്രിയാർക്കീസ് വിഭാഗങ്ങളുടെ വലിയ മീറ്റിംഗുകളിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പ് ക്ഷണിക്കപ്പെട്ടിരുന്നു, കാരണം ആ ഐക്യ ശ്രമങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കായി വളരെ വിശാലമായ പ്രവർത്തനങ്ങളിലൂടെ ഐക്യത്തിന്റെ കാഹളം കേരളത്തിലും ഇന്ത്യയിലും മുഴക്കാനായിട്ട് കഴിഞ്ഞ വലിയ ഒരു പ്രസ്ഥാനമായിട്ട് മാറി എന്നുള്ളതാണ്. കെനിയയിലെ ക്രിസ്ത്യാനികൾ അവരുടെ വലിയ സമ്മേളനം നടത്തിയപ്പോൾ ആ സമ്മേളനത്തിന് കെനിയയുടെ പ്രസിഡന്റ് ജോമോ കെനിയാറ്റ ക്ഷണിച്ചത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പിനെയാണ്. ഇന്ത്യയിലെ ക്രൈസ്തവരെ പ്രതിനിധീകരിക്കാൻ വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയേക്കാൾ അംഗസംഖ്യ കൂടിയ ഒരുപാടു സഭകളുണ്ടെങ്കിലും ക്ഷണം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പിന് വന്നു എന്നുള്ളതാണ്. അമേരിക്കയിലെ പ്രസിദ്ധമായ ക്രിസ്ത്യൻ കോൺഫറൻസ് ഉണ്ടായപ്പോൾ അവിടെ പ്രസംഗിക്കാൻ വിളിക്കപ്പെട്ടതും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പാണ്. ഒരു സഭൈക്യ ശ്രമങ്ങളിൽ മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാനം മനസ്സിലാക്കാൻ പറ്റുന്ന വലിയ ഒരു സംഭവമാണ് എന്നു മനസ്സിലാക്കണം.

പാരിസ്തിക ദൗത്യം

കേരളത്തെ മറ്റു പല ഭൂഖണ്ഡങ്ങളുമായി ബന്ധിപ്പിക്കുന്ന Botanical & Zoological Connections കൊണ്ടു വരാനെപ്പോഴും സഭ ശ്രദ്ധിച്ചിരുന്നു. പോർട്ടുഗീസ് കാർ വന്നപ്പോൾ അവർ കപ്പലിൽ കുറേയേറെ സസ്യങ്ങൾ കേരളത്തിലേക്ക് കൊണ്ടു വന്നിരുന്നു. അതൊക്ക കപ്പൽ എന്ന വാക്കു ചേർത്താണറിയപ്പെടുന്നത്. കപ്പ, കപ്പയ്ക്ക, കപ്പലണ്ടി, കപ്പുമാങ്ങ ഇങ്ങനെ കപ്പൽ ചേർത്തു വരുന്ന എല്ലാ വാക്കുകളും പോർട്ടുഗീസുകാർ കപ്പലിൽ കൊണ്ടുവന്ന സസ്യങ്ങളുടെ ഒരു വലിയ സംകാതമാണ്. അതുപോലെ തന്നെ അവർ മറ്റു ചില സസ്യങ്ങൾ കൂടി കൊണ്ടുവന്നു. കേരളത്തിൽ നിന്ന് അങ്ങോട്ട് ചില സസ്യങ്ങളെ പോർട്ട്ഗീസ് കാർ കൊണ്ടു പോവുകയും ചെയ്തു. എന്നാൽ പോർട്ട്ഗീസ്കാർക്ക് ശേഷം ഈ വലിയ എക്സ്ചേഞ്ച് പ്രോഗ്രാം വളരെ ഭംഗിയായി നടത്തിയത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പായിരുന്ന ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആണ്. അത് മാഞ്ചിയാമാണേലും സുബാവൂളാണേലും ലോകത്തിന്റെ പല ഭാഗത്തു നിന്നുള്ള സസ്യങ്ങളെ ഒരു ബിഷപ്പിന്റെ കുപ്പായത്തിന്റെ പോക്കറ്റിലിട്ട് ആ വിത്തുകൾ കേരളത്തിലേക്ക് കൊണ്ടു വന്ന് സ്വന്തം അരമനയുടെ ചുറ്റും നട്ടു വളർത്തി അത് കേരളത്തിന്റെ ലാന്റ്സ്കേപ്പിന്റെ ഭാഗമാക്കി മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളത് വളരെ പ്രത്യേകം നമ്മൾ മനസ്സിലാക്കേണ്ട ഒരു സംഭവം ആണ്. തന്നെയുമല്ല സസ്യങ്ങൾ കുട്ടികൾ വീട്ടിലേക്കു പോകുമ്പോൾ അവർക്ക് വീട്ടിൽ കൊണ്ടു പോയി നട്ട് വളർത്താൻ സസ്യങ്ങളുടെ ചെടികളുടെ ചെറിയ തൈകൾ കൊടുത്തുവിട്ട്, നമ്മുടെ സ്കൂളുകൾ എവിടെയൊക്കെയുണ്ടോ അവിടൊക്കെ ഒരു പ്രത്യേകമായ സംസ്കാരം വളർത്താനായിട്ട് കഴിഞ്ഞു എന്നുള്ളതാണ്. അതുപോലെ

പ്രകൃതി സംരക്ഷണത്തിന്റേയും വലിയ ചിന്ത കേരളത്തിൽ അവതരിപ്പിക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ബുഷപ്പുമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഇക്കാര്യത്തിൽ വളരെ പ്രത്യേകം ശ്രദ്ധിക്കേണ്ട നിരവധി സംഭാവനകൾ ചെയ്ത ഒരു വ്യക്തിയാണ്. ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസിനു മുൻപ് മാർ ഈവാനിയോസ് തിരുമേനി ഈ രംഗങ്ങളിലും വളരെ ഭംഗിയായി പ്രവർത്തിച്ചിരുന്നു.

കത്തോലിക്ക സഭയെന്ന പ്രേഷിത പ്രതിഭാസം

അമേരിക്കൻ പ്രസിഡന്റിന്റെ വലിയ റിസപ്ഷൻ വന്നപ്പോൾ അവിടെ അമേരിക്കൻ പ്രസിഡന്റ് പ്രത്യേക അതിഥിയായി വിളിച്ചത് മാർ ഈവാനിയോസ് തിരുമേനിയെയാണ്. അദ്ദേഹം ആ വലിയ സദസ്സിൽ ഇന്ത്യയുടെ സംസ്കാരത്തെ പറ്റി വളരെ വിശദമായി സംസാരിക്കുകയുണ്ടായി. വത്തിക്കാൻ റേഡിയോയിൽ പല തവണ മാർ ഈവാനിയോസ് തിരുമേനിയുടെ പ്രസംഗങ്ങൾ കേട്ടിട്ടുണ്ട്. ഇനി ആ പ്രസംഗങ്ങളുടെ ഭാഗമായി കേരളത്തിലെ ദിവാൻ സർ സി.പി. രാമസ്വാമി അയ്യരെക്കൊണ്ട് വത്തിക്കാൻ റേഡിയോയിൽ പ്രസംഗിപ്പിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ വല്യ ശ്രമം ഫലമായിട്ടാണ് കേരളത്തിന്റെ ഒരു ദിവാന് വത്തിക്കാൻ റേഡിയോയിലൂടെ സംസാരിക്കാൻ അവസരം ലഭിച്ചത്. മാർ ഈവാനിയോസ് തിരുമേനിയുടെ ലോകപര്യടനങ്ങൾ ആ രീതിയിൽ വലിയ സ്ഥാനം വഹിക്കുന്ന ഒരു ഐക്യത്തിന്റെ കാഹളം മുഴക്കുന്ന ഒരു വലിയ സംഭവമായിരുന്നു. കർദ്ദിനാൾ ന്യൂമാന്റെപുനരൈക്യ പ്രസ്ഥാനത്തിനു ശേഷം ഒരു പക്ഷെ ലോകം കണ്ട ഏറ്റവും വലിയ പുനരൈക്യപ്രസ്ഥാനമായി മാർ ഈവാനിയോസ് തിരുമേനിയുടെ ആ വലിയ കാഴ്ചപാടും പ്രസ്ഥാനവും വളർന്നുവെന്നതും നമ്മൾ വളരെ സന്തോഷത്തോടുകൂടി ഓർത്തിരിക്കേണ്ട ഒന്നാണ്. 21-ാം നൂറ്റാണ്ടിൽ ഈ കാഴ്ചപ്പാട് കുറച്ചുകൂടി വിശാലമായി മനസ്സിലാക്കേണ്ട ഒരു കാലഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പണ്ടൊരാൾ സന്നിഹിതനായി ഒരു പ്രസംഗം ചെയ്താൽ മാത്രമേ ജനങ്ങൾക്ക് കേൾക്കാൻ കഴിയുകയുള്ളായിരുന്നു. ഇന്ന് ഏതെങ്കിലുമൊരു ചെറിയ സദസ്സിൽ പോയി നമ്മൾ പ്രസംഗിച്ചിട്ട് അര മണിക്കൂർ കഴിയുമ്പോഴേക്കും ലോകത്തിന്റെ പല ഭാഗത്തുനിന്നായി നമ്മൾ ചെയ്ത പ്രസംഗത്തെപ്പറ്റി ചോദ്യങ്ങൾ വരികയാണ്. കാരണം നമ്മുടെ ചെറിയ സദസ്സിനുവേണ്ടി ചെയ്ത പ്രസംഗം അപ്പോൾ തന്നെ വാട്സ് ആപ്പിലും യൂട്യൂബിലും ലോകത്തിന്റെ ഏഴു ഭൂഖണ്ഡങ്ങളിലും പോവുകയാണ്. ഇങ്ങനെ വലിയൊരു knowledge revolution നടക്കുന്ന, ഒരു ഇലക്ട്രോണിക് വിപ്ലവം നടക്കുന്ന ഒരു കാലഘട്ടത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ ഐക്യ ശ്രുശ്രൂഷ വഹിക്കണമെങ്കിൽ വളരെ പുതിയ രീതിയിൽ അത് മാറ്റപ്പെടേണ്ടതാണ്. ഒരു മാർപ്പാപ്പയും അദ്ദേഹത്തിന്റെ കീഴിൽ 239 കർദിനാളുമാരും 4367 ബിഷപ്പുമാരും 5 ലക്ഷത്തോളം പുരോഹിതന്മാരും 10 ലക്ഷംകന്യാസ്ത്രീകളും 120 കോടി ജനങ്ങളും ലോകത്തിലെ 228 രാജ്യങ്ങളിലായി നിൽക്കുന്ന ഒരുത്ഭുതകരമായ ഒരു സിസ്റ്റം ആണ് കത്തോലിക്കാസഭ. പക്ഷേ രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം സഭ യൂറോപ്പിൽ ക്ഷയിക്കാൻ തുടങ്ങി. ആ ക്ഷയിക്കാൻ തുടങ്ങിയ പ്രസ്ഥാനത്തിൽ നിന്ന് സഭ, കരയ്ക്ക് കയറാനായി വളരെ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമയമാണ്. സൗത്ത് അമേരിക്കയിൽ റിവൈവൽ വൻ തോതിൽ ഉണ്ടാക്കാൻ കഴിഞ്ഞു. പക്ഷെ ഇക്കണോമിക് റിസെക്ഷൻ സൗത്ത് അമേരിക്കയും സെന്റൽ അമേരിക്കയും ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു അവസരമാണ്. ഈ അവസരത്തിൽ സഭയെ വീണ്ടും പുനസൃഷ്ടിക്കാനായി വലിയ രീതിയിലുള്ള ഒരു സംഭാവന മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്നും ആവശ്യമാണ്. ഇന്ന് ജർമ്മനിയിലേയും അമേരിക്കയിലെയും പല ഇടവകകളിലും പുരോഹിതന്മാരായി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പുരോഹിതന്മാർ പ്രവർത്തിക്കുന്നു. വത്തിക്കാന്റെ സിവിൽ സർവീസിലും വത്തിക്കാന്റെ ഫോറിൻ സർവീസിലും മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്നുള്ള പുരോഹിതന്മാർ ഇപ്പോൾ ജോലി ചെയ്യുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലും കത്തോലിക്കാ പ്രസ്ഥാനങ്ങളുടെ നേതൃനിരയിൽ മലങ്കര സുറിയാനി കത്തോലിക്കരായ ആളുകള പ്രവർത്തിച്ചുകൊണ്ടിരുക്കുകയാണ്. പക്ഷെ ഇലക്ട്രോണിക് യുഗത്തിൽ വളരെ ഭംഗിയായി കത്തോലിക്കാ സഭയ്ക്ക് വേണ്ടി പ്രവർത്തിക്കാനായി നിരവധി ബുദ്ധിജീവികളേയും നിരവധി പ്രവർത്തകരേയും ആവശ്യമായ ഒരു സാഹചര്യമാണ്. ആ രീതിയിലേക്ക് സഭ വളരാനും ഇലക്ട്രോണിക് യുഗത്തിൽ ലോകമെങ്ങുമുള്ള ജനതയെ ഒരുമിച്ച് നിർത്താനുള്ള സഭൈക്യ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം വഹിക്കാൻ പറ്റിയ പ്രതിഭാതനന്മാരെ സൃഷ്ടിക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്ക സഭ എക്യുമിനിസത്തിന്റെ ഫലവും മുഖവും

മോൺ. ചെറിയാൻ താഴമൺ

ആമുഖം

മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് സുവിശേഷം സ്വീകരിച്ച മലങ്കര നസ്രാണികൾ എന്നറിയപ്പെടുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം ഏതാണ്ട് രണ്ടായിരം വർഷങ്ങളുടേതാണ്. പാശ്ചാത്യരുടെ വരവുവരെ അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കേ കോണിലുള്ള കേരളത്തിൽ മാത്രമായി ഒതുങ്ങി നിന്നിരുന്നു. അവരുടെ സംസ്കാരവും ആചാര്യമര്യാദകളും വസ്ത്രധാരണ രീതിയും ഭക്ഷണശീലവുമെല്ലാം ഈ നാട്ടിലെ വിശാല സമൂഹത്തിന്റേതുതന്നെയായിരുന്നു. വിശ്വാസത്തിലും ആരാധനാനുഷ്ഠാനങ്ങളിലും മാത്രമായിരുന്നു വ്യത്യാസം പൊതുജീവിത്തിൽ വിശാലസമൂഹത്തിന്റെ ഭാഗമായിരുന്ന അവർ. ഇതര മതസ്ഥരുമായി ഇടകലർന്നും ഇടപഴകിയും കഴിഞ്ഞിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ

ചരിത്രത്തിൽ മതവിദ്വേഷമോ വർഗ്ഗീയ വിരോധമോ മതത്തിന്റെ പേരിലുള്ള ആക്രമങ്ങളോ കലാപങ്ങളോ കേട്ടുകേഴ്വിപോലുമില്ലായിരുന്നു. ഉദയംപേരൂർ സുന്നഹദോസ്സോടുകുടിയാണ് ക്രിസ്ത്യാനികളും മറ്റ് മതസ്ഥരുമായി പ്രത്യേകിച്ച് ഹൈന്ദവരുമായി വൈജാത്യങ്ങൾ ഉടലെടുത്തത്. വ്യതിരിക്തതയാണ് വ്യക്തിത്വം നിശ്ചയിക്കുന്നതെന്ന വികലചിന്ത സമൂഹത്തിൽ അടിച്ചേല്പിക്കപ്പെട്ടു. സാധർമ്യങ്ങളെക്കാൾ വൈജാത്യങ്ങൾക്ക് പ്രാമുഖ്യം കല്പിക്കാൻ തുടങ്ങി. ഈ വൈദിശക ഇടപെടൽ സഭയുടെ ഉളളിൽത്തന്നെ ഭിന്നതയ്ക്കും ഭാവിയിൽ വിഭജനത്തിനും കാരണമായി.

സഭയിൽ ഉടലെടുത്ത ഭിന്നതയ്ക്കും വിഭജനത്തിനും എതിരായി നിലപാടെടുക്കുകയും ഐക്യത്തിനുവേണ്ടി ആഗ്രഹിച്ച് പ്രവർത്തിക്കുകയും ചെയ്ത് വിജയിച്ചതിന്റെ ഫലമാണല്ലോ 'മലങ്കര സുറിയാനി കത്തോലിക്ക സഭ.' മാർത്താമ്മാ ശ്ലീഹായുടെ കാലം മുതൽ ഏക കുട്ടായ്മയായിരുന്ന 'മലങ്കര നസ്രാണികൾ' വൈദേശിക ഇടപെടൽ മൂലമുണ്ടായ ഭിന്നതയുടെ ഫലമായി കുറേക്കാലം ഗതി മാറി ഒഴുകിയെങ്കിലും ഏറെ പ്രാർത്ഥനയുടെയും ധീരമായ പരിശ്രമങ്ങളുടെയും ഫലമായി വീണ്ടും മാതൃധാരയുമായി ചേർന്ന് ഒഴുകുന്ന ചരിത്രമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടേത്. മലങ്കര പുനഃരൈക്യത്തിന്റെയും അതിന്റെ ജൈവവളർച്ചയും കാനോനിക പൂർണ്ണതയുമായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും ആന്തരിക ഭാവവും പ്രകടസ്വഭാവവും സഭയിലും സഭകൾ തമ്മിലും പുറമേ മറ്റ് ഈവാനിയോസ് മത്രൊപ്പോലീത്തായുടെ ഹൃദയഭാവവും ഈ ഐക്യവും സഹകരണവുമായിരുന്നു. വിവിധ സഭകളും മതങ്ങളും ഒന്നിച്ചു

പുലരുന്ന നാട്ടിൽ സർവ്വരുമായി സമാധനത്തിലും സൗഹാർദ്ദതയിലും സഹവർത്തിത്വത്തിലും കഴിയുവാനും, എല്ലാവരും ഒത്തൊരുമിച്ച് മനുഷ്യനന്മക്കായി പ്രവർത്തിക്കുവാനും സഹായിക്കുന്ന അരൂപി എല്ലാവരിലും രൂപപ്പെടണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹവും. ആധുനിക സഭാചരിത്രത്തിലെ സഭൈക്യ പ്രവർത്തനങ്ങളുടെ സഫലസാക്ഷ്യമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അസ്ഥിത്വം തന്നെ.

മലങ്കര പുനഃരൈക്യമെന്ന സഭൈക്യം

റോമിലെ പരിശുദ്ധ മാർപാപ്പാ നേത്യത്വം നല്കുന്ന സാർവ്വത്രിക സഭയും മലങ്കരയിലെ യാക്കോബായ സുറിയാനി (ഓർത്തഡോക്സ്) സഭയുമായി ആയിരത്തിതൊളളായിരത്തി ഇതുപതുകളിൽ നടന്ന ഐക്യ പരിശ്രമങ്ങളുടെ പരിസമാപ്തിയായിരുന്നു 1930 സെപ്റ്റംബർ 20 ന് മലങ്കര സഭയെ അതിന്റെ അപ്പസ്തോലിക പാരമ്പര്യത്തോടും ആരാധനാ പൈതൃതത്തോടും കുടി ഒരു വ്യക്തിഗത സഭയായി സാർവ്വത്രിക സഭാകുട്ടായ്മയിൽ ഉൾച്ചേരുവാൻ ഇടയാക്കിയത്. പരസ്പരം അംഗീകരിച്ചും ആദരിച്ചും കൊണ്ടുളള ഐക്യം. മലങ്കര സഭയിൽ 1653 ലെ കുനൻ കുരിശുവഴി വന്നുഭവിച്ച ഭിന്നത പരിഹരിക്കുവാനുളള നൂറ്റാണ്ടുകളുടെ പരിശ്രമങ്ങളുടെ ഫലമായിരുന്നതിനാൽ അത് പുനഃരൈക്യവും ഒരു വ്യക്തിഗത സ്വാതന്ത്ര സഭയായി സാർവ്വത്രിക സഭാകുട്ടായ്മയിൽ അംഗീകരിക്കപ്പെടുകയാൽ അത് സഭൈക്യവും ആയി ഒരേ സമയം ചരിത്രത്തിൽ സ്ഥാനം നേടിയിരിക്കുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദ്ദോസിൽ

വ്യക്തമാക്കപ്പെട്ട് അംഗീകരിക്കപ്പെട്ട സഭൈക്യദർശനങ്ങൾ അഞ്ച് പതിറ്റാണ്ടുകൾക്കു മുൻപേപ്രാവർത്തികമാക്കപ്പെട്ട് ഫലവത്തായതാണ് 'മലങ്കര സുറിയാനി കത്തോലിക്കാസഭ'. സഭൈക്യ ദർശന സാക്ഷത്ക്കാരത്തിലൂടെ സാർവ്വത്രിക സഭാ സംസർഗ്ഗം വീണ്ടെടുത്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എറ്റവും പ്രകടമായ ഭാവം സഭൈക്യപരിശ്രമങ്ങളും മതസൗഹൃദനിലപാടുകളുമാണ്. സർവ്വമതസ്ഥരോടും സൗഹൃദവും സമഭാവനയും, സഭയുടെ ഉളളിലായാലും സഭകൾ തമ്മിലായാലും മറ്റുമതങ്ങളുമായിട്ടായാലും വ്യത്യാസങ്ങളെയും വൈജാത്യങ്ങളെയുംകാൾ സമാനതകളും സജാത്യങ്ങളും കണ്ടെത്തി ബലപ്പെടുത്തുക എന്നതാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തുടക്കം മുതലുളള പ്രവർത്തനശൈലി.

മലങ്കര കത്തോലിക്കാ സഭയുടെ സഭൈക്യമുഖം

സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാം പൊതുപരിപാടികളിലും വിവിധ സഭാദ്ധ്യക്ഷന്മാരേയും മതാചാര്യന്മാരെയും സമുദായനേതാക്കന്മാരേയും ക്ഷണിക്കുകയും പങ്കെടുപ്പിക്കുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക രീതിയായി വളർന്നുകഴിഞ്ഞു. അഭിവന്ദ്യ പിതാക്കന്മാരുടെ നാമഹേതുക തിരുനാളുകൾ, മെത്രാഭിഷേകത്തോടനുബന്ധിച്ചുളള അനുമോദനയോഗങ്ങൾ, ദ്രാസന ഉദ്ഘാടനങ്ങൾ, ജൂബിലി സമ്മേളനങ്ങൾ, ക്രിസ്തുമസ്സ് കുട്ടായ്മകൾ, സാർവ്വത്രിക സഭകേന്ദ്രങ്ങളിൽ നിന്നെത്തുന്ന സഭാനോതാക്കന്മാരുടെ സ്വീകരണങ്ങൾ തുടങ്ങിയ പരിപാടികളിലെല്ലാം വിവിധ സഭാദ്ധ്യക്ഷന്മാരെയും മതനേതാക്കന്മാരെയും പങ്കെടുപ്പിക്കുക വഴി സഭൈക്യത്തിന്റെയും മതസൗഹൃദത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം പൊതുസമൂഹത്തിലും ക്രൈസ്തവ സഭകൾക്കിടയിലും ബലപ്പെടുത്തുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്നും ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ സഹോദരീസഭകളുടെയും ഇതര മതങ്ങളുടെയും സമുദായങ്ങളുടെയും വിശേഷാഘോഷ സന്ദർഭങ്ങളിൽ കടന്നു ചെന്ന് ആശംസകളും അനുമോദനങ്ങളും അർപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധീക്കാറുണ്ട്. എക്യൂമെനിയ്ക്കൽ സമ്മേളനങ്ങൾ, ഐക്യക്രിസ്തുമസ്സ് ആഘോഷങ്ങൾ, സഭൈക്യ പ്രാർത്ഥനാവാരാചരണം, എക്യൂമെനിയ്ക്കൽ വൈദിക കൂട്ടായ്മകൾ എന്നിവ സടത്തുന്നതിലും മലങ്ക സുറിയാനി കത്തോലിക്കാ സഭ ശക്തമായ നേത്യത്വമാണ് നല്കുന്നത്.

ഐക്യം ശക്തി

'വേഗത്തിൽ പോകണമെങ്കിൽ ഒറ്റയ്ക്കുപോവുക; ദുരേയ്ക്ക് പോകണമെങ്കിൽ ഒരുമിച്ച്' എന്ന പഴമൊഴി എക്യുമെനിസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മനസ്സിലേയ്ക്ക് വരുന്നു. സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തെക്കുറിച്ച് ഓർത്താൽ ഈ പഴമൊഴി പ്രസക്തമാണ്. 'ലോകത്തിന്റെ അതിർത്തികൾ വരെയും കർത്താവിന്റെ രണ്ടാമത്തെ വരവ് വരെയും' തുടരുവാനുളളതാണ് സഭയുടെ ദൗത്യം. ദുരേയ്ക്കുളളയാത്രയാണ്; നിത്യതവരെയുളള യാത്രയാണ്. ഒറ്റയ്ക്കല്ല ഒരുമിച്ചുളളതായിരിക്കണം സഭയുടെ സുവിശേഷയാത്ര. യേശുവിൽ വിശ്വസിക്കുന്നവരുടെ അടിസ്ഥാന

യോഗ്യതതന്നെ കുട്ടായ്മയിൽ ആയിരിക്കുക എന്നുള ളതാണല്ലോ. കുട്ടുയ്മയിലല്ലാത്തവൻ വിശ്വാസത്തിലല്ല. 'പിതാവേ, ഞാനും നിയും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണമേ' എന്ന യേശുനാഥന്റെ പ്രാർത്ഥനയാണല്ലോ

ഐക്യത്തിന്റെ അടിസ്ഥാനം. പരിശുദ്ധ ത്രിത്വമാണ് കുട്ടായ്മയുടെ ഏറ്റവും വലിയ അടയാളവും മാതൃ കയും. തത്വം എല്ലാവർക്കും അറിയാം. പ്രയോഗിക തയിലേയ്ക്ക് വരുമ്പോൾ കാര്യങ്ങൾ അത്ര നിസ്സാ രമല്ല. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മാർത്ഥമായ എക്യൂമെനിയ്ക്കൽ ശ്രമങ്ങളെ വികല മാക്കി ചിത്രീകരിക്കാൻ ചിലരെങ്കിലും ശ്രമിക്കുന്നതായി കാണുന്നത് അതീവ ദുഃഖകരമാണ്. അവ ഒരുമിച്ചുള്ള പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു.

ഈജിപ്തിൽ നിന്നൊരു പാഠം

ഈ അടുത്ത നാളിൽ ഈജിപ്തിൽ നിന്നുള്ള ഒരു സന്ദർശകനെ പരിചയപ്പെടുവാനിടയായി. മതകാര്യ ങ്ങൾ സംസാരിച്ചപ്പോൾ അയാൾ പറഞ്ഞു: 'ഞങ്ങ ളുടെ പൂർവ്വികർ ക്രിസ്ത്യാനികളായിരുന്നു. ഈജീ പ്തിൽ ക്രിസ്തുമതം വളരെ ശക്തമായിരുന്നു. എന്നാൽ ഇന്ന് അഞ്ച് ശതമാനത്തിൽ താഴെ മാത്രമെ ക്രിസ്ത്യാനികൾ ഉള്ളു. അതും കുറഞ്ഞു കൊണ്ടിരി ക്കുന്നു'. ഇത് കേട്ടപ്പോൾ ഈജിപ്തിലെ സഭയുടെ ചരിത്രം പണ്ട് പഠിച്ചത് ഓർത്തു. സുവിശേഷകനായ വിശുദ്ധ മർക്കോസ് ഈജിപ്തിൽ സഭ സ്ഥപിച്ചതാ യാണ് പാരമ്പര്യം. വേഗത്തിൽ സഭ അവിടെ ശക്തി പ്പെട്ടു. ഈജിപ്തിലെ അലക്സാണ്ടറിയ ആയിരുന്നു. സഭയിലെ പ്രഥമ ദൈവശാസ്ത്ര പഠനകേന്ദ്രം. സന്ന്യാ സപ്രസ്ഥാനങ്ങൾ തുടക്കം കുറിച്ചതും അവിടെയായിരു ന്നു. അനേക ദൈവശാസ്ത്ര പണ്ഡിതരും വിശുദ്ധരും താപസരും ഈജിപ്തിലെ സഭയുടെ സന്താനങ്ങ ളായിരുന്നു. എന്നിട്ടും എന്തേ അവിടുത്തെ സഭ ഇങ്ങനെ ക്ഷയിക്കുന്നത്. സഭയലെ വിഭാഗിയതകൾ തന്നെ കാ രണം. കൽക്കദോനിയ സുന്നഹദ്ദോസിന്റെ തീരുമാ നങ്ങളെ എതിർത്ത 'ഏകസ്വാഭാവവാദികൾ' ഔദ്യോ ഗിക സഭയെ അനുകൂലിക്കുന്ന വിഭാഗത്തെ (റോമിലെ മാർപാപ്പായെ അംഗീകരിക്കുന്നവർ) എതിർക്കുവാന യി അറബികളായ മുസ്ലീംങ്ങളെ ധാരാളമായി ഈജി പ്തിലേക്ക് സ്വാഗതം ചെയ്തു. ക്രമേണ മുസ്ലീംങ്ങൾ വർദ്ധിച്ച് അധികാരം പിടിച്ചെടുത്തു. ക്രൈസ്തവർക്ക് ഭീമമായ നികുതിചുമത്തുകയും നികുതി അടയ്ക്കാത്ത വരെ വധിക്കുകയോ മതപരിവർത്തനം നടത്തുകയോ ചെയ്തു. അങ്ങനെ ഈജിപ്തിലെ ക്രിസ്ത്യാനികളുടെ കോപ്റ്റിക്ക് ഭാഷയുടെ സ്ഥാനത്ത് അറബി ഭാഷയും കോപ്റ്റിക്ക് സഭയുടെ ശക്തികേന്ദ്രങ്ങളിൽ ഇസ്ലാം മതാനുയായികളും കടന്നുകയറി. വിശ്വാസികൾ തമ്മി ലുണ്ടായ ഭിന്നത വരുത്തിവച്ച വിന. സഹോദരങ്ങളെ ശത്രുക്കളായി കണ്ട് അവരെ നേരിടാൻ മറ്റുള്ളവരെ കൂട്ട് പിടിച്ചതുകൊണ്ടുണ്ടായ ദുരന്തം.

നമ്മുടെ നാട്ടിലും കാണുന്നത് സമാനചിത്രമല്ലേ? 'കുനൻകുരിശ്' സത്യത്തിനു ശേഷം വേറിട്ടു നിന്ന 'പുത്തൻകൂർ' വിഭാഗം പോർട്ടുഗീസ് മിഷനറിമാരെനേ രിടാൻ ഇംഗ്ലീഷ് മിഷനറിമാരുടെ സഹായം തേടി. സത്യത്തിൽ പ്രോട്ടസ്റ്റന്റുകാരായ ഇംഗ്ലീഷ് മിഷനറി മാരുമായി മലങ്കരയിലെ സഭയ്ക്ക് വിശ്വാസപരമായ വലിയ അന്തരം ഉണ്ടായിരുന്നു. മലങ്കര നസ്രാണികൾ ശത്രുവായി പരിഗണിച്ച സഹോദരരെ നേരിടാനുള്ള ശ്രമത്തിൽ അതൊന്നും അവർ അത്ര ഗൗരവമായി കാണില്ല. ഒടുവിൽ എന്താണ് സംഭവിച്ചത്? പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ മലങ്കരയിൽ വ്യാപിച്ചു. ഭിന്നതകളുടെയും പിളർപ്പുകളുടെയും ഒരു പരമ്പര തന്നെ സംഭവിച്ചു. അതിന്റെ തിക്തഫലങ്ങളാണ് ഇന്നും നാം അനുഭവിക്കു ന്നത്. ഭന്നിപ്പിന്റെ ദുർഭൂതം ഈ 2017 ലും മലങ്കരയെ ആവാഹിച്ചിരിക്കുന്നു.

ചരിത്ര പാഠം

പത്രോസിന്റെ പിൻഗാമിയായ റോമിലെ മാർപാപ്പാ നേതൃത്വം നല്കുന്ന അപ്പസ്തോലിക കുട്ടായ്മയുടെ ഭാഗമായിരുന്ന മലങ്കര സഭ ഭിന്നിച്ച് നാശത്തിന്റെ പടുകു ഴിയിൽ പെട്ട് ഉഴലുമ്പോഴും സഹോദരനെ ശത്രുവായി സങ്കല്പിച്ച് അവനോട് മല്ലിടാൻ ശത്രുവിന്റെ സഹാ യം തേടുന്ന പ്രവണത തുടരുന്നത് കാണാതെ പോക രുത്. ഐക്യത്തിനുവേണ്ടി പരിശ്രമം നടത്തുന്ന മല ങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആത്മാർത്ഥ യെപ്പോലും കണ്ടില്ലെന്നു നടിക്കുന്നു ചിലർ. സത്യത്തി നുനേരെ മുഖം തിരിച്ചുള്ള ഈ പോക്ക് മലങ്കര സഭയ്ക്ക് ഈജിപ്തിലെ സഭയുടെ സ്ഥിതി വരുത്തുമെന്നു തിരി ച്ചറിയാനുള്ള വിവേകം മലങ്കര നസ്രാണികൾക്കുണ്ടാ കണം. ചരിത്രത്തിൽ നിന്ന് പാഠം പഠിക്കാത്തവൻ ഭോഷനാണ്. 'കാഹളനാദം കേട്ടിട്ടും മുന്നറിയിപ്പു സ്വീ കരിക്കാത്തവനെ വിഛേദിച്ചുകളയും' (എസക്കിയേൽ 33:4)

പത്രോസിന്റെ പിൻഗാമിയുമായുള്ള സംസർഗ്ഗം ദൈവ നിശ്ചയമാണ്. അതിൽ നിന്നകലുന്നവൻ സഭയുടെ പൂർണ്ണതയിൽ നിന്നാണകലുന്നത്. അങ്ങനെ അകന്ന സഭാ സമൂഹങ്ങളെല്ലാം നാശത്തിന്റെ വഴിയിലേക്കായിരുന്നു പോയതെന്നു ചരിത്രം സാക്ഷിക്കുന്നു. പ്രസ്തുത സഭകൾ പലതും ഇന്ന് ഭൂമുഖത്തുനിന്നു തന്നെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. 'തായ്ത്തണ്ടിനോടു ചേർന്നിരിക്കാത്ത ശാഖകൾ ഉണങ്ങിപ്പോകു' മെന്ന കർത്യവചനം അർത്ഥരഹിതമാകാൻ തരമില്ലല്ലോ.

സമാപ്തി

മലങ്കരയിലെ സഭകളുടെ ഐക്യം സഫലമാകാൻ വേണ്ടി എന്ത് ത്യാഗവും ഏറ്റെടുക്കാൻ തയ്യാറാണെന്ന് പരസ്യമായി പലപ്രാവശ്യം പ്രഖ്യാപിച്ച മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ ഒരു ഉദ്ധരണിയോടെ സമാപിപ്പിക്കാം. 'ദൈവശാസ്ത്ര പരമായിട്ടുള്ള കാരണങ്ങൾ മാത്രമല്ല, ക്രിസ്തീയ സഭകൾ ഒരുമിച്ച് ഈ മഹത്തായ രാജ്യത്ത് സുവിശേഷം പ്രഘോഷിക്കേണ്ടതിന്റേയും സുവിശേഷത്തിന്റെ ആനന്ദം പങ്കുവയ്ക്കേണ്ടതിന്റെയും വർദ്ധിച്ച ആവശ്യകത ഈ കാലഘട്ടത്തിൽ ഉണ്ട് എന്ന സത്യം ഒരു സഭയ്ക്കും കണ്ടില്ലെന്നുവയ്ക്കാനാവില്ല. നമ്മൾ വിഘടിച്ചു നിന്ന് സാക്ഷ്യം പറയുന്നതിനെക്കാൾ ഒരുമിച്ച് നിന്ന് സാക്ഷ്യം പറയുന്നതിന്റെ ശക്തി, അതിന്റെ ആധികാരികത, അതിന്റെ വിശ്വാസ്യത നമ്മൾ കൂടുതൽ ബോധ്യപ്പേടേണ്ടിയിരിക്കുന്നു. നമ്മൾ എല്ലാം ചെയ്യുന്നത് നന്മയാണ് എങ്കിലും ഒരുമിച്ച് ചെയ്യുന്ന നന്മക്ക് അതിന്റെ ഇരട്ടി ബലമുണ്ടന്നത് വെറും സ്വാഭാവിക സത്യമാണ്.'

ഭിന്നിച്ച് മത്സരിച്ച് നശിക്കാതെ ഒന്നിച്ച് സഹകരിച്ച് വളരാൻ പരിശ്രമിക്കാം. വിഭജിതമായ സഭ ക്രിസ്തുവിന്റെ സഭയെ പ്രതിബിംബിപ്പിക്കുന്നില്ല എന്ന് തിരിച്ചറിയാം. ഒന്നായിരിക്കുമ്പോൾ തന്നെ വ്യത്യസ്തമായിരിക്കുന്നു, എന്നാൽ വിരുദ്ധമായിരിക്കുന്നില്ല. ഈ ദൈവശാസ്ത്രചിന്ത നിലനിർത്തിക്കൊണ്ട് സഭകളുടെ കൂട്ടായ്മയ്ക്ക് പരിപോഷണം നല്കുന്നതിന് മലങ്കര സുറിയാനി കത്തോലിക്കാ സഭ നിരന്തര പരിശ്രമത്തിലാണ്. അന്തർദ്ദേശിയവും ദേശീയവും പ്രാദേശികവുമായ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലങ്ങളും സഭകളുടെ ഐക്യത്തിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

ധരിക്കാൻ ഒറ്റ വസ്ത്രം, സമയം നീക്കിയത് പ്രാർത്ഥനയിലൂടെ

ഫാ. ടോം ഉഴുന്നാലിൽ

വത്തിക്കാൻ സിറ്റി: ദീകരരുടെ തടവിലായിരിന്നപ്പോൾ അനുഭവിച്ച യാതനകളെ വിവരിച്ച് ഫാ. ടോം ഉഴുന്നാലിൽ. തടവിലായിരുന്ന കാലം മുഴുവൻ ധരിക്കാൻ ഒരു വസ്ത്രം മാത്രമേ ഉണ്ടായിരിന്നുള്ളൂവെന്നും മൂന്നുതവണ ബന്ധനസ്ഥനാക്കി താവളം മാറ്റിയെന്നും ഫാ. ടോം വെളിപ്പെടുത്തി. സലേഷ്യൻ സഭ പ്രസിദ്ധീകരണത്തിനു നൽകിയ അഭിമുഖത്തിലാണ് ഫാ. ടോം ഭികരരുടെ കീഴിലുള്ള ഒന്നരവർഷത്തെ ജീവിത്തെപറ്റി ഓർത്തെടുത്തത്.

''ഭീകരരുടെ തടവിലായിരുന്ന ഒരു ഘട്ടത്തിലും കൊല്ലപ്പെടുമെന്ന ഭയം ഉണ്ടായിരുന്നില്ല. തട്ടിക്കൊണ്ടുപോയവർ ഒരിക്കൽപ്പോലും അപമര്യാദയായി പെരുമാറിയില്ല. അറബിയിലായിരുന്നു സംഭാഷണങ്ങൾ അല്പം ഇംഗ്ലീഷും അവർക്ക് അറിയാമായിരുന്നു. ഞാൻ മെലിയുന്നതു കണ്ട് പ്രമേഹം നിയന്ത്രിക്കാനുള്ള ഗുളിക അവർ തന്നിരുന്നു. ഇക്കാലമത്രയും ധരിക്കാൻ ഒരേ വസ്ത്രം തന്നെയാണുണ്ടായിരുന്നും. മൂന്നു തവണ താവളം മാറ്റി. ഓരോ തവണയും കണ്ണു മൂടിക്കെട്ടിയാണു കൊണ്ടുപോയത്.''

''തെക്കൻ യെമനിലെ ഏഡിനിലെ മിഷണറീസ് ഓഫ് ചാരിറ്റി നടത്തിയിരുന്ന വൃദ്ധസദനത്തിനു നേരെ ഭീകരാക്രമണം നടക്കുമ്പോൾ അവിടത്തെ ചാപ്പലിലായിരുന്നു താൻ. അവിടെ നിന്നാണു തട്ടിക്കൊണ്ടുപോകുന്നത്. തടവിനിടെ പ്രാർത്ഥനകളിലാണ് ഏറെ സമയവും ചെലവിട്ടത്. ആൾത്താരയും വിശ്വാസസമൂഹവും ഇല്ലെങ്കിലും ദിവസവും മനസ്സിൽ കുർബാന അർപ്പിച്ചിരുന്നു. കുർബാനയിലെ പ്രാർത്ഥകളും പ്രതിവചനങ്ങളും മനസ്സിൽ ഉരുവിടും.''ഫാ. ടോം വെളിപ്പെടുത്തി. ദൈവവിശ്വാസികളുടെ ജീവിക്കുന്ന സാക്ഷി എന്നാണ് വത്തിക്കാൻ ഫാ. ടൊമിനെ വിശേഷിപ്പിച്ചത്.

ചൊവ്വാഴ്ച രാവിലെ ഒമാന സമയം രാവിലെ 8.50 നാണ് യെമനിലെ അൽ മുഖാലയിൽ നിന്നു ഫാ. ടോമിനെ മോചിപ്പിച്ച് ഒമാൻ സർക്കാരിന്റെ റോയൽ എയർഫോഴ്സ് വിമാനത്തിൽ മസ്ക്കറ്റിലെത്തിച്ചത്. അവിടയെത്തി രണ്ടു മണിക്കൂറിനുശേഷം പ്രത്യേക വിമാനത്തിൽ ഫാ. ടോം റോമിലേക്കു പുറപ്പെടുകയായിരുന്നു. പതിനെട്ടു മാസം നീണ്ട കാത്തിരിപ്പിനും ആശങ്കകൾക്കും ശേഷമാണ് വത്തിക്കാന്റെ അഭ്യർത്ഥനപ്രകാരം ഒമാൻ ഭരണാധികാരി സുൽത്താൻ ഖാബൂസ് ബിൻ സയിദിന്റെ ശക്തമായ ഇടപെടലിലാണ് ഫാ. ടോമിന് മോചനം ലഭിച്ചത്.

സഭൈക്യ ശുശ്രൂഷയിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദൗത്യവും വെല്ലുവിളിയും

ഡോ. വർഗ്ഗീസ് താന്നിക്കാക്കുഴി

സഭ അതിന്റെ സത്തയിലും അസ്ഥിത്വത്തിലും കൂട്ടായ്മ സ്വഭാവമുള്ളതാണ്. മലങ്കരസഭ ഈ കൂട്ടായ്മ സ്വഭാവം നിലനിർത്തുന്നതിൽ ആദ്യം മുതൽതന്നെ ശ്രദ്ധിച്ചിരുന്നു. മലങ്കരസഭയുടെ ഏറ്റവും വലിയ അഭിലാഷം സഭാജീവിതം സ്വതന്ത്രമായും അതേസമയം സാർവ്വത്രിക കൂട്ടായ്മയിലും നടത്തണമെന്നുള്ളതായിരുന്നു. സഭ ഒരേ വിശ്വാസം, കൂദാശകൾ, ഭരണക്രമം എന്നിവയിലൂടെ പരിശുദ്ധാത്മാവിൽ ഒന്നായിരിക്കുന്നതും എന്നാൽ തനതായ ആരാധന, ആദ്ധ്യാത്മികത, ദൈവശാസ്ത്രം ശിക്ഷണക്രമം എന്നിവയിൽ വൈവിധ്യമാർന്നതുമായ സഭകളുടെ കൂട്ടായ്മയാണ്. സഭാജീവിതത്തിന്റെ ഈ വ്യത്യസ്ഥ ഭാവങ്ങൾ സംരക്ഷിക്കുകയും അതിൽ വളർച്ച പ്രാപിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് വ്യക്തിത്വതനിമയുടെ സംരക്ഷണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ വ്യക്തിത്വം സംരക്ഷിക്കപ്പെടേണ്ടത് കൂട്ടായ്മയിലൂടെയാണ്. അഥവാ വ്യക്തിത്വ സംരക്ഷണത്തിന്റെ പേരിൽ കൂട്ടായ്മ നിരസിക്കുന്നത് ദൈവികമല്ല. എന്നാൽ ചരിത്രത്തിന്റെ ഗതിവിഗതികളിൽ മലങ്കരസഭയുടെ ഈ സഭാദർശനം പുഴുക്കുത്തലേല്ക്കുന്നത് നമുക്ക് കാണാം. വ്യക്തിത്വ തനിമയുടെയും സ്വാതന്ത്യത്തിന്റെയും പേരിൽ മലങ്കരസഭ വിഭജിതമാവുകയും, മലങ്കരസഭയുടെ സുവിശേഷാനുഭവസാക്ഷ്യത്തിന് മങ്ങലേല്ക്കുകയും ചെയ്തു. മലങ്കരസഭാഗോത്രത്തിനേറ്റ മുറിവ് സഭകൾക്കുള്ളിലും സഭകൾ തമ്മിലും നിലനില്ക്കുന്ന വ്യവഹാരത്തിന്റെയും വൈര്യത്തിന്റെയും കിടമത്സരങ്ങളുടെയും ഫലമായി ഇന്നും ഉണങ്ങാതെ സഭയുടെ കൂട്ടായ്മാ ഭാവത്തെ വികലമാക്കുന്നു. ഒരേ വിശ്വാസ പൈതൃകം സ്വീകരിച്ചിരിക്കുന്ന മലങ്കരസഭയിലെ വിവിധസഭാസമൂഹങ്ങൾ വിഭജിച്ചുനിന്നുകൊണ്ട് സഭയെ ലോകമദ്ധ്യത്തിൽ കൂടുതൽ വികലമാക്കുന്നുവെന്നതും വസ്തുതയാണ്.

മലങ്കര സഭൈക്യപ്രസ്ഥാനത്തിന്റെ വളർച്ച

ഈ പശ്ചാത്തലത്തിലാണ് ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നേതൃത്വം നല്കിയ മലങ്കര സഭൈക്യപ്രസ്ഥാനത്തിന്റെ അർത്ഥവും പ്രസക്തിയും നാം മനസ്സിലാക്കേണ്ടത്. പൗരസ്ത്യ പാരമ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സാർവ്വത്രികസഭാകൂട്ടായ്മയിൽ വളരുന്നതിനുള്ള അന്വേഷണഫലമാണ് 1930 സെപ്തംബർ 20-ലെ സഭൈക്യസംഭവം. എന്താണ് പുനരൈക്യം' അല്ലെങ്കിൽ സഭൈക്യം' ഈ മഹത് ദർശനത്തെ ''റോമാസഭയുമായുള്ള ലയനം'', റീത്തു പ്രസ്ഥാനത്തിന്റെ ആരംഭം എന്നിങ്ങനെ പല പേരുകൾ വിളിച്ച് അപകീർത്തിപ്പെടുത്തുന്നവർ മലങ്കരസഭാസമൂഹങ്ങളിലുണ്ട്. മാർ ഈവാനിയോസ് മെത്രാപ്പോലീ

ത്തായുടെ ആഴമായ ദൈവാനുഭവത്തിൽ നിന്നും പൗര സ്ത്യസഭാദർശനത്തിൽ നിന്നുമാണ് മലങ്കരസഭയിൽ ഐക്യപ്രസ്ഥാനം രൂപംകൊണ്ടത്. സഭൈക്യം എന്നത് ഒരു വ്യക്തിഗതസഭ മറ്റൊന്നിൽ ലയിക്കുകയോ, അന ന്യത ഉപേക്ഷിക്കുകയോ അല്ല, മറിച്ച് അതിന്റെ പൈതൃകങ്ങൾ നിലനിർത്തിക്കൊണ്ട് യേശുവിൽ ഒന്നാ യിരിക്കുകയാണെന്ന് മാർ ഈവാനിയോസ് തിരുമേനി മനസ്സിലാക്കി.

മലങ്കര സഭൈക്യപ്രസ്ഥാനത്തിന്റെ സത്ഫലങ്ങൾ ഇന്ന് സഭ യിലും സമൂഹത്തിലും സുവ്യക്തമാണ്. മലങ്കര സഭൈക്യ പ്രസ്ഥാനം വഴിയാണ് മലങ്കരസഭയുടെ വിശ്വാസ പൈതൃകങ്ങളും ആത്മീയജീവിത ശൈലിയും സാർവ്വത്രിക സഭയിൽ അംഗീകരിക്കപ്പെട്ടത്. അതുപോലെ സാർവ്വത്രിക കൂട്ടായ്മയുടെ നന്മകൾ മലങ്കരസഭയിൽ പ്രകാശമാനമാകു ന്നതും ഈ സഭൈക്യസംരംഭംവഴിയാണ്. മലങ്കരസഭയുടെ ആത്മീയനവോത്ഥാനത്തിനും സാംസ്കാരികാഭിവൃദ്ധിക്കും മലങ്കര സഭൈക്യ പ്രസ്ഥാനം നല്കിയ സംഭാവനകൾ നിസ്തുലങ്ങളാണ്. സുവിശേഷ പ്രഘോഷണ പ്രേക്ഷിത ശുശ്രൂഷയിലൂടെ അനേകായിരങ്ങളെ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് നയിക്കുകയും അവരെ മലങ്കര സഭാ വിശ്വാസ പൈതൃകത്തിൽ വളർത്തുകയും ചെയ്ത തിന്റെ ഫലമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭ യുടെ മാർത്താണ്ഡം ഭദ്രാസനം. ഇന്ന് ഭാരതം മുഴുവ നിലും സുവിശേഷ പ്രഘോഷണത്തിനുള്ള നൈയാമിക അധികാരത്തോടെ ഭാരതത്തിന്റെ വടക്കൻ സംസ്ഥാന ങ്ങളിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും സുവി ശേഷത്തിന്റെ ചൈതന്യം നല്കി അനേകരെ മലങ്കര സഭാ പൈതൃകത്തിൽ വളർത്തുന്നതിന് ഈ സഭൈക്യ പ്രസ്ഥാനത്തിന് സാധിക്കുന്നു.

സാർവ്വത്രിക സഭയിലെ സ്വായാധികാര സംവിധാനമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൻ സഭ എന്ന നൈയാ മിക സ്ഥാനം മലങ്കരസഭയുടെ തനിമയും കൂട്ടായ്മയും ആഗോള വ്യാപകമായി അംഗീകരിക്കപ്പെടുന്നുവെന്ന തിന്റെ ഉത്തമ ഉദാഹരണമാണ്. ഇന്ന് വ്യക്തിതനിമയും ഉൾഭരണ സ്വാതന്ത്യവും സാർവ്വത്രിക കൂട്ടായ്മയും ഒരുമിച്ച് അനുഭവിക്കുന്ന ഏകമലങ്കര സമൂഹം മലങ്കര സുറിയാനി കത്തോലിക്കാസഭയാണ്.

മലങ്കരകത്തോലിക്കാ സഭയുടെ ദൗത്യവും വെല്ലുവിളിയും

മലങ്കരകത്തോലിക്കാ സഭയുടെ സഭൈക്യ ശുശ്രൂഷയി ലുള്ള ദൗത്യവും പ്രതിബദ്ധതയും ശാക്തീകരിക്കുന്നതി നാവശ്യമായ ദർശനവ്യക്തത സഭാമക്കളിൽ ഇനിയും വളരേണ്ടതുണ്ട്. മലങ്കര സഭയുടെ ഐക്യം ത്വരിതപ്പെ ടുത്തുവാനുള്ള ശുശ്രൂഷ ത്യാഗം ആവശ്യപ്പെടുന്നതാ ണ്. ഇത് ഒരു സമർപ്പണവും വെല്ലുവിളിയുമായി നാം ഏറ്റെടുക്കണം.

സഭാ ജീവിതത്തിന്റെ കേന്ദ്രവും ശക്തിസ്രോതസ്സും സഭയുടെ ആരാധനക്രമമാണ്. സഭയുടെ പാരമ്പര്യ ത്തിലധിഷ്ഠിതവും സ്ഥലകാലങ്ങൾക്കനുസൃതവും ജീവാത്മക വളർച്ചയ്ക്കുതകുന്നതുമായ മാറ്റങ്ങൾ ഉൾക്കൊണ്ടും ദൈവാരാധന നടത്തുന്ന സമൂഹത്തിനു മാത്രമേ സഭൈക്യശുശ്രൂഷയിൽ പങ്കുചേരാൻ സാധി ക്കുകയുള്ളൂ. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ചുരുങ്ങാതെ ആചാരങ്ങളുടെ അർത്ഥതലങ്ങളി ലേക്കിറങ്ങുന്നതും ജീവിതഗന്ധിയായി അനുഭവവേദ്യ മാകുന്നതുമായ ഒരു ആദ്ധ്യാത്മികത നമ്മിൽ വളർത്തി യെടുക്കണം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭൈക്യ ശുശ്രൂഷാ നിർവ്വഹണത്തിൽ അല്മായരുടെ പങ്ക് ഏറെ പ്രധാനപ്പെട്ടതാണ്. സഭയുടെ സാമൂഹ്യ പ്രതി ബദ്ധതയും സവിശേഷമായ ശ്രദ്ധയാകർഷിക്കുന്നു. ഈ മേഖലയിൽ സഭയുടെ ശുശ്രൂഷ പ്രശംസനീയ മാണെങ്കിലും നീതി ആവശ്യപ്പെടുന്ന പ്രവൃത്തിയായി സഭയുടെ സാമൂഹ്യ പ്രതിബന്ധതയെ നാം കാണണം. ഒരുവന് നീതിപൂർവ്വം ലഭിക്കേണ്ടത് പരസ്നേഹത്തിന്റെ പേരിലുള്ള ദാനധർമ്മമാകരുത്. സമൂഹത്തിന്റെ മുഖ്യ ധാരയിലേക്കു വരേണ്ട സഹോദരങ്ങളോടുള്ള മനോഭാ വത്തിലും ഭൗതികതയുടെ അതിപ്രസരത്താൽ പാർശ്വ വൽക്കരിക്കപ്പെട്ടവർക്ക് അഭയമാകുന്നതിലും സഭയുടെ സാമൂഹ്യ പ്രതിബദ്ധത പ്രകടമാകണം. സഭയിലെ സ്ഥാനങ്ങളും സ്ഥാപനങ്ങളും ഭൗതികതയുടെയും പ്രൗഢിയുടെയും പ്രതീകങ്ങളാകാതെ അശരണിതരുടെ ആശ്രയവും മറ്റുള്ളവരെ സഭയിലേക്ക് നയിക്കുന്ന ഉപ ാധികളുമായി തീരണം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭൈക്യ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യബോധം സഭയിലെ ഓരോ അംഗത്തിനും ഉണ്ടാകേണ്ടതുണ്ട്. അതുവഴി യായി ഐക്യശുശ്രൂഷയുടെ നിയോഗം സഭയിൽ കൂടു തൽ വ്യക്തമാവുകയും ഈ ശുശ്രൂഷയ്ക്ക് തങ്ങളെ തന്നെ സമർപ്പിക്കാൻ സഭാമക്കൾ സന്നദ്ധരാവുകയും ചെയ്യും.

സഭൈക്യ ശുശ്രൂഷയിൽ യുവജനങ്ങളുടെ പങ്ക്

പ്രദീപ് മാത്യു നല്ലില

വീണ്ടും പുനരൈക്യാഘോഷത്തിന്റെ സന്തോഷത്തിലേക്ക് നാം കടന്നുവന്നിരിക്കുന്നു. യുവാക്കളെ സംബന്ധിച്ചിടത്തോളം ആവേശവും ശക്തിയും കൂടുതൽ ആത്മവിശ്വാസവും ഓരോ ആഘോഷങ്ങളും നൽകുന്നു എന്നുള്ളതാണ്. 1930 -ൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ മലങ്കരയിൽ ആരംഭിച്ച ഈ സംഭവത്തിന് 87 വർഷങ്ങൾ പിന്നിടുമ്പോൾ ദൈവത്തിന്റെ അനന്തമായ പരിപാലനയാണ് ഈ സഭയിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. അടുത്ത പന്ത്രണ്ട് വർഷങ്ങൾകൂടി കഴിയുമ്പോൾ ഈ സഭ ശതാബ്ദിയിലേക്ക് പ്രവേശിക്കുകയാണ്. അതിനാൽ തന്നെ ഈ സഭയുടെ മുഖം ലോകത്തിന് വെളിപ്പെടുത്തേണ്ടത് യുവജനങ്ങളിലൂടെ ആയിരിക്കണം. മാർ ഈവാനിയോസ് പിതാവ് മലങ്കരയിൽ ആഗ്രഹിച്ച ഐക്യം എന്ന സ്വപ്നം ഏറ്റെടുക്കേണ്ടതും നമ്മൾ തന്നെയാണ്. അതിനാൽ യുവജന ശുശ്രൂഷകരിൽ പകുമായ ആദ്ധ്യാത്മികമായ മുന്നേറ്റവും അത് വഴിയായി സഭൈക്യ ചിന്തകൾക്കും വളരെയധികം പ്രാധാന്യം നൽകണം.

ദൈവത്തിൽ നിന്ന് അകന്നുപോയ മനുഷ്യരെ പുനരൈക്യപ്പെടുത്താൻ അബ്രഹാമിനെ വിളിച്ചു ദൈവം അനുഗ്രഹിച്ചു. പാപത്തിൽ വീണ്കിടന്ന ഇസ്രായേൽ ജനതയെ മോചിപ്പിക്കാൻ ഓരോ കാലഘട്ടത്തിലും ദൈവം പ്രവാചകൻമാരെ അയച്ചു. അവസാനം ദൈവവും മനുഷ്യനും തമ്മിലുള്ള പൂർണ്ണതയിൽ എത്തിച്ചേരാൻ തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ചു. രക്ഷാകരമായ ഈ വേളയിലാണ് ക്രിസ്തു തന്റെ മണവാട്ടിയായ സഭയെ സ്ഥാപിക്കുന്നത്. ആയതിനാൽ ഈ തിരുസഭയിലെ അനൈക്യത്തിന്റെ വിത്തുകളെ പിഴുതെറിഞ്ഞ് ഐക്യം നിലനിർത്തുവാൻ നമുക്ക് ബാധ്യതയുണ്ട്. സഭാപിതാക്കൻമാരോ, വൈദീകരോ, സന്ന്യസ്ഥർക്ക് മാത്രമല്ല ഐക്യത്തിന്റെ ഉത്തരവാദിത്വം. സഭയുടെ പ്രതീക്ഷകളായ യുവജനശുശ്രൂഷകർക്കും ഒരേപോലെ ഇതിൽ പങ്കുവഹിക്കുവാൻ സാധിക്കണം. ''യുവാക്കൻമാരെ നിങ്ങൾ ശക്തരാണ്'' എന്ന് ന്യായാവബോധത്തിലൂടെ യോഹന്നാൻ ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ ഇത് എത്രമാത്രം പൂർണ്ണമായി ഉൾകൊള്ളുവാൻ യുവജനങ്ങൾക്ക് സാധിക്കുന്നുവെന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. യുവജനശുശ്രൂഷയിൽ കൂട്ടായ്മയുടെ മുഖം ദർശിക്കുവാൻ തക്കവണ്ണം യുവജനങ്ങളെ പ്രാപ്തരാക്കുവാൻ നമുക്ക് സാധിക്കണം. വേറിട്ട ചിന്തകളും ദർശനങ്ങളും കാലത്തിന്റെ മാറ്റങ്ങളും യുവജനശുശ്രൂഷാരംഗത്ത് വളരെ പ്രധാനമാണ്. മലങ്കര സുറിയാനി കത്തോലിക്ക യുവജനങ്ങളെ സംബന്ധിച്ചിടത്തോളം പുനരൈക്യ ശുശ്രൂഷയും നമ്മുടെ കടമയാണ്. അതിനാൽ തന്നെ യോജിപ്പിന്റെ മേഖലകൾ കണ്ടെത്തി ക്രിസ്തുവിന്റെ സഭയെ

നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനും നമുക്ക് സാധിക്കുമ്പോഴാണ് ശുശ്രൂഷകൾ പൂർണ്ണമാകുന്നത്.

> ''ഞാൻ മനുഷ്യരുടേയും, ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്''
>
> (1 കൊറി 13:1)

പുനരൈക്യപ്രസ്ഥാനം വേദനകൾക്ക് നടുവിലാണ് വളർന്നത്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതവും തനതായ ആരാധനാപൈതൃകവും ഉള്ള സഭയായിട്ടാണ് സാർവ്വത്രിക സഭയിൽ നമ്മൾ പ്രവേശിക്കുന്നത്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പഠനങ്ങളും ദീർഘവീക്ഷണവും യാഥാർത്ഥ്യങ്ങളിലേക്ക് മലങ്കരസഭയെ എത്തിച്ചു. സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി അടിമനുകത്തിൽ എത്തിച്ചു എന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്നവർക്ക് മുന്നിൽ ആഗോളസഭ നമുക്ക് നൽകിയ കരുതലും സംഭാവനകളും എത്തിക്കുവാൻ നമുക്ക് സാധിക്കണം. പത്രോസിന്റെ സിംഹാസനത്തിൽ ഭരിക്കുന്ന ശുശ്രൂഷകർ അവരുടെ അധികാരം ഉപയോഗിച്ച് മറ്റ് സഭാ കൂട്ടായ്മകളെ അടക്കി ഭരിക്കുകയല്ല, മറിച്ച് സ്നേഹത്തിലും സാഹോദര്യത്തിലും കൂട്ടി യോജിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നു എന്നുള്ള തിരിച്ചറിവ് നമ്മുടെ സഹോദരങ്ങൾക്ക് ഇടയിൽ നാം നൽകണം. ഐക്യത്തിന് പറ്റിയ സാഹചര്യം സൃഷ്ടിക്കാൻ യുവാക്കൾ മുന്നിട്ട് ഇറങ്ങണം. അത് നമ്മുടെ കടമയുമാണ്. പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും, വഴക്കുകളും, വ്യവഹാരങ്ങളും ഐക്യത്തിന്റെ വാതിലായി നമ്മുടെ മുമ്പിൽ തുറക്കില്ല. മറിച്ച് നമ്മുടെ പരസ്പരബഹുമാനവും കൂട്ടായ പ്രവർത്തനങ്ങളും പക്വമായ ശൈലിയും നല്ല ഐക്യചിന്തകളിലേക്ക് നമ്മെ നയിക്കുന്നു. കഴിഞ്ഞ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ അതിന് തെളിവാണ്.

സഭൈക്യരംഗത്ത് നമ്മുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. കർമ്മപദ്ധതികൾ തയ്യാറാകുമ്പോൾ അത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് നമ്മൾ മുൻതൂക്കം നൽകണം. അപ്പസ്തോലികമായ സഭയിലെ യുവജന ശുശ്രൂഷകരുമായും വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവരുമായി നല്ല ബന്ധങ്ങൾ കൂട്ടി ഉറപ്പിക്കുവാൻ നമ്മുടെ നേതാക്കൻമാർക്ക് സാധിക്കണം. ഫ്രാൻസിസ്സ് മാർപാപ്പ കരുണ എന്ന പദമാണ് കൂടുതലും ഉപയോഗിക്കുന്നത്. ''സ്നേഹത്തിൽ അദ്ധ്യക്ഷസ്ഥാനം'' അലങ്കരിക്കാനാണ് മാർപാപ്പ ആഗ്രഹിക്കുന്നത്. സഭ ഐക്യരംഗത്തും ഇതിന് വലിയ പ്രാധാന്യവുമുണ്ട്. ഈ നിലപാടുകളാണ് ഈ കാലഘട്ടത്തിന് ആവശ്യമാകേണ്ടത്. ദൈവശാസ്ത്രപരവും വിശ്വാസപരവുമായ പല വിഷയങ്ങളിലും സഭകൾ തമ്മിൽ ഭിന്നത തുടരുന്നുവെങ്കിലും യുവജനങ്ങളെ സംബന്ധിച്ചിടത്തോളം സമീപഭാവിയിൽ നാം കാണേണ്ടതും പ്രവർത്തിക്കേണ്ടതും സമാധാനപരമായ സഹവർത്തിത്വമാണ്. പരസ്പരം പാരമ്പര്യങ്ങൾ പാലിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ആശയങ്ങൾ പങ്കുവയ്ക്കുകയും എന്നുള്ളതാണ് ഇതിലൂടെ അർത്ഥമാക്കപ്പെടേണ്ടത്. ഐക്യത്തിലൂടെ നാം നീങ്ങുകയാണെങ്കിൽ സഭയിലൂടെയും യുവജനങ്ങളിലൂടെയുമുള്ള പ്രവർത്തനങ്ങൾ രാഷ്ട്രത്തിന്റെയും നാടിന്റെയും പുനർനിർമ്മാണം കൂടിയാണ് പ്രതിഫലിക്കുന്നത്.

ക്രിസ്തുവിന്റെ സഭയുടെ ഐക്യത്തിലേക്ക് വരാൻ ആഗ്രഹിക്കുന്നവർക്ക് ഇനി എന്താണ് നമ്മുടെ ഭാഗത്ത് നിന്ന് ചെയ്തു തരേണ്ടതെന്ന് ആർക്കും ചൂണ്ടിക്കാണിക്കാവുന്നതാണ്. ദൃശ്യമായ ഐക്യം സ്വപ്നം കണ്ട മൺമറഞ്ഞുപോയ പിതാക്കൻമാരുടെ പാതയിലൂടെ നമുക്ക് സഞ്ചരിക്കാം... നമ്മുടെ പിതാക്കൻമാരും സഭാസമൂഹവും നടത്തിയ സഭ ഐക്യ പരിശ്രമങ്ങൾ നമുക്ക് വിസ്മരിക്കാതിരിക്കാം... നാം ഒന്നാണ് എന്ന ചിന്ത എല്ലാവരിലും വ്യാപിക്കട്ടെ എന്ന് ആത്മാർത്ഥതയോടെ പ്രാർത്ഥിക്കാം... ഇതിനുവേണ്ടി നമ്മുടെ യുവജനപ്രസ്ഥാനം മഹനീയമായ ലക്ഷ്യങ്ങൾ സ്വയം ഏറ്റെടുത്ത് പ്രവർത്തിക്കട്ടെയെന്ന് ആശംസിക്കുന്നു.

അതിവേഗം ഉയരങ്ങളിലേക്ക് വളരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ.

ഡോ. ജോസഫ് മാർ തോമസ്
ബത്തേരി രൂപതാദ്ധ്യക്ഷൻ

ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽ ക്രിസ്തു ശിഷ്യനായ വി.തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ 1653-ലെ കൂനൻകുരിശ് സത്യം വരെ ഒരു സഭയായി തഴച്ചു വളർന്നു. പോർട്ടുഗീസ് മിഷനറിമാരുടെ കൊളോണിയൽ ആധിപത്യത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിച്ച സഭ സാർവ്വത്രിക സഭാ കൂട്ടായ്മയിൽ നിന്ന് അകന്നുമാറി. 1930 സെപ്റ്റംബർ 20-ാം തീയതി ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനിയുടെയും, പുണ്യശ്ലോകനായ തെയോഫിലോസ് തിരുമേനിയുടെയും, മറ്റ് പുനരൈക്യ പിതാക്കന്മാരുടെയും നേതൃത്വത്തിൽ സാർവ്വത്രിക സഭൈക്യം വീണ്ടെടുത്ത മലങ്കര സുറിയാനി കത്തോലിക്കാസഭ ഇന്ന് ലോകത്തിൽ ഏറ്റവും അധികം ശ്രദ്ധിക്കപ്പെടുന്ന ഒരു സഭയായി അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു.

അത്ഭുതകരമായ വളർച്ച:

1930-ൽ ആരംഭിച്ച പുനരൈക്യ പ്രേഷിത ശുശ്രൂഷ 1932-ൽ മലങ്കര കത്തോലിക്ക ഹയരാർക്കിക്ക് അടിസ്ഥാനമിട്ടു. അങ്ങനെ മലങ്കര സുറിയാനി കത്തോലിക്കാസഭ ഒരു മെത്രാപ്പോലിത്തൻ സഭയായി. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ തിരുവന്തപുരം അതിരൂപതയും, പുണ്യശ്ലോകനായ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ തിരുവല്ലാ രൂപതയും, സ്ഥാപിതമായി. ഈ രണ്ട് രൂപതകൾ കേന്ദ്രീകരിച്ച് ത്യാഗോജ്ജ്വലമായ മിഷൻ പ്രവർത്തനങ്ങളും, പുനരൈക്യ പ്രേഷിതപ്രവർത്തനങ്ങളും നടന്നു. തിരുവനന്തപുരം അതിരൂപതയും, തിരുവല്ലാ രൂപതയും ഏറ്റെടുത്ത പുനരൈക്യ പ്രേഷിതപ്രവർത്തനങ്ങൾ കഴിഞ്ഞ 87 വർഷംകൊണ്ട് വിവിധ രൂപതകൾക്കും, അജപാലന ശുശ്രൂഷകൾക്കും, വിദ്യാഭ്യാസ - ആതുരസേവന പ്രവർത്തനങ്ങൾക്കും, സാമൂഹിക-സാംസ്കാരിക വളർച്ചയ്ക്കും വേദി ഒരുക്കി. ഇപ്പോൾ സഭയിൽ തിരുവനന്തപുരം മേജർ അതിരൂപത, തിരുവല്ലാ അതിരൂപത, ബത്തേരി, മുവാറ്റുപുഴ, മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട, പുത്തൂർ, അമേരിക്ക, ഡൽഹി, പാറശ്ശാല, തുടങ്ങി പതിനൊന്ന് രൂപതകളും പൂനാ കേന്ദ്രീകരിച്ച് ഒരു എക്സാർക്കേറ്റും, യൂറോപ്പ്, ഓഷ്യാനിയ, തുടങ്ങിയ മേഖലകൾക്ക് അപ്പോസ്തോലിക്ക് വിസിറ്റേറ്ററും, ഗൾഫ് മേഖലയ്ക്ക് കോ-ഓർഡിനേറ്ററും ഉണ്ട്. ഈ രൂപതകൾക്കും മേഖലകൾക്കും നേതൃത്വം നൽകുവാൻ 16 മെത്രാപ്പോലീത്തമാരും ഇന്ന് സഭയിലു

ണ്ട്. കൂടാതെ വിവിധ രൂപതകളിലായി ആയിരത്തോളം പള്ളികളും, ആയിരത്തോളം വൈദികരും, 2500-ഓളം സന്യസ്തരും, അറുന്നൂറോളം ബ്രദേഴ്സും, അനേകായിരം വിശ്വാസികളുമുണ്ട്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് തിരുവല്ലാ അതിരൂപതയുടെ നേതൃത്വത്തിൽ പുഷ്പഗിരി മെഡിക്കൽ കോളേജ്, മെഡിസിറ്റി, തിരുവനന്തപുരം മേജർഅതിരൂപതയുടെ പിരപ്പൻകോട് മെഡിക്കൽ വില്ലേജ് തുടങ്ങിയ സ്ഥാപനങ്ങളും, മറ്റു രൂപതകളുടെയും, ബഥനി സന്യാസ-സന്യാസിനി സമൂഹത്തിന്റെയും, ഇതര സന്യാസ സമൂഹങ്ങളുടേയും നേതൃത്വത്തിൽ അനേകം ആശുപത്രികളും, നേഴ്സിങ് കോളേജുകളും, സ്കൂളുകളും നടത്തപ്പെടുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് തിരുവനന്തപുരം മേജർ അതിരൂപതയുടെ നേതൃത്വത്തിൽ മാർ ബസ്സേലിയോസ് എഞ്ചിനീയറിംഗ് കോളേജ്, മാർത്താണ്ഡം രൂപതയുടെ നേതൃത്വത്തിൽ മാർ എഫ്രേം എഞ്ചിനീയറിംഗ് കോളേജ്, മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, സെന്റ് ജോൺസ് (തിരുവനന്തപുരം അതിരൂപത), മദർ തെരേസ (പാറശ്ശാല), മലങ്കര (മാർത്താണ്ഡം), മാർ ക്രിസോസ്റ്റോം (പത്തനംതിട്ട), മാർ ഈവാനിയോസ് (മാവേലിക്കര), സഹ്യജ്യോതി, മാക്ഫാസ്റ്റ് (തിരുവല്ലാ അതിരൂപത) പഴശ്ശിരാജ, മാർ ബസ്സേലിയസ്, ഗുരുദേവ്, അൽഫോൻസ, ഫാത്തിമ (ബത്തേരി), മാർ ഗ്രിഗോറിയോസ് (പൂന), മാർ ബസ്സേലിയോസ് (ഡൽഹി), ബഥനി കോളേജ്, ഫിസിയോതേറാപ്പി കോളേജ്, നഴ്സിംഗ് കോളേജ്, കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (ബഥനി ആശ്രമം) തുടങ്ങി നിരവധി കോളേജുകൾ, അനേകം സ്കൂളുകൾ, സ്പെഷ്യൽ സ്കൂളുകൾ, അഗതി മന്ദിരങ്ങൾ, സാമൂഹിക ക്ഷേമ പ്രവർത്തന ഡിപ്പാർട്ടുമെന്റുകൾ എന്നിങ്ങനെ അതിശയകരമായ ശുശ്രൂഷകൾ സഭ ഇന്ന് കേരളത്തിന് അകത്തും പുറത്തുമായി നടത്തിക്കൊണ്ടിരിക്കുന്നു.

അതുല്യ നേതൃത്വം

മലങ്കരയിൽ ആത്മീയ നവീകരണത്തിന്റെയും, സഭൈക്യത്തിന്റെയും, പ്രേഷിത പ്രവർത്തനങ്ങളുടെയും രാസത്വരകമായി മാറാൻ ദൈവം തിരഞ്ഞെടുത്ത മഹാപ്രതിഭകളായിരുന്നു പുനരൈക്യപിതാക്കന്മാർ ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനിയും, പുണ്യവാനായ തെയോഫിലോസ് തിരുമേനിയും, ജോൺ ഒ.ഐ.സി. അച്ചനും, അലക്സാണ്ടർ ശെമ്മാശനും, കിളീലേത്ത് ചാക്കോച്ചനും അടങ്ങുന്ന പുനരൈക്യപിതാക്കന്മാർ വിശ്വാസത്തിന്റെ സംരക്ഷകരും, സഭയുടെ സംരക്ഷകരും, നമ്മുടെ നല്ല പാരമ്പര്യങ്ങളുടെ സംരക്ഷകരും ആയിരുന്നു. ദൈവാനുഗ്രഹം നിറഞ്ഞ പ്രതിഭാശാലികളായിരുന്നു അവർ. വിശ്വാസികളുടെ മനസ്സുകൾ കീഴടക്കിയ മിഷനറിമാരായിരുന്നു അവർ. പ്രാർത്ഥനയിലും, തപസ്സിലും ദൈവതിരുമനസ്സ് കണ്ടെത്തിവരായിരുന്നു. അതുകൊണ്ടു തന്നെ പുനരൈക്യത്തിന്റെ ആദ്യ നാളുകൾ കടന്നുവന്ന എല്ലാ വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് ആരെയും അതിശയിപ്പിക്കുന്ന സഭൈക്യ പ്രേഷിപ്രവർത്തനമായി അത് വളർന്നു. കുരിശിനെ നെഞ്ചോടുചേർത്തു യാത്ര ചെയ്ത് അവർ കരുത്താർജ്ജിക്കുകയും സമ്പന്നമാവുകയും ചെയ്തു. യേശുവിന്റെ സുവിശേഷത്തിനുവേണ്ടി രക്തം ചീന്തി ജീവൻ അർപ്പിച്ചവരുടെ കരുത്ത് എക്കാലത്തും സഭയ്ക്കു ശക്തി പകർന്നിട്ടുണ്ട്. എന്നാൽ 20-ാം നൂറ്റാണ്ടിൽ രക്തം ചിന്താതെ രക്തസാക്ഷികളായി മാറി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു അതുല്യ നേതൃത്വം നല്കിയവരാണ് പുനരൈക്യപിതാക്കന്മാരും, മൺമറഞ്ഞ മറ്റ് പുണ്യപിതാക്കന്മാരും, വൈദീകരും, സന്യസ്തരും, മൺമറഞ്ഞ അല്മായ പിതാക്കന്മാരും, അമ്മമാരുമെല്ലാം. അവർ സത്യവിശ്വാസത്തിനുവേണ്ടി ജീവൻ അർപ്പിക്കാൻ മടിയില്ലാത്തവരായിരുന്നു. വിശ്വാസദാർഢ്യമുള്ള കാലത്തിന്റെ അടയാളങ്ങളാണ് രക്തസാക്ഷികൾ. ഇന്നും യേശുവിനെ കണ്ണടച്ച് വിശ്വസിക്കുന്നവർ. അവന്റെ സ്നേഹത്തിൽ എല്ലാം സമർപ്പിക്കുന്നവർ. അവനുവേണ്ടി എന്തും ത്യജിക്കുന്നത് നഷ്ടമായി കരുതാത്തവർ. ഈ ദാർശനീകതയുള്ളവരായിരുന്നു ആദ്യകാലത്തെ പുനരൈക്യപ്രേഷിതർ. പരിശുദ്ധമാർപ്പാപ്പ പറയുന്നതുപോലെ രക്തം കൊണ്ടുള്ള എക്യുമിനിസം രചിക്കുന്നവർ. ഇക്കൂട്ടർക്കു മാത്രമേ സഭയിൽ അതുല്യനേതൃത്വം നല്കാൻ സാദ്ധ്യമാകൂ.

ദൈവദാസൻ മാർ ഈവാനിയോസും, മാർ തെയോഫിലോസും

മാർ ഈവാനിയോസിന്റെ ദർശനത്തിൽ സഭകളുടെ ഐക്യം മനുഷ്യന്റെ നേട്ടമല്ല. പ്രത്യുത അത് ദൈവത്തിന്റെ ദാനമാണ്. ചർച്ചകളും പ്രവർത്തനങ്ങളും കൂട്ടായ പ്രാർത്ഥനകളും അതിന് ആവശ്യമെങ്കിലും സഭൈക്യം സർവ്വോപരി ദൈവദാനമാണ്. അത് സ്വീകരിക്കാൻ സഭ തയ്യാറാകണം. അതായതു മാർ ഈവാനിയോസ്, മാർ തെയോഫിലോസ് സ്വപ്നംകണ്ട് തുടങ്ങിവച്ച സഭൈക്യ പ്രസ്ഥാനം ദൈവപദ്ധതിയുടെ ഭാഗമായിരുന്നു. ഈ രണ്ട് പുണ്യപിതാക്കന്മാർ ദൈവത്തിന്റെ പദ്ധതിക്ക് തങ്ങളെ പൂർണ്ണമായി വിട്ടുകൊടുത്തു. വി. പൗലോസ് പറയുന്നതുപോലെ ''ദൈവത്തിന്റെ പദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് എല്ലാം എല്ലായ്പ്പോഴും നന്മയ്ക്കായി ഭവിക്കുന്നു'' (റോമ. 8/28). ദൈവദാസനായ മാർ ഈവാ

നിയോസ് തിരുമേനിയും, തെയോഫിലോസ് തിരുമേനിയും വെറും കയ്യോടെ മുണ്ടൻമലയിൽനിന്നും, പമ്പയാറ്റിലൂടെ ഒരു കെട്ടുവള്ളത്തിൽ നടത്തിയ ആദ്യത്തെ പുനരൈക്യയാത്ര കൊല്ലത്ത് ബെൻസിഗർ തിരുമേനിയുടെ അരമനയിൽ വന്ന് പൂർത്തിയാകുമ്പോൾ ദൈവത്തിന്റെ വഴികൾ മനുഷ്യരുടെ വഴികളിൽ നിന്നും എത്രയോ വ്യത്യാസമാണെന്ന് സമൂഹം തിരിച്ചറിയുകയും കാലം അത് തെളിയിക്കുകയും ചെയ്തു. 1930-ൽ ആരംഭിച്ച ഒരു ''ഇവാനിയൻ യുഗം'' 1953-ൽ അവസാനിക്കുമ്പോൾ, പുനരൈക്യം വ്യക്തി ജീവിതത്തിൽ ഒരു നവീകരണത്തിന്റെയും, കുടുംബജീവിതത്തിൽ അത് പ്രാർത്ഥനാനിർഭരമായ പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയുടെയും സഭാജീവിതത്തിൽ സുവിശേഷസന്തോഷത്തിന്റെ കൂട്ടായ്മയുടെയും, സമൂഹത്തിൽ നവോത്ഥാനം ശബ്ദമായും രൂപാന്തരപ്പെട്ടു.

സമാനതകളില്ലാത്ത വിസ്മയം - മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ അരുമശിഷ്യനും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ അദ്ധ്യക്ഷനുമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി നാല്പതു വർഷക്കാലം ഈ സഭയെ നയിക്കുകയും സമാനതകളില്ലാത്ത വിസ്മയമായി രൂപാന്തരപ്പെടുകയും ചെയ്തു. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ മെത്രാഭിഷേകസമയത്ത് മാർ ഈവാനിയോസ് പിതാവ് പറഞ്ഞു, 'He is gold. He is pure gold'. താൻ തൊട്ടതെല്ലാം പൊന്നാക്കാൻ തക്കവിധം ഹൃദയത്തിൽ ദൈവത്തിന്റെ കൈഒപ്പുള്ള ആചാര്യനായിരുന്നു അദ്ദേഹം. ദൈവദാസൻ മാർ ഈവാനിയോസ് 1930ൽ തുടങ്ങിവച്ച പുനരൈക്യ പ്രേഷിത ശുശ്രൂഷ 1953-ൽ ബനഡിക്ട് മാർ ഗ്രിഗോറിയോസിന്റെ കരങ്ങളിലേക്ക് ഭരമേല്പിക്കപ്പെട്ടപ്പോൾ അത് പിച്ചവച്ചു നടക്കുന്ന ഒരു ശിശുമാത്രമായിരുന്നു. ആ ശിശുവിനെ വളർത്തിവലുതാക്കാൻ കഠിനാദ്ധ്വാനം ചെയ്ത മഹാത്മാവായിരുന്നു ബനഡിക്ട് മാർ ഗ്രിഗോറിയോസ്. ഇ.എം.എസ്സ്. ഒരിക്കൽ പറഞ്ഞു ''കേരളത്തിൽ ഏതെങ്കിലും ഒരു മതാദ്ധ്യക്ഷനെ ഞാൻ ബഹുമാനിക്കുന്നുണ്ടെങ്കിൽ അത് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെയാണ്. അദ്ദേഹം ഒരു മനുഷ്യസ്നേഹിയാണ്. സ്നേഹം 'മമദീപം' എന്ന ആപ്ത വാക്യവുമായി മലങ്കരസഭയ്ക്ക് നേതൃത്വം നല്കിയ അദ്ദേഹം പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു, സാമ്പത്തിക വിദഗ്ധനായിരുന്നു, വിദ്യാഭ്യാസ പണ്ഡിതനായിരുന്നു, സാമൂഹിക പരിഷ്കർത്താവായിരുന്നു, തത്വചിന്തകനായിരുന്നു. പാവങ്ങളുടെ കണ്ണിലുണ്ണിയായിരുന്നു. അതിലെല്ലാം ഉപരി ഒരു ദൈവമനുഷ്യനായിരുന്നു.

ദൈവകരുണ പെയ്തിറങ്ങിയ കാലം - സിറിൽ മാർ ബസേലിയോസ് കാതോലിക്കബാവ

സിറിൽ മാർ ബസേലിയോസ് കാതോലിക്കബാവ, ദൈവദാസൻ മാർ ഈവാനിയോസ് സ്വപ്നം കണ്ട മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ കാതോലിക്കസിംഹാസനത്തിലിരുന്ന് മലങ്കരയെ നയിക്കാൻ ദൈവം നിയോഗിച്ച വിശ്വസ്തനായ ആചാര്യനായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ദൈവകരുണ പെയ്തിറങ്ങിയ സമയമായിരുന്നു. സിറിൽ മാർ ബസേലിയോസ് കാതോലിക്കബാവ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നേതൃസ്ഥാനം ഏറ്റെടുത്ത 1995 മുതൽ സഭ പുതിയ ചരിത്രം സൃഷ്ടിക്കുന്ന സഭയായി മാറി. മൂന്ന് പുതിയ രൂപതകൾ സ്ഥാപിക്കപ്പെട്ടു മാർത്താണ്ഡം, മൂവാറ്റുപുഴ, മാവേലിക്കര എന്നിവയാണവ അപ്പോൾ സഭയിൽ രൂപതകളുടെ എണ്ണം ആറായി മാറി. മാർ കൂറിലോസ്, മാർ ദിവന്നാസിയോസ്, മാർ ക്രിസോസ്റ്റോം, മാർ ഇഗ്നാത്തിയോസ്, മാർ ക്ലീമിസ്, മാർ തോമസ്സ് എന്നീ മെത്രാന്മാർ ഇക്കാലത്ത് സഭയുടെ ശുശ്രൂഷകൾ ഏറ്റെടുത്തു. സഭ വിപുലീകരണത്തിന്റെ പടവുകൾ അതിവേഗം ചവുട്ടിക്കയറി. സഭാ കാതോലിക്ക സിംഹാസനമുള്ള മേജർ ആർക്കി എപ്പിക്കോസ്ക്കോപ്പൽ സഭയായി മാറുകയും സഭയുടെ തലവനും പിതാവുമായി (മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്) സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ഉയർത്തപ്പെടുകയും ചെയ്തു. അങ്ങനെ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ് ആയി പ്രഖ്യാപിക്കപ്പെട്ട ഒന്നാം കാതോലിക്കാബാവയിൽ നിന്ന് ആചാര്യപദവി സ്വീകരിക്കാനുള്ള അസുലഭ ഭാഗ്യം ഈ ലേഖകന് ലഭിക്കുകയും ചെയ്തു. അഭൂതപൂർവ്വമായ വളർച്ചയാണ് എല്ലാ രംഗത്തും സഭയ്ക്ക് ഇക്കാലത്ത് ഉണ്ടായത്. അദ്ദേഹം മരണക്കിടക്കയിൽ വച്ച് അന്ന് സഹായമെത്രാനായിരുന്ന എന്നോടു പറഞ്ഞ ഒരു കാര്യം ഇന്നും ഞാൻ ഓർമ്മിക്കുന്നു. ''നമ്മുടെ വൈദികരും സന്യസ്തരും ദൈവജനവും പറയുന്ന കാര്യങ്ങൾ നാം ശ്രദ്ധിച്ചു കേൾക്കണം. അവരാണ് സഭയെ പണിതുയർത്തുന്നവർ''. പ്രഥമ കാതോലിക്കാ ബാവയുടെ ദർശനികത, സഭാവൈജ്ഞാനികത, സാമൂഹിക-സാംസ്കാരിക കാഴ്ചപ്പാട്, വിദ്യാഭ്യാസ ദർശനങ്ങൾ എന്നിവയെല്ലാം വേറിട്ടൊരു ചിന്തയുടെയും വളർച്ചയുടെയും അവസരമായി മാറി.

സഭയുടെ രാജകുമാരൻ - ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കബാവ

സഭയുടെ രാജകുമാരനായ (കർദ്ദിനാൾ) ബാവ സഭയെ നയിക്കുന്ന കാലഘട്ടമാണിത്. 2012 ഒക്ടോബർ 24-ാം തീയതി ബനഡിക്ട് പാപ്പ, ആഗോള കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രായംകുറഞ്ഞ കർദ്ദിനാളന്മാരിൽ ഒരുവനായി 53-ാമത്തെ വയസ്സിൽ ഐസക് മാർ ക്ലീമീസ് പിതാവിനെ ഉയർത്തിയപ്പോൾ, മലങ്കര സുറിയാനി കത്തോലിക്കാ സഭ, കത്തോലിക്കാ കൂട്ടായ്മയിലെ 22 സഭകൾക്കും മറ്റ് സഭകൾക്കും അത്ഭുതകരമായി ചരിത്രം സൃഷ്ടിക്കുന്ന സഭയായി മാറി. 2007 ഫെബ്രുവരി 10 മുതൽ 2017 വരെയുള്ള കാലഘട്ടം അത്ഭുതകരമായ വളർച്ചയുടെ കാലഘട്ടമാണ്. 'ക്ലീമിസ്' എന്നു പറഞ്ഞാൽ മുന്തിരിവള്ളി എന്നാണർത്ഥം. ഈ മുന്തിരിവള്ളി വളർന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലും, കേരള കത്തോലിക്കാ സഭയിലും, ഭാരത കത്തോലിക്കാ സഭയിലും സാർവ്വത്രികസഭയിലും നിറയെ മാധുര്യമുള്ള ഫലങ്ങൾ പുറപ്പെടുവിക്കുകയാണ്. കർദ്ദിനാൾ ബാവതിരുമേനി സഭയുടെ നേതൃത്വ ശുശ്രൂഷ ഏറ്റെടുത്തതിനുശേഷം ആറ് രൂപതകൾ ഉണ്ടായിരുന്ന സഭ ഇന്ന് 11 രൂപതകളും ഒരു എക്സാർക്കേറ്റും ഉള്ള ഒരു സഭയായി മാറി. പത്തനംതിട്ട, പുത്തൂർ, ഡൽഹി, അമേരിക്ക, പാറശ്ശാല, പൂന-എക്സാർക്കേറ്റുള്ള എന്നിവയാണ് പുതിയതായി രൂപം കൊണ്ടത്. കൂടാതെ ഒൻപത് പുതിയ മെത്രാന്മാർ - മാർ യൂലിയോസ്, മാർ ബർണ്ണബാസ്, മാർ പൗലോസ്, മാർ യൗസേബിയോസ്, മാർ അന്തോണിയോസ്, മാർ ഐറേനിയോസ്, മാർ സ്തേഫാനോസ്, മാർ മക്കാറിയോസ്, മാർ തെയോഡോഷ്യസ് എന്നിവർ ഉൾപ്പെടെ ഇപ്പോൾ സഭയിൽ 16 മെത്രാന്മാർ ഉണ്ട്.

വിദ്യാഭ്യാസരംഗത്തും ആതുരസേവനരംഗത്തും സാമൂഹിക-സാംസ്കാരികരംഗത്തും മലങ്കര, കേരള, ഭാരത നേതൃത്വരംഗത്തും, സാർവ്വത്രിക സഭയിലും, എക്യുമെനിക്കൽ, മതസൗഹാർദ്ദരംഗത്തുമെല്ലാം അതിശയകരമായ നേതൃത്വമാണ് കർദ്ദിനാൾ ബാവതിരുമേനി നല്കുന്നത്. കർമ്മനിരതനായ ഈ ആത്മീയാചാര്യൻ, ആചാര്യ ശുശ്രൂഷയ്ക്കും കർദ്ദിനാൾ പദവിക്കും പുതിയൊരു നിർവചനം നല്കിക്കൊണ്ട് അടൂർ ബൈപ്പാസിൽ ശുചീകരണ പ്രവർത്തികൾക്ക് നേതൃത്വം നല്കുന്നത് വേറിട്ടൊരു സഭാസംസ്കാരത്തിന്റെ ഭാഗമാണ്. അദ്ദേഹം കർദ്ദിനാൾ പദവിക്ക് പുതിയൊരു ശൈലിയും, കർദ്ദിനാൾ യുഗത്തിന് പുതിയൊരു മുഖവുരയും നല്കുകയാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭക്കും ഭാരതസഭക്കും പുതിയൊരു സ്ഥാനക്കയറ്റത്തിന്റെ സൂചികയാണിത്. മനുഷ്യ ബുദ്ധിക്ക് അതീതമാണ് ദൈവത്തിന്റെ വഴികൾ. ദൈവത്തിനും മനുഷ്യർക്കും വേണ്ടി ജീവിതം മാറ്റിവച്ച ഈ ആചാര്യൻ സഭയിൽ എല്ലാ തലത്തിലും വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടു കഴിഞ്ഞു. നീതി പൂർവ്വമായ ഒരു സമൂഹസൃഷ്ടി, പാവപ്പെട്ടവരുടെ പക്ഷംചേരൽ, ആവേശമുണർത്തുന്ന പ്രായോഗിക സമീപനങ്ങൾ, സമൂഹത്തിന്റെ സമഗ്രമായ പുരോഗതി ഇവയെല്ലാം അദ്ദേഹത്തിന്റെ ദാർശനീയതയുടെ ഭാഗമാണ്. സഭയിലെ എല്ലാ പിതാക്കന്മാരും, വൈദികരും, സന്യസ്തരും ദൈവജനവും ഒരു മനസ്സോടെ ഈ നേതൃത്വ ശുശ്രൂഷയെ പിൻതുടരുന്നു.

ഉപസംഹാരം

ഇക്കഴിഞ്ഞ 87 വർഷംകൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാസഭ അതിശയകരമായ വികാസമാണ് എല്ലാ രംഗത്തും കൈവരിച്ചത്. ഏതാനും ആഴ്ചകൾക്ക് മുമ്പ് ഈ ലേഖകൻ കാനഡയിലെ എഡ്മന്റൻ ആർച്ചും ബിഷപ്പ് റിച്ചാർഡ് വില്യം സ്മിത്തിനെ കാണുവാൻ ഇടയായി. അദ്ദേഹം പറഞ്ഞു ''നിങ്ങളുടെ സഭ സന്തോഷിക്കുന്ന സഭയാണ്. ഒരേ മനസ്സുള്ള സഭയാണ്. ആത്മീയ നിറവും, ദീനാനുകമ്പയും കാണിക്കുന്ന സഭയാണ്.'' അമേരിക്കയിലെ റോക്ക് വില്ലെ രൂപതയിലെ ബിഷപ്പ് ഒരു പ്രസംഗത്തിൽ പറഞ്ഞു, ''മലങ്കര സുറിയാനി കത്തോലിക്കാസഭ പ്രാർത്ഥിക്കുന്ന സഭയാണ്. എല്ലാവരെയും കരുതുന്ന സഭയാണ്. ആദരിക്കുന്ന സഭയാണ്.പ്രേഷിതചൈതന്യമുള്ള സഭയാണ്.'' എൺപത്തി ഏഴാം പുനരൈക്യ പ്രേഷിതസഭാസംഗമം കഴിയുമ്പോൾ, രണ്ട് പുതിയ മെത്രാന്മാർ അഭിഷിക്തരായിക്കഴിയുമ്പോൾ ''ഹൃദയത്തിൽ അഗ്നിയും കാലുകളിൽ ചിറകുള്ളവരുമായി നാം തീരണം. ആഗോളതലത്തിൽ ഈ സഭയുടെ നന്മയും സന്തോഷവും കൂട്ടായ്മയും എത്തിക്കേണ്ട ദൈവനിയോഗം നാം ഏറ്റെടുക്കണം. അതിന് നമ്മെ സഹായിക്കുന്നത് നമ്മുടെ ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹവും, അത് മനുഷ്യഹൃദയങ്ങളിൽ എത്തിക്കുന്ന കർമ്മപദ്ധതിയുമാണ്. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

തയ്യാറാക്കിയത്
ഡോ. കുര്യാക്കോസ് തടത്തിൽ

മലങ്കരയുടെ തണൽ വൃക്ഷങ്ങൾ

ദൈവദാസൻ ആർച്ചുബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്ത



മാവേലിക്കര പണക്കരുവീട്ടിൽ തോമാപണിക്കരുടേയും അന്നമ്മ പണിക്കരുടേയും മകനായി 1882 സെപ്റ്റംബർ 21-ാം തീയതി ജനിച്ചു. 1925 മെയ് 1 -ാം തീയതി നിരണം പള്ളിയിൽവച്ച് മെത്രാഭിഷേകം നടന്നു 1930 സെപ്റ്റംബർ 20 ന് കത്തോലിക്ക പുനരൈക്യം. 1933 മാർച്ച് 12-ാം തീയതി തിരുവനന്തപുരം ആർച്ചുബിഷപ്പായി നിയമിക്കപ്പെട്ടു. 1953 ജൂലൈ 15 ന് കാലം ചെയ്തു.

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും ദർശനങ്ങളും അനേകർക്ക് പ്രചോദനമായിട്ടുണ്ട്. ആ മഹാത്മാവിനെ അറിയുന്നവർ അത്ഭുതാദരവുകളോട് കൂടി മാത്രമേ പിതാവിനെ സ്മരിക്കുകയുള്ളൂ. ഭാരതത്തിൽ മാത്രമല്ല വിദേശത്തും ആദരവുനേടിയ ഒരു വ്യക്തിത്വമായിരുന്നു വന്ദ്യതിരുമേനിയുടേത്. മനുഷ്യരാശിയെ രണ്ടായി തരംതിരിക്കാം. ഒന്നാമതായി, മരിച്ചവരെപോലെ ജീവിക്കുന്നവർ; രണ്ടാമതായി, മരിച്ചാലും ജീവിക്കുന്നവർ. മാർ ഈവാനിയോസ് തിരുമേനി ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നു. മൺമറഞ്ഞ് ദൈവസന്നിധിപൂകിയിട്ടും മലങ്കര സുറിയാനി കത്തോലിക്കാ മക്കൾക്ക് ഒരു

തിരിനാളമായി തിരുമേനിയെ ഇന്നും അനുഭവിച്ചറിയുന്നു. അദ്ദേഹത്തിന്റെ അനന്യസാധാരണമായ ധിഷണാവിലാസം, നിശ്ചയദാർഢ്യം, അചഞ്ചല ധൈര്യം എന്നിവ മലങ്കര മക്കൾക്ക് ഇന്നും ബലമേകുന്നു. ഒരു വിശുദ്ധന്റെ പരിപാവനതയോടും, ദൈവദൂതന്റെ വ്യക്തിപ്രഭാവത്തോടും കൂടിയാണ് തിരുസഭയിൽ ആ മഹാത്മാവ് പ്രവർത്തിച്ചത്. പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യേ ധീരനായി പോരാടി, വിജയംവരിച്ചു. വിവിധ ശാസ്ത്രങ്ങളിലും, കലകളിലും, ഭാഷകളിലും, അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം വിസ്മയാവഹമാണ്. മാർ ഈവാനിയോസ് തിരുമേനിയെ കത്തോലിക്കാ സഭയുമായുള്ള എഴുത്തുകുത്തുകൾക്കും പുനരൈക്യശ്രമങ്ങൾക്കും ഓർത്തഡോക്സ് സഭ നിയോഗിച്ചിരുന്നു. ഈ ഒരു പരിശ്രമം അതിന്റെ ഉദ്ദേശലക്ഷ്യത്തിലേക്ക് നീങ്ങിയ അവസരത്തിലാണ് ഓർത്തഡോക്സ് സഭയിലെ പ്രമാദമായ വട്ടിപ്പണക്കേസ് മെത്രാൻകക്ഷിക്ക് അനുകൂലമായി വിധിച്ചത്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിധി തങ്ങൾക്കനുകൂലമായതുമൂലം കൂടെ ഉണ്ടായിരുന്നവരൊക്കെ കത്തോലിക്കസഭയുമായുള്ള സഭൈക്യ ശ്രമങ്ങളിൽ നിന്ന് പിൻവാങ്ങി. മാർ ഈവാനിയോസ് തിരുമേനി മുന്നോട്ടുവച്ച കാൽ പിന്നോട്ട് വയ്ക്കാതെ സധൈര്യം മുന്നോട്ടുപോയി ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേർന്നു. കോടതിവിധിയിൽ വിജയവും പരാജയവും കണ്ടെത്തുന്ന ഒരു സഭയ്ക്ക് ശാശ്വത സമാധാനമുണ്ടാവുകയില്ല. മാർ ഈവാനിയോസ് തിരുമേനി കോടതി വിധി മറികടന്ന് ദൈവത്തിന്റെ ഇഷ്ടം നിറവേറാനായി പോരാടിയപ്പോൾ ശാശ്വത സമാധാനത്തിന്റെ ചാലകശക്തിയായി വളർന്നുവരുവാൻ ദൈവം മലങ്കര സുറിയാനി കത്തോലിക്കാസഭയെ അനുഗ്രഹിച്ചു. സാർവ്വത്രിക സഭയുമായുള്ള ബന്ധം വഴിയായി ആത്മീയമായി കൂടുതൽ ഉയരുവാൻ സഭൈക്യം വഴിതെളിച്ചു, മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യപരിശ്രമങ്ങളുടെ ഫലം നാം ഇന്ന് അനുഭവിക്കുന്നു. അതിന്റെ മാനങ്ങൾ സകല മനുഷ്യർക്കും മനസ്സിലാകുകയും ചെയ്യുന്നു.

അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത

കോട്ടയത്തിനടുത്ത് ഒളശ്ശയിൽ കളപ്പുരയ്ക്കൽ എബ്രഹാം തരകന്റെയും അച്ചാമ്മയുടെയും മകനായി 1891 ഫെബ്രുവരി 26 ന് ജനിച്ചു. 1930 സെപ്റ്റംബർ 20 ന് പുനരൈക്യപ്പെട്ടു. 1932-ൽ തിരുവല്ല രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. 1956 ജൂൺ 29-ാം തിയതി കാലംചെയ്തു.

തെയോഫിലോസ് തിരുമേനിയുടെ പ്രാർത്ഥനാ ജീവിതവും, മനോഹരമായ ആരാധനയും ഏവരേയും ഒരു പാട് ആകർഷിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ''മാലാഖായ്ക്ക് സദൃശ്യനായവൻ'' എന്ന് വിളിച്ചിരുന്നു. തിരുമേനി പ്രാർത്ഥിച്ചിരുന്ന സ്ഥലമാണ് ഇന്നത്തെ പുഷ്പഗിരി ഇരിക്കുന്ന സ്ഥലം, ചെറുപുഷ്പഗിരി അരമന. തിരുമേനി ആദ്യം താമസിച്ചിരുന്ന ഇടമാണ് ഇന്നത്തെ കത്തീഡ്രൽ നിലനിൽക്കുന്ന ഇടം. ഇവ രണ്ടും മലങ്കരസഭയ്ക്ക് അഭിമാന കാരണമായി ഇന്നും നിലകൊള്ളുന്നു. തിരുമേനിയുടെ മനോഹരമായ ആരാധനയും ഗീതങ്ങളും കേൾക്കുവാനായിട്ട് അടുത്തുള്ള ബ്രാഹ്മണ കുടുംബങ്ങളിലുള്ളവർ പോലും ദൈവാലയത്തിനടുത്ത് വന്നു നിൽക്കുമായിരുന്നു. അത്രയ്ക്ക് മനോഹരമായിരുന്നു അദ്ദേഹത്തിന്റെ ആരാധന. തിരുമേനിയുടെ പുണ്യജീവിതം തിരുവല്ലാ ഭദ്രാസനത്തിന് വലിയ അനുഗ്രഹമായിരുന്നു. ഓർത്തഡോക്സ് സഭയിലെ ബഥനിയിലായിരുന്നപ്പോൾ ബഥനിയുടെ ഗുരു അച്ചനായിരുന്നു അദ്ദേഹം.

അനുഗ്രഹീതമായ തിരുമേനിയുടെ മഹത്തായ ശുശ്രൂഷാ ജീവിതം വഴിയായി വലിയ ഒരു ആദ്ധ്യാത്മിക അടിത്തറ തിരുവല്ലാ ഭദ്രാസനത്തിൽ പണിതുയർത്തുവാൻ അദ്ദേഹത്തിന് സാധിച്ചു.

ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

മല്ലപ്പള്ളിക്കടുത്ത് ആനിക്കാട് വാളക്കുഴിയിൽ ഉമ്മൻ, അക്കമ്മ ദമ്പതികളുടെ മകനായി 1894 ഏപ്രിൽ 7-ാം തീയതി ജനിച്ചു. നിരണം ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നു. 1937 നവംബർ 23-ാം തീയതി പുനരൈക്യപ്പെട്ടു. 1938 നവംബർ 20-ാം തീയതി തിരുവല്ലാ ഭദ്രാസനത്തിന്റെ അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററായും 1950-ൽ ഭദ്രാസനമെത്രാപ്പോലീത്തയായും നിയമിക്ക

പ്പെട്ടു. 1955 ജനുവരി 18-ാം തീയതി കാലം ചെയ്തു.

സേവേറിയോസ് തിരുമേനി അറിയപ്പെട്ടിരുന്നത് ''അഭിനവ സാവൂൾ'' എന്നാണ്. സാവൂൾ കർത്താവിന്റെ സഭയെ പീഡിപ്പിക്കാനായി എത്ര മാത്രം ഇറങ്ങിപ്പുറപ്പെട്ടോ, അതിന്റെ പതിൻമടങ്ങ് കർത്താവിന്റെ സഭയിൽ വന്നതിന് ശേഷം സഭയെ ബലപ്പെടുത്തുന്നതിനായി നെറുകയും കുറുകയും ഓടുകയും ചെയ്തു. എന്നതുപോലെ തന്നെ പുനരൈക്യപ്രസ്ഥാനത്തോട് എതിർപ്പ് പ്രകടിപ്പിച്ച ഒരു വലിയ മെത്രാപ്പോലീത്തയായിരുന്നു നിരണം ഭദ്രാസനാദ്ധ്യക്ഷനായിരുന്ന സേവേറിയോസ് മെത്രാപ്പോലീത്ത എന്നാൽ കത്തോലീക്കാസഭയിലേക്ക് അദ്ദേഹം പുനരൈക്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ വരവ് തിരുവല്ല അതിരൂപതയ്ക്കും മലങ്കരകത്തോലിക്കാ സഭയ്ക്ക് മുഴുവനും വലിയ ശക്തിപകർന്നു. തെയോഫിലോസ് തിരുമേനി രോഗശയ്യയിലായിരുന്നപ്പോൾ, സഭയുടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ച് തുടങ്ങിയിരുന്നു. ഈ ഒരു കാലയളവിലാണ് തീക്ഷ്ണശാലിയായ സെവേറിയോസ് തിരുമേനി സഭയിലേക്ക് കടന്നു വരുന്നത്. അദ്ദേഹം ഇപ്പോഴത്തെ തിരുവല്ല മേരിഗിരി അരമന വാങ്ങിക്കുകയും, അവിടെ താമസമാക്കുകയും ചെയ്തു. തിരുവല്ലാ അതിരൂപതയിൽ ആദ്യമായി സ്കൂളുകൾ തുടങ്ങിയതും അദ്ദേഹത്തിന്റെ കാലത്താണ്. കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടപ്പോഴും സഹോദരിസഭകളോട് അതിരറ്റസ്നേഹം അവിടുന്ന് പ്രകടിപ്പിച്ചിരുന്നു.

അഭിവന്ദ്യ തോമസ് മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്ത

കോട്ടയത്തിനടുത്ത് ചിങ്ങവനത്തെ തേർവാടി കുടുംബത്തിൽ തൊമ്മച്ചൻ കുരുവിളയുടേയും പളളം ഒറ്റത്തെക്കൽ നൈത്തിയമ്മയുടേയും ദ്വീതിയ മകനായി 1884 ജനുവരി 4-ാം തീയതി ജനിച്ചു. 1939 നവംബർ 12ന് പുനരൈക്യപ്പെട്ടു. 1943 ഫെബ്രുവരി 23-ാം തീയ്യതി കാലംചെയ്തു.



ക്നാനായ യാക്കോബായ സഭയിൽ വൈദികനായിരിക്കെ കത്തോലിക്കസഭയിലേക്ക് പുനരൈക്യപ്പെടുകയും, അതിനുശേഷം ഭദ്രാസനത്തിൽ ഒരു ബിഷപ്പില്ലാതെ വന്ന അവസരത്തിൽ അവർ അദ്ദേഹത്തെ വിളിച്ച് കൊണ്ടുപോവുകയും ചെയ്തു. മെത്രാനായി അഭിഷേകം ചെയ്തതിനുശേഷം പുനരൈക്യത്തിന്റെ പ്രസക്തി മനസ്സിലാക്കി അദ്ദേഹം തനിക്കുണ്ടായിരുന്ന ഭദ്രാസനവും അതിന്റെ എല്ലാ അധികാരങ്ങളും, അവകാശങ്ങളും ഉപേക്ഷിച്ച് കത്തോലിക്കാ സഭയിലേക്ക് മടങ്ങി. ഭദ്രാസന ഭരണമില്ലാതെ തിരുമൂലപുരം സെന്റ് മേരീസ് ഇടവകയിൽ തപസ്സിലും, പ്രാർത്ഥനയിലും ജീവിതം നയിച്ചു. അദ്ദേഹത്തിന്റെ പുണ്യജീവിതം പുനരൈക്യ പ്രസ്ഥാനത്തിന് ഒരു വലിയ താങ്ങായിരുന്നു. കാരണം ഒരു അധികാരവുമില്ലെങ്കിലും കത്തോലിക്ക സംസർഗ്ഗം വളരെ പ്രധാനമാണ് എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത

തിരുവല്ലാക്കടുത്ത് തിരുമൂലപുരത്ത് പോളച്ചിറയ്ക്കൽ ചെറിയാന്റേയും സാറാമ്മയുടേയും മകനായി 1908 ഫെബ്രുവരി 18-ാം തീയതി ജനിച്ചു.

പുനരൈക്യത്തിന് ശേഷം തിരുവല്ലാരൂപതയ്ക്കുവേണ്ടി തിരുവനന്തപുരം അതിരൂപതയുടെ സെമിനാരിയിൽ ചേർന്നു 1946 ഓഗസ്റ്റ് 24 ന് വൈദിക പട്ടം സ്വീകരിച്ചു. 1955 ജനുവരി 27 ന് തിരുവല്ലാ ഭദ്രാസന മെത്രാപ്പോലീത്തയായി മാർപ്പാപ്പ നിയമിച്ചു. 1977 സെപ്റ്റംബർ 28 ന് കാലംചെയ്തു.

സേവേറിയോസ് തിരുമേനിക്കുശേഷം തിരുവല്ലാ ഭദ്രാസനത്തെ നയിക്കുവാൻ വിളിലഭിച്ച ആചാര്യശ്രേഷ്ഠൻ. തിരുമേനി രൂപതയുടെ ഭരണമേൽക്കുമ്പോൾ രൂപത വലിയ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. അതുകൊണ്ട് തിരുമേനിയുടെ പ്രധാന ഉദ്ദേശം രൂപതയെ സാമ്പത്തികമായി



ബലപ്പെടുത്തുക എന്നതായിരുന്നു. ആയതിനാൽ ബത്തേരി, പുത്തൂർ, മൂവാറ്റുപുഴ ഭദ്രാസനങ്ങളിലെ പ്രധാന ഇടങ്ങളിലെല്ലാം സ്ഥലങ്ങളും തോട്ടങ്ങളുമൊക്കെ വാങ്ങിച്ചത് തിരുമേനിയുടെ കാലയളവിലാണ്. മിഷനുകളുടെ വളർച്ച്യ്ക്ക് അദ്ദേഹം എല്ലാറ്റിനേക്കാളും ശ്രദ്ധ ചെലുത്തിയിരുന്നു. ഈ പ്രദേശങ്ങളെയൊക്കെ സ്വയം പര്യാപ്തതയിലെത്തിക്കാൻ തിരുമേനിയുടെ ഈ ദീർഘവീക്ഷണം സഹായിച്ചു. തിരുവല്ലാ രൂപത വിഭജിച്ചപ്പോൾ സ്വഭാവികമായും തിരുവല്ലായിലെ തന്നെ ഒരു വൈദികനെ ബത്തേരിയിൽ ബിഷപ്പാക്കാമായിരുന്നു. എന്നാൽ അദ്ദേഹം ചെയ്തത് അന്ന് മലങ്കര സഭയിൽ പ്രഗത്ഭനായിട്ടുള്ള സിറിൾ അച്ചനെ ബത്തേരിരൂപതയുടെ പ്രഥമ മെത്രനായി നിയമിച്ചു. അതുകൊണ്ട്, ബത്തേരി രൂപതയിൽ അതിന്റെ ആരംഭത്തിൽ തന്നെ വലിയ മുന്നേറ്റം ഉണ്ടായി. അവിടുത്തെ മേലദ്ധ്യക്ഷൻ പിന്നീട് സഭയുടെ പ്രധാന ചുമതലക്കാരനായി വരികയും ചെയ്തു. അത് അത്തനാസിയോസ് തിരുമേനി അദ്ദേഹത്തെ മെത്രാൻ പദവിയിലേക്ക് കൊണ്ടുവന്നതു കൊണ്ടാണ് എന്ന് പറയുവാൻ കഴിയും. അതില്ലായിരുന്നുവെങ്കിൽ സഭയുടെ ചരിത്രം മറ്റൊന്നായിത്തീരുമായിരുന്നു. ഇന്ന് മലങ്കര സഭയിലുള്ള ആരാധന ക്രമപരമായിട്ടുള്ള നന്മ ഈ തിരുമേനിയുടെ കാലത്തുണ്ടായിട്ടുള്ളതാണ്. ആരാധനക്രമത്തോട് അതുല്യമായ സ്നേഹം തിരുമേനിക്കുണ്ടായിരുന്നു. പ്രാർത്ഥനകളും ഗീതങ്ങളും, ശുശ്രൂഷ രീതികളുമൊക്കെ വൈദിക വിദ്യാർത്ഥികളെ അദ്ദേഹം പഠിപ്പിക്കുമായിരുന്നു. അങ്ങനെ, അരാധനക്രമത്തിന്റെ ഏകീകരണത്തിന് വലിയ സംഭവന അദ്ദേഹം നൽകി.

അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത

എറണാകുളം, വെളിയനാട് കുട്ടപ്പാക്കിൽ വർക്കിയുടെയും മറിയാമ്മയുടേയും മകനായി 1930 ജൂലൈ 1-ന് ജനിച്ചു. 1954 ഡിസംബർ 7-ന് വൈദികപട്ടം സ്വീകരിച്ചു. 1978 ഡിസംബർ 28-ന് തിരുമൂലപുരത്ത് വച്ച് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത മെത്രാഭിഷേകം നൽകി. 1987 ഏപ്രിൽ 28-ാം തിയ്യതി കാലം ചെയ്തു.

അത്തനാസിയോസ് തിരുമേനിയുടെ പിൻഗാമിയായാണ് ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത വരുന്നത്. ചൂരുങ്ങിയ ഒരു കാലഘട്ടം കൊണ്ട് മനുഷ്യസ്നേഹത്തിന്റേയും, അപരനോടുള്ള പരിഗണനയുടേയും വലിയ പ്രതീകമായി മാറുവാൻ തിരുമേനിക്ക് കഴിഞ്ഞു. ഒരു ഇടവക വൈദികൻ മെത്രാനായി മാറിയപ്പോൾ ഇടവകവൈദികരുടെ പ്രയാസങ്ങളിലേക്ക്, ബുദ്ധിമുട്ടുകളിലേക്ക്, ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിഞ്ഞു എന്നത് എടുത്ത് പറയേണ്ട കാര്യമാണ്. അദ്ദേഹം നല്ലൊരു ഇടവക മിഷനറി ആയിരുന്നു. ഇന്നത്തെ ബത്തേരി രൂപതയുടെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട് തിരുവല്ല രൂപതയിലെ വൈദികരുടെ മുഴുവൻ സംരക്ഷണം രൂപതയുടെ ഉത്തരവാദിത്വമായിക്കണ്ട് വൈദികരുടെ ചികിത്സയ്ക്കാവശ്യമായുള്ള Provident fund പൂർണ്ണമായും രൂപത നൽകുന്ന സമ്പ്രദായം അദ്ദേഹമാണ് തുടങ്ങിവച്ചത്.

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

കല്ലുപ്പാറ തങ്ങളത്തിൽ ഇടിക്കുള, അന്നമ്മ ദമ്പതികളുടെ മകനായി 1916 ഫെബ്രുവരി 1-ാം തിയ്യതി ജനിച്ചു. 1932 ൽ കുടുംബാംഗങ്ങളാരുമറിയാതെ ഏകനായി പുനരൈക്യപ്പെട്ടു. തുടർന്ന് ബഥനി ആശ്രമത്തിൽ ചേർന്നു. 1944 ആഗസ്റ്റ് 24 ന് വൈദികപട്ടം സ്വീകരിച്ചു. 1953 ജനുവരി 29 ന് മാർ ഈവാനിയോസ് തിരുമേനി മെത്രാഭിഷേകം നൽകി. 1955 ജനുവരിയിൽ തിരുവനന്തപുരം ആർച്ച് ബിഷപ്പായി അവരോധിക്കപ്പെട്ടു. 1994 ഒക്ടോബർ 10 ന് കാലം ചെയ്തു.

തിരുമേനി മലങ്കര സഭയുടെ ഒരു കാലഘട്ടത്തിലെ പ്രതീകമായിരുന്നു. ബനഡിക്ട് തിരുമേനിയുടെ സഭ

എന്നാണ് ഈ സഭ അന്ന് അറിയപ്പെട്ട് കൊണ്ടിരുന്നത്. കാരണം ഇന്ത്യയിലെ The Archbishop എന്ന് പറഞ്ഞാൽ അത് ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു. തിരുമേനി കാലം ചെയ്തപ്പോൾ പത്രങ്ങൾ എഴുതി, ''Archbishop'' കാലം ചെയ്തു അന്ന് ഭാരതത്തിൽ നിരവധി ആർച്ച് ബിഷപ്പുമാരുണ്ടായിരുന്നു എങ്കിലും The Archbishop ഗ്രിഗോറിയോസ് തിരുമേനി മാത്രമായിരുന്നു. ഓർത്തഡോക്സ് സഭാംഗം ജൂറിയായിരുന്ന ഒരു സംഘമാണ് ''ആചാര്യ അവാർഡ്'' നൽകി തിരുമേനിയെ ആദരിച്ചത്. അന്ന് അവർ പറഞ്ഞു, ''മാർ ഗ്രിഗോറിയോസ് തിരുമേനി ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ആചാര്യനല്ല, മറിച്ച് അദ്ദേഹം ഭാരതത്തിന്റെ ആചാര്യനാണ്.'' അതുപോലെ പൊതുസമൂഹത്തിൽ തിരുമേനി ഇടപെടാത്ത മേഖലകളില്ല. ഭാരതത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, വിദ്യാഭ്യാസ, മതപരമായ എല്ലാ മേഖലകളിലും തന്റേതായ സംഭാവനകൾ നൽകിയിരുന്ന വ്യക്തിത്വമാണ് തിരുമേനിയുടേത്. അതുകോണ്ട് എല്ലാവർക്കും, നിരിശ്വരൻമാർക്ക് പോലും, തിരുമേനിയോട് അകമഴിഞ്ഞ സ്നേഹമുണ്ടായിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാട് തിരുമേനിയേകുറിച്ച് പറഞ്ഞിട്ടുള്ളത്, ''ഈ കേരളത്തിൽ ഞാനൊരു മതാദ്ധ്യക്ഷനെ ബഹുമാനിക്കുന്നുണ്ടെങ്കിൽ അത് തിരുവനന്തപുരത്തെ ബനഡിക്ട് തിരുമേനിയെ ആണ്. കാരണം അദ്ദേഹം ഒരു മനുഷ്യസ്നേഹിയാണ്.'' M.N. ഗോവിന്ദൻനായരുടെ ലക്ഷം വീട് പദ്ധതിയുടെ പ്രചാരകനും, പ്രചോദകനും, മാർ ഗ്രീഗോറിയോസ് തിരുമേനിയായിരുന്നു. അദ്ദേഹമൊരിക്കൽ പറഞ്ഞു, ''M.N. ഗോവിന്ദൻ നായരില്ലാത്ത ഒരു സ്വർഗ്ഗം എനിക്ക് വേണ്ട കാരണം ദൈവം അന്ത്യവിധിയാൽ ചോദിക്കും, എനിക്ക് വിശന്നു, ദാഹിച്ചു, ഞാൻ പരദേശിയായിരുന്നു, ഞാൻ നഗ്നനായിരുന്നു. അങ്ങനെയുള്ളതിൽ മനുഷ്യർക്ക് പാർപ്പിടം ഉണ്ടാക്കികൊടുക്കുവാനായിട്ട് അദ്ദേഹം മുൻകൈ എടുത്തത് കൊണ്ട് ദൈവതിരുമുൻപാകെ അദ്ദേഹത്തിന് പ്രീതി ഉണ്ടാകും. അതുകൊണ്ട് അദ്ദേഹം സ്വർഗ്ഗത്തിൽ പോകുമെന്ന് തിരുമേനി വിശ്വസിച്ചിരുന്നു. തിരുമേനിയുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് ദൈവീക സാന്നിദ്ധ്യം കൊടുക്കുന്നതായി പലരും സാക്ഷിച്ചിട്ടുണ്ട്. ഒരു spiritual vibration അദ്ദേഹം ഇടപെടുന്ന മേഖലകളിലെല്ലാം ഉണ്ടായിരുന്നു. അതുകൊണ്ട് തിരുമേനി കാലം ചെയ്തപ്പോൾ തിരുവനന്തപുരത്തെ ഹൈന്ദവർ എഴുതിവച്ച ഒരു ബാനർ ഉണ്ട്, ''അനന്തപുരിയുടെ അത്മീയ തേജസ്സേ പ്രണാമം''. തിരുമേനിയുടെ പുണ്യജീവിതം ആദ്ധ്യത്മിക ജീവിതത്തിന് അവധി കൊടുത്തിരുന്നില്ല. ചിട്ടയായ പ്രാർത്ഥനകൾ, എല്ലാ ദിവസവും ഒരു മണിക്കൂർ ആരാധന, എല്ലാ വെള്ളിയാഴ്ചകളിലും കുരിശിന്റെ വഴി, യാമ പ്രാർത്ഥനകൾ എന്നിവ മുടക്കം കൂടാതെ നടത്തിയിരുന്നു. പ്രാർത്ഥനയുടെ സമയത്ത് തന്നെ കാണാൻ വരുന്നവരെ തന്റെ കൂടെ പ്രാർത്ഥിക്കാനും, ഭക്ഷിക്കാനും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു. പാവങ്ങളോട് തിരുമേനിക്ക് വലിയ സ്നേഹമായിരുന്നു. സെക്രട്ടറിമാരായിരുന്ന വൈദികർ പറഞ്ഞിട്ടുണ്ട്, ''ഏത് ദേവാലയത്തിൽ തിരുമേനി ചെന്നാലും, ആ പള്ളിയിൽ ഏറ്റവും മുഷിഞ്ഞ വെഷം ഇട്ടിരുന്ന സ്ത്രീയെയോ, പുരുഷനേയോ ആയിരിക്കും തിരുമേനി ആദ്യം attend ചെയ്തിരുന്നത് എന്ന്'. തിരുമേനിയെ കാണാൻ മന്ത്രിമാർ പോലുള്ള ആളുകൾ നിൽക്കുമ്പോൾ തിരുമേനി മുറിതുറന്ന് വരുമ്പോൾ ഒരു പാവം പിടിച്ച ഒരുവൻ അവിടെ നിൽപുണ്ടെങ്കിൽ ആദ്യം അവനെ കാണുകയും എന്നിട്ട് അവിടെ നിൽക്കുന്ന മന്ത്രിമാർ പോലുള്ളവരോട് പറയും, നിങ്ങൾ എല്ലാവരും വാഹനത്തിൽ വന്നിരിക്കുന്നവരാണ് ഇദ്ദേഹം ബസ്സിൽ കയറിപ്പോകണ്ടേ. അതുകൊണ്ട് ഇദ്ദേഹത്തിന്റെ കാര്യം കഴിഞ്ഞിട്ട് നമുക്ക് കാണാം. അങ്ങനെ പാവങ്ങളോടുള്ള ഒരു പക്ഷംചേരൽ അദ്ദേഹത്തിന്റെ ജീവിതത്തിനുടനീളം ഉണ്ട്. തിരുമേനി മെത്രാനായപ്പോൾ നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു, ''ഞാനൊരു പാവമാണ്. എനിക്ക് പാവങ്ങ

ളോട് സ്നേഹമുണ്ട്.'' ജീവിതത്തിന്റെ അവസാനം വരെ തിരുമേനി അത് കാത്തുസൂക്ഷിച്ചു. തിരുമേനി കാലം ചെയ്തപ്പോൾ കേരളചരിത്രത്തിൽ ആദ്യമായി ഒരു മെത്രാന് പൂർണ്ണ സംസ്ഥാന ബഹുമതികളോടുകൂടിയ ഒരു ശവസംസ്കാരം സംസ്ഥാന ഗവൺമെന്റ് നൽകി അദ്ദേഹത്തെ ആദരിച്ചു. അതുകൊണ്ട് ഗ്രിഗോറിയോസ് തിരുമേനിയെ എല്ലാവരും വലിയ സ്നേഹത്തോട് കൂടി ഓർമ്മിക്കുന്നു.

അഭിവന്ദ്യ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത

നെല്ലിക്കാക്കുഴിക്കടുത്തുള്ള വെള്ളലുമ്പിൽ ജസ്റ്റസിന്റേയും വിക്ടോറിയയുടേയും മകനായി 1928 മെയ് 15-ാം തിയ്യതി ജനിച്ചു. 1953 മെയ് 14 ന് മാർ ഗ്രിഗോറിയോസ് തിരുമേനി വൈദികപട്ടം നലകി. 1980 ൽ പരി. പിതാവ് ഫാദർ ലോറൻസിനെ തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രനായി നിയമിച്ചു. 1994 ൽ മാർ ഗ്രിഗോറിയോസ് തിരുമേനി കാലം ചെയ്തപ്പോൾ അതിരൂപതയുടെ അഡ്മിനിട്രേറ്ററായി. 1996 ഡിസംബർ 18 ന് തിരുവനന്തപൂരം അതിരൂപത വിഭജിച്ച് മാർത്താണ്ഡം രൂപത സ്ഥാപിച്ചപ്പേൾ രൂപതയുടെ പ്രഥമമെത്രാപ്പോലീത്തയായി മാർ അപ്രേം മെത്രാപ്പോലീത്തായെ പരി. പിതാവ് നിയമിച്ചു. 1997 ജനുവരി 1 ന് സ്ഥാനമേറ്റു. 1997 ഏപ്രിൽ 8-ാം തിയ്യതി കാലം ചെയ്തു.

തിരുവനന്തപുരം അതിരൂപതയിലെ മിഷനുകൾ പണിതുയർത്തുന്നതിൽ വലിയ പങ്കുവഹിച്ച വ്യക്തിത്വം. പ്രത്യേകിച്ച് മാർത്താണ്ഡം, തിരുവനന്തപൂരത്തിന്റെ പ്രാന്ത പ്രദേശങ്ങളിലുള്ള ഇന്ന് കാണുന്ന പല ദൈവാലയങ്ങളുടേയും, മിഷൻ പ്രവർത്തനങ്ങളുടെയും ചുമലതക്കാരനായിട്ട് വിളങ്ങിയ മനുഷ്യൻ. ''Health for million''എന്ന പ്രസ്ഥാനത്തിന്റെ ഒരു പ്രവർത്തകനായി നിലനിന്നുകൊണ്ട് രോഗികളെ ചികിത്സിക്കുന്നതിനും, ഭക്ഷണം എത്തിക്കുന്നതിനും, ഒരു വൈദികനായ നാൾ മുതൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മലങ്കര ആരാധനക്രമം തമിഴ് ഭാഷയിലേക്ക് കൊണ്ട് വരുന്നതിനും, ദൈവജനത്തെ പരിശിലിപ്പിക്കുന്നതിനും വലിയ പ്രാധാന്യം നൽകിയിരുന്നു.

അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത



തോഴിയൂരിൽ തോമസ്സിന്റേയും, താണ്ടക്കുട്ടിയുടേയും മകനായി 1928 ഏപ്രിൽ 28-ന് ജനിച്ചു. 1961 ഡിസംബർ 24 ന് വൈദിക പട്ടവും, 1967 ഡിസംബർ 16 ന് തോഴിയൂർ സഭയുടെ പരമാദ്ധ്യക്ഷനായും അവരോധിക്കപ്പെട്ടു. 1977 ഓഗസ്റ്റ് 28-ാം തിയ്യതി പുനരൈക്യപ്പെട്ടു. 1998 നവംബർ 3-ാം തിയ്യതി തിരുമേനി കാലം ചെയ്തു.

മലബാർ സ്വതന്ത്ര സുറിയാനി സഭ (തോഴിയൂർ സഭ)യിൽ നിന്ന് നിരുപാധികം, ഒരു സ്ഥാനവും ആവശ്യപ്പെടാതെ കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെട്ടതാണ് പീലക്സിനോസ് തിരുമേനി. അദ്ദേഹത്തെ കത്തോലിക്ക സഭയിലേക്ക് പുനരൈക്യപ്പെടുത്തുവാനുണ്ടായ സാഹചര്യം അദ്ദേഹം സഭാദ്ധ്യക്ഷനായിരിക്കുന്ന സഭയുടെ ചരിത്രത്തിന് 300 വർഷത്തെ പഴക്കമുണ്ട്. ആ സഭയിൽ അന്നുണ്ടായിരുന്നവർ തന്നെ നിലനിന്ന് പോരുന്ന ഒരു സംമ്പ്രദായം നിലനിൽക്കുന്നതല്ലാതെ ഈ സഭയ്ക്ക് ഒരു വളർച്ചയും ഉണ്ടായിട്ടില്ല. അതേസമയം കേവലം അഞ്ചുപേരായി തുടങ്ങി വളരെ പ്രതിസന്ധികളിലൂടെ കടന്നുപോയ ഒരു സഭാസമൂഹം ഇക്കാലഘട്ടത്തിൽ ഒരു വലിയ സഭയായി വളർന്നു. അത്തരത്തിലുള്ള വളർച്ചയ്ക്ക് പിന്നിൽ സിശ്ചയമായും ദൈവത്തിന്റെ കരമുണ്ട്. അതുകൊണ്ട് കത്തോലിക്ക സംസംർഗ്ഗം ദൈവനിയോഗമാണ് എന്ന് മനസ്സിലാക്കിയാണ് കത്തോലിക്ക സഭയിലേക്ക് കടന്ന് വരുന്നത എന്ന് പലയിടങ്ങളിലും അദ്ദേഹം പരാമർശിച്ചിട്ടുണ്ട്. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രസക്തി 20-ാം നൂറ്റാണ്ടിലും കുടിയിട്ടേയുള്ളൂ എന്ന് വിളിച്ചോതുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കബാവ

പന്തളത്തിനടുത്ത് ഉള്ളന്നൂർ മലഞ്ചെരുവിൽ മത്തായിയുടെയും, ഏലിയാമ്മയുടേയും മകനായി 1935 ഓഗസ്റ്റ് ജനിച്ചു. 1951 ൽ ബഥനി ആശ്രമത്തിൽ ചേർന്നു. 1978 നവംബർ 18 ന് ബത്തേരി രൂപതയുടെ പ്രഥമ മെത്രാനായി പ്രഖ്യാപിക്കപ്പെട്ടു. 1979 ഡിസംബർ 28 ന് തിരുമൂലപുരത്ത് വച്ച് മാർ ഗ്രിഗോറിയോസ് തിരുമേനി മെത്രാഭിഷേകം നൽകി. 1995 നവംബർ 28-ാം തിയ്യതി മലങ്കര സുറിയാനി കത്തോലിക്കസഭാദ്ധ്യക്ഷനായി. 2005 ഫെബ്രുവരി 10 ന് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ മേജർ ആർച്ച് ബിഷപ്പ് കതോലിക്കോസായി നിയമിക്കപ്പെട്ടു. 2007 ജനുവരി 18-ാം തിയ്യതി കാലം ചെയ്തു. മലങ്കര സുറിയാനി കത്തോലിക്കസഭ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർന്നത് തിരുമേനിയുടെ കാലത്താണ്.

ഒരു കുടിയേറ്റ മേഖലയായ ബത്തേരി ഭദ്രാസനം ചുരുങ്ങിയ കാലം കൊണ്ട് ഉന്നതിലേക്കുയർന്നത് തിരുമേനിയുടെ സാമർത്ഥ്യം കൊണ്ട് മാത്രമാണ്. തിരുമേനി ബത്തേരിയുടെ മെത്രാനായിരിക്കുന്ന കാലത്താണ് അവിടെ Social Service Center, Shreyas സ്ഥാപിക്കുന്നത്. അത് ഇന്ത്യയിലെ തന്നെ ഒന്നാമത്തെ മികച്ച സാമൂഹിക ക്ഷേമ കേന്ദ്രമായി വളർന്ന് വന്നു. വയനാട്ടിലെ ആദിവാസി കുടിലുകളിലേക്ക് ആഴ്ന്നിറങ്ങുവാനും, അവരെ പുരോഗതിയുടെ, വളർച്ചയുടെ തലത്തിലേയ്ക്ക് ഉയർത്തുവാനും, Shreyas വഴിയായി തിരുമേനിക്ക് കഴിഞ്ഞു. പൊതുസമൂഹത്തോടുള്ള അദ്ദേഹത്തിന്റെ committment എടുത്ത് പറയേണ്ട വസ്തുതയാണ്. വിദ്യാഭ്യാസത്തിലുടെ മാത്രമെ വികസനം സാദ്ധ്യമാകൂ എന്ന ദർശനത്തിൽ അടിയുറച്ച് കൊണ്ട് വയനാട്ടിലെ തന്നെ അദ്യത്തെ ഇംഗ്ലീഷ് മിഡിയം സ്കൂൾ (St. Joseph English Medium School, Bathery) അദ്ദേഹം ബത്തേരിയിൽ സ്ഥാപിച്ചു. അത് വലിയ തുറവിയുടെ ആരംഭമായിരുന്നു. അതുകൊണ്ട് എവിടെയൊക്കെ ദേവാലയമുണ്ടോ അവിടെയൊക്കെ ധാരാളം സ്ഥലം വാങ്ങുകയും, വികസനത്തിനുളളതായ അടിസ്ഥാനസൗകര്യങ്ങളൊക്കെ പളളിയോട് ചേർന്ന് അദ്ദേഹം ഒരുക്കുകയും ചെയ്തു. ബത്തേരി രൂപതയുടെ പ്രധാന സ്ഥപനങ്ങളെല്ലാം തന്നെ തിരുമേനിയുടെ കാലയളവിൽ പണിതുയർത്തിയതാണ് എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. മലങ്കര സഭയെ സംബന്ധിച്ചിടത്തോളം തിരുമേനിയുടെ വലിയ നേതൃത്വം മലങ്കര സഭയ്ക്ക് ഒരു ഏകീകരണ സ്വഭാവം നൽകി, തിരുമേനിയുടെ സഭാദർശനം വളരെ പ്രധാനപ്പെട്ടതാണ്. മലങ്കര സുറിയാനി കത്തോലിക്ക സഭയെ സ്വയം ഭരണാവാകാശമുളള സഭയായി ഉയർത്തിയതിന് പിന്നിൽ തിരുമേനിയുടെ പ്രവർത്തന വൈഭവം തന്നെയാണ്. സഭയിലെ ആരാധനക്രമം ഏകീകരിക്കുക എന്നതായിരുന്നു തിരുമേനിയുടെ ആദ്യ ലക്ഷ്യം. സഭയ്ക്ക് ഏകീകരണ സ്വഭാവം നൽകുന്ന അതിന്റെ ആരാധനക്രമമായിരുന്നു എന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. നമ്മുടെ നന്മയുടെ ''Particular Law''സഭയുടെ ക്രോഡികരിക്കുന്നതിൽ വളരെയധികം പങ്കുവഹിച്ചത് കാനനിസ്റ്റ് കുടിയായ അഭിവന്ദ്യ തിരുമേനിയായിരുന്നു. അതുപോലെ കമ്മീഷനുകളുടെ പ്രവർത്തനങ്ങളെ കുറിച്ചുളള ആശയം സഭയ്ക്ക് നൽകിയതും വന്ദ്യ തിരുമേനിയാണ്. വലിയ ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ കർദ്ദിനാളായിരുന്ന കാലത്ത് പലപ്പോഴും തിരുമേനിയുടെ ദൈവശാസ്ത്ര ചിന്തകളെ ശ്ലാഘിച്ചിട്ടുണ്ട്. തിരുമേനിയുടെ പ്രത്യേകമായ ഒരു സവിശേഷത (Quality) എന്ന് പറയുന്നത് അക്ഷോപ്യനായിട്ടുളള ഒരാളാണ് എന്നതാണ്. എത്ര വലിയ പ്രതിസന്ധി വന്നാലും തിരുമേനിയെ പ്രകോപിതനാക്കുവാൻ ആർക്കും കഴിയില്ല. ഏറ്റവും പെട്ടെന്ന് പ്രകോപിതാനാകുന്നത് ഏറ്റവും ബുദ്ധി കുറഞ്ഞവനാണ്. ഒരിക്കലും പ്രകോപിതാനാകാതിരി

ക്കുക എന്നത് അതിബുദ്ധിമാൻ മാരുടെ ലക്ഷണമാണ്. ഏതൊരു ചോദ്യത്തിനും തിരുമേനിക്ക് ഒരു വ്യക്തമായ ഉത്തരമുണ്ടായിരുന്നു. അത് എല്ലാവരേയും convince ചെയ്യാൻ തക്കവിധത്തിലുള്ള ഉത്തരവുമായിരിക്കും. അതായത് നാം ഒരു കാര്യം ചോദിക്കുമ്പോൾ നാം എടുക്കുന്ന ഒരു ''Breathing space''ൽ തിരുമേനി ആ ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കുമായിരുന്നു. അത് അതിബുദ്ധിമാൻ മാർക്ക് മാത്രമേ കഴിയുകയുള്ളൂ. കാതോലിക്കബാവാ സ്ഥാനത്തേകുറിച്ചു, സ്വാശ്രയപ്രശ്നങ്ങളെക്കുറിച്ചും ആവശ്യമില്ലാത്ത അഭിപ്രായ പ്രകടനങ്ങൾ പലയിടങ്ങളിൽ നിന്ന് ഉണ്ടായപ്പോഴും, തിരുമേനി വളരെ വ്യക്തതയോട് കൂടി, സമചിത്തതയോട് കുടി വളരെ മനോഹരമായി അതിനൊത്ത മറുപടി നൽകി, പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ തിരുമേനിക്ക് കഴിഞ്ഞു. അതുകൊണ്ട് തന്നെ എല്ലാ മേഖലയിലുള്ളവർക്കും അദ്ദേഹത്തോട് ആദരവായിരുന്നു.

മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കബാവ.

തിരുവല്ലക്കടുത്ത് മല്ലപ്പള്ളി പൗവ്വത്തിക്കുന്നേൽ കുടുംബത്തിൽ മുക്കൂർ തോട്ടുങ്കൽ മാത്യൂവിന്റേയും അന്നമ്മയുടേയും മകനായി 1959 ജൂൺ 15 ന് ജനിച്ചു. 1986 ജൂൺ 11 ന് ബത്തേരി രൂപതയ്ക്ക് വേണ്ടി രൂപതാദ്ധ്യക്ഷനായിരുന്ന സിറിൾ മാർ ബസേലിയോസ് തിരുമേനിയുടെ കൈവയ്പ്പാൽ പൗരോഹിത്യം സ്വീകരിച്ചു. ബത്തേരി രൂപതയുടെ നിരവധി ശുശ്രൂഷമേഖലകളിൽ വ്യാപരിച്ച മോൺ. ഐസക്ക് തോട്ടുങ്കൽ അച്ചൻ (ബാവാ തിരുമേനി), 2001 ജൂൺ 18 ന് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനും, വടക്കേ അമേരിക്ക യൂറോപ്പ് എന്നിവിടങ്ങളിലെ അപ്പോസ്തോലിക്ക് വിസിറ്റേറ്ററുമായി നിയമിതനായി. 2001 ഓഗസ്റ്റ് 15 ന് ഐസ്ക്ക് തൊട്ടുങ്കൽ അച്ചൻ ഐസക്ക് മാർ ക്ലീമിസ് എന്ന നാമത്തിൽ മെത്രാനായി അഭിഷിക്തനായി. 2003 ഒക്ടോബർ 2 ന് തിരുവല്ല ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാനമേറ്റു. 2006 ജൂൺ 10 ന് തിരുവല്ല അതിരുപതയുടെ പ്രഥമ മെത്രാപ്പോലിത്തൻ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റു. 2007 ഫെബ്രുവരി 10 ന് മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ദ്വിതിയ കാതോലിക്കബാവയായി പരി. സുന്നഹദോസിൽ തിരഞ്ഞെടുക്കപ്പെട്ടു. 2007 മാർച്ച് 5 ന് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് എന്ന നാമത്തിൽ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസായി സ്ഥാനമേറ്റു.

വലിയ ദൈവശാസ്ത്രജ്ഞനും, സഭാകാര്യങ്ങളിൽ അഗ്രഗണ്യനുമായ സിറിൾ ബസേലിയോസ് കാതോലിക്കാബാവായിൽ നിന്ന് പല കാര്യങ്ങളും കണ്ടു പഠിക്കുകയും, അദ്ദേഹത്തിന്റെ പാത പിൻതുടരുകയും ചെയ്തത് വഴിയായിട്ട് പൊതുസമൂഹത്തിലും സഭയിലും വലിയസ്ഥാനം നേടുവാൻ കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനിക്ക് സാധിച്ചു. ഒരു പക്ഷേ ബാവാതിരുമേനി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാത്രമല്ല ഇതരസഭയുടെയുമിടയിലും ഉന്നതനായിട്ട് നിലകൊള്ളുന്നതിന് കാരണം അദ്ദേഹത്തിന്റെ വ്യക്തി പ്രഭാവം തന്നെയാണ്. ക്ലീമീസ് ബാവാതിരുമേനി വ്യക്തിബന്ധങ്ങളുടെ കാവൽക്കാരനാണ്. വ്യക്തിബന്ധങ്ങൾക്ക് കോട്ടംതട്ടാതെ കൊണ്ട് നടക്കുവാൻ കെൽപ്പുള്ള കർത്താവിന്റെ വിശ്വസ്തനായ കാവൽക്കാരനാണ് അദ്ദേഹം. കണ്ടുമുട്ടുന്ന വർക്കൊക്കെ തന്റെ ഹൃദയത്തിലിടം കൊടുക്കുന്ന തിരുമേനി, ലോകത്തിലെവിടെ സഞ്ചരിച്ചാലും ഒരിക്കലെങ്കിലും കൺമുൻപിൽ വന്നിട്ടുണ്ടെങ്കിൽ അവരെയെല്ലാം പേരുചൊല്ലി വിളിക്കുന്നത് അത്ഭുതത്തോട് കൂടിയാണ് എല്ലാവരും നോക്കിക്കാണുന്നത്. ഇത്രയും വലിയ സ്ഥാനത്തിലെത്തിച്ചേർന്നെങ്കിലും ചെറുപ്പകാലത്ത് തുട

ങ്ങി വച്ച ബന്ധങ്ങൾ ഇന്നും ഒരു കുറവും കൂടാതെ സംരക്ഷിച്ച് പോരുന്നു എന്നുള്ളത് മറ്റാരിലും കാണുവാൻ കഴിയാത്ത നന്മയാണ്. അതുകൊണ്ട് അദ്ദേഹത്തോടൊപ്പമായിരിക്കുവാൻ ഏവരും ആഗ്രഹിച്ചിരുന്നു. അതുപോലെ പാവങ്ങളോടുള്ളതായ തിരുമേനിയുടെ പരിഗണന തിരുമേനിയുടെ പ്രത്യേകതയാണ്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് തിരുമേനിയുടെ ഭവന പദ്ധതി. ആയിരങ്ങൾക്ക് ഭവനം നൽകി പിതാവ് വ്യത്യസ്ഥതയുള്ള വ്യക്തിത്വത്തിനുടമയായി മാറുകയാണ്. തിരുമേനിയെ സൂഷ്മമായി വീക്ഷിച്ചാൽ സഭയെ നയിച്ച മറ്റ് എല്ലാ മേലദ്ധ്യക്ഷന്മാരുടെയും സ്വഭാവസവിശേഷതകൾ തിരുമേനിയിൽ ഒത്തുചേരുന്നതായി നമുക്ക് കണ്ട് മനസ്സിലാക്കുവാൻ കഴിയും. ബാവാതിരുമേനിയുടെ കണ്ണ് ദൈവത്തിന്റെ കണ്ണാണ്. ആ കണ്ണിൽപ്പെടാതെ ആരും കടന്നു പോവുകയില്ല. ഒരു മീറ്റിങ്ങിലായാൽ പോലും ആര് വന്നില്ല ആരൊക്കെ വന്നു എന്ന് പിതാവ് വളരെ കൃത്യമായി പറയും. കണ്ണിൽപ്പെട്ടാൽ ആവശ്യമുള്ള കാര്യങ്ങളിൽ ഇടപെടുവാൻ തക്ക നല്ലമനസ്സും ദൈവം പിതാവിന് നല്കിയിട്ടുണ്ട്. കഴിഞ്ഞ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള പദയാത്രയിൽ തിരുമേനി മുഴുവൻ സമയവും സംബന്ധിച്ചിരുന്നു. ഈ വർഷവും റാന്നി മുതൽ പട്ടം വരെ പദയാത്രകർക്കൊപ്പം നടന്ന് ആത്മീയമായി സഭയെ നയിക്കുന്ന തിരുമേനി ഇടയ്ക്ക് എപ്പോഴോ, എല്ലാവരും മുൻപോട്ട് നടക്കുമ്പോൾ തിരുമേനി പുറകോട്ട് നടക്കുന്നു. ഒരു വൃദ്ധദമ്പതികൾ അദ്ദേഹത്തിന്റെ കണ്ണിൽപെട്ടു. മരത്തിന്റെ മുകളിലിരിക്കുന്ന സക്കേവൂസിന്റെ മനസ്സ് കണ്ട് അവനോട് സംസാരിച്ച്, ആശ്വസിപ്പിച്ച്, അനുഗ്രഹിച്ച് കടന്നുപോയ കർത്താവിനെപ്പോലെ, അന്ന് ആ വൃദ്ധദമ്പതികളുടെ മനസ്സ് കണ്ട് തിരുമേനി അവരോട് സംസാരിച്ച്, ആശ്വസിപ്പിച്ച് അവർക്ക് സ്വന്തമായൊരു ഭവനം നൽകി അനുഗ്രഹിച്ച് കടന്ന്പോവുകയാണ് ഉണ്ടായത്. തിരുമേനിയുടെ അടുത്തുവന്നവരാരും ഇന്ന് വരെ ഭഗ്നാശരായിട്ട് തിരിച്ച്പേയിട്ടില്ല. ആ സഹായത്തിന് മതത്തിന്റേതോ, വർഗ്ഗത്തിന്റേതോ, നിറങ്ങളുടേതോ, ഏറ്റക്കുറച്ചിലിന്റേതോ ആയ ഒരു അതിർവരമ്പുകളുമില്ല. മേൽപ്പട്ടക്കാർ ശീലമുടി ധരിക്കുമ്പോൾ ചൊല്ലുന്ന ഒരു സങ്കീർത്തനമുണ്ട്, ''ഔദാര്യമുള്ളവരെ ആര് കാണിച്ചുതരും അവന്റെ മുഖപ്രകാശം നമ്മുടെമേൽ വിരിക്കട്ടെ.'' ദൈവത്തിന്റെ ഭാവമാണ് ഔദാര്യം. അത് ഭൂമിയിൽ നിലനിർത്തേണ്ടവരാണ് മെത്രാന്മാർ. ഈ ഒരു ഔദാര്യഭാവം ബാവാതിരുമേനിയിൽ ആവോളമുള്ളതുകൊണ്ടാവാം നിമിഷങ്ങൾകൊണ്ടാണ് തിരുമേനിയെ ദൈവം വളർത്തുന്നത്. ബാവാതിരുമേനിയുടെ വാക്കുകളും, പ്രവൃത്തികളും സൗന്ദര്യപൂർണ്ണമാകുന്നതിന്റെ കാരണം ദൈവാത്മാവിന്റെ വലിയ പ്രവർത്തനമാണ്. ആത്മാവിൽ അടിയുറച്ച അദ്ദേഹത്തിന്റെ ജീവിതം ക്രിസ്തുവിന്റെ സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

ആർച്ച് ബിഷപ്പ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത

തിരുവല്ലാക്കടുത്ത് കടപ്രമാന്നാറിൽ പനയ്ക്കാമറ്റം തറവാട്ടിൽ ചക്കാലപ്പടിക്കൽ നൈനാൻ വർഗീസിന്റെയും ഏലിയാമ്മയുടെയും മകനായി 1958 ഒക്ടോബർ 19 ന് ജനിച്ചു. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത വൈദികപട്ടം നല്കി. 1997 ജൂലൈ 5 ന് തിരുവല്ലാ രൂപതയുടെ സഹായ മെത്രാനായി നിയമിച്ചു. 2003 ൽ പുതുതായി രൂപം കൊണ്ട മൂവാറ്റുപുഴ രൂപതയുടെ പ്രഥമ മെത്രാനായി ചുമതലയേറ്റു. 2007 മുതൽ തിരുവല്ല അതിരൂപതയുടെ ദ്വിതീയ ആർച്ച്ബിഷപ്പായി ചുമതല വഹിക്കുന്നു.

വൈദീക വിദ്യാർത്ഥിയായിരുന്ന കാലംമുതൽ എല്ലാത്തിലും ഒന്നാമനായി നില്ക്കുന്ന വ്യക്തിത്വമായിരുന്നു. ഇംഗ്ലീഷ്. ജർമ്മൻ, ഇറ്റാലിയൻ ഭാഷകൾ വളരെ മനോഹരമായി ഉപയോഗിക്കുന്നതിൽ മികവ് തെളിയിച്ചിട്ടുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സുന്നഹദോസ് സെക്രട്ടറിയായ അദ്ദേഹം ആരാധന പാരമ്പര്യം കാത്ത് സൂക്ഷിക്കുന്നതിൽ പ്രത്യേക ശ്രദ്ധചെലുത്തുന്നുണ്ട്. ആയതിനാൽ തന്നെ തിരുമേനിയുടെ ശുശ്രൂഷകൾ ഏവർക്കും മാതൃകാപരമാണ്. സ്നേഹവും എളിമയും മുഖമുദ്രയാക്കിയ തിരുമേനി തിരുവല്ല രൂപതയുടെ അഭിമാനമാണ് ഒരു പകരക്കാരൻ ഇല്ലാത്ത സുന്നഹദോസ് സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത

കടമ്മനിട്ട കല്ലൂർ കുടുംബത്തിലെ മാത്തൻ എബ്രഹാമിന്റെയും, ആച്ചിയമ്മയുടേയും മകനായി 1944 മെയ് 19 ന് ജനിച്ചു. 1973 മെയ് 5 ന് മാർ ഗ്രിഗോറിയോസ് പിതാവ് വൈദികപട്ടം നൽകി. 1998-ൽ മാർത്താണ്ഡം രൂപതയുടെ ദ്വിതീയ മെത്രാനായി. 2010-ൽ പുതുതായി രൂപം കൊണ്ട പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു.

ക്രിസോസ്റ്റം തിരുമേനിയുടെ സ്നേഹബന്ധം, വൈദികരോടുള്ള വാത്സല്യം, ദൈവമക്കളോടുള്ള വലിയ പരിഗണന തിരുമേനിയെ വ്യത്യസ്തനാക്കുന്നു. വലിയ ദൈവാനുഗ്രഹവും, ദൈവികപരിപാലനയിലുള്ള വിശ്വാസവും ഉള്ള വ്യക്തിയായത്കൊണ്ടു തിരുമേനി കടന്ന് ചെല്ലുന്ന മേഖലകളിലെല്ലാം അത്ഭുതകരമായ മാറ്റങ്ങൾക്ക് തിരുസഭ സാക്ഷ്യം വഹിക്കുന്നു. ഉദാഹരണമായി മാർത്താണ്ഡം ഭദ്രാസനത്തിൽ ഇന്ന് നിലവിലിരിക്കുന്ന എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയത് ക്രിസോസ്റ്റം തിരുമേനിയാണ്. തുടർന്ന് പത്തനംതിട്ടയിലും ചുരുങ്ങിയകാലംകൊണ്ട്, കത്തീഡ്രൽ, അരമന, പ്രീസ്റ്റ്ഹോം ഒക്കെ ഏറ്റവും മെച്ചമായ രീതിയിൽ പണികഴിക്കാനും, പത്തനംതിട്ടയിലെ സഭയെ വളർച്ചയിലേക്ക് നയിക്കാനും തിരുമേനിക്ക് കഴിഞ്ഞു. എല്ലാവർക്കും സ്വീകാര്യനാകുന്ന തിരുമേനി സഭയ്ക്ക് അനുഗ്രഹമാണ്.

അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത

കൊട്ടാരക്കര കിഴക്കേത്തെരുവ് മണികെട്ടിയ കിഴക്കേവീട്ടിൽ പരേതരായ കെ.ഒ. വർഗ്ഗീസിന്റേയും അന്നമ്മ വർഗ്ഗീസിന്റേയും മകനായി 1950 മെയ് 24 ന് ജനിച്ചു. 1998 ൽ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി. 2006 ൽ പുതുതായി രൂപം കൊണ്ട് മാവേലിക്കര രൂപതയുടെ അദ്ധ്യക്ഷനായി സ്ഥാനമേറ്റു.

തിരുമേനിയെക്കുറിച്ച് പറയുമ്പോൾ ബന്ധം നിലനിർത്തുന്നതിൽ അഗ്രഗണ്യൻ. എല്ലാവരുടെയും കാര്യത്തിൽ വളരെ താത്പര്യമുള്ള തിരുമേനി, അപരന്റെ കാര്യം സ്വന്തം കാര്യമായി കണ്ട് അവന്റെ ആവശ്യ നേരങ്ങളിലെല്ലാം സമീപസ്ഥനാകുന്നു. രോഗികളെ സന്ദർശിക്കുന്നതിലും, മരണവീടുകൾ സന്ദർശിക്കുന്നതിലും അദ്ദേഹം കാണിക്കുന്ന താത്പര്യം നമ്മെ അതിശയിപ്പിക്കും. പ്രത്യേകിച്ച് വൈദികരുടെയും സന്യസ്തരുടെയും കുടുംബങ്ങളിൽ സാന്നിദ്ധ്യം കൊണ്ട് ആശ്വാസത്തിന്റെ അനുഭവം സമ്മാനിച്ച് കൊണ്ട് തിരുമേനി കടന്നുചെല്ലുന്നു. അതിന് ദൂരമോ, സമയമോ ഒന്നും തിരുമേനിക്ക് തടസ്സമാകാറില്ല. അതുകൊണ്ട് എല്ലാവരുടേയും ഇടയിൽ തിരുമേനിക്ക് വലിയ സ്ഥാനമുണ്ട്. മറ്റ് സഭാസമൂഹങ്ങളിലും ജനസമൂഹത്തിന്റെ ഇടയിലും ജ്വോഷാ തിരുമേനി എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്.

അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത

വടശ്ശേരിക്കര കോന്നാത്തുവീട്ടിൽ കെ.സി. തോമസിന്റെയും ശോശാമ്മയുടെയും മകനായി 1952 ഏപ്രിൽ 20 ന് ജനിച്ചു. 1968 ൽ സെമിനാരിയിൽ ചേർന്നു. 1978 -ൽ ഡിസംബർ 23 ന് മാർ ഗ്രിഗോറിയോസ് തിരുമേനി വൈദികപട്ടം നൽകി. ഇക്കണോമിക്സ് ഇൻ എഡ്യൂക്കേഷൻ എന്ന വിഷയത്തിൽ കേരളയൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. 2005 ൽ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനും, അമേരിക്ക, യൂറോപ്പ് തുടങ്ങിയ പ്രദേശങ്ങളിലെ അപ്പസ്തോലിക് വിസിറ്ററായും നിയമിതനായി. 2010 ൽ ബത്തേരി രൂപതയുടെ ത്രിതീയ മെത്രാനായി നിയമനം ലഭിച്ചു.

മാർ തെയോഫിലോസ് ട്രെയിനിംങ്ങ് കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന സമയത്താണ് ജോസഫ്

കോന്നാത്ത് അച്ചൻ മെത്രാനായി ഉയർത്തപ്പെട്ടത്. തന്റേതായ സേവന ശുശ്രൂഷകൾകൊണ്ട് തെയാഫിലോസ് കോളേജിന് മനോഹരമായ കെട്ടിടം നിർമ്മിക്കുകയും അതിന്റെ അന്തസ്സ് ഉയിർത്തി ഇന്നത്തെ രീതിയിൽ കൊണ്ടുവന്നത് ജോസഫ് മാർ തോമസ് തിരുമേനിയാണ്. പിന്നീട് ബത്തേരി രൂപതയുടെ പിതാവായതിനുശേഷം തിരുമേനി ഒരു വിദ്യാഭ്യാസ വിജഷണനായതുകൊണ്ട്, എവിടെയൊക്കെ ചെന്ന് കയറുവാൻ സാധിക്കുമോ അവിടെയെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പണിതുയർത്തി വിദ്യാഭ്യാസത്തിലൂടെ വികസനം സാദ്ധ്യമാക്കിക്കൊണ്ട് രൂപതയെ ഉന്നതിയിലേക്ക് നയിക്കുന്നു. ചുരുങ്ങിയകാലം കൊണ്ട് നിരവധി ദൈവാലയങ്ങൾ പണികഴിക്കുകയും, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും, വാങ്ങുകയും വഴിയായും രൂപതയുടെ ഭാവിയെ പണിതുയർത്തുകയാണ് തിരുമേനി ചെയ്യുന്നത്. ബത്തേരിയിലെ തിരുമേനിയുടെ ശുശ്രൂഷയിലെ പ്രധാന പൊൻതൂവലാണ് രൂപതയുടെ ചിരകാലാഭിലാഷമായിരുന്ന പുതുതായി പണികഴിച്ച കത്തീഡ്രൽ ദേവാലയം. മലങ്കരസഭയിലെ തന്നെ ഏറ്റവും വലിയ കത്തീഡ്രൽ ദൈവാലയം. സിറിൽ മാർ ബസേലിയോസ് തിരുമേനി കല്ല് ആശീർവദിച്ച്, ഗീവർഗീസ് മാർ ദിവാന്നാസിയോസ് തിരുമേനി കല്ലിട്ട്, ജോസഫ് മാർ തോമസ് തിരുമേനി പണികഴിക്കുകയും ചെയ്ത കത്തീഡ്രൽ ദേവാലയം വയനാടിന് തന്നെ ഒരു തിലകക്കുറിയാണ്. അതുപോലെതന്നെ സാമൂഹിക വിഷയങ്ങളിലുള്ള പിതാവിന്റെ പ്രതിബദ്ധത എടുത്ത് പറയേണ്ട കാര്യമാണ്. മുസ്ലീസഹോദരങ്ങൾക്ക് ദേവാലയം നിർമ്മിക്കുവാൻ രൂപതയുടെ സ്ഥലം ദാനമായി നല്കിയത്വഴിയായി കേരളത്തിന്റെ, ഭാരതത്തിന്റെ, മത സൗഹാർദ്ദത്തിന്റെ വലിയ മാതൃകയായി, പ്രതീകമായി പിതാവ് മാറുകയായിരുന്നു. സമൂഹത്തിലുള്ള തന്റെ ഇടപെടൽ വഴിയായി ''വയനാടൻ ജനതയുടെ'' പിതാവ് എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. തിരുമേനിയുടെ ആഴത്തിലുള്ള അറിവും ദൈവാനുഭവവും, അനുഭവ പരിചയവും, മലങ്കരസഭയ്ക്ക് വഴിവെളിച്ചമാണ് എന്ന് നിസംശയം പറയുവാൻ കഴിയും.

അഭിവന്ദ്യ ജേക്കബ് മാർ ബർണ്ണബാസ് മെത്രാപ്പോലീത്ത



തിരുവല്ലാ നീറാട്ടുകാവ് ഇടവകയിൽപെട്ട ഏറത്ത് കുടുംബത്തിൽ ഗീവർഗ്ഗീസിന്റെയും റാഹേലിന്റെയും മകനായി 1960 ഡിംബർ 3 ന് ജനിച്ചു. 2007-ൽ ബാഹ്യ കേരള മിഷന്റെ അപ്പസ്തോലിക് വിസിറ്ററായി നിയമിച്ചു. 2007 മാർച്ച് 10 ന് മെത്രാനായി അഭിഷിക്തനായി . ജേക്കബ്ബ് മാർ ബർണബാസ് എന്ന നാമം സ്വീകരിച്ചു ഇപ്പോൾ പുതുതായി രൂപം കൊണ്ട ഗുഡ്ഗാവ് രൂപതയുടെ പ്രഥമമെത്രാനായി സേവനം ചെയ്യുന്നു.

കേരളത്തിന് വെളിയിലുള്ള മലങ്കര വിശ്വാസികളുടെ ആത്മീയകാര്യങ്ങൾ നോക്കുവാനായിട്ട് ചുമതലയേറ്റ വളരെ ഉത്തരവാദിത്വപൂർണ്ണമായ സേവനങ്ങൽ സഭയ്ക്ക് നൽകുന്ന തിരുമേനിയാണ് ബർണ്ണബാസ് തിരുമേനി. തിരുമേനിയുടെ ഒരു പ്രത്യേകത ഏതൊരു കാര്യവും ദൈവാശ്രയത്തിലും, പ്രത്യേകിച്ച് ഈവാനിയോസ് തിരുമേനിയോടുള്ള മദ്ധ്യസ്ഥതയിലും അഭയപ്പെട്ട് ചെയ്യുന്ന വ്യക്തി എന്നതാണ്, അതുകൊണ്ട്തന്നെ പുതുതായി രൂപംകൊണ്ട് ഗുഡ്ഗാവ് രൂപതയുടെ ആസ്ഥാനം ഈവാനിയോസ് തിരുമേനിയുടെ പേരിലാണ് അറിയപ്പെടുന്നത്. ഒരുപാട് പരിമിതികൾ നിറഞ്ഞ കാലഘട്ടത്തിലൂടെ കടന്ന്പോയപ്പോഴും, പരാതിയോ പരിഭവമോ ഒന്നും കൂടാതെ ദൈവത്തിൽ അഭയപ്പെട്ട് മുന്നോട്ട് പോയി എന്നതാണ് തിരുമേനിയെ വലിയവനാക്കുന്നത്.

അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത

തിരുവല്ലക്കടുത്ത് കല്ലൂപ്പാറ കടമാൻകുളം കാക്കനാട്ട് കുടുംബത്തിൽ വർഗ്ഗീസിന്റെയും അന്നമ്മയുടേയും മകനായി 1945 മെയ് 25 ന് ജനിച്ചു. അത്തനാസിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 2008 ൽ മൂവാറ്റുപുഴ രൂപതയുടെ ദ്വിതീയ മെത്രാനായി



നിയമിച്ചു. ഏത് കാര്യത്തിനിറങ്ങിയാലും അത് നടത്തി തിരിച്ചുവരാനുള്ള ഇച്ഛാശക്തിയും അതിനുള്ള വൈഭവമുള്ള തിരുമേനിയാണ് യൂലിയോസ് തിരുമേനി. അദ്ദേഹം നല്ലൊരു ബൈബിൾ പണ്ഡിതനാണ്. തിരുമേനി ഏത് സഭയിൽ വന്നാലും സദസ്സിനെ അറിവു കൊണ്ട് നിറയ്ക്കുമെന്നതിൽ മറുവാക്കില്ല. തിരുമേനിയുടെ സുവിശേഷ പ്രസംഗം വ്യത്യസ്ഥമാണ്. ഒരിക്കൽ പറഞ്ഞ പ്രസംഗം പിന്നീടൊരിക്കലും അദ്ദേഹം പറയാറില്ല. ഓരോ പ്രാവശ്യവും പുതിയ പ്രസംഗം. തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ അടിത്തറയ്ക്ക് ബലമേകിയത് തിരുമേനിയാണ്. തിരുമേനി ഒരു ധൈര്യശാലിയാണ്. നല്ല നേതൃപാടവം സ്വന്തമായുണ്ട്. അദ്ദേഹത്തിന്റെ സേവനം മലങ്കരയ്ക്ക് ഒരിക്കലും മറക്കാനാവില്ല. സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് മലങ്കര സഭയെ ഉയർത്തിയതും തിരുമേനിയാണ്. ഇതു പിന്നീട് സ്വാശ്രയരംഗത്ത് കത്തോലിക്കാ സഭയിലെ മറ്റു റീത്തുകൾക്കും മുന്നോട്ട് വരുവാൻ ധൈര്യം നൽകി.

അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത

കന്യാകുമാരി ജില്ലയിൽ കുമാരൻകുടിയിൽ കൊച്ചു പിള്ളയുടെയും, മരിയാതങ്കത്തിന്റെയും മകനായി 1964 ഫെബ്രുവരി 20 ന് ജനിച്ചു. അദ്ദേഹം 1991 ജനുവരി 2 ന് മാതൃ ഇടവകയായ അണക്കരയിൽവെച്ച് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തിരുവനന്തപുരം സെന്റ് മേരീസ് സെമിനാരിയിലെ പ്രൊഫസറും രജിസ്ട്രാറുമായി ശുശ്രൂഷ ചെയ്തുവേയാണ് 1998 ജൂൺ 29 ന് മെത്രാനായി അഭിഷിക്തനായത്. മാർത്താണ്ഡം ഭദ്രാസനത്തിന്റെ പുതിയ ഇടയനായി നിയമിതനായത്

പ്രായത്തിൽ ഏറ്റവും ജൂനിയർ ബിഷപ്പായ വിൻസെന്റ് തിരുമേനിക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും, ആരാധനയോടും, ആരാധനാക്രമത്തോടും വലിയ പ്രതിബദ്ധതയുണ്ട്. നാടിനേയും, ഭാഷയേയും സ്നേഹിച്ചു കൊണ്ട് രൂപതയെ 'ഒരു സഭയായി ചേർത്തുനിറുത്തുവാൻ തിരുമേനി വഹിക്കുന്ന പങ്ക് ശ്ലാഘനീയമാണ്. അദ്ദേഹത്തിന്റെ ആരാധനാരീതിയോടുള്ള താത്പര്യം, അനേകരെ അദ്ദേഹത്തിലേക്കടുപ്പിക്കുന്നു. ആരാധനകളൊക്കെ തമിഴിലേക്ക് മൊഴിമാറ്റം നടത്തുവാനും അദ്ദേഹം കൂടുതൽ ശ്രദ്ധിക്കുന്നു.

ആരാധനക്രമത്തിന് ഏകീകരണത്തിന് അദ്ദേഹം കൂടുതൽ ശ്രദ്ധചെലുത്തുന്നു. തിരുമേനിയുടെ പ്രവർത്തനത്തിൽ അതിയായ ദൈവാശ്രയ ബോധം നിഴലിച്ച് കാണുവാൻ കഴിയും. ഭാഷയുടെ വ്യത്യാസമുണ്ടെങ്കിൽ പോലും മലയാളത്തിലുള്ള ആഴമായ പ്രാവിണ്യം തിരുമേനിയെ മലങ്കരസഭ മുഴുവൻ സ്വീകാര്യനാക്കുന്നു.

അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

പത്തനംതിട്ട രൂപതയിലെ മൈലപ്ര നായിക്കാംപറമ്പിൽ കുടുംബത്തിൽ എൻ.റ്റി. വറുഗീസ് ശോശാമ്മ ദമ്പതിമാരുടെ മകനായി 1961 ജൂൺ 6-ാം തീയതി ജനിച്ചു. മൈലപ്രയിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം അലോഷ്യസ് മൈനർ സെമിനാരി, പേപ്പൽ സെമിനാരി പൂനെ എന്നിവിടങ്ങളിൽ നിന്നും വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും 1986 ഡിസംബർ 29 നു വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം പൂനെ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്നും തത്വശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റും ലഭിച്ചു. 2010 സെപ്തംബർ 21 ന് മെത്രാനായി അഭിഷിക്തനായി

വിവിധ ഇടവകകളിൽ വികാരിയായും മലങ്കര മേജർ സെമിനാരിയുടെ ഡീൻ, പ്രൊഫസർ എന്നീ നിലകളിലും മേജർ അതിരൂപത സിനഡിന്റെ സെക്രട്ടറി

യായും വിവിധ സെമിനാരികളുടെ സന്ദർശക അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വേദശാസ്ത്രപരമായ അനവധി ലേഖനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

ഏല്പിച്ച കാര്യങ്ങൾ ക്കെല്ലാം വളരെ കൃത്യതയുള്ള ഒരു വ്യക്തിയാണ് യൗസേബിയോസ് തിരുമേനി. അദ്ദേഹത്തിന്റെ വ്യത്യസ്ത ഭാഷയിലുള്ള നൈപുണ്യം അതിശയിപ്പിക്കുന്നതാണ്. തിരുമേനിയുടെ മിഷൻപ്രദേശങ്ങളോടുള്ള വാത്സല്യം എടുത്ത് പറയേണ്ട കാര്യമാണ്. അമേരിക്കൻ ഐക്യനാടുകളുടെയും കാനഡയൂറോപ്പ് എന്നിവയുടെ അപ്പോസതോലിക് വിസിറ്ററായും അമേരിക്കൽ ഭദ്രാസനത്തിന്റെ മൂന്നാമത്തെ മെത്രാപ്പോലീത്തായുമായിരുന്ന തിരുമേനി ഭദ്രാസന ദൈവാലയ നിർമ്മാണത്തിലും, അരമനയുടെ നിർമ്മാണ പ്രവൃത്തിയിലും നെടുനായകത്വം വരിച്ചു. ഇപ്പോൾ പുതുതായി രൂപംകൊണ്ട പാറശ്ശാല ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിതനായിരിക്കുന്ന യൗസേബിയൂസ് തിരുമേനിയിലൂടെ ഉയരങ്ങളിലേക്കുയരുന്ന മിഷൻ രൂപതയായി പാറശ്ശാല രൂപത മാറുമെന്നതിൽ സംശയമില്ല. തിരുമേനി പാറശ്ശാല രൂപതയ്ക്ക് ഒരു അനുഗ്രഹമാണ്.

അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത

പത്തനംതിട്ട, റാന്നി കരിമ്പനാംകുഴി ഫിലിപ്പിന്റെയും മറിയാമ്മയുടെയും മകനായി 1952 മേയ് 9 ന് ജനിച്ചു. 1979 ഏപ്രിൽ 27-ന് വൈദീകപട്ടം സ്വീകരിച്ചു. 2003-ാം ആണ്ടിൽ തിരുവല്ലാ ഭദ്രാസനം ഒഴിവായിരുന്നപ്പോൾ ഭദ്രാസന അഡ്മിനിസ്ട്രേറ്ററായും പിന്നീട് 2003 മുതൽ 2006 വരെ ഭദ്രാസനത്തിന്റെ പ്രോട്ടോ സിഞ്ചേലൂസായും തന്റെ ഭരണശുശ്രൂഷ തിരുമേനി സഭയ്ക്ക് നല്കിയിട്ടുണ്ട്.

2010 മാർച്ച് 13 ന് തിരുവില്ല അതിരൂപതയുടെ സഹായ മെത്രാനായി അഭിഷിക്തനായി. ഇപ്പോൾ അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ രൂപതയുടെ അദ്ധ്യക്ഷനായി നിയമിച്ചിരിക്കുകയാണ്. തിരുമേനിയുടെ ഒരു പ്രത്യേകത മനുഷ്യരോട് സ്നേഹവും, ആദരവും ഉള്ള തിരുമേനി. ചെറിയ കാര്യങ്ങളെപ്പോലും വലുതായി പ്രോൽസാഹിപ്പിച്ച് അപരനെ സന്തോഷിപ്പിക്കുന്ന ഇടയൻ. അതു കൊണ്ട്തന്നെ സ്റ്റീഫൻ അച്ചൻ എന്നു പറഞ്ഞാൽ അച്ചൻമാരുടെ ഒരു ഐക്കൺ ആയിരുന്നു. സ്റ്റീഫൻ ശെമ്മാശനെ കണ്ട് പഠിക്കണമെന്ന് അന്നത്തെ സെമിനാരി റെക്ടറായിരുന്ന തിമോത്തിയോസ് തിരുമേനി പറയുമായിരുന്നു. എന്ന് വച്ചാൽ ക്രമരഹിതമായി അദ്ദേഹം ഒന്നും ചെയ്തിരുന്നില്ല. എല്ലാവരേയും ഒരു പോലെ കണ്ട്, പ്രോത്സാഹിപ്പിക്കാനും സ്നേഹിക്കാനും കഴിയുന്ന വലിയ മനസ്സിനുടമ. മനുഷ്യഹൃദയങ്ങളിൽ അദ്ദേഹത്തിനു വലിയ സ്ഥാനമാണുള്ളത്.

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് മെത്രാപ്പൊലീത്ത

1958 ജൂലൈ മാസം 16-ാം തീയതി കാലായിൽ ചാക്കോ മറിയാമ്മ ദമ്പതിമാരുടെ നാലാമത്തെ പുത്രനായി ജനിച്ച കാലായിൽ അച്ചൻ, തിരുവല്ല ഇൻഫന്റ് മേരി മൈനർ സെമിനാരിയിൽ 1975-ൽ വൈദീക പഠനം ആരംഭിച്ചു. മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ നിന്നും ഫിലോസഫി പഠനം പൂർത്തിയാക്കി. പൂനെ പേപ്പൽ സെമിനാരിയിൽ നിന്നും തീയോളജി പഠനത്തിനുശേഷം 1986 മേയ് 1-ാം തീയതി ബസേലിയോസ് പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തന്റെ അജപാലക ദൗത്യം നന്നായി നിറവേറ്റിയതിനൊടൊപ്പം ഇതര ദൗത്യങ്ങളും സ്തുത്യർഹമായി നിർവ്വഹിച്ചു. ബസേലിയോസ് പിതാവിന്റെ സെക്രട്ടറിയായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം തിരുവനന്തപുരം മേജർ സെമിനാരി പ്രൊഫസറും, വൈസ് റെക്ടറും, റെക്ടറും ആയിരുന്നു. പുത്തൂർ രൂപതയുടെ വികാരി ജനറലായിരുന്ന അദ്ദേഹം

2017 ജനുവരി മുതൽ പുത്തൂർ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചുവരുന്നു. 2017 ആഗസ്റ്റ് 24 നു റമ്പാൻ പട്ടം നല്കപ്പെട്ട അദ്ദേഹം 2017 സെപ്തംബർ 21 ന് മെത്രാനായി അഭിഷിക്തനായി.

മലങ്കര മേജർ സെമിനാരിയിലെ അദ്ധ്യാപകനായിട്ടും, വൈസ് റെക്ടറായിട്ടും, റെക്ടറായിട്ടും നിരവധികാലം സ്തുത്യർഹമായി സേവനം ചെയ്തിട്ടുള്ള നിയുക്ത തിരുമേനിയുടെ പ്രത്യേകതയെന്ന് പറയുന്നത്, Principles ൽ compromise ഇല്ലാത്ത വ്യക്തി എന്നതാണ്. അത് ആരോടെന്നില്ല. ആരുടെയും ഔദാര്യം സ്വീകരിക്കാനായിട്ട് ഒരിക്കൽപോലും പരിശ്രമിച്ചിട്ടില്ല. ബൈബിളിൽ പറഞ്ഞിരിക്കുന്നത് പോലെ ഉള്ളത് കൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയ ഒരു കാര്യമാണ്. യാതൊരുവിധമായ സാമ്പത്തികമായ ഭദ്രതയുമില്ല. അത് വളരെ വ്യക്തിപരമായി അറിയുന്ന ആളാണ് ഞാൻ. അതുകൊണ്ട് ഇല്ലാത്തതിനെക്കുറിച്ച് അദ്ദേഹത്തിന് ഒരു ആധിയുമില്ല. വളരെ പരിമിധമായ ആവശ്യങ്ങൾ മാത്രമേ നിയുക്ത തിരുമേനിക്കുള്ളൂ. സ്വന്തമായി ഒരു വാഹനം പോലുമില്ല വിദേശത്ത് പഠിച്ച ഒരാൾ ആണെങ്കിൽകൂടിയും പഠിച്ച് വന്നതിന് ശേഷം ഒരിക്കൽപ്പോലും വിദേശത്ത് പോകാത്തതായി തിരുമേനി മാത്രമേയുള്ളൂ. ദൈവാശ്രയബോധം ആഴത്തിൽ കൊണ്ടുനടക്കുന്ന വ്യക്തിയാണ് നിയുക്ത തിരുമേനി. ഒരു അപ്പസ്തോലന്റെ പിൻഗാമിക്ക് വേണ്ടത് അതാണ്, അദ്ദേഹത്തിന്റെ അറിവോ, മിടുക്കോ, സമ്പത്തോ, സാഹചര്യങ്ങളോ ഒന്നുമല്ല. മറിച്ച് ദൈവത്തിലുള്ള ആശ്രയമാണ്. വളരെ പ്രതിസന്ധിയുള്ള സ്ഥലത്തേയ്ക്കാണ് തിരുമേനി പോകുന്നത്, സാമ്പത്തിക സ്രോതസ്സോ, ആൾബലമോ, വൈദികരുടെ അഭാവവും നേരിടുമ്പോഴും അദ്ദേഹത്തെ മുന്നോട്ടു തന്നെ നടത്തുന്നത് ദൈവം നടത്തും എന്ന വിശ്വാസമാണ്. ഇത് വലിയ ഒരു അടയാളമാണ്. അതുകൊണ്ട് പുത്തൂർരൂപത തിരുമേനിയുടെ കൈകളിൽ ഭദ്രമായിരിക്കുമെന്നതിൽ സംശയമില്ല.

അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത

അടൂരിൽ സി. കോശിയുടെയും, കുഞ്ഞാമ്മയുടെയും മകനായി 1955 നവംബർ 25 ന് ജനിച്ചു. 1980 ഡിസംബർ 27 ന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയിൽ നിന്നും ബഥനി ആശ്രമത്തിനുവേണ്ടി വൈദികപട്ടം സ്വീകരിച്ചു. 2010 മാർച്ച് 13 ന് മെത്ര കൂരിയ മെത്രാനായി അഭിഷിക്തനായി ഇപ്പോൾ പൂനാ-കറ്കി എക്സാർക്കേറ്റിന്റെ ചുമതല വഹിക്കുന്നു.

സ്ഥിരോത്സാഹിയായിട്ടുള്ള ഒരു വ്യക്തിയാണ് തോമസ് മാർ അന്തോണിയോസ് തിരുമേനി. ഒരു കാര്യത്തിന് ഇറങ്ങിയാൽ അത് തീരുന്നത് വരെ ഊണും ഉറക്കവും ഇല്ല. സമയബന്ധിതമായി ജോലികൾ ഭംഗിയായി ചെയ്യുവാൻ സമർത്ഥൻ. കൃത്യതയുടെ മനുഷ്യനാണ് അദ്ദേഹം. നിയമപരമായി മാത്രം കാര്യങ്ങൾ ചെയ്യുവാൻ കാനോനിസ്റ്റ് കൂടിയായ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. തിരുമേനിയെക്കുറിച്ച് ഓർക്കുമ്പോൾ നാം നന്ദിയോടുകൂടി ഓർക്കേണ്ടത് കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി അദ്ദേഹമെടുത്ത സഹനവും, കഷ്ടപ്പാടും കഠിനാദ്ധ്വാനവുമാണ്. ചെയ്തുവച്ച കാര്യങ്ങൾക്ക് ഒരു കുറവും ഇല്ലാതെ മനോഹരമായി അത് പണികഴിക്കുവാനും, നിലനിർത്തിപോകുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടികൾക്ക് വേണ്ടി അദ്ദേഹം എടുത്ത ത്യാഗങ്ങൾ മലങ്കരസഭയ്ക്ക് വിസ്മരിക്കാനാവില്ല. ഈവാനിയോസ് തിരുമേനിയെ സംബന്ധിച്ച കിട്ടാവുന്ന എല്ലാ Documents ഉം collect ചെയ്ത് റോമിലേക്ക് അയച്ച് കൊടുക്കുവാൻ അദ്ദേഹം എടുത്ത പരിശ്രമം വലുതാണ്. മാർ ഈവാനിയോസ് പിതാവിന്റെ പദയാത്രയിൽ എല്ലാവർഷവും പദയാത്രികരോടൊപ്പം നടക്കുന്ന തിരുമേനി വ്യത്യസ്ഥമായ ദർശനം സഭാമക്കൾക്ക് നൽകുന്നു.

അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് മെത്രാപ്പോലീത്ത

പുതുശേരിഭാഗം കൊച്ചു തുണ്ടിൽ കുടുംബത്തിൽ ശ്രീ ഫിലിപ്പോസ് ഉണ്ണൂണ്ണിയുടെയും ദിവംഗതയായ ശ്രീമതി ചിന്നമ്മയുടെയും പുത്രനായി 1959 ഏപ്രിൽ 8-ാം തീയതി ജോൺ കൊച്ചു തുണ്ടിൽ ജനിച്ചു. ശ്രീ. രാജു, സി. കരുണ, ശ്രീമതി വത്സമ്മ, റവ. ഫാദർ ജോൺസൺ കൊച്ചു തുണ്ടിൽ, ശ്രീ. വിൽസൺ എന്നിവർ സഹോദരങ്ങളാണ്. തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ്സ് മേജർ സെമിനാരി എന്നിവിടങ്ങളിൽ നിന്നും വേദശാസ്ത്രപഠനം പൂർത്തിയാക്കിയ അദ്ദേഹം ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും 1985 ഡിസംബർ 22 -ാം തീയതി വൈദീകപട്ടം സ്വീകരിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും വേദപഠന ബിരുദം നേടിയപ്പോൾ അദ്ദേഹം കേരള സർവ്വകലാശാലയിൽ നിന്നും ഒന്നാം റാങ്കോടെ മലയാള സാഹിത്യത്തിൽ ബിരുദം നേടി. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പൗരസ്ത്യ കാനോന്യ നിയമത്തിൽ ഡോക്ടറേറ്റ്, ലൈസൻഷ്യേറ്റ് ബിരുദങ്ങൾ നേടി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സെക്രട്ടറിയായി വൈദികജീവിതം ആരംഭിച്ച അദ്ദേഹം, സെന്റ് അലോഷ്യസ് മൈനർ സെമിനാരി റെക്ടറായും, അതിരൂപത സി.ബി.സി. ഐ യുടെ കോർഡിനേറ്ററായും, ചാൻസലറായും, മേജർ അതിരൂപതാ ക്യൂരിയായുടെ വൈസ് ചാൻസിലറായും മലങ്കര മേജർ സെമിനാരി റെക്ടറായും ഡെൽഹി ഗുഡ്ഗാവ് രൂപതയുടെ ചാൻസലറും വികാരി ജനറലുമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2016 മുതൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ ചാൻസലറും മുഖ്യവികാരി ജനറലുമായിരുന്നു. അറിയപ്പെടുന്ന എഴുത്തുകാരനായ അദ്ദേഹം പത്രമാസികകളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധികരിച്ചിട്ടുണ്ട്. അഞ്ചു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 2017 സെപ്തംബർ 21 ന് മെത്രാനായി അഭിഷിക്തനായി. ഇപ്പോൾ കൂരിയ മെത്രാനും യൂറോപ്പ്, ഓഷ്യാനിയ അപ്പോസ്തോലിക് വിസിറ്റേറ്ററായും സേവനം അനുഷ്ഠിക്കുന്നു.

സഭയുടെ പൊതുഭരണത്തിൽ കാതോലിക്ക ബാവായെ സഹായിക്കുകയും സൂനഹദോസിന്റെ കമ്മീഷനുകളുടെ പ്രവർത്തനങ്ങളെ ഏകോപിക്കുക, നിയമപരമായ ഉപദേശങ്ങൾ നല്കുക എന്നിവയായിരിക്കും ക്യൂരിയ മെത്രാന്റെ മുഖ്യ ചുമതലകൾ. തിരുമേനി നല്ല ഒരു അഡ്മിനിസ്ട്രേറ്റർ ആണ്. ഏത് കാര്യവും ഭംഗിയായിട്ടും, കൃത്യമായിട്ടും ചെയ്യുവാനുള്ള അദ്ദേഹത്തിന്റെ വൈഭവം ശ്ലാഘനീയമാണ്. എല്ലാവരെയും ഏകോപിപ്പിച്ച് കൊണ്ടുപോകാനും സമർത്ഥനാണ്. ഒരു canonist ആയ അദ്ദേഹത്തിന് കൂരിയ മെത്രാന്റെ കർത്തവ്യങ്ങൾ ഭംഗിയായി നിറവേറ്റുവാൻ കഴിയും നിലയിൽ ഭംഗിയായി കൊണ്ടുപോകുവാൻ തിരുമേനിക്ക് കഴിയും. വൈദികരോടുള്ള സൗഹൃദം അദ്ദേഹത്തെ എല്ലാവരിൽ നിന്നും വ്യത്യസ്ഥനാക്കുന്നു. വിദേശരാജ്യങ്ങളിൽ ചിലവഴിച്ചതിന്റെ അനുഭവപരിചയത്തിലും നിരവധി കാര്യങ്ങൾ ഇവിടെ കേരളത്തിലും, വിദേശത്തും അദ്ദേഹത്തിനു ചെയ്യുവാൻ സാധിക്കും എന്നതിൽ തർക്കമില്ല.

അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് എപ്പിസ്കോപ്പ

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ പത്തനംതിട്ട ജില്ലയിൽ കടമ്മനിട്ടയിൽ 1952 മെയ് 13 ന് ജനിച്ചു. പരേതരായ ശ്രീമാൻ കെ.സി.തോമസും ശ്രീമതി അന്നമ്മയുമാണ് മാതാപിതാക്കൾ.അദ്ദേഹം 1978 ഡിസംബർ 22-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വികാരി ജനറലായി ശുശ്രൂഷചെയ്യവേയാണ് 2010 ജനുവരി 25 ന് തിരുവനന്തപുരം അതിഭാദ്രാസനത്തിന്റെ സഹായമെത്രാനായി നിയമിതനായി. 2010 മാർച്ച് 13 ന് മെത്രാഭിഷേകം നടന്നു. സുവിശേഷ പ്രഘോഷകൻ, കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ വക്താവ്, തനതായ ആദ്ധ്യാത്മികജീവിതത്തിന്റെ ഉടമ. എല്ലാവരോടും സ്നേഹത്തോട് കൂടി ഇടപെടാനുള്ള പ്രാകൃതം, ഐറേനിയോസ് തിരുമേനിയെ കൂടുതൽ ദൈവജനത്തിലേയ്ക്ക് ആകർഷിക്കുന്നു. ജീവിതത്തിലെ സഹനങ്ങളെയും രോഗങ്ങളെയും ദൈവീകമായി കാണുവാൻ കഴിയുന്ന തിരുമേനി, ജീവിക്കുന്ന ദൈവിക സാക്ഷ്യമാ

ണ്. എപ്പോഴും സന്തോഷം തുളുമ്പുന്ന മുഖത്തോടെ മാത്രമേ തിരുമേനിയെ കണ്ടിട്ടുള്ളൂ. ആത്മ സന്തോഷം ഉള്ളവർക്ക് മാത്രമേ എപ്പോഴും ചിരിക്കുവാൻ സാധിക്കുകയുള്ളൂ. ആത്മസന്തോഷം അനുഭവിക്കുകയും അനേകരിലേക്ക് പകരുകയും ചെയ്യുന്ന തിരുമേനി തിരുവനന്തപുരം അതിരൂപതയുടെ വെളിച്ചമാണ്. പൊതുസമൂഹത്തിൽ തിരുമേനിക്ക് വലിയ സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ ജീവിതം ഏവർക്കും പ്രചോദനമാണ്.

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

ചൂണ്ടവാലേൽ ബ. ജേക്കബ്ബ് കശീശ്ശായുടെ മൂത്ത മകനായി 1928 ഫെബ്രുവരി 2-ാംതീയതി ജനനം. 1953 ആഗസ്റ്റ് 24-ാം തീയതി കാൻഡിയിൽ ബിഷപ്പ് ഗ്ളെനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. 1984 ഫെബ്രുവരി 18-ാം തീയതി തിരുവല്ല ഭദ്രാസനത്തിന്റെ വികാരി ജനറലായി, വന്ദ്യ യൂഹനോൻ തിരുമേനി കാലം ചെയ്തപ്പോൾ 1987 ഏപ്രിൽ 28 ന് ഭദ്രാസന അഡ്മിനിസ്ട്രേറ്ററായി, 1988 മെയ് 19-ാം തീയതി ഭദ്രാസന മെത്രാപ്പോലീത്തയായി പ്രഖ്യാപിക്കപ്പെട്ടു. 1988 ഓഗസ്റ്റ് 6-ാം തീയതി തിരുവല്ലാ കത്തിഡ്രലിൽ മെത്രാഭിഷേകം നടന്നു. മാർ തീമോത്തിയോസ് തിരുമേനിയുടെ ഭരണകാലം തിരുവല്ലാ രൂപതയിലെ സുവർണ്ണകാലമായിരുന്നു. 2003 മാർച്ച് 27 ന് പിതാവ് സ്ഥാനത്യാഗം ചെയ്തു.

കേവലം 15 വർഷം മാത്രം നീളുന്ന ചുരുങ്ങിയ കാലയളവ് കൊണ്ടാണ് പിതാവ് തിരുവല്ലാ രൂപതയിൽ ഇന്ന് നാം കാണുന്ന എല്ലാ പ്രധാന സംരംഭങ്ങളും തുടങ്ങിവച്ചത്. തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ്, മാക്ഫാസ്റ്റ് കോളേജ്, കത്തീഡ്രൽ ദൈവാലയ നിർമ്മാണത്തിന്റെ ആരംഭം, തിരുവല്ല അതിരൂപതയിലെ വിവിധ പാസ്റ്ററൽ സെന്ററുകളായ ശാന്തിനിലയം, കട്ടപ്പനയിലെ ജ്യോതിസ്സ്, കോട്ടയത്തെ തെയോഫിലോസ് സ്നേഹഭവൻ എന്നിവയെല്ലാം തിരുമേനിയാണ് പണിതുയർത്തിയത്. തിരുമേനി വന്നത് മുതലാണ് തിരുവല്ലാ രൂപതയിൽ വലിയ പള്ളികൾ വന്നു തുടങ്ങിയത്. ഈ സഭയിലെ ഏറ്റവും പ്രായം കൂടിയ തിരുമേനിയും അദ്ദേഹമാണ്. ഇപ്പോൾ തിരുമേനി ആരോഗ്യപരമായ കാരണങ്ങളാൽ പുഷ്പഗിരി ആശുപത്രിയിൽ പരിചരണത്തിൽ കഴിയുന്നു.

അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

ഒറ്റത്തെങ്ങിൽ കുടുംബത്തിൽ വർഗ്ഗീസിന്റെയും മറിയാമ്മയുടെയും എട്ടുമക്കളിൽ രണ്ടാമനായി 1950 നവംബർ 1 ന് ജനിച്ചു. 1978 ഏപ്രിൽ 20 ന് കീരംപാടി പള്ളിയിൽവച്ച് ബ്രദർ വർഗ്ഗീസ് ഒറ്റത്തെങ്ങലിന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി വൈദികപട്ടം നൽകി. 1997 ൽ ബത്തേരി രൂപതയുടെ ദ്വിതീയ മെത്രാനായി നിയമനം ലഭിച്ചു. 2007 ൽ ഏതാനും മാസം മോറാൻ മോർ സിറിൾ ബസേലിയോസ് കാതാലിക്കാ ബാവ കാലം ചെയ്ത അവസരത്തിൽ മലങ്കര കാത്തോലിക്കാ സഭയുടെ അഡ്മിനിസ്ട്രേറ്റർ സ്ഥാനം വഹിച്ചു. 2010 ൽ ബത്തേരി രൂപത വിഭജിച്ച് പുതിയതായി ഉണ്ടായ പുത്തൂർ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. പിന്നീട് ആരോഗ്യപരമായ കാരണങ്ങളാൽ സ്ഥാനത്യാഗം ചെയ്തു.

എളിമയും, സ്നേഹവും കൈമുതലാക്കിയ തിരുമേനി ശക്തമായ പ്രാർത്ഥനാ ജീവിതത്തിനുടമയായിരുന്നു.

മേജർ സെമിനാരി റെക്ടർ ആയിരുന്ന കാലത്തും, ബത്തേരി രൂപതയുടെ അദ്ധ്യക്ഷനായുള്ള കാലത്തും, പുത്തൂർ രൂപതയുടെ ശൈശവ കാലഘട്ടത്തിലും അദ്ദേഹം ചെയ്ത സംഭാവനകൾ നിസ്തുലമാണ്. ആരാധനയോടുള്ള ആഭിമുഖ്യം, പാവങ്ങളോടുള്ള പരിഗണന, വൈദികരോടും, സന്യസ്തരോടുമുള്ള തിരുമേനിയുടെ വാത്സല്യം എടുത്തു പറയേണ്ട സവിശേഷതകളാണ്. പുതിയ മിഷനുകൾ പണിതുയർത്തുന്നതിൽ അദ്ദേഹം തന്നാലാകുംവിധം ശ്രദ്ധിച്ചിരുന്നു. ഇപ്പോൾ തിരുമേനി തിരുവല്ലയിൽ വിശ്രമജീവിതം നയിക്കുന്നു.

മാർ ഈവാനിയോസ് ക്വിസ്

1. മാർ ഈവാനിയോസ് പിതാവിന്റെ ജനന സ്ഥലം?
   മധ്യതിരുവിതാംകൂറിൽ മാവേലിക്കരയിലുള്ള പണിക്കർ കുടുംബം
2. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിൽ ദാവീദാശാന്റെ പങ്ക് എന്ത്?
   നിലത്തെഴുത്തു മുതൽ കൂട്ടിവായന വരെ അഭ്യസിച്ചത് ദാവീദാശാന്റെ കീഴിൽ ആണ്.
3. ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് എന്ന പുസ്തകം എഴുതിയത് അർ?
   റവ. ഫാ. തോമസ് ഇഞ്ചക്കലോടി
4. മാർ ഈവാനിയോസ് പിതാവിന് ശെമ്മാശ്ശപട്ടം നൽകിയത് ആർ?
   പുലിക്കോട്ടു മാർ ദിവന്നാസ്യോസ്
5. മാർ ഈവാനിയോസ് പിതാവിന് വൈദികപട്ടം കിട്ടിയ വർഷം?
   1908 ആഗസ്റ്റ് 15
6. വൈദികപട്ടം കിട്ടിയശേഷം അറിയപ്പെട്ടത്?
   എം. എ. അച്ചൻ
7. മാർ ഈവാനിയോസ് പിതാവ് മെത്രാനായത് എന്ന്, എവിടെവച്ച്?
   1924 മെയ്, നിരണത്ത് വച്ച്
8. മഹാകവി വള്ളത്തോൾ നാരാ.യണമേനോൻ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് എന്താണ് പാടിയത്?
   അന്ധകാരമദ്ധ്യേ ഞങ്ങൾക്കാശ്വാസമേകുവാൻ വന്ന പൊൻതാരമേ ജയിച്ചാലും, മേൽക്കുമേൽ ഭൂമന.
9. പുനരൈക്യത്തിന്റെ പ്രഥമപടിയായി ഉണ്ടാക്കിയ സംഘടന ഏത്?
   നസ്രാണി ജാത്യൈക്യസംഘം
10. പിതാവിന്റെ ഇടയലേഖനങ്ങളുടെ സമാഹാര ഗ്രന്ഥം ഏത്?
    ജാഗരൂകനായ അജപാലകൻ
11. എന്തിനെയാണ് പട്ടക്കാരന്റെ മഹാപദവിയായി മാർ ഈവാനിയോസ് തിരുമേനി വിശേഷിപ്പിക്കുന്നത്?
    ദിനംപ്രതി വിശുദ്ധ ബലിയർപ്പിക്കുന്നത്
12. ഏതു ആഘോഷവേളയിലാണ് മാർ ഈവാനിയോസ് പിതാവ് മദ്രാസ് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചത്?
    (1937-ലെ) ദിവ്യകാരുണ്യ കോൺഗ്രസിൽ
13. വേദോപദേശത്തെ സംബന്ധിച്ച ഇടയലേഖനത്തിൽ കർത്താവിന്റെ കൂട്ടുവേലക്കാരായി വിശേഷിപ്പിക്കുന്നതാരെ?
    സൺഡേസ്കൂൾ അദ്ധ്യാപകരെ
14. രോഗാവസ്ഥയിൽ മാർ ഈവാനിയോസ് പിതാവിനെ സന്ദർശിച്ച കർദിനാൾ ആര്? അല്ലെങ്കിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഇദംപ്രഥമായി സന്ദർശനം നടത്തിയ കർദ്ദിനാൾ തിരുമേനി ആര്?
    നോർമൻ തോമസ് ഗിൽറോയി
15. പിതാവിന്റെ കബറടക്കം എന്നായിരുന്നു?
    17-07-1953

തയ്യാറാക്കിയത്:
ഫാ. ഷീൻ തങ്കാലയം

പുത്തൂർ രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ മക്കാറിയോസ് തിരുമേനിയുമായുള്ള അഭിമുഖം

മാതാപിതാക്കന്മാരെക്കുറിച്ചുള്ള ഓർമ്മകൾ

ഒരാൾ 2005-ലും ഒരാൾ 2009-ലും ഈ ലോകജീവിതം അവസാനിപ്പിച്ച് ദൈവസന്നിധിയിലേക്ക് പോയെങ്കിലും അവർ ഇന്നും ജീവിക്കുന്ന യാഥാർത്ഥ്യമാണ്. എന്റെ അനുദിനജീവിതത്തിൽ അവരോടു പറയാതെ ഞാനൊന്നും ചെയ്യാറില്ല. ഇപ്പോഴും അവരുടെ നിറസാന്നിദ്ധ്യം ഞാൻ അനുഭവിക്കുന്നു. ചെറുപ്പംമുതലേ എനിക്കു ലഭിച്ചിട്ടുള്ള വാത്സല്യവും, പരിമിതികളിലും ബുദ്ധിമുട്ടുകളിലും അവരിൽ നിന്നനുഭവിച്ച കരുതലും, ബന്ധവുമൊക്കെയായിരിക്കും അതിനുള്ള കാരണം എന്നു ഞാൻ വിശ്വസിക്കുന്നു. ഏതു നല്ല കാര്യവും അത് എന്റെ മാത്രമല്ല, എന്റെ കുടുംബത്തിൽ നടക്കുന്ന കാര്യങ്ങളായാലും ഞാൻ അവരോടു പറയാറുണ്ട്, പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കാറുമുണ്ട് എന്നുള്ളത് എന്റെ ജീവിതത്തിലെ വലിയൊരു അനുഭവമായി നിലനിൽക്കുന്നു. എല്ലാം അവർ കാണുന്നു എന്ന ഒരു ബോദ്ധ്യം എനിക്കുണ്ട്.

ദൈവത്തോടു കൂടുതൽ ചേർന്നുനിന്നു വളരുവാനായിട്ട് മാതാപിതാക്കന്മാരുടെ സാന്നിദ്ധ്യവും സമർപ്പണവും എത്രത്തോളം സഹായിച്ചു?

ഒരുപാട് സഹായിച്ചിട്ടുണ്ട്. കാരണം, എന്റെ ദൈനംദിന ജീവിതത്തിൽ അനുദിനം പതിനഞ്ച് വിശുദ്ധന്മാരുടെയെങ്കിലും സാന്നിദ്ധ്യം പ്രാർത്ഥനയിലും മറ്റുമായിട്ട് കടന്നുപോവുന്നുണ്ട്. അവരുടെ ജീവിതം എന്നെ പല രീതിയിൽ സ്പർശിച്ചിട്ടുണ്ട്. ഈ വിശുദ്ധ ജീവിതങ്ങൾ എന്നെ സ്പർശിക്കാനുള്ള അടിത്തറ പാകിയത് എന്റെ അപ്പച്ചനും അമ്മയുമാണെന്നുള്ള ബോദ്ധ്യം എനിക്കുണ്ട്. കാരണം അപ്പച്ചനും അമ്മച്ചിയും 'അതിരാവിലെ തിരുസന്നിധിയിലെന്ന പാട്ട് പാടുന്നത് കേട്ടാണ് ഞങ്ങൾ ഉണരുന്നത്. അവരുടെ ആരാധനകളോടുള്ള നിർബന്ധബുദ്ധി, നോമ്പാചരണങ്ങളിലെ കൃത്യനിഷ്ഠകൊണ്ട് ഇത്രകാലവും, റോമിലായിരുന്നപ്പോൾപ്പോലും എട്ടുനോമ്പിലും വർജ്ജനങ്ങൾ എനിക്കൊരു ബുദ്ധിമുട്ടായിരുന്നിട്ടില്ല. പ്രാർത്ഥനയിലുള്ള ഒരു അടിത്തറ എനിക്കു ലഭിച്ചത് എന്റെ അപ്പച്ചനിൽ നിന്നാണ്. എല്ലാ ദിവസത്തെയും വൈകീട്ടുള്ള പ്രാർത്ഥനയിൽ മാർപ്പാപ്പ മുതൽ അന്നത്തെ അവിടുള്ള വികാരിക്കും, അയൽവാസികൾക്കും, മറ്റു മതസ്ഥർക്കും വരെ പ്രാർത്ഥിക്കുന്ന ഒരു പിതാവാണ് എനിക്കുണ്ടായിരുന്നത്. അതുപോലെ ദൈവതുല്യമായ വാത്സല്യം അമ്മയുടെ ഭാഗത്തുനിന്നും കിട്ടിയപ്പോൾ മറ്റുള്ളവരെ കരുതാനും, മറ്റുള്ളവരെ ഉൾക്കൊള്ളാനും എനിക്കു സഹായകമായി. അവരുടെ ശിക്ഷണങ്ങൾ ഒരിക്കലും ഉപദ്രവമായിരുന്നില്ല - അന്ന് ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും പിൽക്കാലത്ത് അത് നല്ലതിനായി ഭവിച്ചുഎന്നു മനസ്സിലായിട്ടുണ്ട് - അതിന്റെ

ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്
ഫാ. ജ്യോഷ്വാ കൊച്ചുവിളയിൽ
പ്രൊഫ. ഷേർലി സ്റ്റുവർട്ട്

മൂല്യങ്ങൾ ഇന്ന് എന്നിൽ വളരെ നന്നായിട്ടുണ്ട് എന്നാണ് ഞാൻ കരുതുന്നത്.

ദൈവം നടത്തുന്ന വഴികളെക്കുറിച്ച്

ദൈവം നടത്തുന്ന വഴികളെന്നത് അപാരമാണ് - അതിവിടെ എഴുതാമോയെന്ന് അറിയില്ല, സെമിനാരിയിൽ ചേരുവാൻ വലിയ ആഗ്രഹമായിരുന്നു. ആഗ്രഹം വികാരിയച്ചനെ അറിയിച്ചപ്പോൾ ദൂരക്കൂടുതലായതിനാൽ ക്യാമ്പിനൊന്നും പോകേണ്ട എന്നും, പത്താം ക്ലാസ്സ് പാസ് ആയതിനുശേഷം തിരുവല്ലയ്ക്ക് പോയാൽ മതിയെന്നും അച്ചൻ പറഞ്ഞു. എന്നാൽ ഞാനെന്റെ ആഗ്രഹം കൂട്ടുകാർക്കിടയിൽ പറഞ്ഞപ്പോൾ അവരെന്നെ നിരുത്സാഹപ്പെടുത്തി. അവർ പറയുന്നതിൽ കുറച്ച് കാര്യമുണ്ട് എന്ന് എനിക്കും തോന്നി. വീട്ടുകാരുടെ പ്രോത്സാഹനം കേട്ട് കൊണ്ട് പോകാനും, കൂട്ടുകാരുടെ വാക്ക് കേട്ട് പോകണ്ട എന്നും തീരുമാനിച്ചു. പോകാതിരിക്കാനുള്ള വഴി തേടിയപ്പോഴാണ് പത്താം ക്ലാസ് ജയിച്ച് തിരുവല്ലായ്ക്ക് പോകുവാനുള്ള വികാരിയച്ചന്റെ വാക്ക് ഓർമ്മവന്നത്. പിന്നെ ഒന്നും ആലോചിച്ചില്ല. സെമിനാരിയിൽ പോകാതിരിക്കാൻവേണ്ടി പത്താം ക്ലാസ് തോൽക്കാൻ തീരുമാനിച്ചു 'തോറ്റാൽ പോകണ്ടല്ലോ', പരീക്ഷ തോൽക്കുക. പക്ഷെ പരീക്ഷ തോൽക്കാനുള്ള വിദ്യ എനിക്കറിയില്ലായിരുന്നു. നമുക്കറിയാവുന്നത് immediate preparation വേണം പഠിച്ചെഴുതാൻ - ക്ലാസ്സിൽ നമ്മൾ പേയിട്ടുണ്ടല്ലോ അവിടെ സമരമൊന്നും ഇല്ല - എല്ലാ ദിവസവും പോകണം. - അതുകൊണ്ട് ചോദ്യം വന്നപ്പോൾ നമ്മുടെ മെമ്മറിയിൽ കിട്ടുന്നത് എഴുതിവെച്ചു - തോറ്റു പേയേനെ. അങ്ങനെ റിസൾട്ട് വന്നപ്പോൾ 252 മാർക്ക് ഉണ്ട്. തോക്കുന്നത് കേൾക്കാൻ സന്തോഷത്തോടുകൂടിരിക്കുവായിരുന്നു പക്ഷെ തിരിച്ചാണ് വന്നത് അപ്പോ ഞാൻ ചിന്തിക്കുന്ന വഴി അല്ലല്ലോ ദൈവത്തിന്റേത് എന്ന് എനിക്ക് ബോദ്ധ്യമായി. ആദ്യത്തെ വികാരി തോമസ് താന്നിക്കാക്കുഴി അച്ചന്റെ സമർപ്പ

ണവും രീതികളും ജനങ്ങളോടുള്ള ബന്ധവും ജനങ്ങൾ അദ്ദേഹത്തോട് കാണിക്കുന്ന ആ വലിയ ഒരു ബഹുമാനവും തുറവിയും അദ്ദേഹത്തിന്റെ ആരാധന ക്രമങ്ങളും ഒക്കെ കണ്ടപ്പോൾ എനിക്കും അതു പോലാകണമെന്ന് തോന്നി. അങ്ങനാണ് ഈ ആഗ്രഹം കൂടി വന്നത്. പിന്നീടാണ് ഈ ഒരു കൂട്ടുകാരുടെ തന്ത്രം കേട്ട് തോക്കാമെന്ന് തീരുമാനിച്ചത്. പിന്നീട് ഒരിക്കലും എനിക്കൊരു തിരിഞ്ഞുനോട്ടമോ ഇതൊരു ഭാരമാണെന്നോ പ്രയാസമാണെന്നോ ഒരിക്കലും തോന്നിയിട്ടില്ല. പിന്നെ ഈ ഒരു രീതിയിൽ ദൈവം എന്നെ ക്രമീകരിച്ചോണ്ടു വന്നു എന്ന ബോദ്ധ്യം ഇപ്പോൾ എനിക്ക് വളരെ ശക്തമായിട്ടുണ്ട്. കാരണം റോമിലോട്ട് എന്നോട് പോകുവാൻ പറഞ്ഞു ഞാനതു നിരസിച്ചു. തിരിച്ചു ഞാനെന്റെ പള്ളിയിൽ പോയി. അപ്പോൾ സിറിൾ പിതാവിന്റെ ഒരെഴുത്ത് എനിക്ക് കിട്ടി, ''ഞാൻ പറഞ്ഞതുപോലെ പാസ് പോർട്ടിന് അപേക്ഷിച്ചുകാണുമല്ലോ എന്ന്''. അതിനെക്കുറിച്ച് പിന്നൊന്നും മറിച്ച് ചിന്തിച്ചില്ല. ലൈസൻഷ്യറ്റ് കഴിഞ്ഞ് വരാൻ തീരുമാനിച്ചു. ഞാൻ പിതാവിന് കത്തെഴുതി. അതിനദ്ദേഹം 'അച്ചന്റെ തീരുമാനമാണ് വേണ്ടതു പോലെ ചെയ്യുക' എന്ന് പറഞ്ഞു. പൂർത്തിയാക്കിയിട്ടു പോകുന്നതാണ് നല്ലതെന്ന് അച്ചന്മാർ ഉപദേശിച്ചു. റെക്ടറാവാൻ, മേജർ സെമിനാരി വൈസ് റെക്ടറാവാൻ വികാരി ജനറാൾ ആകാൻ എല്ലാം deny ചെയ്ത കൂട്ടത്തിലാണ് ഞാൻ. എന്തൊക്ക deny ചെയ്തോ അതെല്ലാം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഇത് ഞാൻ deny ചെയ്യാൻ പേടിച്ചു.

സാവൂളിനെ വഴിക്കിട്ട് പിടിച്ച കർത്താവ് അദ്ദേഹത്തെ പൗലോസാക്കി മാറ്റിയതുപോലെ കർത്താവിന്റെ ഒരു പിടിവാശി - ഇതിൽ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തീർച്ചയായിട്ടും എന്റെ അടിസ്ഥാനപരമായ ആഗ്രഹം ഒരു വൈദികനാവുക എന്നതായിരുന്നു. അതൊരു ഇടവകയിലെ അച്ചനായി അവിടെ ചെയ്യാവുന്ന maximum നല്ല കാര്യങ്ങൾ ചെയ്യുക. അതിനപ്പുറത്തൊരെണ്ണം ചിന്തിച്ചിട്ടേയില്ല. - എന്റെ വൈദീക ജീവിതത്തിൽ. അതുകൊണ്ട് എന്തു കിട്ടിയാലും ആ വൈദിക അഭിഷേകം കിട്ടിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കാര്യമായി കാണുന്നത്. ഇതൊക്കെ കൂടുതൽ ഉത്തരവാദിത്തങ്ങൾ എന്ന് മാത്രമേയുള്ളു. എന്നിൽ നിന്നും ദൈവം കൂടുതൽ ആവശ്യപ്പെടുന്നു, അതുകൊണ്ട് എന്റെ motto "To love more to serve more".

To love more to serve more എന്നുള്ള പിതാവിന്റെ motto-യെ അടിസ്ഥാനപ്പെടുത്തി വരുംകാല ശുശ്രൂഷയെ വ്യത്യസ്തപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

എങ്ങനെ ഞാൻ formalityകളിൽ വിശ്വസിക്കുന്ന ആളല്ല. സ്ഥാനമാനങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധങ്ങളെ formal ആക്കാൻ എനിക്ക് പറ്റില്ല. അത്തരം മനോഭാവത്തെ ഞാൻ നെഗറ്റീവ് ആയാണ് കാണുന്നത്. അതുകൊണ്ട് ഞാനായിരിക്കുന്നിടത്ത്, ഉദാഹരണത്തിന് മേജർ സെമിനാരി റെക്ടർ ആയിരിക്കുമ്പോൾ പ്രധാനപ്പെട്ട സ്ഥലത്തിരുത്താൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഞാനെവിടിരിക്കുന്നോ അപ്പോഴാണ് അത് പ്രധാനമായി മാറുക. "Bloom where you are planted എന്നൊരു ചിന്ത അടിസ്ഥാനപരമായി എനിക്കുണ്ട്. അപ്പോൾ കൂടുതൽ സ്നേഹിക്കുക, സ്നേഹം കൊടുക്കുകയെന്നാണ് പൗരോഹിത്യ ശുശ്രൂഷ. അത് ത്യാഗത്തിലൂടെ മാത്രമെ സാധിക്കൂ. Be denied more to become great priest എന്നുള്ളതാണ് അടിസ്ഥാനപരമായ approach. അപ്പോൾ അതിൽ ത്യാഗമുണ്ട്. വിശ്വാസം, ശരണം, സ്നേഹം അതാണ് അടിസ്ഥാനപരമായ ക്രിസ്തീയ ജീവിതവും പുണ്യജീവിതവും. കൂടുതൽ ലഭിക്കുമ്പോൾ നിലവിലുള്ള പലതിനും അത് വിഘാതമായി തീർന്നേക്കാം. ഉദാഹരണത്തിന് ഈ announcement കഴിഞ്ഞ് ഞങ്ങൾ ഒരു സ്ഥലത്തേക്ക് പോവുകയാണ്. അപ്പോൾ അവിടെ ഗേറ്റ് അടച്ചിട്ടിരിക്കുകയാണ്. ഞാൻ വേഗം ഇറങ്ങി ഗേറ്റ് തുറന്നു. അപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന ഒരു ശെമ്മാശന് അത് ഉൾക്കൊള്ളാൻ

കഴിഞ്ഞില്ല. വണ്ടി ഓടിച്ചിരുന്ന അച്ചനും അതുൾക്കൊള്ളാനായില്ല. ഒരു ഗേറ്റ് തുറന്നതു കൊണ്ട് മെത്രാൻ എന്നുള്ള എന്റെ സ്ഥാനത്തിന് കോട്ടം വരുമെന്നെനിക്ക് ഒരു ചിന്തയില്ല. അതിന്റെ മാനം കൂടുമെന്നാണ് എന്റെ ചിന്ത. പരിമിതികളിൽ നിന്നുകൊണ്ട് മൂല്യങ്ങളെ ചുരുക്കാതെ ജീവിക്കുക എന്നുള്ളതാണല്ലോ ദൈവകല്പന.

ലാളിത്യംകൊണ്ട് വ്യത്യസ്തത കാത്തുസൂക്ഷിക്കുന്ന വ്യക്തിയായി അനുഭവപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വ്യത്യസ്തനാവാൻ നാടും വീടും എത്രത്തോളം സഹായിച്ചിട്ടുണ്ട്?

എളിമ, സത്യസന്ധത, കൃത്യനിഷ്ഠ എന്നിവ നമുക്കൊപ്പമുണ്ടെങ്കിൽ ആവശ്യമില്ലാത്ത പുറംമോടി നാം കൂടെ കൊണ്ടു നടക്കേണ്ട ആവശ്യമില്ല. ആവശ്യത്തിൽ കവിഞ്ഞത് വേണമെന്ന് തോന്നാനും കഴിയില്ല. നാടിന്റേയും, വീടിന്റേയും ആദ്യത്തെ അവസ്ഥകൾ കാലം കഴിയുന്നതനുസരിച്ച് ഒരുപാട് മാറി. അതോടൊപ്പം സമൂഹം തന്നെ വളർന്നു കൊണ്ടിരിക്കുന്നു. പ്രസ്ഥാനങ്ങൾ വളരുന്നു. എന്റെ basic ആയിട്ടുള്ള ചിന്ത സമൂഹവും ലോകവും വളരുന്നതനുസരിച്ച്, വികസിക്കുന്നതിനനുസരിച്ച് നമ്മുടെ മനോഭാവങ്ങളും മനസ്സും വികസിക്കണം. നമ്മുടെ ചിന്താഗതികളിൽ മാറ്റം വരണം. അങ്ങനെ വരുമ്പോഴാണ് നമ്മുടെ രാജ്യത്തിനും പ്രസ്ഥാനത്തിനും കൂടുതൽ നന്മയും വളർച്ചയും ഉണ്ടാവുക.

അച്ചന്റെ ക്ലാസ്സുകളിൽ ശിഷ്യനായി ഇരിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. പലപ്പോഴും ആവർത്തിച്ച് പറഞ്ഞുതന്നിട്ടുള്ള കാര്യമാണ് മി. ജോർജ്ജ്, ഫാ.ജോർജ്ജ് ആകുമ്പോഴുള്ള വ്യത്യാസം. ഫാ. ജോർജ്ജ്, മാർ മക്കാറിയോസ് ആയി മാറുമ്പോൾ എന്തു തരത്തിലുള്ള മാറ്റമാണ് ഉണ്ടാകുന്നത്?

തീർച്ചയായും ഈ പറഞ്ഞതുപോലെ നമ്മുടെ അഭിഷേകം വഴി സത്താപരമായിട്ടുള്ള മാറ്റം നമുക്കുണ്ടാകും. ബാഹ്യമായി നാം അങ്ങനെത്തന്നെ ഇരിക്കുമെങ്കിലും. ഞാൻ വൈദികനായിരുന്ന ഒരു പള്ളികളിലും നിന്നും എന്നെക്കുറിച്ച് മോശമായോ, മാറ്റണമെന്നൊ പറഞ്ഞിട്ടില്ല, മറിച്ച് മാറ്റരുതെന്നേ പറഞ്ഞിട്ടുള്ളു. ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളത് ചെയ്യുന്നതേ പറയാവൂ എന്നും പറയുന്നതേ പ്രവർത്തിക്കാവൂ എന്നുമാണ്. അത് എന്റെ ജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്ന നിലയിൽ ഇത് കൂടുതൽ എന്നിൽ നിന്നും പ്രതീക്ഷിക്കാം. ചെയ്യാൻ ഞാൻ ബാദ്ധ്യസ്ഥനാണ്.

ശൈശവത്തിലായിരിക്കുന്ന പുത്തൂരിന്റെ ബാലാരിഷ്ടതകൾ എന്തെല്ലാമാണ്? വെല്ലുവിളികൾ എന്തെല്ലാമാണ്?

ഒന്നാമത്തെ വെല്ലുവിളി ഏറ്റവും പ്രധാനം വൈദികരുടെ കുറവാണ്. രണ്ടാമതായി സാമ്പത്തിക സ്രോതസ്സുകൾ നമുക്കുണ്ടെങ്കിൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കാനാവൂ. വിദേശ സഹായങ്ങൾ ഉണ്ടെങ്കിലും അത് ക്രമേണ നിലച്ചുകൊണ്ടിരിക്കുകയാണ്. പരിമിതികൾ positive ആയെടുത്ത്, പരിമിതികൾ എപ്പോഴും വെല്ലുവിളിയായെടുത്ത്, ദൈവത്തിൽ പരിമിതികളെ constructive ആയി കാണുമ്പോൾ അതിൽ നിന്ന് കെട്ടിപ്പടുക്കാൻ സാധിക്കും. ഇതൊന്നും എന്നെ പേടിപ്പെടുത്തുന്നില്ല എന്നാൽ കൂടുതൽ വൈദിക, സന്യസ്ത, അൽമായ കൂട്ടായ്മ ഉണ്ടാവുമ്പോൾ ഒത്തിരി കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കും. പിന്നെ ഇതൊരു ചെറിയ കൂട്ടായ്മ ആകുമ്പോൾ അതിന് അതിന്റേതായ ഗുണങ്ങളും പോരായ്മകളും ഉണ്ട്.

മറ്റ് രൂപതകൾക്ക് പുത്തൂരിനായി എന്തൊക്കെ ചെയ്യാൻ കഴിയും?

എന്തും ചെയ്യാം. "Where there is a will there is a way" മനസ്സുണ്ടെങ്കിൽ മാർഗ്ഗമുണ്ട് എന്നാണല്ലോ. അതുകൊണ്ട് Positive ആയിട്ട് ചിന്തിക്കുകയാണെങ്കിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയിൽ നിന്നും വേർപെട്ട് നിൽക്കുന്ന ഒരു സ്ഥലമല്ല കർണാടക സംസ്ഥാനം. മലങ്കര മക്കൾ എവിടെയുണ്ടോ അവിടമെല്ലാം കർത്താവിന്റെ ഭൗതിക ശരീരത്തിന്റെ അംശമാണ്. അതിനെ സംരക്ഷിക്കുക വളർത്തുക എന്നത് കൂട്ടായ ഒരു ഉത്തരവാദിത്തമാണ്. സഭാമക്കളെന്ന നിലയിലും രൂപതകളെന്ന നിലയിലും പരസ്പരം തമ്മിൽ ബന്ധപ്പെട്ട് നന്മയിലും ദുഃഖത്തിലും ഉൾച്ചേരാനാവുമ്പോഴാണ് positive ആയി വളരുന്നത്. അവിടെ ഒരു constructive mind ആവശ്യമാണ്. അങ്ങനെ വരുമ്പോൾ എല്ലാവർക്കും അതിൽ ഉൾച്ചേരാനായി സാധിക്കും.

നമ്മുടെ വൈദികരുടെ അപര്യാപ്തത ബുദ്ധിമുട്ടുള്ളതാണ്. ഭാവിയിലും അതൊരുവെല്ലുവിളിയായി കാണേണ്ടതാണ്. അതായത് province-കളിലെങ്കിലും transfer കൊടുക്കുമ്പോൾ നമ്മുടെ മറ്റുള്ള രൂപതകളും ചേർത്ത് ഒരു transfer രൂപീകരിക്കാൻ synod level-ൽ ചർച്ച ചെയ്യേണ്ടതല്ലെ?

നേരത്തെ സൂചിപ്പിച്ചതുപോലെ എവിടെ നമ്മുടെ സാന്നിദ്ധ്യമുണ്ടോ അത് സഭയുടെ ഭാഗമാണെന്ന് പറഞ്ഞപ്പോൾ തീർച്ചയായും സഭാനേതൃത്വത്തിനും അത്തരമൊരു കരുതൽ ആവശ്യമാണ്. പോരായ്മകൾ നികത്തി അത് വൈദീകരിലാവട്ടെ മറ്റു കാര്യങ്ങളിലാവട്ടെ അതുണ്ടെങ്കിൽ അത് നികത്തി കൊടുക്കണം. അതിനുള്ള നീക്കങ്ങൾ ബാവാ തിരുമേനി ആരംഭിച്ചിട്ടുണ്ട്. സാമ്പത്തികമായി മാത്രമല്ല പലരീതിയിലും പിതാവ് രൂപതകളെ സഹായിച്ചുകൊണ്ടിരുന്നു. അതിന് അപ്പുറം manpower വലിയൊരാവശ്യമാണ്. വൈദികന് പകരം വയ്ക്കാൻ മറ്റൊരാളില്ല. Social ആയും ബൗദ്ധികമായും പ്രവർത്തിക്കുന്ന ആൾക്കാരെ കിട്ടിയെന്നിരിക്കും. ഒരു വൈദികന്റെ സ്ഥാനം ഒരു വൈദികന് മാത്രമെ നികത്താനാവൂ. വൈദിക സാന്നിദ്ധ്യം കൂടുതലായി ജനം ആഗ്രഹിക്കുന്നു. ദൈവകൃപയാൽ പുത്തൂർ രൂപതയിൽ ദൈവസാന്നിദ്ധ്യത്തിന്റെ പ്രതിഫലനമെന്നോണം 25-ഓളം വിദ്യാർത്ഥികൾ സെമിനാരിയിൽ പഠിക്കുന്നു. ദൈവവിളി കൂടുന്നുണ്ട് എന്നതിനുള്ള തെളിവാണിത്.

പുത്തൂരിന്റെ പ്രതീക്ഷകൾ, സ്വപ്നങ്ങൾ

പ്രത്യേകിച്ച് അക്കമിട്ട് പറയാൻ കാര്യങ്ങളില്ല. ഏല്പിക്കുന്നതിൽ വിശ്വസ്തതയോടെ - എന്ന് പറയുമ്പോൾ ഏല്പിക്കപ്പെട്ടത് പൂർണ്ണതയല്ല, അതിൽ പരിമിതികളും പോരായ്മകളും വളർച്ചയ്ക്കൊത്തിരി സാദ്ധ്യതകളും ഉണ്ട്. അപ്പോൾ അത് കണ്ടുപിടിച്ച് മുന്നോട്ട് പോവുക എന്നതാണ് - പിന്നെ ഏറ്റവും പ്രധാനമെന്ന് ഞാൻ മനസ്സിൽ കാണു

ന്നത് സഭാകൂട്ടായ്മ ആണ് മറ്റ് സംഘടനകൾക്ക് വിപരീതമായിട്ടുള്ളതാണ് അവിടെ ഞാനാദ്യം സൂചിപ്പിച്ച വിശ്വാസം, ശരണം, സ്നേഹം ആണ് അടിസ്ഥാനം. ആത്മീയ ജീവിതത്തിനാണ് അവിടെ പ്രാധാന്യം ഉള്ളത്. അതു കൊണ്ട് ഇടവക തലത്തിൽ മറ്റ് സംഘടനകൾ. പരസ്പര പൂരകങ്ങളായി, ഈയൊരു ആത്മീയ ജീവിതത്തെ കെട്ടിപ്പടുക്കുന്ന രീതിയിൽ ഇതിനെ ക്രമീകരിച്ച് ശാക്തീകരിച്ച് നിറുത്തുക എന്നുള്ളൊരു ചിന്ത അതോടൊപ്പം തന്നെ സുവിശേഷത്തിന്റെ ഭാഗമാണ്. കർത്താവു പറഞ്ഞു 'വചനം പോയി പറയുക. വിശ്വസിച്ച് സ്നാനം ഏല്ക്കുന്നവൻ രക്ഷിക്കപ്പെടും''. കർത്താവു പറയുന്നതിന്റെ കൂട്ടത്തിൽ തന്നെ എവിടെ നോക്കിയാലും പറയുന്നത് നിങ്ങൾ രോഗികളെ സുഖപ്പെടുത്തുക. അങ്ങനെയുള്ള സാമൂഹിക പ്രതിബദ്ധതയുള്ള കാര്യങ്ങളിലേക്കു സമീപനങ്ങളിലേക്കു ഇറങ്ങിച്ചെല്ലുക എന്നതും ശ്രദ്ധേയമായ കാര്യമാണ്.

കേരളത്തിലെ പശ്ചാത്തലമല്ല, കർണാടകത്തിലുള്ളത്. പ്രത്യേകിച്ച് ഭാരതത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയ പശ്ചാത്തലത്തിൽ മുൻകരുതലുകൾ എടുക്കേണ്ടതുണ്ടോ?

സ്വാമി വിവേകാനന്ദൻ പറഞ്ഞതനുസരിച്ച്, ബുദ്ധി ശൂന്യത കൊണ്ടാണ് വർഗ്ഗീയതയിലേക്ക് മനുഷ്യൻ പോകുന്നത്. സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്നു കർത്താവു പറഞ്ഞതുപോലെ ഇതിനും ബന്ധമുണ്ടെന്നു എനിക്കു തോന്നുന്നു. തെറ്റു മനസ്സിലാക്കി തിരിച്ചറിവുണ്ടാകണം. വിദ്യകൊണ്ട് ഈ തിരിച്ചറിവുണ്ടാവണമെന്നില്ല. കാരണം ഇന്നു നടക്കുന്ന ഭീകരതയ്ക്ക് നേതൃത്വം കൊടുക്കുന്നത് വിദ്യാഭ്യാസമുള്ളവരാണ്. ഈ പഠിച്ച വിദ്യ ജ്ഞാനമായി മാറുമ്പോൾ ആണ് തിരിച്ചറിവുണ്ടാവുന്നത്. തിരിച്ചറിവുള്ളവൻ ഓരോന്നിന്റെയും തലങ്ങൾ മനസ്സിലാക്കും. ഭാരതത്തിന്റെ പൈതൃകത്തിലുള്ളതല്ല ഗോസംരക്ഷണം. ഞാൻ ഗോമാംസം കഴിക്കുന്ന ആളല്ല. അതിനെ കൊല്ലുന്നതിനോടു യോജിപ്പുമില്ല. അതു ഭക്ഷിക്കുന്നതിനെ എതിർക്കുന്നുമില്ല. എന്നാൽ അതിന് മനുഷ്യരെക്കാളും കൂടുതൽ വില നൽകുന്നതിനോട് യോജിപ്പില്ല. ഹിന്ദുസമൂഹത്തിലായാൽ തന്നെ ഏതാനും വ്യക്തികൾ മാത്രമെ അതിനുവേണ്ടി വാദിക്കുന്നുള്ളൂ. സ്വാർത്ഥത കൂടുമ്പോഴാണ് വർഗ്ഗീയതയും മറ്റു വിദ്വേഷങ്ങളും സമൂഹത്തിലുണ്ടാവുന്നത്. ഹൃദയവിശാലതയാണ് എല്ലാത്തിനും പോംവഴി. താൻ പാതി ദൈവം പാതി എന്ന പറച്ചിൽ പോലെ നാം ബുദ്ധിപൂർവ്വം വിവേകത്തോടെ പെരുമാറണം. കർത്താവു നമ്മോടു പറഞ്ഞിട്ടുണ്ട്, ''വിവേകമതികളായ സ്ത്രീകൾ വിളക്കുകളോടൊപ്പം എണ്ണ എടുത്തത് പോലെ തന്നെ നമ്മൾ ആയിരിക്കുന്ന സാഹചര്യങ്ങളെ മനസ്സിലാക്കി അനുകൂലമായി നമ്മളെ വളർത്തുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ ക്രമപ്പെടുത്തി പോവുക എന്നത് നമ്മുടെ സാമാന്യ വിവേകത്തിന്റേയും ദൈവ പദ്ധതിയുടെ ഭാഗമായിട്ട് കാണുമ്പോൾ തീർച്ചയായിട്ടും ചില കാര്യങ്ങൾ നമ്മൾ ശ്രദ്ധിച്ചേ മതിയാവൂ. സംഘടിതമായ രീതിയിൽ യോജിച്ചു നില്ക്കണം. പിന്നെ പുത്തൂരിന്റെ അനുഭവത്തിൽ നിന്നു പറയുമ്പോൾ നമുക്ക് എതിരായി നിന്നവർ തന്നെ നമുക്ക് അനുകൂലമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. 2012 ൽ ദേശീയപതാക ഉയർത്തിയപ്പോഴുണ്ടായ സംഭവം. അന്നു നമുക്ക് പ്രതികൂലമായി നിന്നവർ അനുകൂലമായ ഇന്ന് നമ്മുടെകൂടെ നിൽക്കുന്നു. അന്നു പത്രമാദ്ധ്യമങ്ങളിൽ പറഞ്ഞത്

നമ്മുടെ സമീപനം വലിയൊരു മാറ്റത്തിനു കാരണ മായെന്നാണ്. മറ്റാരെങ്കിലും ആയിരുന്നേൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാവുമായിരുന്നു. ഉദ്യോഗസ്ഥർക്കോ സമൂഹത്തിന്നോ യാതൊരു പ്രശ്നവും ഉണ്ടായില്ല. പലയിടങ്ങളിൽ നിന്നും ആളുകൾ കൂട്ടം ചേരാൻ സന്ന ദ്ധരായിരുന്നെങ്കിലും നമ്മുടെ നിരന്തരമായ ജാഗ്രത കാ രണം അത് തീർത്തും ഇല്ലാതാക്കി. അതൊക്കെ നമ്മുടെ സമീപനത്തിന്റെ പ്രത്യേകതയായി മനസ്സിലായപ്പോൾ എതിരു നിന്നവർപോലും അനുകൂലരായി.

പുത്തൂരിലെ വൈദികരോടും സന്യസ്തരോടും ദൈവ ജനത്തോടും പിതാവിനു പറയുവാനുള്ളത്.

സഭാകൂട്ടായ്മ എന്ന നിലയിൽ ആദിമ സഭയുടെ പൈതൃകം തമ്മിൽ നിലനിൽക്കുന്നു. സഭയെന്നു പറയു ന്നത് ഒരു കൂട്ടായ്മയാണ്. ആ കൂട്ടായ്മയിൽ വേറിട്ട ശൈലികൾക്കും പദ്ധതികൾക്കും ഒരു സ്ഥാനമില്ല. കുഞ്ഞു മുതൽ വലിയ ആളുവരെ, സെമിനാരിക്കാരൻ മുതൽ ബിഷപ്പുവരെയുള്ള വ്യക്തികൾ പരസ്പര പൂരകങ്ങളാണ്. കോപ്ലിമെന്ററി ആണ്. ഒന്നു മറ്റൊന്നിനെ പുഷ്ഠിപ്പെടുത്തുന്ന രീതിയിലേക്കു നമ്മുടെ സംഘട നകളും വൈദികരും സിസ്റ്റേഴ്സും ജനങ്ങളുമെല്ലാം രൂപപ്പെട്ട മനസ്സ്തുറന്നെങ്കിൽ മാത്രമേ അത് അവിടെ വളരുകയുള്ളൂ. അതുകൊണ്ട് നമ്മൾ വ്യക്തികളാണ്, മനുഷ്യരാണ് എന്നിരുന്നാലും ഒരു പ്രത്യേകം നിയോ ഗം ലഭിച്ച വ്യക്തിയെന്ന നിലയിൽ വ്യക്തിഗത താല്പര്യ ങ്ങൾക്കതീതമായി പൊതുവായി ഏല്പിക്കപ്പെട്ട ദൗത്യം എന്നലക്ഷ്യംവയ്ക്കുമ്പോൾചെറിയചെറിയപിടിവാശിക ളും പിരിമുറുക്കങ്ങളും ബാലിശമായ ചിന്തകളും ഒക്കെ മാറ്റുവാൻ സാധിക്കും. തത്വത്തിൽ അതുണ്ടെങ്കിലും അതെത്രമാത്രം പ്രാവർത്തികമായിട്ട് വ്യക്തികളുടെ ജീവിതത്തിൽ ഉണ്ടെന്നുള്ളത് ഒന്നു പരിശോധിക്കുക

യും, അതിലേക്കു കൂടുതൽ വരികയും ചെയ്യുമ്പോൾ നല്ലൊരു പ്രവർത്തനം നമുക്ക് കാഴ്ചവയ്ക്കാൻ കഴി യും.

ഒറ്റനോട്ടത്തിൽ

- **ആപ്തവാക്യം**
  'To love more, to serve more"
- **ഏറ്റവുമധികം കടപ്പാട് തോന്നിയിട്ടുള്ളത് ആരോടാണ്?**
  ദൈവത്തോട്
- **ജീവിതത്തിൽ കൂടുതൽ സ്വാധീനിച്ച വ്യക്തി?**
  സിറിൽ മാർ ബസേലിയോസ് പിതാവ്
- **കൂടുതൽ സന്തോഷം തോന്നിയ നിമിഷം?**
  വൈദികനായി പുത്തൻ കുർബാന ചൊല്ലിയ നിമിഷം.
- **മെത്രാനാകാമോ എന്നു ചോദിച്ചപ്പോൾ മനസ്സിൽ തോന്നിയത്.**
  ഏല്പിക്കുന്നതിൽ വിശ്വസ്തനാവുക എന്ന്
- **വിശുദ്ധ ബൈബിളിൽ ഏറ്റവും സ്വാധീനിച്ചിട്ടുള്ള ഭാഗം, വ്യക്തികൾ**
  മുന്തിരിത്തണ്ടും ശാഖകളും, നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തുക എന്ന ദൗത്യവും. പിന്നെ പരിശുദ്ധ അമ്മയാണ് എനിക്കു ശക്തി പകരുന്ന വ്യക്തിത്വം.
- **മാതാപിതാക്കന്മാർ എന്നു ഉത്തരം വരുന്ന ഒരു ചോദ്യം തയ്യാറാക്കാമോ?**
  ഏറ്റവും കൂടുതൽ എന്റെ അസ്ഥിത്തത്തോടു കടപ്പെട്ടിരിക്കുന്നത് ആര് എന്നായിരിക്കും ആ ചോദ്യം
- **ഇഷ്ടപ്പെട്ട ഭക്ഷണം**
  കപ്പ

- **ആപ്തവാക്യം**
  'Gods mercy is sovereign"
- **ഏറ്റവുമധികം കടപ്പാട് തോന്നിയിട്ടുള്ളത് ആരോടാണ്?**
- ഗ്രിഗോറിയസ് തിരുമേനിയോട്
- **മെത്രാനാകുന്നുവെന്നറിഞ്ഞപ്പോൾ തോന്നിയത്**
  ശുശ്രൂഷയുടെ തുടർച്ച
- **മെത്രാനാകുന്നുവെന്നറിഞ്ഞപ്പോൾ അപ്പച്ചൻ പറഞ്ഞത്**
  ഒത്തിരി പ്രാർത്ഥിക്കണം, ഒത്തിരി ദൈവാശ്രയം വേണം
- **കൂടുതൽ സന്തോഷിച്ച നിമിഷം**
  പൗരോഹിത്യം സ്വീകരിച്ച നിമിഷം
- **സ്വന്തം ഗാനങ്ങളിൽ ഏറ്റവും ഇഷ്ടം**
  സ്നേഹ സ്വരൂപാ തവദർശനം എന്ന ഗാനം
- **Hobbies**
  ഗാനരചന, വായന, ഗാർഡനിംഗ്
- **ഇഷ്ടപ്പെട്ട ഭക്ഷണം**
  വെജിറ്റേറിയൻ

കൂരിയ മെത്രാനും യൂറോപ്പ്, ഓഷ്യാനിയ എന്നിവിടങ്ങളിലെ അപ്പോസ്തോലിക്ക് വിസിറ്റേറ്ററുമായി നിയമിതനായിരിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തെയോഡോഷ്യസ് തിരുമേനിയുമായുള്ള അഭിമുഖം

ഫാ. ജ്യോഷ്യാ കൊച്ചുവിളയിൽ
ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്
പ്രൊഫ. ഷേർലി സ്റ്റുവർട്ട്

മെത്രാൻ സ്ഥാനലബ്ധിയിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ അങ്ങേക്ക് ലഭിച്ച ദൈവവിളിയെക്കുറിച്ച് വിശദീകരിക്കാമോ?

പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി പെട്ടെന്നുണ്ടായതാണ്. മുൻകൂട്ടി അതിനായി തീരുമാനിക്കാനുള്ള അറിവോ, കുടുംബ പശ്ചാത്തലമോ അന്നെനിക്കില്ലായിരുന്നു. ദൈവത്തെ അറിയുന്ന നല്ലൊരു കുടുംബമായിരുന്നെങ്കിലും ലോക പരിജ്ഞാനം വളരെ കുറവായിരുന്നു. പരിമിതമായ സാഹചര്യങ്ങളിൽ ഗവൺമെന്റ് സ്കൂളുകളിൽ മാത്രം വിദ്യാഭ്യാസം നേടി പത്താം ക്ലാസ്സിൽ എത്തിയപ്പോഴാണ്, നാട്ടിലെ പ്രമുഖനായിരുന്ന ഒരു അങ്കിൾ എന്നെ സെമിനാരിയിൽ വിടാമെന്നു ചിന്തിച്ചത്. അതെന്നോടു പറഞ്ഞപ്പോൾ മറുത്തൊന്നു പറയാൻ എനിക്കുമുണ്ടായിരുന്നില്ല. ഒരു പക്ഷെ അവിടെയായിരുന്നിരിക്കണം ദൈവവിളിയുടെ തുടക്കം. ഈ വിവരം ഇടവക വികാരിയായിരുന്ന സാമുവൽ തുണ്ടിയിൽ അച്ചൻ വളരെ സന്തോഷത്തോടെയാണ് ശ്രവിച്ചത്. പക്ഷെ വിരോധാഭാസംപോലെ ആയിരുന്നു അൾത്താര ബാലൻ പോലും അല്ലാതിരുന്ന എനിക്ക് ലഭിച്ച ദൈവവിളി.

ഞാൻ സെമിനാരിയിലേക്കു വരുന്ന നിമിഷം പൊതുവായ ഇന്റർവ്യൂ ഒക്കെ കഴിഞ്ഞിരുന്നു. ഇന്റർവ്യൂവിനെക്കുറിച്ചോ ക്യാമ്പുകളെക്കുറിച്ചോ ധ്യാനത്തെക്കുറിച്ചോ ഉള്ള അറിവുകളൊന്നും പളളിയിൽ നിന്നും അന്നെനിക്കു ലഭിച്ചിരുന്നില്ല. അത്, സെമിനാരിയിൽ ചേരുന്നതിനായി ഗ്രിഗോറിയോസ് പിതാവിന്റെ മുറിയിലേക്ക് പോയപ്പോൾ അടുത്ത് ചേർത്തു നിറുത്തി ചോദിച്ചു. ''കുഞ്ഞിനു സെമിനാരിയിൽ ചേരാൻ ഇഷ്ടമാണോ?'' ''ഇഷ്ടമാണ്'' ''എന്നാൽ നേരിട്ടങ്ങു പൊക്കോ'' ഇത്രേ ഉണ്ടായിരുന്നുള്ളു എന്റെ ഇന്റർവ്യൂ. അടുത്തു ചേർത്ത് തലയിൽ കൈവച്ചനുഗ്രഹിച്ചു. ഞാൻ സെമിനാരിയിൽ പോയി.

അന്നു മുതൽ എന്റെ ഓരോ ചിന്തയിലും പ്രവൃത്തിയിലും എനിക്കു ലഭിച്ച ദൈവവിളി വളർത്താൻ ഞാൻ പരിശ്രമിച്ചു. തിരിഞ്ഞു നോക്കേണ്ട അവസ്ഥ പിന്നൊരിക്കലും ഉണ്ടായിട്ടില്ല. ചിന്തിച്ചെടുത്ത തിരുമാനമല്ലായിരുന്നെങ്കിലും, പെട്ടെന്നെടുത്ത തീരുമാനമായിരുന്നെങ്കിലും ആ ദൈവവിളി ഒരിക്കൽപോലും ഒരു നഷ്ടമെന്നു തോന്നിയിട്ടില്ല. അതിൽ എനിക്കു അഭിവൃദ്ധിപ്പെടാൻ സാധിച്ചു. ആ വിളിയിൽ സത്യസന്ധമായി നിലനിൽക്കാനും അഭിവൃദ്ധിപ്പെടാനും എനിക്കു കഴിഞ്ഞു. സെമിനാരിയിലായിരിക്കുമ്പോൾ 'പറഞ്ഞു വിടരുതെ' എന്ന ഒറ്റ പ്രാർത്ഥന മാത്രമെ എനിക്കുണ്ടായിരുന്നുളളു. ബാച്ചിലൂണ്ടായിരുന്ന മറ്റുളളവരെ അപേക്ഷിച്ചു ഞാനത്ര സമർത്ഥനൊന്നും അല്ലായിരുന്നു. വലുപ്പ

ത്തിലും ചെറുതായിരുന്നു. formation വളരെ Strict ആയിരുന്നു. അതുകൊണ്ട് പറഞ്ഞു വിടുമോ എന്നുള്ള ഭയം മനസിലുണ്ടായിരുന്നു. അതി നാൽ എല്ലാ ദിവസവും അൾത്താരയുടെ മുമ്പിൽ മുട്ടു കുത്തി ആരും അറിയാതെ പ്രാർത്ഥിക്കുമായിരുന്നു. പറഞ്ഞു വിടാതിരിക്കാൻ അന്നു നടത്തിയ പ്രാർത്ഥന തുടർന്നു ജീവിതത്തിലെ വലിയ വിളികൾക്ക് എന്നെ പ്രാപ്തനാക്കുകയായിരുന്നു.

ദൈവസ്നേഹത്തിൽ വളർന്നു വരാനായിട്ട് മാതാപിതാ ക്കൾ എത്രത്തോളം സഹായിച്ചിട്ടുണ്ട് ?

ദൈവം കഴിഞ്ഞാൽ മാതാപിതാക്കളെന്നു നൂറു ശതമാനം വിശ്വസിക്കുന്ന ആളാണ് ഞാൻ 97 വയസ്സുള്ള എന്റെ പിതാവ് ഇന്നും ജീവിച്ചിരിപ്പുണ്ട്. യാത്രകളിൽ ഉടനീളം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന രീതിയുണ്ടായിരു ന്നു. രാത്രികളിൽ സങ്കീർത്തനങ്ങൾ വായിക്കും അതൊരു പ്രത്യേക ഈണത്തിലാണ് വായിക്കു ന്നത്. ഒരുറക്കം കഴിഞ്ഞാലും ഉണരു മ്പോൾ ഈ വായന തുടർന്നുകൊണ്ടി രിക്കുന്ന ഒരു വത്സലപിതാവ് വീട്ടി ലുണ്ട്. ഇന്നും മുടക്കം കൂടാതെ ആ രീതി തുടരുന്നു. കുടുംബ പ്രാർത്ഥന എന്നുമുണ്ടായിരുന്നു. അമ്മ വളരെ ഭക്തയായ ഒരു സ്ത്രീയായിരുന്നു. വേദപുസ്ത കത്തെ ധ്യാനിച്ച് ജീവിച്ച ഒരു വിശുദ്ധ ജീവിതം എന്നു ഞാൻ പ റയും. പുറംലോകത്തെക്കുറിച്ചു വലിയ ജ്ഞാനമെന്നും ഇല്ലായി രുന്നു. ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് അമ്മയാണ്. നിഷ്ഠയോടെ കുരിശുവര യ്ക്കാനും പ്രാർത്ഥിക്കാനും പഠിപ്പിച്ചു. 6 മണിക്ക് വിളക്കുവച്ച് പ്രാർത്ഥിച്ചില്ലെങ്കിൽ ശിക്ഷ ഉറപ്പാ യിരുന്നു വിളക്കുവച്ചു കഴിഞ്ഞാൽ ഞാനും എന്റെ സഹോദരിയും കുടെ ചേർന്നു ഒരു പാട്ടു പാടണം. അതിനു ശേഷമേയുള്ളൂ സന്ധ്യാപ്രാർത്ഥന വളരെ നിഷ്കർഷയോടെ സൺഡേ സ്കൂളിലും പളളിയിലും അയച്ചിരുന്നു. പളളിയിൽ പോകാൻ മാത്രമേ എനിക്കു അനുവാദമുണ്ടായിരുന്നുളളു. വേറൊരു

പരിപാടിക്കും അതു സ്കൂളിലെ ആനിവേഴ്സറിയാവട്ടെ, പിക്നിക് ആവട്ടെ എനിക്ക് പോകാൻ അനുവാദമില്ലായിരുന്നു. വീട്ടിലെ ഈ ആത്മീയതയായിരുന്നു എല്ലാത്തിനും അടിസ്ഥാനം.

കുടുംബത്തിൽ നിന്നും അനിയനും സഹോദരിയും സന്യസ്തരാവാൻ തീരുമാനിച്ചുത് ദൈവ നിയോഗമായി കാണുന്നുവോ ?

ഞങ്ങളുടെ മൂന്നു പേരുടെയും വിളി വ്യത്യസ്തമാണ്. എന്നെക്കാൾ മുൻപെ മഠത്തിൽ ചേർന്നത് സഹോദരിയാണ്. നങ്ങ്യാർക്കുളങ്ങര ഒരു ക്യാമ്പിനുപോയി മടങ്ങിവന്നപ്പോഴാണ് കന്യാസ്ത്രീയാവാനുള്ള ആഗ്രഹം വീട്ടിലറിയിക്കുന്നത്. അനുജനാകട്ടെ വളരെ ശാന്ത സ്വഭാവമുള്ള ആളാണ്. ഞങ്ങൾ തമ്മിൽ 15 വയസ്സിന്റെ പ്രായ വ്യത്യാസമുണ്ട്. അനുജന് ഓർമ്മവച്ച നാൾ മുതൽ ഞാൻ സെമിനാരിയിൽ ആണ്. എന്നെ മാതൃകയാക്കിയെന്നൊന്നും ഞാൻ അവകാശപ്പെടില്ല. എന്നേക്കാൾ വലിയ ദൈവവിളി അവനുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്കൊരു Indirect വിളിയായിരുന്നെങ്കിൽ അവനു direct വിളിയായിരുന്നു. കാരണം അതിനുള്ള പ്രത്യേകതകളെല്ലാം അന്നെ സഹോദരനിലുണ്ടായിരുന്നു. താഴ്മ, എളിമ, ശാന്തത, അനുസരണം ഇതെല്ലാം അവനിലുണ്ടായിരുന്നു. എന്നിൽ നിന്നും വളരെ വ്യത്യസ്തനായിരുന്നു.

ദൈവ നടത്തിപ്പിനെ എങ്ങനെ കാണുന്നു. ?

ഞാനെന്റെ ആപ്തവാക്യമായി എടുത്തിരിക്കുന്നത് "God's mercy is sovereign" എന്നതാണ്. ദൈവത്തിന്റെ കരുണയില്ലാതെ ഒന്നും നടക്കില്ല എന്നു വിശ്വസിക്കുന്നവനാണ് ഞാൻ. ആ കാരുണ്യം കൈപിടിച്ചു നടത്തിയില്ലായിരുന്നവെങ്കിൽ ഒരു സ്ഥിതിയിലും ഗതിയിലും എത്താനാകുമായിരുന്നില്ല. ദൈവം വലിയ കരുണ കാണിച്ചു. ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്റെ കഴിവൊന്നുമല്ല എന്നു നൂറുപ്രാവശ്യം അടിവരയിട്ടു പറയുന്നു.

കൂരിയ ബിഷപ്പ് എന്ന നിലയിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ ഉദ്ദേശിക്കുന്ന മേഖലകൾ ?

കൂരിയയുടെ ബിഷപ്പിന്റെ ഉത്തരവാദിത്തം എന്നു പറയുന്നത് വിശാലമാണ്. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പൊതു ഉത്തരവാദിത്തമായതുകൊണ്ട് വളരെ ശ്രദ്ധയോടും നൈയ്യാമികമായിട്ടും ദൈവികമായിട്ടും ചെയ്യേണ്ട ഒരു ചുമതലയാണ്. അതുകൊണ്ടു എല്ലാ രൂപതകളോടും, എല്ലാ മെത്രാന്മാരോടും എല്ലാ മലങ്കര മക്കളോടും ഉണ്ടാകേണ്ട ഒരു തുറന്ന മനസ്സ് ഉണ്ടാവണമെന്നതാണ് എന്റെ ആദ്യത്തെ ആഗ്രഹം. ഒരു രൂപതയോടും പ്രത്യേകതയില്ലാതെ സഭയുടെ പൊതുനന്മ സാധ്യമാവണം. അതിനുവേണ്ടുന്ന കാര്യങ്ങൾ ചെയ്യണം, അത് ഒന്ന്. രണ്ടാമതായി, നമ്മുടെ നിലവിലുള്ള കമ്മീഷൻസ്, അതാണ് നമ്മുടെ പ്രേഷിതമേഖല. അതിനെ ശക്തമാക്കുക എന്നതാണ് എന്റെ ഒരു നിയോഗം. ഈ ആസ്ഥാനം സഭയുടെ പൊതുമുതലാണെന്നും എല്ലാവരും ഒരു പോലെ സ്വീകരിക്കപ്പെടുമെന്നുമുള്ള feel എല്ലാവരിലും ഉണ്ടാക്കും. പിന്നെ അവിടുത്തെ നൈയ്യാമീകമായ administration നടത്തണം

കൂടാതെ എനിക്കു ലഭിച്ചിരിക്കുന്ന മറ്റൊരു വിളി Apostolic Visitator എന്നതാണ്. അവിടെ ഞാൻ ചിന്തിക്കുന്നത് നമ്മുടെ കുടുംബങ്ങളെ ഒന്നിപ്പിക്കുക എന്നതാണ്. അവരെ നമ്മുടെ ആരാധനയിൽ ഒന്നിപ്പിക്കുക എന്നതാണ് മുഖ്യദൗത്യം. അതിനുശേഷം അവരെ organised ആക്കും.

ഇപ്പോൾ organised അല്ലേ ?

പലയിടങ്ങളിലും അവർ scattered ആണ്. മൂന്നു നാലിടങ്ങളിൽ അവരെ കണ്ടെത്തിയിട്ടുണ്ട്. ജർമനി, യു.കെ ആസ്ട്രേലിയ, ന്യൂസിലണ്ട്, ആസ്ട്രീയ എന്നീ ഇടങ്ങളിൽ നമ്മുടെ കമ്മ്യൂണിറ്റികൾ ഏതാണ്ട് രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ ഇനിയും നമ്മൾ ഏറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

ഇപ്പോഴും മറ്റു സഭകളിലും റീത്തുകളിലും പോയി അവർ സംതൃപ്തി അടയുന്നത് നമ്മുടെ liturgy യോ ശുശ്രൂഷകളോ അച്ചന്മാരോ അവിടെ ലഭ്യമല്ലാത്തതു

കൊണ്ടാണ്. അതുകൊണ്ട് നമ്മുടെ ആളുകളെ ഒരുമിച്ചു കൂട്ടുക. അവരിലെ പുതിയ ജനറേഷൻ നമ്മുടെ കയ്യിൽ നിന്നു നഷ്ട പ്പെട്ടു കൊണ്ടിരിക്കുകയാണ്. ആ ജനറേഷനെക്കൂടെ നമ്മുടെ സഭയുടെ പൈതൃകത്തിൽ നിലനിറുത്തണം. അവരെ ഒന്നിപ്പിച്ച് നമ്മുടെ സഭാകുട്ടായ്മയിലേക്ക് കൊണ്ടുവരണം.

ഏറ്റവും വലിയ ചിന്തയുളളത് സുവിശേഷീകരണമാണ്. ഭാരത ത്തിൽ മാർ ഈവാനിയോസ് പിതാവ് തുടങ്ങിയ സുവിശേഷീ കരണ സ്വപ്നം ഭാരതത്തിനു പുറത്തും എത്തിച്ച് യേശുവിനെ സുവിശേഷിച്ച് പ്രസംഗിക്കാൻ അത് ലത്തീൻ പളളിയിലാണെ ങ്കിലും ഞാൻ ചെയ്യും. പുതിയതായി കിട്ടിയ ഈ മേഖലയെ സുവിശേഷ പ്രഘോഷണത്തിനുളള വേദിയായി ഉപയോഗി ക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

പുതിയ സ്ഥാനലബ്ധിയിലേക്ക് പ്രവേശിക്കുമ്പോൾ ജീവിത ശൈലിയിൽ മാറ്റംവരുമോ ?

വ്യക്തിപരമായി മനുഷ്യരുമായി അടുത്ത് ഇടപഴകുന്ന ഒരു approach ആണ് എനിക്കിഷ്ടം. സമീക്കുന്നവരെ ഏതെങ്കി ലും വിധത്തിൽ സഹായിക്കാൻ പറ്റുമെങ്കിൽ സഹായിക്കുക. അടുത്തു വരുന്നവരാരും സങ്കടത്തോടെ മടങ്ങാനിടവരരുത്. വരുന്നവരോടു അല്പം free ആയിട്ട് ഇടപെടുക. ഇതൊക്കെ എന്റെ policy-യുടെ ഭാഗമാണ്. അതു തുടർന്നു പോകാനാണ് ആഗ്രഹം. പക്ഷെ നമ്മുടെ സാമൂഹികവും പാരമ്പര്യപരവുമായ കുറച്ചു restrictions അതിൽവരും.

എങ്കിലും ഞാനെന്ന വ്യക്തി അതിനെയൊക്കെ അതിജീവി ക്കാനുളള പരിശ്രമങ്ങൾ നടത്തി restrictions-ടുകുടിയ സ്വാത ന്ത്ര്യത്തോടെ ആളുകളുടെ ഇടയിലേക്കു ഇറങ്ങിച്ചെല്ലാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആ പഴയ freedom മുന്നോട്ടു കൊണ്ടു പോകാനാണ് ആഗ്രഹിക്കുന്നതും പ്രാർത്ഥിക്കുന്നതും. അതിൽ എത്രത്തോളം വിജയിക്കുമെന്നു ചോദിച്ചാൽ "I will try my best" എന്നെ പറയാനാവു.

കൊച്ചുതുണ്ടിൽ അച്ചൻ ബിഷപ്പാവാൻ പോകുന്നു എന്ന an-nouncement വൈദികർ പ്രത്യേകിച്ച് തിരുവനന്തപുരം അതിരൂപ തയിലെ വൈദികർ അതീവ സന്തോഷത്തോടെയാണ് എതി രേറ്റത്. ഇത്രത്തോളം കൂടെനിന്ന്, വളർച്ചയിൽ പങ്കാളികളായ വൈദികരോട് പറയുവാനുള്ളത് എന്താണ്?

എന്നും വൈദികരോടു സ്നേഹം പുലർത്തിയിട്ടുളള ആളാണ് ഞാൻ. അതിനായി വളരെകാര്യങ്ങൾ ഞാൻ ചെയ്തിട്ടുണ്ട്. ക്ലർജി യിലെ അച്ചന്മാർക്കായി ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. വളരെ ത്യാഗം സഹിച്ചാണ് ഞാനത് ചെയ്തത്. എന്റെ പ്രബന്ധം തന്നെ വൈദികരും മെത്രാന്മാരും തമ്മിലുളള ബന്ധം എങ്ങനെ ശക്ത മാക്കാൻ കഴിയും എന്നതിലാണ്. വൈദികരുടെ വിഷയം എന്റെ

വിഷയമാണ്. സെമിനാരിയിൽ വൈദീകരുടെ രൂപീകരണ പ്രക്രിയയിൽ പങ്കാളിയായതുകൊണ്ടാവാം എനിക്ക് അവരോടും വലിയ കരുതലാണ്. പൗരോഹിത്യം ലാഘവത്തോടെ കാണരുത്. അത് വലിയൊരുകൃപയാണ്. അങ്ങനെ കാണാൻ സാധിക്കുമ്പോൾ അതിനനുസരിച്ചു പ്രവൃത്തിക്കാനാവും. കർത്താവിന്റെ പൗരോഹിത്യത്തിൽ ഞാൻ പങ്കുകാരനാണ് എന്ന ആദരവ് പൗരോഹിത്യത്തിനോടുണ്ടെങ്കിൽ എല്ലാ പ്രവൃത്തികളും ആ ശൈലിയിലായിരിക്കും. ഇന്ന് പൗരോഹിത്യത്തെ വേണ്ടവിധത്തിലുള്ള ആദരവോടെ കാണാതെ അതിനെ വെറുമൊരു profession ആയോ, ഉദ്യോഗമായോ ജോലിയായോ താഴ്ത്തി കാണുന്നു. അതുകൊണ്ട് വൈദീക സുഹൃത്തുക്കളോടു എനിക്കു പറയാനുള്ളത് ''ഈ പദവിയെ സ്നേഹിക്കുക.'' എത്രത്തോളം അതിനെ സ്നേഹിക്കാമോ അത്രത്തോളം ജീവിതത്തിൽ വിജയം ഉണ്ടാകുമെന്നത് എന്റെ ജീവിത സാക്ഷ്യം. പൗരോഹിത്യത്തിൽ എന്നും ഞാൻ സന്തോഷിച്ചിട്ടേയുള്ളു. മെത്രാൻ പദവി ലഭിച്ചില്ലായിരുന്നെങ്കിലും ഞാൻ സന്തോഷവാനായിരിക്കും.

മൈനർ സെമിനാരി റെക്ടറായും മേജർ സെമിനാരി റെക്ടറായും ദീർഘകാലത്തെ സേവനം കൈമുതലായുള്ള പിതാവിന്റെ ശിഷ്യന്മാരാണ് പുതിയ തലമുറയിലെ ഒട്ടുമിക്ക വൈദികരും. റെക്ടർ എന്നു കേൾക്കുമ്പോഴെ ആദ്യ ഓടിയെത്തുന്ന മുഖം അങ്ങയുടേതാണ്. കമ്മീഷനുകളുടെ ചുമതലകളുള്ള അങ്ങേക്ക് വൈദികരുടെ തുടർ പഠനത്തിനായി എന്തുചെയ്യാൻ സാധിക്കും.

വളരെ ഗഹനമായി ചിന്തിക്കേണ്ട വിഷയമാണിത്. റോമിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശമനുസരിച്ചു രൂപതയ്ക്കുള്ളിൽ തന്നെ ഇതിനു വകുപ്പുണ്ട്. രൂപതാദ്ധ്യക്ഷന്മാർ അതാതുകാലങ്ങളിൽ ഇറങ്ങുന്ന വൈദീകർക്ക് തുടർപരിശീലനങ്ങൾ കൊടുക്കണമെന്ന് നിയമങ്ങളിൽ തന്നെ പറയുന്നുണ്ട്. അത് മിക്ക രൂപതകളിലും നടക്കുന്നുണ്ട്. ചിലയിടത്ത് നടക്കുന്നില്ല. അച്ചൻ പറഞ്ഞതിന്റെ ആവശ്യകത വളരെയുണ്ട്. ഈ അടുത്തകാലത്ത് മാർപാപ്പാ വളരെ നിശിതമായി വിമർശിച്ച ഒരു വിഷയമാണ് ബാലപീഢനം. വൈദികരോടും അതിനെതിരെ കർക്കശമായി പെരുമാറുമെന്നും പറഞ്ഞു. ഈ വിഷയം സഭ പൊതുവിൽ പഠിക്കേണ്ടതും discuss ചെയ്യേണ്ടതുമാണ്. ഇതു പോലുള്ള വിഷയങ്ങൾ പൊതുവിഷയമായെടുത്ത് കാതോലിക്കേറ്റിന്റെ നേതൃത്വത്തിൽ രണ്ടോ മൂന്നോ നാലോ ഇടങ്ങളിൽ വേദിയുണ്ടാക്കിക്കൊടുക്കാൻ താല്പര്യമുണ്ടെനിക്ക്. ആ വിഷയം കൈകാര്യം ചെയ്യാൻ കഴിവുള്ളവരെ കൊണ്ടുവരണം, അത്തരത്തിലുള്ള വിഷയങ്ങൾ പഠിച്ച് കാലാകാലങ്ങളിൽ നമ്മുടെ വൈദികർക്ക് നല്ലൊരു awareness കൊടുക്കാൻ സാധിക്കും. ഇതൊരു ഉദാഹരണമാണ്.

Canon Lawയിൽ ഡോക്ടറേറ്റ് ഉള്ളതുകൊണ്ട് നമ്മുടെ രൂപതകളിൽ പ്രത്യേകിച്ചും പുത്തൂർ, പാറശ്ശാല പോലുള്ള സ്ഥലങ്ങളിൽ വൈദികരുടെ അപര്യാപ്തത പരിഹരിക്കാൻ ഇതര രൂപതകൾ തമ്മിൽ transfer അനുവദിക്കുക എന്നതൊക്കെ നമ്മുടെ particular law യിൽ ഉൾപ്പെടുത്തി, ഭാഷയുടെ അടിസ്ഥാനത്തിലെങ്കിലും Trivandrum province-ൽ ഉള്ളവരെ പാറശ്ശാല, മാവേലിക്കര, പത്തനംതിട്ട പ്രദേശങ്ങളിൽ മാറ്റി വിന്യസിക്കാൻ സാധിക്കുമോ?

അതു goodwill-ന്റെ അടിസ്ഥാനത്തിൽ മാത്രമെ ചെയ്യാൻ സാധിക്കു. കാരണം തിരുവനന്തപുരം അതി ഭദ്രാസനത്തിനു കീഴിൽ വൈദിക പട്ടം സ്വീകരിച്ച ഒരാളെ compel ചെയ്ത് വിടാൻ സാധിക്കില്ല. എന്നാൽ അവരുടെ നന്മയിൽ വിശ്വസിച്ച് അവരോടും ആവശ്യപ്പെടാം. എന്നാൽ നൈയ്യാമികമായി compel ചെയ്ത് ഒരു വൈദികനോടു മറ്റൊരിടത്തേക്ക് പോകാൻ പറയാൻ സാധിക്കില്ല. പക്ഷേ സഭയിൽ ഒരു

പൊതുവികാരമുണ്ടാകുന്നത് നല്ലതാണ്. അതായത് എപ്പോഴൊക്കെ നമുക്കു ദൗർലഭ്യതയുണ്ടായോ അപ്പോഴൊക്കെയാണ് സഭ വളർന്നത്. ധാരാളം വൈദികരുണ്ടായിരുന്ന സമയത്ത് സഭ വളർച്ചയില്ലായ്മ കാണിച്ചിട്ടുണ്ട്. ഇപ്പോൾ നമുക്ക് ആവശ്യത്തിനു വൈദികർ ഉണ്ട്. അവരെ ബോദ്ധ്യപ്പെടുത്തണം കുറച്ചു കാലത്തേക്കെങ്കിലും പുതിയ രൂപതകളിലും, മിഷൻ പ്രദേശങ്ങളിലും അവരുടെ സേവനം ലഭ്യമാക്കാൻ. വൈദികരുടെ അഭാവം നമ്മുടെ ഇടവകകളെ പുറകിലേക്കു തള്ളും. ഒരു മെത്രാനു ഫലവത്തായി പ്രവർത്തിക്കാൻ വൈദികരുടെ സാന്നിദ്ധ്യം അനിവാര്യമാണ്. ഒരു മെത്രാൻ വൈദികരെ ആത്മീയമായി പ്രോത്സാഹിപ്പിക്കുകയും കരുതുകയും ചെയ്യുമ്പോൾ വൈദികർ അത് ഇടവകകളിലേക്കു പകരും. ഇതാണെന്റെ തിയോളജിയും നിയമ അറിവും. സഭയെന്നൊരു ചിന്തയുണ്ടെങ്കിൽ വൈദികരുടെ ദൗർലഭ്യം പരിഹരിക്കാനാകും. എല്ലാത്തിനുമുപരിയായി മലങ്കര സുറിയാനി കത്തോലിക്ക സഭയെന്നൊരു കരുതൽ വന്നാലെ അതിരുകൾ കടന്നു സുവിശേഷം പ്രസംഗിക്കാൻ വൈദികർക്കു സാധിക്കു. ഇത്തരത്തിലൊരു formation Minor seminary യിൽ തന്നെ ലഭിക്കണം. ഞങ്ങൾ പഠിക്കുന്ന കാലത്ത് ഞങ്ങളോടൊപ്പം മറ്റു രൂപതക്കാരുണ്ടായിരുന്നു, മാർത്താണ്ഡം കാരുണ്ടായിരുന്നു. തിരുവല്ലയിൽ നിന്നുള്ള ആളുകൾ ഉണ്ടായിരുന്നു. അതിനാൽ ഇതു പൊതുവിലുള്ളതാണെന്ന ചിന്ത മനസ്സിൽ രൂപം കൊണ്ടിരുന്നു. ഈയടുത്ത കാലഘട്ടത്തിലാണ് ഞങ്ങളുടെ രൂപത, ഞങ്ങളുടെ കാര്യം എന്ന ഇടുങ്ങിയ ചിന്താഗതി രൂപം കൊണ്ടത്. അതിനപ്പുറത്തേക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്നു ചിന്തിച്ചു സുവിശേഷ പ്രഘോഷണം എന്ന വിഷയം മനസ്സിൽ സൂക്ഷിച്ച് പ്രവർത്തിക്കാമെങ്കിൽ ഒട്ടനവധിപ്രേഷിത മേഖലകൾ, ഉള്ള ഡൽഹി പോലുള്ള ഇടങ്ങളിൽ കുറച്ചുകാലത്തേക്കെങ്കിലും പോകാമെങ്കിൽ നന്നായിരിക്കും. പാഠശാല രൂപതയിൽ വളരെയേറെ വൈദികരുടെ ആവശ്യകതയുണ്ട്. അതിനുള്ളരു മനസ്സു കാണിക്കുന്നത് നല്ല ചിന്തയായിട്ട് എനിക്ക് തോന്നുന്നു

ഭാഗ്യസ്മരണാർഹനായ ഗ്രിഗോറിയോസ് പിതാവ് സെമിനാരിയിൽ ചേർത്തു. പിന്നെ അദ്ദേഹത്തിന്റെ തന്നെ സെക്രട്ടറിയായി, പിന്നീട് തുടർന്നു വന്ന പിതാക്കന്മാരെല്ലാരുമായും വളരെയെടുത്ത ബന്ധം കാത്തുസൂക്ഷിച്ചു. ഈ അനുഭവ സമ്പത്ത് പിതാവിന്റെ മെത്രാൻ ശുശ്രൂഷയിൽ സഹായകമാകുമോ?

ഈ ഒരു Experience ദൈവം തന്ന ഒരു വലിയ കൃപയായി ഞാൻ കാണുന്നു. ഗ്രീഗോറിയോസ് പിതാവിൽ നിന്നും പഠിച്ച പാഠങ്ങൾ മറന്നിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതരീതിയാണ് എന്നെ ഇന്നും നിലനിറുത്തുന്നത്. മനുഷ്യരോടും എങ്ങനെ ഇടപെടണം, സ്നേഹിക്കണം, ആത്മീയത എന്തായിരിക്കണം, ജിവിത ലാളിത്യം ഇവയെല്ലാം ഞാൻ പഠിച്ചത് അദ്ദേഹത്തിൽ നിന്നാണ്. ഒരുദാഹരണത്തിന്നു ഞാനെവിടെ പോകുമ്പോഴും പളളിയിൽ കയറി പറഞ്ഞിട്ടെ പോകാറുളളു. തിരിച്ചുവന്നു പളളിയിൽ കയറി ഒരു നിമിഷമെങ്കിലും നന്ദി പറയാതിരിക്കില്ല. അതുപോലെ യാമപ്രാർത്ഥന എവിടെയും ഞാൻ കൊണ്ടുപോകും. അദ്ദേഹമാണ് എന്നെ അത് പഠിപ്പിച്ചത് പിന്നെ ജീവിത ലാളിത്യം ഏതാനും ഡ്രസുകളെ ഉളളൂ അത് അലക്കി തേച്ച് വൃത്തിയായി കോണ്ടു പോവുക. പിന്നെ അദ്ദേഹത്തിന്റെ മനുഷ്യന്മാരോടുളള സമീപന രീതിയൊക്കെ എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. അടുത്തതായി വന്ന സിറിൽ ബസേലിയോസ് തിരുമേനി എനിക്ക് നല്കിയത് മനുഷ്യനെ മനസ്സിലാ

ക്കാനും അംഗികരിക്കാനും, വളർത്താനും പ്രോത്സാഹിപ്പിക്കാനും എല്ലാവരേയും ഒരുമിച്ച് ചേർത്ത് പ്രവർത്തിക്കാനുമുള്ള ഒരു പാടവം ആണ്. സഭയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. ഏതൊരുകാര്യം നിയമപരമായും, സഭാപരമാകും ചെയ്യുവാൻ അദ്ദേഹം എപ്പോഴും നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. അതിരൂപതയുടെ ചാൻസിലറായി വളരെയധികം വർഷങ്ങൾ സഭയ്ക്ക് വേണ്ടി അദ്ദേഹത്തോടോപ്പം സേവനം ചെയ്യുവാൻ എനിക്ക് സാധിച്ചിട്ടുമുണ്ട്. ഇപ്പോഴത്തെ തിരുമേനി, ബസേലിയോസ് കാർദ്ദിനാൾ ക്ലീമിസ് തിരുമേനിയുമായി സെമിനാരിയിൽ പഠിക്കുന്ന കാലം മുതലുള്ള ഒരു ബന്ധമാണ്. വളരെ Human approach ആണ് അദ്ദേഹത്തിനുള്ളത്. നേതൃസ്ഥാനത്ത് വളരെ ശ്രദ്ധേയമായരീതിയിൽ സഭയെ നയിക്കുന്ന ബാവാ തിരുമേനി ഒരു അത്ഭുതമാണ്. ഇതിന്റെ പിന്നിൽ ദൈവത്തിന്റെ വലിയ പ്രവർത്തനം ആണ് എന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന് ഒരു sincerityയും ഒരു speedഉം ഉണ്ട്. ഇത് രണ്ടും നാം മനസ്സിലാക്കി കഴിഞ്ഞാൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ വളരെ എളുപ്പമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ മഹിമ അറിയണമെങ്കിൽ ഈ കുറഞ്ഞ കാലയളവിൽ അദ്ദേഹം ചെയ്ത്വച്ച വലിയ കാര്യങ്ങൾ നമുക്ക് മനസ്സിലാക്കിത്തരും. ഒരു വൈദികനായി കുറച്ച് കാലം കൂടി അദ്ദേഹത്തോടൊപ്പം ജോലി ചെയ്യണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു.

മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയിലേയ്ക്കുള്ള യാത്ര പൂർത്തികരിക്കുവാൻ ഇനിയും ചെയ്ത് തീർക്കേണ്ട കാര്യങ്ങൾ?

ഈ വിഷയത്തിൽ നാം ചെയ്യേണ്ട പ്രധാനകാര്യം ഈ നിയോഗം സമർപ്പിച്ച് പ്രാർത്ഥിക്കുക എന്നതാണ്. വിശുദ്ധി ദൈവത്തിന്റെ ദാനമാണ്. ഇനി സ്വർഗ്ഗമാണ് പ്രവർത്തിക്കേണ്ടത്. പിതാവിന്റെ മാദ്ധ്യസ്ഥത്തിലൂടെ അനേകം അടയാളങ്ങൾ ലഭിയ്ക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

മുൻഗാമിയെ കുറിച്ച്

''ഒരു തികഞ്ഞ സന്യാസി'' ഒരു വിട്ടു വിഴ്ചയുമില്ലാത്ത ''ഒരു തികഞ്ഞ സന്യാസി''. എന്നെ സംബന്ധിച്ച് He was a good friend to me, ഒരു നല്ല സഹോദനുമായിരുന്നു. വളരെ കൃത്യയായി ഏൽപ്പിച്ച ദൗത്യങ്ങൾ ചെയ്യുന്ന ഒരു തികഞ്ഞ സന്യസിയെന്നാണ് എനിക്ക് അദ്ദേഹത്തെ കുറിച്ച് പറയുവാനുള്ളത്

മാതൃ ഇടവകയെകുറിച്ച്

''ഞാൻ കരയുന്ന സ്ഥലം..... എന്റെ സ്വന്തമായ ഭവനം. എന്റെ വളർച്ച കണ്ട ഇടം. ഇടവക ദേവാലയം എന്റെ വികാരമാണ്. ഞാൻ നേർച്ച നേരുകയാണെങ്കിൽ അത് എന്റെ ഇടവക ദൈവാലയത്തിന്റെ കുരിശടിയിലാണ് മിക്കവാറും നേരുന്നത്.

പാറശ്ശാല രൂപത: മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മിഷൻചൈതന്യത്തിന്റെ മകുടോദാഹരണം

മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ ചരിത്രത്തിൽ പുതിയ അദ്ധ്യായം കൂടി ചേർക്കപ്പെടുന്നു. പാറശ്ശാല രൂപത; ഇത് അഭിമാനത്തിന്റെയും ആഹ്ലാദത്തിന്റെയും നിമിഷം. അതിവേഗം വളരുന്ന സഭയെന്ന് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞതിന്റെ സ്ഥിരീകരണം. സഭ സ്വഭാവത്താലെ മിഷനറിയാണ്. ''നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുക. എന്ന ക്രിസ്തുനാഥന്റെ ആഹ്വാനത്തിന്റെ പ്രതിധ്വനികൾ പാറശ്ശാല രൂപതയിൽ അലയടിക്കുന്നു. സഭയെന്നാൽ വിശ്വാസികളുടെ കൂട്ടായ്മയാണ്. എല്ലാ മനുഷ്യരും ഒരു വിശ്വാസത്തിൽ ഐക്യപ്പെടുന്ന ഇടം. ജാതിയുടെയും വർഗ്ഗവർണ്ണത്തിന്റെയും പേരിൽ ആരെയും മാറ്റിനിർത്താൻ പാടില്ല. സഭയുടെ യഥാർത്ഥ അർത്ഥം തിരിച്ചറിഞ്ഞ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥ ശക്തി കൂടുതൽ തെളിമയോടെ തിരിച്ചറിയുന്ന ഒരു അവസരമാണിത്.

തിരുവനന്തപുരം മേജർ അതിരൂപത തന്റെ നാലാമത്തെ പുത്രിക്ക് ജന്മം നൽകിയിരിക്കുന്നു. ഏവർക്കും സുവിശേഷം സംലഭ്യമാകുവാൻ അക്ഷീണം പരിശ്രമിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മിഷൻ തീഷ്ണതയുടെ മകുടോദാഹരണമാണ് പാറശ്ശാല രൂപത. തിരുവനന്തപുരം മേജർ അതിരൂപത വിഭജിച്ച് മാർത്താണ്ഡം മാവേലിക്കര, പത്തനംതിട്ട എന്നീ രൂപതകളായി മാറിയതിനുശേഷം വീണ്ടും പാറശ്ശാല എന്ന നാലാമത്തെ രൂപത രൂപം കൊള്ളുമ്പോൾ സഭയെ ഏറെ പ്രതീക്ഷയോടെ ജനം ഉറ്റുനോക്കുന്നു. പുതിയ രൂപതയുടെ പ്രഖ്യാപനം നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സഹന്നദോസിന്റെ ധീരമായ നടപടിയാണ്.

രൂപതയുടെ രൂപം

തിരുവനന്തപുരം മേജർ അതിരൂപതയിലെ പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര എന്നീ മൂന്ന് വൈദീകജില്ലകൾ ചേർത്താണ് പുതിയ ഭദ്രാസനം രൂപീകരിച്ചിരിക്കുന്നത്. പുതിയ ഭദ്രാസനത്തിന്റെ അതിർത്തികൾ തെക്കേയറ്റത്ത് കേരള സംസ്ഥാനത്തിന്റെ അതിർത്തിയും, വടക്ക് കുണ്ടമൺകടവ് പാലം മുതൽ പൂന്തുറ പൊഴിയിലൂടെ അറേബ്യൻ സമുദ്രത്തിൽ പതിക്കുന്ന കരമനയാറും, കിഴക്ക് കുണ്ടമൺകടവ് പാലം മുതൽ ഉറിയാക്കോട്, വെള്ളനാട് കുറ്റിച്ചൽ, കോട്ടൂർ വരെ നീണ്ടുകിടക്കുന്ന റോഡും, പടിഞ്ഞാറ് അറേബ്യൻ സമുദ്രവുമാണ്.

ഫാ. ജോഷ്വാ കൊച്ചുവിളയിൽ

രൂപതയിലെ ദേവാലയങ്ങൾ ഏറെ ശക്തമായ ആൾബലമുള്ളതാണ്. പുതിയ ഭദ്രാസനത്തിൽ 103 ഇടവക ദേവാലയങ്ങൾ ഉണ്ട്. 31 വൈദിക മന്ദിരങ്ങൾ പുതിയ രൂപതയിലുണ്ട്. പാറശ്ശാല രൂപതയുടെ വളർച്ചയിൽ സന്യാസവൈദീകരുടേയും സന്യാസിനികളുടെയും പങ്ക് ഏറെ ശ്ലാഘനീയമാണ്. 23 സന്യാസഭവനങ്ങൾ പുതിയ രൂപതയിലുണ്ട്. ഉന്നത വിദ്യാഭ്യാസത്തിന്റെ വാതായനങ്ങൾ തുറന്നുകൊടുക്കുന്നതിനു വേണ്ടി, ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുതിയ രൂപതയിലുണ്ട്. കാട്ടാക്കട വൈദിക ജില്ലയിൽ നെല്ലിക്കാട് പ്രവർത്തിക്കുന്ന മദർ തെരേസ ആർട്സ് കോളേജ് പഠനനിലവാരത്തിൽ പ്രമുഖ സ്ഥാനത്ത് നിൽക്കുന്നു. 12 എയ്ഡഡ് സ്കൂളുകൾ ഈ രൂപതയിലുണ്ട്. കൂടാതെ ചെറുതും വലുതു

മായ 59 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ രൂപതയിലുണ്ട്. മൂവായിരത്തിൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന വിശ്വദീപ്തി സീനിയർ ഹയർസെക്കന്ററി സ്കൂൾ കാട്ടാക്കട, നസ്രത്ത് ഹോം ഹയർ സെക്കന്ററി സ്കൂൾ ബാലരാമപുരം, എന്നീ സ്കൂളുകൾ പുതിയ രൂപതയിൽ സിബിഎസ്ഇ സ്കൂളുകളിൽ തിരുവനന്തപുരം ജില്ലയിൽ പ്രമുഖ സ്ഥാനത്ത് നിൽക്കുന്നു. ആതുരസേവനരംഗത്ത് പുതിയ രൂപത പിൻപിലല്ല; 5 ജീവകാരുണ്യകേന്ദ്രങ്ങൾ പാറശ്ശാല രൂപതയിലുണ്ട്. ഇങ്ങനെ എല്ലാ സാഹചര്യങ്ങൾകൊണ്ടും പാറശ്ശാല രൂപത വളരെ ശക്തമാണ്.

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള തച്ചോട്ടുകാവ് വിമലമാതാ ദേവാലയവും, വി. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥിതിചെയ്യുന്ന ചാവോട്ടുകോണം സെന്റ് ജോർജ്ജ് ദേവാലയവും പ്രഖ്യാപിത തീർത്ഥാടന കേന്ദ്രങ്ങളാണ്, കഴിഞ്ഞ പത്തുവർഷത്തിനിടയ്ക്ക് നാല്പതിൽപരം ദൈവാലയങ്ങൾ പുതുതായി നിർമ്മിച്ച് കൂദാശ ചെയ്തിട്ടുണ്ട്.

രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥ

തിരുവനന്തപുരം മേജർ അതിരൂപതയുടെ രണ്ടാമത്തെ പ്രേഷിതപുത്രിയായ പാറശ്ശാല രൂപതയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥ അഗതികളുടെ അമ്മയായ വി. മദർതെരേസയാണ് കത്തോലിക്ക സഭയുടെ ചരിത്രത്തിൽ വി. മദർതെരേസയുടെ നാമത്തിലുള്ള പ്രഥമവും ഏകവും ആയ രൂപതയാണിത്. 1930 ൽ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം കേന്ദ്രമാക്കി സഭാ ശുശ്രൂഷകൾ ആരംഭിച്ചപ്പോൾ, സുവിശേഷത്തിന്റെ പൊൻവെളിച്ചം കന്യാകുമാരി വരെ വ്യാപിപ്പിച്ചു. ഏകദേശം 20 വർഷങ്ങൾക്കുമുമ്പ് മാർത്താണ്ഡം ഭദ്രാസനം രൂപീകരിച്ച് മിഷൻതീക്ഷ്ണത വളരെ കരുത്തുറ്റതാണ് എന്ന് നാം തെളിയിച്ചു. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ പ്രേഷിത ശുശ്രൂഷയുടെ സൽഫലമായ പാറശ്ശാല രൂപതയ്ക്ക് വി. മദർതെരേസായുടെ മാദ്ധ്യസ്ഥശക്തി കൂടുതൽ തെളിമയോടെ പ്രവർത്തിക്കാൻ ഊർജ്ജം നൽകും.

രൂപതയുടെ ഇടയൻ

പാറശ്ശാല രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തയാണ്. അമേരിക്കൻ രൂപതയുടെ പ്രഥമമെത്രാപ്പോലീത്തയായി ശ്രേഷ്ഠാചാര്യ ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരുന്ന യൗസേബിയോസ് തിരുമേനിയുടെ ശുശ്രൂഷ പുതിയ രൂപതയുടെ വളർച്ചയ്ക്ക് ഏറെ സഹായകരമാകും.

അഭിവന്ദ്യ തിരുമേനി ഒരു നലം തികഞ്ഞ മിഷനറിയാണ്. സെമിനാരിയിൽ അദ്ധ്യാപകനായും സർവോദയ സ്കൂളിൽ ബർസാർ ആയും ശുശ്രൂഷ ചെയ്യുമ്പോഴും തീക്ഷ്ണതയോടെ ഇടവക ശുശ്രൂഷകൾ മുടക്കം കൂടാതെ നിർവ്വഹിച്ചിട്ടുണ്ട്. പാവങ്ങളോട് കരുണകാട്ടുന്നതിൽ മടിയില്ലാത്ത ഇടയൻ; പാറശ്ശാല രൂപതയുടെ അഭിമാനമായിതീരും.

പാറശ്ശാല കോട്ടവിള സെന്റ് മേരീസ് ദേവാലയം ഇനിമുതൽ പാറശ്ശാല രൂപതയുടെ ഭദ്രാസന ദേവാലയമാണ്. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പുതിയ അഭിഷേകമാണ് ഈ രൂപതയുടെ രൂപീകരണത്തിൽ നിഴലിച്ച് കാണുന്നത്.

കരുണയുടെ അമ്മയായ കൽക്കട്ടയിലെ വി. മദർതെരേസായുടെ മാദ്ധ്യസ്ഥശക്തിയിൽ പാറശ്ശാല രൂപത കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കും എന്നതിൽ സംശയമില്ല. അയ്യായിരത്തിൽപരം കുടുംബങ്ങളും, മുപ്പതിനായിരത്തിൽപ്പരം വിശ്വാസികളും, 24 വൈദികരും ഈ രൂപതയ്ക്കുണ്ട്.

Petronet LNG Limited

World Class Facilities at Kochi LNG Terminal

SERVICES OFFERED

LNG Regasification Facilities

Storage & Reloading Facilities

LNG Bunkering Facilities

LNG Truck Loading Facilities

Gassing Up & Cool Down Facilities

First LNG Bus

Corporate Office:
World Trade Centre, 1st Floor,
Babar Road, Barakhamba Lane,
New Delhi - 110001 (India)
Tel: 011-23472525

Taral GAS

Kochi LNG Terminal:
Survey No. 347, Puthuvypu PO,
Kochi - 682508.
District-Ernakulam, Kerala
Tel: 0484-2502259

www.petronetlng.com

മല്‍കുര്‍ണാദം
RHYTHM OF FAITH
Registered
KERMAL 15375/11/1/2013-TC
Ministry of Information and Broadcasting

Published by The Director, Communication Media, Diocese of Bathery
Catholic Bishops House, Sulthan Bathery, Wayanad, Kerala, Email: frphilipbty@gmail.com